പ്രവർത്തനക്ഷമമായി കഴിഞ്ഞു. എനിക്ക് തോന്നുന്നത് ഇഎൻടി, ഓപ്താൽമിക്, പീഡിയാട്രിക്സ്, മെഡിക്കൽ കൺസൾട്ടന്റ് തുടങ്ങിയവയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് ഉണ്ട് എന്നാണ്. പക്ഷേ വേണ്ടത്ര ജാഗ്രതയോടുകൂടിയുള്ള പ്രവർത്തനം വർക്കല ആശുപത്രിയിൽ ഉണ്ടാകുന്നില്ല എന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നിരന്തരമായ പരാതിയുണ്ട്. ഞാൻ തന്നെ രണ്ട് പ്രാവശ്യം വർക്കല ആശുപത്രിയിൽ പോയി. എന്നിട്ടും അതിനൊരു പരിഹാരം കാണാനായില്ല. ഏതായാലും അവിടത്തെ പ്രവർത്തനത്തിലെ ഡിലേ ഒന്നുകൂടി പരിശോധിക്കാം. പോസ്റ്റുമാർട്ടം നടത്തേണ്ട സന്ദർഭത്തിൽ എന്തുകൊണ്ടാണ് ഈ രൂപത്തിലുള്ള ഒരു അവസ്ഥ വരുന്നത് എന്നതിനെ സംബന്ധിച്ച് വളരെ ഗൗരവമായി തന്നെ പരിശോധിച്ച് റിപ്പോർട്ട് തരാൻ വേണ്ടി ഞാൻ ഡിഎംഒയോട് പറയാം. എന്നിട്ട് ആവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കാം. പോസ്റ്റ് ക്രിയേഷനും ആവശ്യമായിട്ടുണ്ട്. വേണ്ടെന്ന് ഞാൻ പറയുന്നില്ല.

V ധനകാര്യം

2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച 2011-12 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. യഥാർത്ഥത്തിൽ ഡെപ്യൂട്ടി സ്പീക്കറുടെ പ്രസംഗം ഇന്നു നടക്കുമോ എന്ന ആശങ്കയിലായിരുന്നു ഞാൻ. അതിനു സഹകരിച്ച പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ ബഡ്ജറ്റിനെ ഇൻഡ്യാ രാജ്യത്ത് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ നയങ്ങൾക്ക് ബദലായ ബജറ്റ് എന്നു വേണമെങ്കിൽ നമുക്ക് പറയാം. രാജ്യത്തിൽ സാമൂഹ്യ യാഥാർത്ഥ്യങ്ങൾക്കനുസരിച്ചുള്ള ഒരു സാമ്പത്തിക-വ്യാവസായിക-കാർഷിക നയത്തിന്റെ അനുഭവപാഠങ്ങളാണ് കേരളത്തിന്റേത്. രാജ്യം തുടരുന്ന ആഗോളവൽക്കരണ സ്വകാര്യവൽക്കരണ ഉദാരവൽക്കരണ നയങ്ങൾക്ക് ബദൽ സമീപനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന രാഷ്ട്രീയ പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന, അതിന്റെ തെളിമയാർന്ന പ്രവർത്തനമാണ് സംസ്ഥാന ധനകാര്യമന്ത്രിയുടെ കഴിഞ്ഞ അഞ്ചു വർഷത്തെയും കേരള ഗവൺമെന്റിന്റെയും നേട്ടങ്ങൾ. സംസ്ഥാന ധനമാനേജ്മെന്റിന് പുതിയ മാനങ്ങളുണ്ടാക്കിയ അഞ്ചു വർഷങ്ങളാണ് കടന്നുപോയത്. വികസനച്ചെലവുകളും പദ്ധതിച്ചെലവുകളും വർദ്ധിച്ചപ്പോഴും കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നത് മികച്ച ധനമാനേജ്മെന്റിന്റെ തെളിവാണ്. സർക്കാരിന്റെ മൊത്തം ചെലവിന്റെ 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12.51 ശതമാനമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6.6 ശതമാനത്തിൽ നിന്നും 8 ശതമാനമായി മാറി. പദ്ധതിച്ചെലവ് 22 ശതമാനത്തിൽ നിന്നും 25.3 ശതമാനമായി മാറി. വികസനച്ചെലവ് 51 ശതമാനത്തിൽ നിന്നും 55 ശതമാനമായി ഉയർന്നു. അപ്പോഴും റവന്യൂ കമ്മി 28.5 ശതമാനത്തിൽ നിന്നും 15.5 ശതമാനമായി താഴ്ന്നു. ധനക്കമ്മി കുറഞ്ഞു. കഴിഞ്ഞ 30 വർഷത്തിനിടയിൽ ട്രഷറി ഓവർ ഡ്രാഫ്റ്റില്ലാത്ത അഞ്ചു വർഷങ്ങളായിരുന്നു കടന്നുപോയത്.

LIBRARY ARCHIVES Kerala Legislative Assembly

നികുതിവരുമാനത്തിലുണ്ടായ വർദ്ധന സർവ്വകാല റിക്കോർഡാണ്. 2005-06-ൽ 7000 കോടി രൂപയായിരുന്ന നികുതി വരുമാനം 2010-11-ൽ 16000 കോടി രൂപയാകുന്നു. അതേ സമയം കേന്ദ്ര സർക്കാരിന്റെ സഹായം സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 29.94 ശതമാനത്തിൽ നിന്ന് 25.6 ശതമാനമായി കുറഞ്ഞു എന്നുള്ള വസ്തുതയും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. 2000 കോടി രൂപയുടെ ശമ്പള പരിഷ്ക്കരണം നടപ്പാക്കുമ്പോഴും റവന്യൂ കമ്മിയിൽ താൽക്കാലികമായ ചെറിയൊരു വർദ്ധനവ് മാത്രമാണുണ്ടാകുന്നത്. സാമൂഹ്യക്ഷേമരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച അഞ്ചു വർഷങ്ങളാണ് കടന്നു പോകുന്നത്. ഇതിന്റെയെല്ലാം പിന്നിലെ ശക്തി മികച്ച ധനമാനേജ്മെന്റ് തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് റോഡ് ശൃംഖലയുടെ നവീകരണത്തിന് 40000 കോടി രൂപ ആവശ്യമാണ്. കേരളത്തിന്റെ ഒരു സാമൂഹ്യ യാഥാർത്ഥ്യത്തെ ബന്ധപ്പെടുത്തി കൊണ്ടുള്ള ഒരു ബജറ്റ് പ്രഖ്യാപനമാണ് അത്. കാരണം നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ മധ്യവർഗ്ഗം ഡെവലപ്പ് ചെയ്തിട്ടുണ്ട്. മധ്യവർഗ്ഗത്തിന്റെ ആവശ്യങ്ങൾ വളരെ വലുതാണ്, ഇന്നലെകളെ പോലെയല്ല. ഇന്നുകളിൽ പലപ്പോഴും പരസ്യമായി അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടാകുകയും എന്നാൽ അവനവന്റെ ആവശ്യങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടായിക്കഴിഞ്ഞാൽ അപ്പോൾത്തന്നെ പ്രതികരിക്കുകയും ചെയ്യുന്ന ഒരു വിഭാഗമാണ്. നമ്മൾ വാഹനത്തിൽ യാത്ര ചെയ്യുന്ന സന്ദർഭത്തിൽ റോഡ് ബ്ലോക്കായിക്കഴിഞ്ഞാൽ വാഹനത്തിലിരുന്ന് ചീത്ത പറയും. റോഡിൽ ഒരു മിനിട്ട് ബ്ലോക്കുണ്ടായിക്കഴിഞ്ഞാൽ ആ ബ്ലോക്കുണ്ടാകുന്ന സന്ദർഭത്തിൽ വാഹനത്തിലിരിക്കുന്ന ആളുകൾ മുഴുവനും ആ ബ്ലോക്കിനെ ശപിക്കും. എന്നാലോ, റോഡ് ഉണ്ടാക്കണമെങ്കിൽ റോഡിനാവശ്യമായ സ്ഥലം സംഘടിപ്പിക്കുന്ന സാഹചര്യത്തിലോ ഭൂമിയുണ്ടാക്കാൻ ശ്രമം നടക്കുമ്പോഴോ അപ്പോഴും അതിനെതിരായി പ്രതികരണമുണ്ടാകും. കേരളത്തിന്റെ ഒരു പുതിയ മധ്യവർഗ്ഗ വിഭാഗം ഡെവലപ്പ് ചെയ്തു വന്നപ്പോഴുണ്ടായ ഒരു പ്രത്യേകതയാണ് ഇത്. പലപ്പോഴും ഉണ്ടാകുന്ന ഒരു പ്രശ്നം, വൈദ്യുതി രംഗത്തുതന്നെ നോക്കുക. ഒരു മിനിട്ട് കറന്റ് പോയാൽ ഉടൻ ആളുകൾ ആദ്യം ചെയർമാനെ വിളിക്കും. പിന്നെ മന്ത്രിയെ കിട്ടുമെങ്കിൽ മന്ത്രിയെ വിളിക്കും. എന്നാൽ പുതിയ പദ്ധതികൾ വരുന്ന സന്ദർഭത്തിൽ താൽപ്പര്യങ്ങൾക്കാണ് മുൻഗണന. അങ്ങനെയുള്ള മിഡിൽ ക്ലാസിന്റെ ആവശ്യങ്ങൾ വളർന്നുവന്നുകൊണ്ടിരിക്കുന്ന ഒരു പുതിയ കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വളർന്നുവരുന്ന റോഡുകളുടെ ആവശ്യകത, പ്രത്യേകിച്ച് വാഹനങ്ങളുടെ പെരുപ്പം നമ്മൾ വളരെ ഗൗരവമായി പരിശോധിക്കേണ്ട വിഷയമാണ്. കേരളത്തിൽമാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള പത്ത്-അമ്പതിയഞ്ചു ലക്ഷം വാഹനങ്ങളും തമിഴ്നാട്, കർണ്ണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ നിന്നുവരുന്ന വാഹനങ്ങളുൾപ്പെടെ കേരളത്തിൽ ദിവസേന സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. സ്വാഭാവികമായും മനുഷ്യന് ഇപ്പോൾ റോഡ് മുറിച്ചുകടക്കാൻ പറ്റാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. നാഷണൽ ഹൈവേയിലോ സ്റ്റേറ്റ് ഹൈവേയിലോ മാത്രമല്ല, ഗ്രാമീണ റോഡുകളിലും സാധരണ റോഡുകളിലുംപോലും മനുഷ്യന് അപ്പുറത്തേക്ക് കടക്കണമെങ്കിൽ മിനിട്ടുകളല്ല, ചിലപ്പോൾ അര മണിക്കൂർ വരെ കാത്തുനിന്നെങ്കിൽ മാത്രമേ റോഡ് മുറിച്ചു കടക്കാൻ സാധിക്കുകയുള്ളുവെന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിവിശേഷത്തിലേക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ആ ഒരു കാലഘട്ടത്തിൽ കേരളത്തിലെ ഭാവി വികസനത്തിന്, നാടിന്റെ വികസനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ഒരു വികസന പ്രവർത്തനത്തിനാണ് ഗവൺമെന്റ് ഇവിടെ മുൻതൂക്കം കൊടുത്തിരിക്കുന്നത്. 40000 കോടി രൂപ കണ്ടെത്തുക എളുപ്പമുള്ള ഒരു കാര്യമല്ല. സംസ്ഥാനത്തിന്റെ വികസനത്തിന് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താതെ നമുക്ക് വേറെ മാർഗ്ഗമില്ല. ആ യാഥാർത്ഥ്യം മനസ്സിലാക്കിയാണ് ബഡ്ജറ്റിൽ 1000 കോടി രൂപ നീക്കിവച്ചിട്ടുള്ളത്. സ്റ്റേറ്റ് ഹൈവേയടക്കം കേരളത്തിലെ നഗരങ്ങളിലെ ഗതാഗതക്കുരുക്കഴിക്കാൻ കഴിയുന്ന ബൃഹത്തായ ഒരു പാക്കേജിനാണ് ബഡ്ജറ്റിൽ രൂപം നൽകുന്നത്. ഇത് കേരളത്തിന്റെ വികസനരംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് വഴി തുറക്കും. പശ്ചാത്തലസൗകര്യ വികസനത്തിന് ഊന്നൽ നൽകുന്ന സമീപനം വികസന സങ്കൽപ്പത്തിന് പുതിയ മുഖം നൽകും. സ്വകാര്യവൽക്കരണം മാത്രമാണ് നമ്മുടെ രാജ്യത്തിന് ഏറ്റവും വലിയ ഗുണം എന്നായിരുന്നു ഇന്നലെകളിൽ പലയാളുകളും ഇവിടെ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ സ്വകാര്യവൽക്കരണമല്ല നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തികൊണ്ടുപോകാനാകും അവയെ ലാഭകരമാക്കാനും കഴിയുമെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കേരളം. ഇപ്പോൾ കേരളം ഇൻഡ്യയ്ക്ക് ഒരു ബദൽ മാതൃകയാണ്. നമ്മുടെ പൊതുമേഖലയുടെ ലാഭം ഈ വർഷം 300 കോടി രൂപ കവിയുകയാണ്. എട്ടു പുതിയ പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിക്കുന്ന കേരളം മറ്റു സംസ്ഥാനങ്ങൾക്ക് പുതിയ അനുഭവമായിരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണത്തിന് 260 കോടി രൂപ ചെലവഴിക്കുന്നു. വിൽക്കാൻ മാറ്റിവച്ചതാണ് ഇവയെന്ന് നമ്മൾ മനസ്സിലാക്കേണ്ടതാണ്. വിൽക്കാൻ മാറ്റിവച്ചവ പലതും ലാഭകരമാക്കുവാനുള്ള പരിശ്രമം ഇപ്പോഴുണ്ടായികൊണ്ടിരിക്കുന്നു. പൊതുമേഖലയുടെ വികസനത്തിൽ ഗവേഷണ വികസനത്തിനുള്ള സ്ഥാനം ഉറപ്പാക്കുന്നത് കേരളത്തിന്റെ വ്യവസായ വികസനത്തെക്കുറിച്ചുള്ള സങ്കൽപ്പത്തിൽ മാറ്റം വരുത്തും. അഞ്ചു പുതിയ സംരംഭങ്ങൾ പൊതുമേഖലയിൽ ആരംഭിക്കാനുള്ള തീരുമാനം ഗവൺമെന്റിന്റെ ധീരമായ ഒരു നടപടിയാണ്. നാളത്തെ ലോകത്ത് കേരളത്തിന്റെ ഉന്നതമായ സ്ഥാനം ഉറപ്പിക്കലാണ് വിവര സാങ്കേതികവിദ്യയ്ക്കും വിനോദ സഞ്ചാരമേഖലയ്ക്കും ഊന്നൽ നൽകാനുള്ള തീരുമാനം. സമഗ്ര സാമൂഹ്യ സുരക്ഷാപദ്ധതി വഴി സാമൂഹ്യസേവന രംഗത്ത് കേരളം വീണ്ടും ഔന്നത്യങ്ങളിലേയ്ക്ക് നീങ്ങുകയാണ്. സംസ്ഥാനത്ത് നാല്പത് ലക്ഷം കുടുംബങ്ങളെ ബി.പി.എൽ. കുടുംബങ്ങളായി അംഗീകരിക്കാനുള്ള തീരുമാനം ഒരു വെല്ലുവിളിയാണ്. ആസൂത്രണ കമ്മീഷന്റെ കണക്കിൽ 15.54 ലക്ഷം കുടുംബങ്ങളാണ് കേരളത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നത്. ഇപ്പോൾത്തന്നെ കേരളം 20 ലക്ഷം കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. ഇത് 40 ലക്ഷമായി ഉയർത്തുമ്പോഴുണ്ടാകുന്ന വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനുള്ള ധൈര്യം എൽ.ഡി.എഫിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയെ ഒരിക്കൽക്കൂടി ഉയർത്തിക്കാട്ടുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ക്ഷേമപെൻഷനുകൾ 110 രൂപയായിരുന്നു. ഇരുപ്പാഴത് 300 രൂപയാക്കി. ഇനി അത് 400 രൂപയാക്കുന്ന പ്രഖ്യാപനം സമൂഹത്തിൽ അവശ ജനവിഭാഗ

LIBRARY, ARCHIVES Kerala Legislative Assembly

ങ്ങൾക്ക് താങ്ങായി മാറും. ഈ സന്ദർഭത്തിൽ കേരളത്തിലെ കർഷകർ. കഠിനാദ്ധ്വാനം ചെയ്താണ് കൃഷിയെ നിലനിർത്തുന്നത്. നമുക്കറിയാം, നമ്മൾ ഇവിടെയുണ്ടാക്കിയ നെൽക്കൃഷി വികസനത്തിനും പ്രോൽസാഹനത്തിനുമുള്ള നടപടികൾ, അതിനാവശ്യമായ സഹായങ്ങൾ അതെല്ലാം വലിയ ഗുണം ചെയ്തു. കാർഷിക മേഖലകളിൽ പണിയെടുക്കുന്ന കർഷകർക്ക് ഈ ബഡ്ജറ്റിൽ ആയിരം രൂപയെങ്കിലും പെൻഷൻ പ്രഖ്യാപിക്കുവാൻ കഴിയണം. അങ്ങയുടെ മറുപടി പ്രസംഗത്തിൽ കൃഷിക്കാർക്ക് മിനിമം ആയിരം രൂപ പെൻഷൻ പ്രഖ്യാപിക്കണം. അതിന്റെ വിശദാംശങ്ങൾ നമുക്ക് പിന്നീട് ആലോചിക്കാം. കർഷകർക്ക് ആയിരം രൂപയെങ്കിലും പെൻഷൻ നൽകുന്ന ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് ഒരു അഭ്യർത്ഥന നടത്തുകയാണ്. അറുപത് വയസ്സ് കഴിഞ്ഞ എല്ലാവർക്കും മിനിമം പെൻഷൻ ഉറപ്പു നൽകുന്നത് നമ്മുടെ ജനസംഖ്യയിൽ വലിയൊരു വിഭാഗത്തിന് ഗുണം ചെയ്യും. പല കാരണങ്ങളാൽ ജീവിതദുരിതമനുഭവിക്കുന്ന പ്രായംചെന്നവരെ സംരക്ഷിക്കാനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ തീരുമാനം അഭിനന്ദനാർഹമാണ്. മറ്റൊന്ന്, സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തിൽ മാത്രം അനുഭവിച്ചറിഞ്ഞൊരു പദ്ധതി, അതാണ് കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റേയും പേരിൽ പതിനായിരം രൂപയുടെ സ്ഥിരനിക്ഷേപ പദ്ധതി. തികഞ്ഞ അത്ഭുതത്തോടെയാണ് ലോകം ഈ പദ്ധതിയെ കാണുന്നത്. പ്ലസ്ടു പൂർത്തിയാകുമ്പോൾ ബാങ്കുകളിൽ നിന്നുള്ള പദ്ധതിയുമായി ബന്ധപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിനോ വിദഗ്ദ്ധപരിശീലനത്തിനോ അതിന്റെ പലിശയുൾപ്പെടെ വിനിയോഗിക്കാൻ പറ്റുന്ന ഒരു വലിയ മുന്നേറ്റത്തിന്റെ തുടക്കമാണ് ഈ പദ്ധതി. എൻഡോസൾഫാൻ ദുരിതബാധിതർക്ക് 20 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നു. ഇതിനോടൊപ്പം എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ട്രൈബ്യൂണലിനെ നിയമിക്കാൻ ആവശ്യമായ നടപടിയും സ്വീകരിക്കണം.

12. NOON] അൺ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, ട്യൂട്ടോറിയലുകൾ തുടങ്ങിയവയിൽ പണിയെടുക്കുന്നവർക്കും ക്ഷേമനിധി ആരംഭിക്കുന്നത് ഉചിതമായി. ഒരു പരിരക്ഷയുമില്ലാത്ത ഒന്നര ലക്ഷം പേർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നത്. കിലോക്ക് രണ്ടു രൂപ നിരക്കിൽ ഇപ്പോൾ വിതരണം ചെയ്തുവരുന്ന റേഷൻ 40 ലക്ഷം കുടുംബങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം കൂടുതൽ ജനവിഭാഗങ്ങളിൽ എത്തിക്കാനുള്ള ഇച്ഛാശക്തിയാണ് ഇതിന് പിന്നിലുള്ളത്. പൊതുവിതരണ രംഗത്തുനിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങുമ്പോഴാണ് കേരളത്തിന്റെ ഈ ധീരമായ നടപടി. റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് 337 കോടി രൂപയുടെ ഒരു പദ്ധതിക്കു പുറമേ സിവിൽസപ്ലൈസ് കോർപ്പറേഷന് സബ്സിഡിക്കായി നീക്കിവച്ചത് 75 കോടി രൂപയാണ്. ഇത് മുൻപ് ഒരിക്കലും ഇല്ലാത്തതാണ്. മുവായിരം റേഷൻ കടകൾ വഴി സപ്ലൈകോയുടെ ഫ്രാഞ്ചൈസികളെ പ്രഖ്യാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു ഇന്ന് അതിന്റെ ഔപചാരികമായ തുടക്കം കുറിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. 300 രൂപയ്ക്കുള്ള സാധനങ്ങളുടെ കിറ്റ് 150 രൂപയ്ക്ക് കേരളത്തിലെ ജനങ്ങൾക്ക് വിതരണം നടത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചു. ഇതിനു മാത്രമായി ഏകദേശം 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. റേഷൻ വ്യാപാരികൾക്ക് അടുത്ത കാലത്തുണ്ടായിരുന്ന ചില പ്രശ്നങ്ങളുണ്ട്. അതുമായി ബന്ധപ്പെട്ടുകൊണ്ട് അവരുടെ കമ്മീഷനും മറ്റും ഉയർത്തിയാൽ അവരുടെ ചില പ്രശ്നങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ സാധിക്കും. വിലക്കയറ്റം പിടിച്ചു നിർത്താൻ കൺസ്യൂമർ ഫെഡ് വിഹിതം 50 കോടി രൂപയായി ഉയർത്തി. ഹോർട്ടികോർപ്പിന് 20 കോടി രൂപ നൽകാൻ തീരുമാനിച്ചു. മണ്ണെണ്ണയ്ക്ക് 20 രൂപ സബ്സിഡി പ്രഖ്യാപിച്ചു. വിലക്കയറ്റത്തിൽ നിന്നും സാധാരണക്കാരനെ രക്ഷിക്കാൻ പരമാവധി ശ്രമം നടത്തിയിരിക്കുന്നു. പരമ്പരാഗത മേഖലയിലെ മത്സ്യത്തൊഴിലാളി, കയർ, കശുവണ്ടി, കൈത്തറി, ഖാദി, ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്കെല്ലാം വമ്പിച്ച ആനുകൂല്യങ്ങളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുവാൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞ നാല് വർഷക്കാലത്ത് ഈ മേഖലയിലെ പദ്ധതി ചെലവുകൾ 92.83 ശതമാനം വരെ വിജയിച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ നെല്ലിന്റെ വില ഏഴ് രൂപയായിരുന്നത് ഇപ്പോൾ പല ഘട്ടങ്ങളായി ഉയർത്തി 14 രൂപയാക്കിയിരിക്കുന്നു. കേരളത്തിലെ കർഷകന് ഒരു ആത്മവിശ്വാസമുണ്ടാക്കാൻ, പ്രത്യേകിച്ചും നെൽകൃഷിയിൽനിന്നും ആളുകൾ കൊഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്ന, ആ രംഗത്തേക്കുതന്നെ ശ്രദ്ധിക്കാൻ ആളുകൾക്ക് താൽപ്പര്യമില്ലാതിരുന്ന, പാടം തുണ്ടുതുണ്ടായി മുറിച്ചു വിറ്റുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് 7 രൂപയിൽനിന്നും 14 രൂപയായി ഉയർത്തുവാൻ ഇടതുപക്ഷമുന്നണി സർക്കാർ തീരുമാനിച്ചത്. മുട്ട, പാൽ, പച്ചക്കറി, എന്നിവയുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മൃഗസംരക്ഷണത്തിനും ക്ഷീര വികസനത്തിനും ഈ ബഡ്ജറ്റിൽ മുന്തിയ പരിഗണന നൽകുന്നു. നാളികേര കൃഷിക്ക് 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരകർഷകനെ കൃഷിക്കാരുടെ പട്ടികയിൽനിന്നും കേന്ദ്ര സർക്കാർ ഇപ്പോൾ നീക്കിയിരിക്കുകയാണ്. അവർ കർഷകരാണെന്ന് അംഗീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. 2011-ലെ സെൻസസിൽ നാളികേര കർഷകരെ കൃഷിക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ പാടില്ലെന്നാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം. കാർഷിക രംഗത്ത് വമ്പിച്ച മാറ്റത്തിനുതകുന്ന തരത്തിൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ബഡ്ജറ്റിൽ ഊന്നൽ നൽകുന്നുണ്ട്. 223.7 കോടി രൂപയാണ് ജലസേചന സൗകര്യത്തിനായി നീക്കിവച്ചിട്ടുള്ളത്. ഇത് പറയുമ്പോൾ 10 ലക്ഷം കോടി രൂപയുടെ കേന്ദ്ര ബഡ്ജറ്റിൽ ജലസേചനത്തിനായി നീക്കി വച്ചത് വെറും 760 കോടി രൂപയാണ്. സ്കൂൾ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകിയിരിക്കുന്നത് സ്വാഗതാർഹമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളം വമ്പിച്ച നേട്ടമാണ് കയ്യടക്കിയിരിക്കുന്നത്. വെറ്ററിനറി സർവ്വകലാശാല, ഫിഷറീസ് സർവ്വകലാശാല, മെഡിക്കൽ സർവ്വകലാശാല എന്നിവ ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചതാണ്. എന്നാൽ നമ്മുടെ സർവ്വകലാശാലകളിലെ ഗവേഷണ പ്രവർത്തനങ്ങൾ കേരളത്തിന്റെ വികസനത്തിന് എന്തെങ്കിലുമൊക്കെ സംഭാവന ചെയ്യുന്നോ എന്നുള്ളത് സ്വയം വിമർശനപരമായി പരിശോധിക്കേണ്ട വിഷയമാണ്. സർവ്വകലാശാലകൾ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ് എങ്കിൽപോലും അതിന്റെ ഗവേഷണഫലം നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്നത് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. കായിക വിദ്യാഭ്യാസരംഗത്ത് നാം ഇനിയും യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്നില്ല. കഴിവുള്ള നമ്മുടെ കുട്ടികൾക്ക് പ്രോത്സാഹനം നൽകാനും അതുപോലെ മികച്ച പ്രകടനം നടത്തുന്ന കുട്ടികളുടെ ജീവിതച്ചെലവ് മുഴുവനും ഏറ്റെടുക്കാനുള്ള ബാദ്ധ്യതയും സർക്കാരിനുള്ളതാണ്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനം അത്തരത്തിൽ ചിന്തിക്കേണ്ടതുണ്ട് വളരെ അനിവാര്യമായതും പലപ്പോഴും നമ്മൾ ചിന്തിക്കാത്ത ഒരു കാര്യവുമാണത്. ഇൻഡ്യ ഇന്ന് ലോകത്തിനു മുന്നിൽ നാണക്കേടുകളുടെ പട്ടികയിൽ നിൽക്കുന്ന രാജ്യമാണ്. അഴിമതി അതിന്റെ സർവ്വകാല റിക്കാർഡിലേയ്ക്ക് എത്തിക്കഴിഞ്ഞിരിക്കുന്നു. അഴിമതിയും കള്ളപ്പണവും വിദേശ നിക്ഷേപവും തീവ്രവാദവും വിലക്കയറ്റവും നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യ ഘടനയിൽ വളരെയേറെ അപകടകരമായ നിലയിലേയ്ക്ക് നീങ്ങുന്നുവെന്ന് പ്രധാനമന്ത്രി തന്നെ ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ പറയുകയുണ്ടായി. 1980-കളിൽ രാജ്യത്ത് സാമ്പത്തിക തിരിമറികളുടെ എട്ട് വൻ കുംഭകോണങ്ങളാണ് നടന്നതെങ്കിൽ 1991-96-ൽ ഇത് 26 കുംഭകോണങ്ങളായി മാറി. എന്നാൽ 2005-2008 കാലയളവിൽ രാജ്യത്ത് 150 കുംഭകോണങ്ങളാണ് നടന്നത്. 1980-ൽ 64 കോടി രൂപയുടെ ബോഫേഴ്സ് കുംഭകോണമാണെങ്കിൽ 1992-ൽ 3,000 കോടി രൂപയുടെ ഓഹരി കുംഭകോണം നടന്നു. 1991-99 കാലയളവിൽ ആയിരക്കണക്കിന് രൂപയുടെ ഓഹരി പൊതുജനങ്ങളിൽനിന്ന് പിരിച്ചെടുക്കുകയും മുങ്ങുകയും ചെയ്ത 2500 കമ്പനികൾ ഈ രാജ്യത്തുണ്ടായി. 2009-ൽ 7,500 കോടി രൂപയുടെ സത്യം കംപ്യൂട്ടേഴ്സ് കുംഭകോണവും ഉണ്ടായി. 1,76,000 കോടി രൂപയുടെ ടുജി സ്പെക്ട്രം, 2 ലക്ഷം കോടി രൂപയുടെ ഐ.എസ്.ആർ.ഒ. സ്പെക്ട്രം, ആദർശ് ഫ്ളാറ്റ് കുംഭകോണം, കോമൺ വെൽത്ത് ഗെയിംസ്, സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസുമാർക്കെതിരായ ആരോപണം, ഹൈക്കോടതി ജഡ്ജിമാരെ ഇംപീച്ച് ചെയ്തതിന്റെ നടപടികൾ, പ്രോവിഡന്റ് ഫണ്ട് കുംഭകോണം, മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അഴിമതിയെക്കുറിച്ചുള്ള വിവാദങ്ങൾ, ക്രിക്കറ്റിന്റെ പേരിലെ തിരിമറികൾ, മിറാഡിയുടെ ടേപ്പിലെ വെളിപ്പെടുത്തലുകൾ കൂടിയാകുമ്പോൾ ആ ചിത്രം വ്യക്തമാകും. ഈ അഴിമതികൾക്കെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പങ്കാളിത്തം കേന്ദ്ര ഗവൺമെന്റിനുണ്ടെന്നുള്ളത് നമ്മുടെ നാടിന് അപമാനകരമാണ്; എന്നു മാത്രമല്ല, ഇതിൽ ചിലയാളുകളൊക്കെ ഇപ്പോൾ കേന്ദ്ര മന്ത്രിസഭയിൽ അംഗങ്ങളാണ്. മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രി വിലാസ് റാവു ദേശ്മുഖ് സുപ്രീംകോടതിയുടെ രൂക്ഷവിമർശനത്തിന് വിധേയമായി ഇപ്പോൾ കേന്ദ്ര മന്ത്രിസഭയിൽ ഗ്രാമവികസന വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിത്തന്നെ മാറിക്കഴിഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2ജി സ്പെക്ട്രത്തിൽ കേന്ദ്ര മന്ത്രിയെ സംരക്ഷിക്കാൻ ഒട്ടേറെ ശ്രമം നടത്തിയെങ്കിലും അവസാനം പുറത്തു പോകേണ്ടിവന്നു. കോമൺവെത്ത് ഗെയിംസ് ആരോപണ വിധേയനായ കൽമാഡി ഇപ്പോഴും കോൺഗ്രസ്സിന്റെ സംരക്ഷണയിലാണ്. മാദ്ധ്യത്തിന്റെ വികസന പ്രക്രിയയിൽ വമ്പിച്ച തോതിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന ഭീമമായ പണം രാജ്യത്തുനിന്ന് കടത്തി വിദേശ ബാങ്കുകളിൽ നിക്ഷേപമായി മാറി. ഏതൊരാളേയും ഞെട്ടിപ്പിക്കുന്നതാണ് ഈ കള്ളപ്പണത്തിന്റെ കഥകൾ.

1955-56-ലെ രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നാലു ശതമാനത്തിന് തുല്യമായ തുകയാണ് കറുത്തപണമായി വിദേശത്തേയ്ക്ക് കടത്തപ്പെട്ടത്. ഇപ്പോൾ 2010-ലെ കണക്കനുസരിച്ച് ജി.ഡി.പി.യുടെ അൻപത് ശതമാനത്തിന് തുല്യമായ പണമാണ് വിദേശത്തേയ്ക്ക് കടത്തിയിരിക്കുന്നത്. അതായത് വർഷംതോറും 33 ലക്ഷം കോടി രൂപ വീതം രാജ്യത്തുനിന്ന് വിദേശത്തേക്ക് കടത്തിയെന്നർത്ഥം. നമ്മുടെ രാജ്യം കണ്ട ഏറ്റവും വലിയ വിലക്കയറ്റമാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ പൊതുവിതരണ സമ്പ്രദായത്തെ തന്നെ ഇല്ലാതാക്കാനുള്ള പരിശ്രമമാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെയാണ് ഇവിടെ റേഷൻ കാർഡുകൾ ബി.പി.എൽ, എ.പി.എൽ എന്ന് രണ്ടുതരത്തിലാക്കിയത്. മണ്ണെണ്ണയും പഞ്ചസാരയും പരിമിതപ്പെടുത്തി. രണ്ടുതരത്തിൽ റേഷൻ വിതരണം തുടങ്ങി. ഇവിടെ റേഷനിംഗ് സമ്പ്രദായം തന്നെ തകർന്നു. 2009-ൽ ഭക്ഷ്യസുരക്ഷാ നിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. പക്ഷെ നടപ്പായില്ല. 1991-ൽ രാജ്യത്തെ ആളോഹരി ഭക്ഷ്യലഭ്യത 468.5 ഗ്രാം ആയിരുന്നു. 2008-ൽ ഇത് 276.4 ഗ്രാമായി കുറഞ്ഞു. വിശക്കുന്നവരുടെ ലോകത്ത് 88 രാജ്യങ്ങളുടെ പട്ടികയെടുത്തപ്പോൾ ഇൻഡ്യ അതിൽ അറുപത്തിയാറാം സ്ഥാനത്തു നിൽക്കുന്നു. നീതിപൂർവമായ ഭക്ഷ്യധാന്യ വിതരണം തകർക്കുന്നു. ഇതാണ് സുപ്രീം കോടതിയുടെ വിമർശനത്തിന് കാരണമായത്. കെട്ടിക്കിടന്ന് നശിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പാവപ്പെട്ടവർക്ക് വിതരണം നടത്തണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടു. സുപ്രീം കോടതിയുടെ ഈ നിർദ്ദേശം സ്വീകാര്യമല്ലെന്ന് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിതന്നെ വ്യക്തമാക്കി. ഭക്ഷ്യധാന്യ സംഭരണ രംഗത്തു നിന്നും കേന്ദ്രസർക്കാർ പിൻവാങ്ങുകയാണ്. ഇതിന്റെ ഫലമായി കൃഷിയിടങ്ങളിൽ നിന്ന് ധാന്യം നശിക്കുന്നു. രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും പ്രതിമാസം 30 കിലോ ധാന്യം കിലോയ്ക്ക് 3 രൂപ നിരക്കിൽ വിതരണംനടത്തുന്നതിനു വേണ്ടിയുള്ള അധിക ബാധ്യത 84,399 കോടി രൂപയാണെന്ന് കണക്കാക്കിയിരിക്കുന്നു. പക്ഷെ കേന്ദ്രസർക്കാർ ഇതിന് പണമില്ലെന്ന് പറഞ്ഞ് ഒഴിവായി. അതേസമയം കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ കുത്തകൾക്കായി നൽകിയ നികുതിയിളവ് അഞ്ചു ലക്ഷം കോടി രൂപയാണ്. കോൺഗ്രസും യു.പി.എയും കേന്ദ്രസർക്കാരും ഇത് പരിശോധിക്കണം ഇവർ ആരുടെ കൂടെയാണെന്നത് വളരെ ബോദ്ധ്യമാണ്. ചെറുകിട വ്യാപാര രംഗത്തും വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യങ്ങളിലുമൊക്കെയുള്ള കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സമീപനം വളരെ വ്യക്തമായി നമുക്ക് ബോദ്ധ്യപ്പെടും. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പായി പറയാനുള്ളത്. ട്രൈബൽ ഏരിയയായ അട്ടപ്പാടി ആദിവാസി മേഖലയിൽ ഈ ഗവൺമെന്റ് കൊണ്ടുവന്ന 219 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ കുടിവെള്ള പദ്ധതി നിലനിർത്തുന്നതിനും ജീവനക്കാരുൾപ്പെടെയുള്ള ആളുകളുടെ പ്രശ്നങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് 8 കോടി രൂപ നൽകിയെന്നുള്ളതും സ്വാഗതാർഹമാണ്. അത് കുറച്ചുകൂടി വർദ്ധിപ്പിക്കാനുള്ള ഒരു മനസ്സ് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സാധാരണയിൽ കവിഞ്ഞ വിമർശനമാണ് നടത്തിയത്. ഇലക്ഷൻ അടുത്തത് കൊണ്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്തായാലും അദ്ദേഹം ഇവിടെ 2ജി സ്പെക്ട്രംപോലുള്ള കുറേ കാര്യങ്ങളൊക്കെ പറഞ്ഞു. അതിന്റെ ഉദ്ദേശം എനിക്കറിയാം. പക്ഷേ, ഞാനിപ്പോൾ ഈ ലോട്ടറിയുടെ 80,000 കോടി രൂപയെക്കുറിച്ച് പറയാൻ തയ്യാറല്ല. അതുപോലെതന്നെ എസ്.എൻ.സി. ലാവ്‌ലിന്റെ 374 കോടി രൂപയെക്കുറിച്ച് ഞാൻ പറയുന്നില്ല. നാൽപ്പതിനായിരം ടൺ ഗോതമ്പ് റേഷൻ കടയിൽ കൊടുക്കാൻ വച്ചത് ഫ്ളവർ മില്ലുകാർക്ക് കൊടുത്തകാര്യവും ഞാൻ പറയുന്നില്ല. പാവപ്പെട്ട കൃഷിക്കാരന് സബ്സിഡിയോടുകൂടി കേന്ദ്ര ഗവൺമെന്റ് കൊടുത്തയൂറിയ ഫാക്ടറികൾക്ക് വിറ്റ് കൊള്ളലാഭം ഉണ്ടാക്കിയതും ഞാൻ പറയുന്നില്ല. മണ്ണെണ്ണയുടെ കാര്യവും ഞാൻ പറയുന്നില്ല. കടലയെക്കുറിച്ചും ഞാൻ പറയുന്നില്ല. ഒന്നും ഞാൻ പറയുന്നില്ല.

മി. സ്പീക്കർ: എല്ലാം തൊട്ടുകാണിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈയിടെയായി കേരളത്തിന്റെ വികസനം എല്ലാ അർത്ഥത്തിലും മുരടിച്ചിരിക്കുകയാണ്. സാമ്പത്തിക വളർച്ച വളരെ വലുതാണെന്ന് ഇദ്ദേഹം പറയുന്നതും കേട്ടു, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം പറയുന്നതും കേട്ടു. ആ സാമ്പത്തിക വളർച്ച ഞാൻ ഇവിടെ കാണുന്നില്ല. ഒരു കാര്യം അദ്ദേഹം പറഞ്ഞത് സാമ്പത്തിക വളർച്ച 9.7 ശതമാനം വന്നുവെന്നാണ്. ഇത് ആൾ ഇൻഡ്യാ ആവറേജിനേക്കാൾ കൂടുതലാണ്. എല്ലാ കാലത്തും കേരളത്തിൽ ആൾ ഇൻഡ്യാ ആവറേജ് കൂടുതലാണ്. 2005-ലും-2006-ലും ഞങ്ങൾ ഭരിക്കുമ്പോഴും ആൾ ഇൻഡ്യാ ആവറേജിനേക്കാൾ കൂടുതലാണ്. കുറച്ച് കാലമായിട്ട് അതാണ് കണ്ടുവരുന്നത്. ഫോറിൻ റെമിറ്റൻസൊക്കെ അതിന്റെ കാരണങ്ങളാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല അല്ലാതെ ഇവിടത്തെ ധനകാര്യവകുപ്പിന്റെ മിടുക്ക് കൊണ്ടുണ്ടായിട്ടുള്ളതല്ല. സാമ്പത്തിക വളർച്ചയെക്കുറിച്ച് പറയുമ്പോൾ 2010-ലെ ഇക്കണോമിക് റിവ്യൂ എടുത്താൽ സാമ്പത്തിക വളർച്ച നമുക്ക് കാണാം. ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് വരുമാനത്തിൽ കുറവ് വന്നു എന്നാണ്. 2008-2009-ൽ എത്രയാണ് വളർച്ചാ നിരക്ക്? 16.13 ശതമാനം. 2009-2010-ൽ വളർന്നു എന്നുപറയുമ്പോൾ വളർച്ചാ നിരക്ക് 6.52 ശതമാനമായി കുറഞ്ഞു. അതല്ലേ വസ്തുത. ഇക്കണോമിക് റിവ്യൂവിലെ കണക്കല്ലേ. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ കുറഞ്ഞു. ഈ സംഖ്യതന്നെ വന്നത്, എങ്ങനെയാണ്? ഇവിടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതുപോലെയുള്ള ഭയങ്കരമായ വിലവർദ്ധനവിന്റെ ഫലം നികുതിയിലുണ്ടായോ? ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

അത് നികുതിയിൽ റിഫ്ളക്ട് ചെയ്തിട്ടില്ല. അതുപോലെതന്നെ ആംനസ്റ്റി സ്കീമിലൂടെ, 278 കോടി രൂപയല്ലേ ഉണ്ടാക്കിയത്. ഇതെല്ലാം വച്ചിട്ടും 2009-2010-ൽ വളർച്ച കുറയുന്നു എന്നല്ലേ വസ്തുത. ഇതാണോ ധനകാര്യ മാനേജ്മെന്റ്? അതുപോലെ തന്നെ ഇവിടെ ഞങ്ങൾ ഭരിക്കുന്ന കാലത്തെ കടബാദ്ധ്യത നിങ്ങൾ നോക്കൂ. ഞങ്ങൾ ഭരിക്കുമ്പോൾ 2005-2006-ലെ കടബാദ്ധ്യത 9.67 ശതമാനമാണ്. അത് ഇക്കണോമിക് റിവ്യൂവിലെ കണക്കാണ്. ടേബിൾ 123. അതിലെ കണക്കാണ്. നിങ്ങളിപ്പോൾ അധികാരത്തിൽ വന്നപ്പോൾ എത്രയാണ്? 12.7 ശതമാനം. ഞങ്ങളുടെ കാലത്ത് 9.67 കടബാദ്ധ്യത, അതിപ്പോൾ 12 പോയിന്റിലെത്തി. എന്നുമാത്രമാണോ? ഒരു കാര്യം കൂടി നിങ്ങൾ നോക്കൂ, കടബാദ്ധ്യത പോയി, ഈ സംസ്ഥാനത്തെ ഓരോ വ്യക്തിയും പതിനാറായിരത്തിൽപ്പരം രൂപയുടെ കടക്കാരാണ്. പ്രസവിച്ച കുഞ്ഞിന് പതിനാറായിരം ഉറുപ്പിക കൊടുക്കുന്നില്ലേ. ആ കുഞ്ഞിനെ പതിനാറായിരം രൂപ കടക്കാരനാക്കിയിട്ടാണ് നിങ്ങൾ കൊടുക്കുന്നത്. 2005-2006-ൽ ഞങ്ങൾ ഇവിടെ ഭരിക്കുമ്പോൾ പതിനായിരം കോടി രൂപ, നിങ്ങൾ നാലു വർഷം കൊണ്ട് അത് പതിനാറായിരം കോടി രൂപയാക്കിയല്ലേ? ആറായിരം കോടി രൂപ നിങ്ങൾ വർദ്ധിപ്പിച്ചില്ലേ? ഈ സംസ്ഥാനത്ത് പ്രസവിക്കുന്ന കുട്ടിയെ വരെ ഈ പതിനാറായിരം രൂപയുടെ കടക്കാരനാക്കി. കുട്ടി ജനിക്കുന്നതിനു മുമ്പ് കുട്ടിക്ക് പതിനായിരം രൂപയെന്ന് പറയാത്തത് ഭാഗ്യമെന്നെ ഞാൻ പറയുന്നുള്ളൂ. അതുപോലെ തന്നെ നിങ്ങളുടെ കണക്ക് പെർക്യാപ്പിറ്റ ഇൻകം ഇവിടെ വർദ്ധിച്ചുവെന്നാണ്. പതിനാറായിരത്തി എഴുന്നൂറ്റി നാല് ഉറുപ്പികയാണ് ഒരാളുടെ കടം. ഞങ്ങളുടെ ഭരണകാലത്ത് പതിനായിരത്തി പതിനെട്ട്, ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ കടക്കെണിയിലാക്കിയിട്ട് ഫിനാൻസ് മാനേജുമെന്റാണ് പറയുന്നത്. അതുപോലെ ഇപ്പോൾ 2011-ലെ ബി.പി.എൽ. ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ടല്ലോ. എത്ര ശതമാനമാണ് ബി.പി.എൽ. 42.41 2008-ലെ കണക്കെത്രയാണ്? നിങ്ങൾ തന്നെ പറയുന്നത്. 29.66 ബി.പി.എൽ. ലിസ്റ്റിലെ ആളുകളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണെന്നല്ലേ ഇതിനർത്ഥം. നിങ്ങളുടെ ഭരണം കൊണ്ടുണ്ടായതാണ്. അതുപോലെതന്നെ അങ്ങ് ഇവിടെ ജി.എസ്.ഡി.പി.-യുടെ വളർച്ച പറഞ്ഞല്ലോ; ജി.എസ്.ഡി.പി.-യുടെ വളർച്ച സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ വെബ്സൈറ്റിൽ നിന്നാണ് ഞാൻ എടുത്തത്. അങ്ങേക്ക് സംശയമുണ്ടെങ്കിൽ ആ വെബ്സൈറ്റ് നോക്കൂ.

അതിൽ പറയുന്നത് 2005-06-ൽ ജി.എസ്.ഡി.പിയുടെ അതേ അവസരത്തിൽ പ്രൈമറി സെക്ടറിലെ വളർച്ച 5.47 ശതമാനം. സെക്കണ്ടറി സെക്ടർ യു.ഡി.എഫ്.-ന്റെ കാലം 9.60%. ട്രഷറി സെക്ടർ 11.65%. പ്രൈമറി സെക്ടറിൽ ഇപ്പോഴത്തെ വളർച്ച എത്രയാണ്? യു.ഡി.എഫ്.-ന്റെ കാലത്ത് 5.74% ആണെങ്കിൽ നിങ്ങൾ വളർത്തിക്കൊണ്ടു വന്നിട്ട് അത് 1.27% ലാണ്. കൃഷിയിൽ നിന്നുള്ള അതിന്റെ കോൺട്രിബ്യൂഷൻ ജി.എസ്.ഡി.പി. ലേയ്ക്ക് എവിടെ വളർന്നുവെന്നാണ് അങ്ങ് പറയുന്നത്. ഇവിടെ വ്യവസായം യഥേഷ്ടമായി വളർന്നു, വളർന്നിട്ട് 2005-06-ൽ അതിന്റെ കോൺട്രിബ്യൂഷൻ ജി.എസ്.ഡി.പി.-യിലേയ്ക്ക് 9.60% ആയിരുന്നു. ഇപ്പോൾ വ്യവസായം വളരെയധികം വളർന്നല്ലോ. എന്നിട്ട് സ്ഥിതി എന്താണ്? അത് 9.43% ആയി കുറഞ്ഞു ഇതല്ലേ വസ്തുത. അതുപോലെ തന്നെ സർവ്വീസ് സെക്ടർ 11.65% ആണ്. 2005-06-ൽ അത്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ 11.51% ആയി. ടോട്ടൽ ജി.എസ്.ഡി.പി. എടുത്താൽ 2005-06-ൽ 10.09%. നിങ്ങൾ വളർത്തിക്കൊണ്ടുവന്നത് എത്രയാണെന്നറിയാമോ? 9.73%. ഇതല്ലേ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യുടെ വളർച്ചാ നിരക്കിന്റെ സ്ഥിതി? എക്കണോമിക് റിവ്യൂവിലെ 439-ാമത്തെ പേജ് എടുത്ത് നോക്കുക. അതിൽ പബ്ലിക് സെക്ടറിലും സ്വകാര്യ മേഖലയിലും കൂടിയുള്ള തൊഴിൽ സംബന്ധിച്ച് പറഞ്ഞിരിക്കുന്നു. 2005-ൽ എത്രയാണെന്ന് അറിയാമോ? ഇവിടെ തൊഴിലെടുക്കുന്ന ആളുകൾ 11,39,773 പേർ. 2010 -ൽ 11,11,376 പേർ. നിങ്ങളുടെ ഭരണത്തിൽ നാല് കൊല്ലം കൊണ്ട് 28,397 ആളുകൾക്ക് തൊഴിൽ ഇല്ലാതാക്കി എന്നുള്ളതാണ് വസ്തുത. അതാണ് നിങ്ങൾ ചെയ്തത്. വ്യവസായം വളർന്നു, ഉള്ള തൊഴിലും പോയി. ഇതല്ലേ വസ്തുത. അതുപോലെ തന്നെ പ്രഖ്യാപനങ്ങളുടെ കാര്യത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ 40,000 കോടി രൂപയുടെ പ്രഖ്യാപനങ്ങളാണ് നടത്തിയിരിക്കുന്നത്. ശ്രീ. കെ.എം.മാണി പറഞ്ഞു മലർപൊടിക്കാരന്റെ കഥയാണെന്ന്. മലർപ്പൊടിക്കാരനും ഇതുപോലത്തെ കഥ ഉണ്ടാകില്ലായെന്നാണ് എന്റെ പക്ഷം. കാരണം, 40,000 കോടി. എന്നിട്ട് ഇസ്ലാമിക് ബാങ്കിന് തന്നെ ലൈസൻസ് കിട്ടിയിട്ടില്ല. അതിന് ബോർഡായിട്ടില്ല. ആ ബാങ്ക് വന്നു. അവർ ഷെയർ കളക്ട് ചെയ്ത് അവർ ഡിപ്പോസിറ്റ് വാങ്ങി ആ ഡിപ്പോസിറ്റിൽ നിന്ന് ഇവിടെ കൊടുക്കുകയാണ്. അത് ബോർഡ് അനുവദിക്കണം. രണ്ട്, ബാങ്ക് വന്നില്ല. ഞാൻ ഒരു കാര്യം ചോദിക്കട്ടെ. കഴിഞ്ഞ കൊല്ലം സ്റ്റിമുലസ് പാക്കേജിൽ 5000 കോടി രൂപ പ്രഖ്യാപിച്ചിട്ട് 4000 കോടി രൂപയ്ക്ക് എഎസ് കൊടുത്തിട്ട് 1 പൈസ ഈ സംസ്ഥാനത്ത് മുടക്കാൻ അങ്ങയെക്കൊണ്ട് സാധിച്ചിട്ടുണ്ടോ? ഈ പ്രഖ്യാപനങ്ങളൊക്കെ നടത്തുന്നു. നിങ്ങൾക്ക് പ്രഖ്യാപനം നടത്താൻ എന്ത് അധികാരമാണുള്ളതെന്ന് ഞാൻ ചോദിക്കുന്നു ഈ പറയുന്ന പ്രഖ്യാപനങ്ങളൊക്കെ നിലവിൽ വരുന്നത് എന്നാണ്? ഏപ്രിൽ 1-ാം തീയതി. നിങ്ങൾ കൊടുക്കേണ്ട കാര്യമില്ലല്ലോ. കഴിഞ്ഞ പ്രാവശ്യം തെരഞ്ഞെടുപ്പ് ഡിക്ലറേഷൻ വന്നത് മാർച്ച് 1-ാം തീയതിയാണ്. ഈ പ്രാവശ്യം മാർച്ച് 1-നോ 2-നോ അല്ലെങ്കിൽ അതിന് മുമ്പോ വരും. പത്ത് പൈസ ചെലവാക്കാൻ സാധിക്കുമോ? എന്തിനാണ് ഈ വിദ്യയൊക്കെ. കേരളത്തിലെ ജനങ്ങളെ ഇങ്ങനെ മിസ് അണ്ടർസ്റ്റാന്റ് ചെയ്യാൻ പാടുണ്ടോ? അവർ വിദ്യാഭ്യാസമുള്ളവരും വിവരമുള്ളവരുമല്ലേ? അത് അവർ പാർലമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും കാണിച്ചില്ല. ഇതുകൊണ്ടൊക്കെ അതിനെ മറച്ചു പിടിക്കാൻ സാധിക്കുമെന്ന് അങ്ങ് കരുതുന്നുണ്ടോ? ഇവിടെ നിങ്ങൾ ഭരണ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. എന്താണ് അങ്ങ് ചെയ്യുന്നത്? കഴിഞ്ഞ നാല് കൊല്ലത്തെ ഫിഗർ ഞാൻ എടുത്തിട്ടുണ്ട്. കഴിഞ്ഞ നാല് കൊല്ലം കൊണ്ട് അസംബ്ലി പാസ്സാക്കി തന്ന 35711.86 കോടി രൂപ ചെലവാക്കിയിട്ടില്ല. നാല് കൊല്ലം 35711.86 കോടി രൂപ ചെലവ് ചെയ്യാതെ ഖജനാവിൽ ഞങ്ങൾ വെയിസ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടില്ല. എന്തിന് എടുക്കണം ചെലവ് ഇല്ലല്ലോ. അസംബ്ലി പാസ്സാക്കി തന്നത് ചെലവ് ചെയ്തോ? അതിന് കഴിഞ്ഞ പ്രാവശ്യം അദ്ദേഹം ഒരു മറുപടി പറഞ്ഞു. എന്താണെന്നറിയാമോ: ഇതൊക്കെ ഡെബ്റ്റ് റീപേയ്മെന്റിനാണ്. ആണോ. ഡെബ്റ്റ് റീപേയ്മെന്റിന് എത്രയാണ്? ഞാൻ കാൽക്കുലേറ്റ് ചെയ്ത് എടുത്തിട്ടുണ്ട്. 1922.78 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബാക്കി 16496.08 കോടിരൂപ നിങ്ങൾ ചെലവാക്കിയിട്ടില്ല. അതുകൂടി റവന്യൂ കമ്മി അയ്യായിരത്തിൽ ചില്വാനം കോടി രൂപയാണ്. 2010-ൽ വന്നിട്ടുള്ള സി. ആന്റ് എ.ജി.യുടെ ഫിഗർ 5022 കോടി. രൂപയാണ്. ആ 5022-ൽ ഈ 16000 കൂടി കൂട്ടിയാൽ എത്രയായി? 22000 കോടി രൂപ റവന്യൂ കമ്മിയാണ് നിങ്ങളുടെ മാനേജുമെന്റ് കൊണ്ടുണ്ടായത്. എന്ന് പറഞ്ഞാൽ മിസ്മാനേജുമെന്റാണ്. ധനക്കമ്മി കൂട്ടിയാൽ 30000-ത്തോളം കോടി രൂപയാണ് വരുന്നത്. ഇതുപോലെ മിസ്മാനേജുമെന്റ് നടത്തിയ ഒരു കാലം കേരളത്തിൽ ഉണ്ടായിട്ടുണ്ടായെന്ന് നിങ്ങൾ ആലോചിക്കണം. അങ്ങയെക്കാളും ഭേദം ആയിരുന്നല്ലോ ശ്രീ. ടി. ശിവദാസമേനോൻ. ഇതുപോലെ തുലച്ചിട്ടില്ല. അക്കാര്യത്തിൽ യാതൊരു സംശയവും എനിക്കില്ല. പിന്നെ അങ്ങ് പറയുന്നുണ്ട്, ഇവിടെ കഴിഞ്ഞ 30 കൊല്ലത്തിനുള്ളിൽ വെയിസ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കാത്ത, ഓവർ ഡ്രാഫ്റ്റ് എടുക്കാത്ത ഗവൺമെന്റാണിതെന്ന്. താങ്കൾ അല്ല. അതിനു മുമ്പുണ്ട്. 1995-96-ൽ ശ്രീ. പത്മരാജൻ അവതരിപ്പിച്ച ബഡ്ജറ്റ് മിച്ച ബഡ്ജറ്റായിരുന്നു. ഒരു നയാപൈസ പോലും അന്ന് വെയിസ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടില്ല. അതുപോലെ തന്നെ ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല. അങ്ങേയ്ക്ക് എന്തും ബഡ്ജറ്റ് പ്രസംഗത്തിൽ പറയാം എന്നുള്ളതാണോ: ഞാൻ ഒരു കാര്യം അങ്ങയോട് പറയട്ടെ, ഇതെല്ലാമാണെങ്കിൽ തന്നെ ഇപ്പോൾ ഇവിടുത്തെ വികസനത്തെക്കുറിച്ച് പറയുന്നു. കേന്ദ്ര ഗവൺമെന്റ് തരുന്ന പണംപോലും താങ്കൾക്ക് ചെലവാക്കാൻ കഴിയുന്നുണ്ടോ? ഇവിടെ ശ്രീ. കെ. സി. ജോസഫിന്റെ ഒരു ചോദ്യം വന്നു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ച പണം ചെലവാക്കാൻ നിങ്ങൾക്ക് സാധിച്ചോ? കേന്ദ്രം തന്ന പണം നിങ്ങൾക്ക് ചെലവഴിക്കാൻ സാധിച്ചോ? അതുപോലെ തന്നെ 800 കോടിയോളം രൂപ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ തന്നിട്ട് 200 കോടി രൂപയല്ലേ ചെലവിട്ടത്. ബാക്കി പണം ഉപയോഗിച്ച് റോഡ് ഉണ്ടാക്കുന്നതിൽ താങ്കൾക്ക് എന്താണ് ഇത്ര നഷ്ടം? ബീഹാറിൽ ഗവൺമെന്റ് അധികാരത്തിൽ വന്നത് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിന്ന് 10000 കോടി രൂപ വാങ്ങി റോഡ് ഉണ്ടാക്കിയതുകൊണ്ടാണ്. 2800 കോടി രൂപ ആസ്സാമിലെ ഗവൺമെന്റിന് ചെലവിടാമെങ്കിൽ താങ്കളുടെ ഗവൺമെന്റ് ചെലവിട്ടത് 200 കോടി രൂപയിൽ താഴെയാണ്. കേന്ദ്രം തരുന്ന പണംപോലും ചെലവിടാൻ കഴിയാതെ അത്രയും മിസ്മാനേജുമെന്റ് നടത്തിയ ഒരു ധനകാര്യമന്ത്രിയല്ലേ അങ്ങ്. ഞാൻ പറയുന്നു അന്ന് ആ ഭാഗത്തും ഈ ഭാഗത്തും എത്ര ബഹളം ഉണ്ടാക്കി. ഞാൻ തന്നെ നാല് പ്രാവശ്യം സഭയിൽ ഉന്നയിച്ചതാണ് പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഈ പറയുന്ന എബൗ നൽകണമെന്ന്. അങ്ങ് എത്ര മടിച്ചുമടിച്ച് നിന്നു. ഇപ്പോൾ മറുപടി വന്നിരിക്കുന്നത് എന്താണ്? ഞാൻ വായിക്കുന്നില്ല. ടെന്റർ എക്സസ്സ് വന്നാൽ അത് സ്റ്റേറ്റ് കൊടുക്കണം. അതിന് ഒരു കാര്യം ചെയ്തുകൂടെ റൂറൽ ഡെവലപ്മെന്റിന് പ്രത്യേകം ഷെഡ്യൂൾ ഉണ്ടാക്കിയാൽ മുഴുവൻ കിട്ടുകയില്ലേ. എന്തുകൊണ്ട് ചെയ്യുന്നില്ല. കേന്ദ്രത്തിന്റെത് വേണ്ട. ഇവിടെ റോഡ് ഉണ്ടാകണ്ട. ഇത് അല്ലേ അങ്ങയുടെ നിലപാട്. എന്നിട്ട് 40000 കോടി രൂപയുടെ റോഡോ? അയ്യോ ഇത് ആരോടാ പറയുന്നത്. ഇത് വിശ്വസിക്കണമെങ്കിൽ ഞങ്ങളുടെ നാട്ടിൽ പറയും

LIBRARY ARCHIVES Kerala Legislative Assembly

കൃതിരവട്ടത്തുള്ളവരോട് പറയണമെന്നു. ഇവിടെ ഇത് വേറെ പേരാണ് ഊളമ്പാറ. മനസ്സിലായോ? ഞാൻ ഒരു കാര്യം പറയട്ടെ. ഇങ്ങനെയൊക്കെ ആളുകളെ കളിപ്പിക്കാമോ? ഇപ്പോൾ ഇവിടെ വികസനം മുരടിപ്പിച്ചു എന്നു മാത്രമല്ല ഒരു കാര്യംകൂടി അങ്ങ് കാണണം. കഴിഞ്ഞ പ്രാവശ്യമൊക്കെ നമ്മുടെ ഡെപ്യൂട്ടി സ്പീക്കർ അടക്കം ആസിയൻ കരാറിനെക്കുറിച്ച് പറഞ്ഞു. താങ്കൾക്ക് ഒരു അക്ഷരം പറയാൻ സാധിക്കുമോ? അവിടെ ഇരിക്കുന്നവർക്ക് ഒരു അക്ഷരം പറയാൻ സാധിക്കുമോ ? ഇതുപോലെ വില വർദ്ധിച്ച ഒരു കാലം ഉണ്ടായിട്ടുണ്ടോ? എന്താണ് കാരണം? ആസിയൻ കരാർ വന്നാൽ ഈ സംസ്ഥാനം പാതാളത്തിലേയ്ക്ക് ആണ്ടുപോകുമെന്ന് പ്രസംഗിച്ചതല്ലേ ? ഇപ്പോൾ എന്താണ് സ്ഥിതി ? 22 രൂപ ഉണ്ടായിരുന്ന റബ്ബറിന് 236 രൂപയായതും 250 രൂപ വിലയുണ്ടായിരുന്ന കാർഡമത്തിന് 1500 രൂപയായതാണ് പറയാനുള്ളത്.

ശ്രീ. സി. കെ. പി. പത്മനാഭൻ : .....സർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ വഴങ്ങുന്നില്ല. താങ്കളോട് എനിക്ക് വലിയ ഇഷ്ടമൊക്കെയാണ് സമയം ഇല്ലല്ലോ. സർ, ഇതൊക്കെ ഈ സംസ്ഥാനത്ത് നടന്നു. പിന്നെ ഒരു കാര്യം പറയാനുള്ളത്, ഇൻഡസ്ട്രിയാണല്ലോ കാര്യമായി പറയുന്നത്. ഞാൻ ഈ ബഡ്ജറ്റ് ഇൻ ബ്രീഫ് എടുക്കാം. Budget in brief-ൽ പേജ് എ-35. Industries- Detailed break up of expenditure ഉണ്ട്. നിങ്ങളുടെ ബഡ്ജറ്റ് പ്രൊവിഷനുണ്ട്. അത് ടേബിൾ എ-43, 807,14,23,000 രൂപയായിരുന്നു 2010-2011-ൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ അങ്ങ് വകയിരുത്തിയത്. 100 ഫാക്ടറി അങ്ങ് പ്രഖ്യാപിച്ചല്ലോ? എത്ര രൂപയാണ് അതിന് ബഡ്ജറ്റിൽ വകയിരുത്തിയത്? അങ്ങ് തുക കുറച്ചില്ലേ? 650,11,79,000 രൂപ. കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റിൽ വകയിരുത്തിയത് 807,14,23,000 രൂപ. ഇപ്പോൾ വച്ചത് 650 കോടി രൂപ. വളരെ കൂടി. കാരണം വ്യവസായം ഇവിടെ വരുകയല്ലേ? അതിന് ബഡ്ജറ്റിൽ കുറേ സംഖ്യയും വച്ചു. ഇതല്ലേ അങ്ങയുടെ ബഡ്ജറ്റ്?

ജനങ്ങൾക്ക് വളരെ ആവശ്യമുള്ള മറ്റൊരു മേഖലയാണ് ഇറിഗേഷൻ. എന്താണ് അങ്ങയുടെ ബഡ്ജറ്റിന്റെ സ്ഥിതി? അങ്ങയുടെ ബഡ്ജറ്റിൽ ടേബിൾ എ 41, പേജ് എ എഫ് 34-ൽ കഴിഞ്ഞ കൊല്ലം വച്ചത് 200,10,52,000 രൂപ. ഇക്കൊല്ലം എത്ര രൂപയാണെന്ന് അറിയാമോ? 150,66,25,000 രൂപ. തുക കൂടി! ഇറിഗേഷൻ തുക കൂട്ടി 200 കോടി 50 കോടി രൂപയാക്കി. അത് കൂടുതലാണല്ലോ? 807 കോടി രൂപയുള്ളത് 650 കോടി രൂപയാക്കി. ഇതുപോലെതന്നെയാണ് വികസന പ്രവർത്തനങ്ങൾ. ഇതിലൊന്നും കുഴപ്പമില്ല. ഇവർക്ക് ഒന്നും ചെയ്യേണ്ടി വരികയില്ലല്ലോ? അങ്ങേക്ക് മനസ്സിലാകും. അദ്ദേഹത്തിന് മനസ്സിലാകുകയില്ല. വരുന്ന ഏപ്രിൽ മാസത്തിലാണ് ചെലവ് വരാൻ പോകുന്നത്. അപ്പോഴേക്കും നോട്ടിഫിക്കേഷനാകും. ഏപ്രിൽ കഴിഞ്ഞ് പ്രോജക്ടും മറ്റും വരണം. ഇതിൽ, ആർട്ടിക്കിൾ 206 അനുസരിച്ച് വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവരാം. ഇതുപോലെയുള്ള സന്ദർഭത്തിലാണ് വോട്ട് ഓൺ അക്കൗണ്ടണ്ട് കൊണ്ടുവരേണ്ടത്. ഇത് ബഡ്ജറ്റ് ആണ്. പാരാ 202 ആന്യുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ് ഇതിൽ കുറേ പ്രഖ്യാപനമുണ്ട്. വല്ല കാര്യവുമുണ്ടോ? കേരളത്തിലെ ജനങ്ങളെ മണ്ടന്മാരാക്കുന്നതാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ മിസ്മാനേജുമെന്റുകൊണ്ട് ഈ സംസ്ഥാനം തകർന്നു തരിപ്പണമായിരിക്കുന്നു. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. ദിനേശ് മണി: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും അനുകൂലിക്കുകയാണ്. സാമൂഹ്യക്ഷേമരംഗത്ത് സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞ ഒരു ധനകാര്യ വകുപ്പാണ് നമുക്ക് നേതൃത്വം നൽകുന്നത്. ഈ അഞ്ചു വർഷക്കാലം അതിന് സമുദ്ധമായ നേതൃത്വം നൽകിയ ഡോ. തോമസ് ഐസക്കിനെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി അഭിനന്ദിക്കുവാൻ ഈ അവസരം ഞാൻ പ്രയോജനപ്പെടുത്തുകയാണ്. സാമ്പത്തിക രംഗത്ത് കഴിഞ്ഞ അഞ്ചു വർഷങ്ങളിലുണ്ടായ വളർച്ച മുമ്പ് ഒരു കാലത്തും കേരളത്തിൽ ഉണ്ടായിട്ടില്ല. ഇന്ത്യയിൽ ഏറ്റവും വേഗതയിൽ വളരുന്ന സംസ്ഥാനമായി രണ്ടോ മൂന്നോ വർഷങ്ങൾക്കുള്ളിൽ കേരളം മാറുമെന്നാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. ബഹുമാന്യനായ അംഗം ആര്യാടൻ മുഹമ്മദ് കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെക്കുറിച്ച് പറഞ്ഞല്ലോ? കഴിഞ്ഞ യു. ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് രണ്ട് ധനകാര്യ മന്ത്രിമാരാണ് വകുപ്പ് കൈകാര്യം ചെയ്തത്. നമുക്കറിയാം. ശ്രീ. ശങ്കരനാരായണൻ ധനകാര്യ വകുപ്പു മന്ത്രിയായിരുന്നു. ശ്രീ. വക്കം പുരുഷോത്തമനും ധനകാര്യ വകുപ്പു മന്ത്രിയായിരുന്നു. ധനകാര്യ മന്ത്രിമാരെല്ലാം ഫൈനാൻസ് സെക്രട്ടറിമാരെ ചുമതല ഏൽപ്പിച്ച് മുങ്ങി നടന്നിരുന്ന കാലമായിരുന്നു യു.ഡി.എഫ് ഗവൺമെന്റിന്റെ ഭരണ കാലം. യു.ഡി.എഫ്.-ന്റെ 2001-2005 വരെയുള്ള കാലത്ത് ധനകാര്യ മന്ത്രിമാർ ഒളിച്ചോടി നടക്കുകയായിരുന്നു. കാരണം അവർക്ക് മറുപടി പറയാനില്ല. ഞാൻ നിയമസഭയിൽ വരുമ്പോൾ ശ്രീമതി സുധാപിള്ളയായിരുന്നു ഫിനാൻസ് സെക്രട്ടറി. എന്തെങ്കിലും മറുപടി അറിയണമെങ്കിൽ ഫിനാൻസ് സെക്രട്ടറിയോട് ചോദിക്കുവാൻ പറയും. അങ്ങനെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ധനകാര്യ മന്ത്രിമാർ മുങ്ങി നടക്കുകയായിരുന്നു. അവർക്ക് വ്യക്തമായ മറുപടി ഇല്ല. ട്രഷറി എത്ര ദിവസം തുറന്നുവച്ചിട്ടുണ്ട്? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ എക്സ്പെന്റിച്ചർ സംബന്ധിച്ചുള്ള ചെക്കുകൾ കൊടുത്താൽ ആ ചെക്കുകളുമായി ട്രഷറിയിൽ പോയി തിരിച്ചു വരികയല്ലാതെ ട്രഷറിയിൽ മാറാൻ പറ്റുകയില്ല. അതായിരുന്നില്ലേ സ്ഥിതി തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്കായി ചെലവാക്കേണ്ട തുക ട്രഷറിയിൽനിന്നും മാറാതെ ചെലവാക്കുവാൻ വേണ്ടിയുള്ള ഒരു തന്ത്രമായിരുന്നു അത്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക അവസ്ഥ അത്രമാത്രം പരിതാപകരമായിരുന്നു, ദയനീയമായിരുന്നു. ഈ സഭയിൽ ധനകാര്യ ബില്ലിനെക്കുറിച്ച് നടക്കുന്നതുപോലുള്ള ഒരു ചർച്ച യു. ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുണ്ടോ? പത്ര വാർത്ത നമ്മൾ കണ്ടിട്ടില്ലേ? ധനകാര്യ വകുപ്പുമന്ത്രിയും ഭരണ-പ്രതിപക്ഷ കക്ഷി അംഗങ്ങൾ നേർക്കുനേർ എല്ലാ കാര്യങ്ങളും തുറന്നു ചർച്ച ചെയ്യുകയാണ്. ഇവിടെ ഒന്നും ഒളിച്ചുവയ്ക്കുന്നില്ല. കേരളത്തിന്റെ ധനകാര്യ വ്യവസ്ഥയെ സംബന്ധിച്ച് എന്തെങ്കിലും മറച്ചുവച്ചുള്ള സമീപനം ഡോ. തോമസ് ഐസക് സ്വീകരിച്ചിട്ടുണ്ടോ? ഇല്ല. ഇവിടെ തുറന്ന ചർച്ചയാണ്. എത്ര സമൃദ്ധമായിട്ടാണ് ശ്രീ. ആര്യാടൻ മുഹമ്മദ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തെ മിസ് മാനേജുമെന്റിനെ ഇവിടെ അവതരിപ്പിച്ചത്. എത്ര ഗോപ്യമായിട്ടാണ് അദ്ദേഹം അത് മറച്ചുവച്ചത് എന്നുള്ളത് എന്നെ അത്ഭുതപ്പെടുത്തുന്നു. ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തെ കുറിച്ച് പറയുമ്പോൾ സർക്കാർ ചെലവിന്റെ കാര്യത്തിൽ 2001-06 കാലയളവിൽ 53% വർദ്ധനവായിരുന്നു ഉണ്ടായിരുന്നത്. 19528 കോടി രൂപ. ഇപ്പോഴോ? ഇപ്പോൾ 2010-2011 -ൽ 100 ശതമാനം വർദ്ധിച്ചു. അതായത് 39,790 കോടി രൂപ. ഒരു ദിവസംപോലും ട്രഷറി അടച്ചില്ല. എന്താണ് അതിൽ പറയാനുള്ളത്? ഒരു ദിവസമെങ്കിലും ട്രഷറി അടച്ചിട്ടുണ്ടോ? ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ കോൺട്രാക്ടർമാർക്കോ ബിൽ മാറാൻ പറ്റാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ? ഇല്ല. കേരളത്തെ സംബന്ധിച്ച് ഇത് ഒരു ചരിത്രമല്ലേ? എന്തുകൊണ്ട് അത് അംഗീകരിക്കുവാൻ യു.ഡി.എഫ്-കാർക്ക് കഴിയുന്നില്ല? ഇവിടെ ഒരു ദിവസംപോലും ട്രഷറി അടച്ചില്ല എന്നു മാത്രമല്ല. ഓവർ ഡ്രാഫ്റ്റും ആയിട്ടില്ല. റിസർവ് ബാങ്കിൽനിന്ന് വായ്പയെടുക്കേണ്ടി വന്നിട്ടില്ല. കാരണമെന്താണ്? ധനസ്ഥിതി മെച്ചപ്പെടാനിടയായ ഒരു സാഹചര്യമാണ് ഈ ഗവൺമെന്റ് സൃഷ്ടിച്ചത്. ജനങ്ങളുടെ ഇടയിൽ യാതൊരു രീതിയിലുമുള്ള നികുതി നിർദ്ദേശവും വയ്ക്കാതെ ജനങ്ങളെ പിഴിയാതെ സ്വന്തം വരുമാനത്തിൽ ഉണ്ടാക്കിയ മ്രസോതസാണ് അത്. ഇവിടെ എല്ലാവരാലും പുകഴ്ത്തപ്പെടേണ്ട ഒരു ബഡ്ജറ്റല്ലേ ഇത്? അതിന് യു.ഡി.എഫ്.-ന് കഴിയുകയില്ല. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ ഉദ്ഘാടനവും അതുപോലെ ഇന്റർനാഷണൽ എയർപോർട്ടിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട ഉദ്ഘാടന ചടങ്ങിനെ കുറിച്ച് ഇവിടെ പറഞ്ഞു. കേന്ദ്ര സർക്കാർ കേരളത്തോട് കൈക്കൊള്ളുന്ന അവഗണനയുടെ, ചിറ്റമ്മ നയത്തിന്റെ സമീപനമാണ് അതിലെല്ലാം നിഴലിച്ചിട്ടുള്ളത്. ഇപ്പോൾ ഇവിടെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്തി. റിസർവ് ബാങ്കിനെ ആശ്രയിക്കാതെ ഓവർ ഡ്രാഫ്റ്റ് ഇല്ലാതെ ട്രഷറി അടച്ചുപൂട്ടാതെ വളരെ നന്നായി ഈ സംവിധാനത്തെ മാനേജ് ചെയ്യുന്നതിനെ ഇന്ത്യാ ഗവൺമെന്റ് ഉത്കണ്ഠയോടുകൂടിയാണ് കാണുന്നത്. എന്തുകൊണ്ട്? ഇന്ത്യയ്ക്കാകെ മാതൃകയാക്കി ഒരു ബദൽ സാമ്പത്തിക നയം കേരളം അവതരിപ്പിക്കുന്നു എന്നുള്ളതാണ്. ഇത് അങ്ങേയറ്റത്തെ ആശങ്കയോടുകൂടി കേന്ദ്ര ഗവൺമെന്റ് കാണുകയാണ്. അതുകൊണ്ട് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കുവാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ഒരു സമീപനം കേന്ദ്ര ഗവൺമെന്റ് കൈക്കൊള്ളുന്നുണ്ട്. അതിന് മുതലാളിത്ത ധനകാര്യ വിദഗ്ദ്ധനായ പ്രധാനമന്ത്രി തന്നെ നേതൃത്വം കൊടുക്കുന്നുണ്ട്. അതാണ് ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രകടിപ്പിച്ച ആശങ്ക. അതായത് കേരളം വായ്പയെടുക്കുവാൻ പാടില്ല. കേരളത്തെ വായ്പാ സമ്മർദ്ദം നേരിടുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് നിസ്സാരമായ കാര്യമാണോ? അല്ല. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടപ്പോൾ കേന്ദ്രം അടവു മാറ്റി. കേരളത്തെ സാമ്പത്തികമായി ഞെക്കുകയാണ്. 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലംമുതൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്ന സമീപനം ഇതാണ്. കേരളം അതിന്റേതായ വരുമാന സ്രോതസ്സുകൾ കണ്ടെത്തി. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തി ഭരണം കാഴ്ച വയ്ക്കുവാൻ വേണ്ടിയുള്ള സമീപനവുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ എങ്ങനെ ആ സത്ഭരണത്തെ തകർക്കുവാൻ കഴിയുമെന്ന നിലയിൽ അതിൽ ഇടങ്കോലിടുന്ന സമീപനത്തിൽ യാതൊരു മാറ്റവും കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ച് ഉണ്ടായിട്ടില്ല. കേന്ദ്ര ഗവൺമെന്റ് കേരളത്തോടുള്ള അവഗണന ശക്തിപ്പെടുത്തി മുന്നോട്ടു പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ശശികുമാർ)

ഈ ഗവൺമെന്റ് വന്നശേഷം എല്ലാവരും ആശങ്കപ്പെട്ട ഒരു പ്രശ്നമാണ് പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 40,000 കോടി രൂപയുടെ ഒരു സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്ക് രൂപംകൊടുക്കുകയാണ്. നമുക്കറിയാം, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ഏറ്റവും കൂടുതൽ ഊറ്റിക്കുടിക്കുന്ന മേഖലയാണ് പൊതുമരാമത്തും ജലസേചന വകുപ്പും. പൊതുമരാമത്തിനെ സംബന്ധിച്ച് അദ്ദേഹം ഇപ്പോൾ പറഞ്ഞു. ഈ ഗവൺമെന്റ് വന്നകാലം മുതൽ പൊതുമരാമത്ത് പരിശോധനയ്ക്ക് വിധേയമായ ഒരു മേഖലയാണ്. അവിടെ കോൺട്രാക്ടർ-എഞ്ചിനീയർ-രാഷ്ട്രീയ മുക്കൂട്ട് കൂട്ടുകെട്ട്, അഴിമതി കൂട്ടുകെട്ട് ഇതിനെ സംബന്ധിച്ചിടത്തോളം എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കൻമാരും ഇരുത്തി ചിന്തിക്കേണ്ടതാണ്. ഈ മുക്കൂട്ട് മുന്നണി കേരളം ഉണ്ടായ കാലംമുതലുണ്ട്.. കോൺട്രാക്ടർ-എഞ്ചിനീയർ-രാഷ്ട്രീയ മുക്കൂട്ട് അഴിമതി മുന്നണി. ഇതല്ലേ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? കേരളത്തിലെ പല പാർട്ടികളും അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിയത് എങ്ങനെയാണ്? ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടാണ്. ഒരു നാടിനെ സംബന്ധിച്ചിടത്തോളം ഒരു ഓട്ടോറിക്ഷാ തൊഴിലാളിയാണെങ്കിലും ഒരു സൈക്കിൾ യാത്രക്കാരനാണെങ്കിലും ഒരു ബെൻസ് കാറിന്റെ ഉടമയാണെങ്കിലും കേരളത്തിലെ ബസ്സുകളിൽ യാത്ര ചെയ്യുന്ന കെട്ടിട നിർമ്മാണ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരായാലും കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ദിവസേന റോഡുകളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. അവർ വീട്ടിൽ കുത്തിയിരിക്കുന്നവരല്ല. ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടിയിരിക്കുന്നവരല്ല. നിരന്തരമായി, സജീവമായി റോഡിനെ ആശ്രയിക്കുന്നവരാണ്. ഗതാഗത സൗകര്യത്തിന് റോഡിന്റെ മെച്ചപ്പെട്ട അവസ്ഥ ജനങ്ങളെ പ്രധാനമായും സ്വാധീനിക്കുന്ന ഘടകമാണ്. ആ തിരിച്ചറിവാണ് ഈ ബഡ്ജറ്റിൽ മുഖ്യമായും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രകടമാക്കിയിട്ടുള്ളത്. 40,000 കോടി രൂപയുടെ സമഗ്ര റോഡ് വികസന പദ്ധതി പ്രഖ്യാപിക്കുക മാത്രമല്ല, 5,000 കോടി രൂപ ഈ വർഷം അതിനായി മാറ്റി വയ്ക്കുകയും ചെയ്തു. ഇത് കേരളത്തിന്റെ ഭാവി വികസനത്തെ സംബന്ധിച്ചിടത്തോളം വലിയൊരു മുതൽക്കൂട്ടാകാൻ പോകുന്ന ഒരു പ്രഖ്യാപനമാണെന്ന് പറയേണ്ടതില്ല. കേരളത്തിന്റെ ഭാവി വളർച്ചയെ സംബന്ധിച്ച് വളരെ സമഗ്രതയോടുകൂടിയ ഒരു നിർദ്ദേശം ഈ ബഡ്ജറ്റിലൂടെ കേരളാ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രഖ്യാപിച്ചത് യു.ഡി.എഫ്-നെ പ്രകോപിപ്പിച്ചിട്ടുണ്ട്. യു.പി.എ.-യെ പ്രകോപിപ്പിച്ചിട്ടുണ്ട് അത് എന്താണെന്ന് ചോദിച്ചാൽ അതിന് മറുപടിയായിട്ടാണ് ഇവിടെ പ്രധാനമന്ത്രിയെക്കൊണ്ട് വിഡ്ഢിവേഷം കെട്ടിച്ചിട്ടുള്ളത്. പ്രധാനമന്ത്രി കേരള വികസന കോൺഗ്രസ്സിന്റെ ഉദ്ഘാടനത്തിൽ പ്രസംഗിച്ച പ്രസംഗം നമ്മൾ ശ്രദ്ധിക്കണം. കേരള വികസന കോൺഗ്രസ്സിലെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ്? കേന്ദ്ര പദ്ധതികളോട് കേരളം കൂടുതൽ താൽപ്പര്യം കാണിക്കണം. ഈ ഉപദേശത്തിന്റെ അടിസ്ഥാനം എന്താണ്? കേന്ദ്ര പദ്ധതികളോട് കേരളം കൂടുതൽ താത്പര്യം കാണിച്ചുകൊണ്ട് ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള റിപ്പോർട്ട് പരിശോധിച്ചാൽ അതിൽ കേരളം മുൻപന്തിയിലാണ്. പിന്നെ എന്തിനാണ് പ്രധാനമന്ത്രി കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല എന്ന ഉപദേശം കേരളത്തോട് നടത്തിയിട്ടുള്ളത്? അത് ശുദ്ധ അസംബന്ധമല്ലേ? പ്രധാനമന്ത്രിയെക്കൊണ്ട് അസംബന്ധം പറയിപ്പിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏറ്റവും ഫലപ്രദമായി, വിജയകരമായി, സമയബന്ധിതമായി പൂർത്തീകരിച്ച സംസ്ഥാനം കേരളമാണ്. അത് ആർക്ക് നിഷേധിക്കാൻ പറ്റും? പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കണം. പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കിയില്ലേ? വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിതന്നെ എടുക്ക്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി ഈ ഗവൺമെന്റ് വരുന്നതിന് മുമ്പ് ആരംഭിച്ച പദ്ധതിയാണ്. അന്ന് യു.ഡി.എഫ്. ആയിരുന്നു ഭരിച്ചിരുന്നത്. പദ്ധതി അവിടെ കിടക്കുകയായിരുന്നു. ആ പദ്ധതി നടപ്പാക്കാൻ അന്ന് ഉപരിതല ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബാലു തയ്യാറായില്ല. അന്ന് പ്രധാനമന്ത്രി താൽപ്പര്യം കാണിച്ചില്ല. അന്ന് സി.പി.ഐ.(എം)-ന്റെ ജനറൽ സെക്രട്ടറിയായിരുന്ന സഖാവ് ഹർകിഷൻ സിംഗ് സുർജിത് യു.പി.എ. അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധിയെ വിളിച്ച് വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് അനുമതി കൊടുക്കണമെന്ന് പറഞ്ഞു. സി.പി.ഐ.(എം)-ന്റെ ജനറൽ സെക്രട്ടറിയുടെ സമർദ്ദത്തിന്റെ ഫലമായിട്ടാണ് വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് അംഗീകാരം നൽകുകയും എൽ.ഡി.എഫ്. ഗവൺമെന്റ് വന്നശേഷം സമാരംഭിക്കുകയും ചെയ്തത്. ഇവിടെ പ്രധാനമന്ത്രി വന്ന് കോൺഗ്രസ്സിന്റെ വികസന കോൺഗ്രസ്സിൽ പ്രസംഗിക്കുകയാണ് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കണമെന്ന് എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? സംസ്ഥാനം താൽപ്പര്യം കാണിച്ചാൽ കൂടുതൽ പദ്ധതികൾ ഇനിയും അനുവദിക്കുമെന്ന് കേരളത്തിന്റെ ആവിർഭാവം മുതൽ കേന്ദ്ര ഗവൺമെന്റ് കാണിച്ചിട്ടുള്ള അവഗണന ചെറുതാണോ? യു.പി.എ. ഗവൺമെന്റ് വന്നശേഷം ഏഴ് വർഷങ്ങളിൽ 31 പദ്ധതികൾ കേന്ദ്രം അനുവദിച്ചുവെന്നാണ് ഇവിടെ കോൺഗ്രസ്സ് ഊറ്റംകൊള്ളുന്നത്. ഈ ഏഴ് വർഷമെന്ന് പറഞ്ഞാൽ പുതിയ യു.പി.എ. ഗവൺമെന്റ് വന്നിട്ട് എത്ര നാളായി? രണ്ടു വർഷമായിട്ടില്ല. ഏഴ് വർഷം എന്നു പറഞ്ഞാൽ ഇടതുപക്ഷങ്ങൾ പിന്താങ്ങിയ യു.പി.എ. ഗവൺമെന്റ് വന്നശേഷമാണ് കേരളത്തോടുള്ള കേന്ദ്രത്തിന്റെ സമീപനത്തിൽ മാറ്റം വന്നത്. അതിനുമുമ്പ് കോൺഗ്രസ്സിന്റെ സമീപനം എന്താണ്? ഇന്നത്തെ സമീപനമാണ്. ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടുകൂടിയുള്ള യു.പി.എ. ഗവൺമെന്റ് വന്നശേഷം ആദ്യത്തെ യു.പി.എ. ഗവൺമെന്റിന്റെ സമർദ്ദത്തിന്റെ ഫലമായിട്ടാണ് ഈ പദ്ധതികളാകെ കേരളത്തിന് ലഭിച്ചിട്ടുള്ളത്. അല്ലാതെ നിങ്ങളുടെ ഓശാരമല്ല. നിങ്ങളുടെ സൗജന്യമല്ല. യു.പി.എ. ഒരു സൗജന്യവും കേരളത്തിന് ചെയ്തിട്ടില്ല. അന്ന് ഇടതുപക്ഷ പാർട്ടികളെ ആശ്രയിച്ചുകൊണ്ടുമാത്രമേ കേന്ദ്ര ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ കഴിയുമായിരുന്നുള്ളൂ. ഈ 31 പദ്ധതികളും ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടെയുള്ള ആദ്യത്തെ യു.പി.എ. ഗവൺമെന്റിന്റേതാണ്. പുതിയ യു.പി.എ. ഗവൺമെന്റ് പുതുതായി ഒരു പദ്ധതിപോലും കേരളത്തിന് അനുവദിച്ചിട്ടില്ല. പ്രധാനമന്ത്രിയെക്കൊണ്ട്

വിഭവിവേഷം കെട്ടിച്ച് എൽ.ഡി.എഫ്. ഗവൺമെന്റിനെ ചീത്ത പറയിപ്പിക്കുന്ന സമീപനം കോൺഗ്രസ്സ് എത്രമാത്രം അധപതിച്ചു എന്നുള്ളതാണ് കാണിക്കുന്നത്. അതിനുശേഷം ശ്രീ. എ. കെ. ആന്റണി പറയുകയാണ് വികസനത്തിൽ കേരളത്തിന്റേത് ഭ്രാന്തൻ നയമെന്ന്. ആന്റണിക്ക് എങ്ങനെ പറയാൻ തോന്നി? മുന്നണി വികസന പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടാൽ അടുത്തുവരുന്ന സർക്കാർ അത് തകിടം മറിക്കും. ആരാണ് തകിടം മറിക്കുന്നത്? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ജനകീയാസൂത്രണം കൊണ്ടുവന്നു. അതിനുശേഷം യു.ഡി.എഫ്. ഗവൺമെന്റ് അത് മെഗാ വികസനമാക്കി. എന്താണ് നടപ്പിലാക്കിയത്? അത് അട്ടിമറിച്ചത് എൽ.ഡി.എഫ്. അല്ല, യു.ഡി.എഫ്. ആണ്. ഒരു ഗവൺമെന്റിന്റെ തുടർച്ചയാണ് മറ്റൊരു ഗവൺമെന്റ് എന്ന നയം സ്വീകരിച്ചുകൊണ്ട് തുടർച്ചയായി മുന്നോട്ടുപോകാൻ വേണ്ടിയുള്ള ജനാധിപത്യപരമായ സമീപനം സ്വീകരിക്കുന്നതിന് പകരം തികച്ചും നിഷേധാത്മകമായ, ജനവിരുദ്ധമായ നിലപാട് സ്വീകരിച്ച യു.ഡി.എഫ്.-ൽ നിന്ന് വ്യത്യസ്തമായി ജനപക്ഷമായിട്ടുള്ള ഒരു ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചത്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു.

പ്രൊഫ. എൻ. ജയരാജ് : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അക്ഷരങ്ങളെ അമൃതകുംഭങ്ങളാക്കി മാറ്റിയ മലയാളത്തിന്റെ പ്രിയപ്പെട്ട കവിയാണ് ശ്രീ. ഒ.എൻ.വി. കുറുപ്പ്. അദ്ദേഹത്തിന്റെ കവിതയുടെ ആമുഖംകൊണ്ട് ഈ ബഡ്ജറ്റിന്റെ മുഖശോഭ വർദ്ധിപ്പിക്കുവാൻ ധനകാര്യമന്ത്രി ശ്രമിച്ചെങ്കിലും അത് വിഫലമായിപ്പോയി എന്ന് ഏറെ ദുഃഖത്തോടെ പറയുകയാണ്. അദ്ദേഹത്തിന്റെ ബഡ്ജറ്റ് ആമുഖ പ്രസംഗത്തിൽ

"പോവുക ധീരമായ് മുന്നോട്ട്-വാഗ്ദത്ത-

ഭൂമിയിലേയ്ക്കാവട്ടെ യാത്ര" എന്നാണ് പറയുന്നത്. എനിക്ക് തോന്നുന്നത് അതിനേക്കാൾ വളരെ ഭംഗിയായി 1971-ൽ ശ്രീ. ഒ.എൻ.വി. കുറുപ്പുസാർ എഴുതിയ മറ്റൊരു കവിതയുണ്ട്.

"എവിടെ ആ വാഗ്ദത്ത ഭൂമി

ഇവിടെ ഈ മരുഭൂമിയിൽ നിന്നുഞാൻ ചോദിപ്പൂ

എവിടെ ആ വാഗ്ദത്ത ഭൂമി"

അതാണ് കുറേക്കൂടി ഈ ബഡ്ജറ്റ് ആമുഖത്തിന് ചേരുന്ന കവിത എന്നാണ് എനിക്ക് തോന്നുന്നത്. കാരണം വളരെ വസ്തുനിഷ്ഠയോടും യാഥാർത്ഥ്യബോധത്തോടുംകൂടി അതിനെ സമീപിക്കുമ്പോൾ കഴിഞ്ഞ ബഡ്ജറ്റുകളിൽ പറഞ്ഞ തീരുമാനങ്ങൾ പലപ്പോഴും നടപ്പിലാക്കാൻ കഴിയാതെ പോയ അഞ്ചു വർഷക്കാലമാണ് അവസാനിക്കുന്നത്. നമുക്കറിയാം. അയഥാർത്ഥങ്ങളുടെ വലിയൊരു പെരുമഴക്കാലമാണ് കഴിഞ്ഞ കാലയളവിൽ ബഡ്ജറ്റിൽ ഉണ്ടായിരുന്നത്. പക്ഷേ നിറവേറാത്ത സ്വപ്നങ്ങളും ചിന്തകളും മാത്രമാണ് കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലമായി ധനകാര്യമന്ത്രി എന്ന നിലയിൽ പലപ്പോഴും അദ്ദേഹത്തിന് കേരളത്തിന് സംഭാവന ചെയ്യാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

2006-ലെ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് അദ്ദേഹം പറഞ്ഞു 2011-ൽ ഞാൻ മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന്. ആ വാഗ്ദാനം നടപ്പാക്കാൻ കഴിഞ്ഞില്ല. 2011-ൽ ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോഴും ഒരു മിച്ച ബഡ്ജറ്റിലേക്ക് കടക്കാൻ കഴിഞ്ഞില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിന് അദ്ദേഹത്തിന് വ്യക്തമായ കാരണങ്ങൾ പറയാനുണ്ട്. കേന്ദ്ര വിഹിതം കുറഞ്ഞുവെന്നാണ് പ്രധാനപ്പെട്ട ഒരു കാരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ മുൻ കാലങ്ങളേക്കാളേറെ കേന്ദ്രത്തിന്റെ ഒട്ടേറെ സഹായങ്ങളുണ്ടെങ്കിലും ഒരു കാലഘട്ടമാണ് കടന്നുപോയതെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നികുതിയിൽ നിന്നുള്ള കേന്ദ്ര സഹായം 4398.78 കോടി രൂപയിൽനിന്ന് 4825.76 കോടി രൂപയായി വർദ്ധിച്ചു. ഗ്രാന്റും മറ്റും 2233.83 കോടി രൂപയിൽനിന്ന് 3156.52 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അതോടൊപ്പം ഒട്ടേറെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റ് കേരളത്തിന് പണം നൽകിയെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ ഇവിടെ സൂചിപ്പിച്ചതുപോലെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലയെന്നുള്ള യാഥാർത്ഥ്യം നിൽക്കുകയാണ്. അതോടൊപ്പം കഴിഞ്ഞ ബഡ്ജറ്റിൽ അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതിയെപ്പറ്റി അദ്ദേഹം പറഞ്ഞത് ഏറെ പ്രതീക്ഷയോടു കൂടിയാണ് കേരളം കാത്തിരുന്നത്. അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ആ ലക്ഷ്യത്തിലേക്ക് എത്താൻ കഴിഞ്ഞില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. 1000 കോടി രൂപയുടെ ഹരിതഫണ്ട് വളരെ വ്യത്യസ്തമായൊരു കാഴ്ച്ചപ്പാടിലൂടേയാണ് നടപ്പിലാക്കിയത്. ആ ഫണ്ട് നടപ്പിലാക്കുമ്പോൾ ഏതാണ്ട് 100 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. മാത്രമല്ല കേരളത്തിലെ ഡാമുകളിൽ നിന്നും കിട്ടുന്ന മണൽ വിറ്റുകിട്ടുന്നതിന്റെ നാലിലൊന്ന് ശതമാനം ഹരിതഫണ്ടിന് വേണ്ടി മാറ്റിവയ്ക്കുമെന്ന് പറഞ്ഞെങ്കിലും ഈ സമയംവരെ നമ്മുടെ ഡാമുകളിലെ മണ്ണ് ശേഖരിക്കാനുള്ള പ്രക്രിയ പൂർത്തീകരിക്കാനോ അത് സ്വരൂപിക്കാനോ കഴിഞ്ഞില്ലെന്നുള്ളതും യാഥാർത്ഥ്യമാണ്. വീണ്ടും അതിന്റെ തനിയാവർത്തനം തന്നെയാണ് ഈ ബഡ്ജറ്റിലും ഉള്ളത്. വീണ്ടും ഹരിതഫണ്ടിനായി 100 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. റെയിൽവേ കോറിഡോർ പദ്ധതി കഴിഞ്ഞ ബഡ്ജറ്റിൽ രൂപം നൽകിയെങ്കിൽപ്പോലും അതിന്റെ കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്താൻ കഴിയാത്തതിനാൽ അതൊരു ജലരേഖയായി മാറുകയാണുണ്ടായത്. വിഴിഞ്ഞം പദ്ധതിയുടെയും റോഡ് വികസനത്തിന്റെ രണ്ടാം ഘട്ടത്തിന്റെയും ദേശീയജലപാതാ നിർമ്മാണവും അതോടൊപ്പംതന്നെ ഫീഡർ കനാലുകളുടെ നവീകരണവും ഉൾപ്പെടെ ഒട്ടേറെ പദ്ധതികൾ യഥാർത്ഥത്തിൽ പദ്ധതികളായി മാത്രം അവസാനിച്ചതായാണ് ചരിത്രം പറയുന്നത്. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് ....ഹരിത ബഡ്ജറ്റിൽ അദ്ദേഹം സൂചിപ്പിച്ചതാണ്. ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ അതിനാവശ്യമായ നടപടികളുണ്ടാകുമെന്ന് പറഞ്ഞുവെങ്കിലും അതും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ബഡ്ജറ്റ് നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാതെ പലതും പകുതി വഴിയിൽ ഉപേക്ഷിക്കുകയും പലതും പൂർത്തീകരിക്കാൻ കഴിയാത്തതുമാണ് യഥാർത്ഥത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ നടന്ന ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

വലിയ യാഥാർത്ഥ്യമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വളരെയേറെ ആവേശത്തോടുകൂടിയാണ് ഏതാണ്ട് 5000 കോടി രൂപയുടെ മാന്ദ്യ പാക്കേജ് കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചത്. ഈ പദ്ധതിയിൽ പി.ഡബ്ല്യു.ഡിയുമായി ബന്ധപ്പെട്ടുമാത്രം എത്ര വർക്കുകൾ ഇന്ന് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പലതും എസ്റ്റിമേറ്റിന്റെ ഘട്ടത്തിൽ മാത്രം മാറിനിൽക്കുകയാണ്. പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗവും ബ്രിഡ്ജസ് വിഭാഗവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേരളത്തിലെ ആർക്കിടെക്ച്ചറൽ വിംഗിനെ കൂടുതൽ ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ ഇത് പ്രായോഗികമായും സമയബന്ധിതമായും നടപ്പിലാക്കാൻ കഴിയുയെന്ന് കഴിഞ്ഞ ബഡ്ജറ്റ് യോഗത്തിൽ പങ്കെടുത്തപ്പോൾ ഞാൻ പറഞ്ഞതാണ്. 5000 കോടി രൂപയുടെ പാലങ്ങളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾപലതും എസ്റ്റിമേറ്റിന്റെ ഘട്ടത്തിലാണ്. അതുമാത്രമല്ല വികേന്ദ്രീകരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിരുന്നുവെങ്കിൽ ഇക്കാര്യത്തിൽ കുറച്ചുകൂടി കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു. ഏതായാലും 5000 കോടി രൂപയുടെ മാന്ദ്യപാക്കേജിൽ നല്ലൊരു പങ്ക് ഇപ്പോഴും പകുതിവഴിയിലാണ് നിൽക്കുന്നത്. പലതും ഇപ്പോഴും തുടങ്ങാൻ കഴിഞ്ഞില്ലെന്നുള്ളത് മറ്റൊരു യാഥാർത്ഥ്യമാണ്. അതോടൊപ്പം 2011-ൽ കൂടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതോടെ 89 ലക്ഷം പേർക്കുകൂടി കുടിവെള്ളം ലഭ്യമാക്കുമെന്നാണ് ബഡ്ജറ്റ് രേഖയിൽ സൂചിപ്പിക്കുന്നത്. കേന്ദ്രാവിഷ്കൃത കുടിവെള്ള പദ്ധതിയുൾപ്പെടെയുള്ള 90-ഓളം പദ്ധതികൾ കഴിഞ്ഞ തദ്ദേശഭരണസ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനുശേഷം സംസ്ഥാനത്തെ കേരള വാട്ടർ അതോറിറ്റി ബോർഡിൽ കൊണ്ടുവരികയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും എന്റെയും ബഹുമാനപ്പെട്ട അൽഫോൺസ് കണ്ണന്താനം എം.എൽ.എ.യുടെ നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കാര്യം മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം യാതൊരു പദ്ധതികൾക്കും അംഗീകാരം നൽകിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ബോർഡിനുമുമ്പിലെ തൊണ്ണൂറോളം കുടിവെള്ള പദ്ധതികൾ ശാപമോക്ഷം കാത്തുകിടക്കുന്ന അവസ്ഥയാണ്. ടെന്റർ എക്സ്സസ് നൽകില്ല എന്ന ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പിടിവാശിയാണ് യഥാർത്ഥത്തിൽ നടക്കാത്തതിന്റെ കാരണം. ഇക്കാര്യം സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചതാണ്. പി.ഡബ്ല്യു.ഡി.-യെ സംബന്ധിച്ചിടത്തോളം ടെന്റർ എക്സ്സസ് നൽകുകയില്ല എന്നുപറയുന്നതിൽ കുറേ യാഥാർത്ഥ്യങ്ങൾ നിലനിൽക്കുന്നുണ്ട്. പക്ഷേ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളിലെ എൺപത് ശതമാനത്തോളം പദ്ധതികളിൽ യഥാർത്ഥത്തിൽ മെറ്റീരിയലുകളാണ് കൂടുതലും വരുന്നത്. പി.ഡബ്ല്യു.ഡി റോഡുകളുടെ നിർമ്മാണം പോലെയല്ല മറ്റ് റോഡുകൾ നിർമ്മിക്കുന്നത്. സ്വാഭാവികമായും 2006-ലുള്ള മാർക്കറ്റ് ഷെഡ്യൂൾ അനുസരിച്ചാണ് മെറ്റീരിയലുകൾക്ക് പലപ്പോഴും ഇവർ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല ടാക്സ്, ഡ്യൂട്ടികൾ റിക്കവറി ഉൾപ്പെടെയുള്ള കാര്യങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് നിലവിൽ 2010-ലെ വർക്കിംഗ് ചാർജ് മാത്രമാണ് 2010-ലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ സ്വാഭാവികമായും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ശ്രീ. തോമസ് ചാഴികാടൻ എംഎൽഎയുടെയടക്കമുള്ള ഒട്ടനവധി എംഎൽഎ-മാരുടെ നിയോജകമണ്ഡലങ്ങളിലെ 90 പദ്ധതികൾ ഇന്ന് ബോർഡിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ടുമാത്രം നടപ്പാക്കാൻ കഴിയാതെ വരികയാണ്. യഥാർത്ഥത്തിൽ കരാറുകാരെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയാത്തതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം മെറ്റീരിയൽസിലുണ്ടായ അമിതമായ വിലവർദ്ധനവാണ്. ഇത് കുറേക്കൂടി യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടിരുന്നുവെങ്കിൽ യഥാർത്ഥത്തിൽ കുറേക്കൂടി കൂടിവെള്ള പദ്ധതികൾ നടപ്പാക്കാൻ കഴിയുമായിരുന്നു. ബഡ്ജറ്റിൽ പുതിയ പദ്ധതികളെ സംബന്ധിച്ചുള്ള പ്രഖ്യാപനങ്ങൾ ഉണ്ടാകുമ്പോഴും കേന്ദ്രഗവൺമെന്റ് കൊടുത്ത ഫണ്ട് ഉപയോഗിച്ചുള്ള കേന്ദ്രാവിഷ്കൃത കുടിവെള്ള പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുന്നതിൽ സംസ്ഥാനം കഴിഞ്ഞ കാലഘട്ടങ്ങളിൽ പരാജയപ്പെട്ടിരുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഈ കാര്യത്തിൽ റീ-ടെണ്ടർ ചെയ്യുന്ന വർക്കുകൾ പലപ്പോഴും എക്സസ് ചോദിക്കുന്നത് കൂടുതൽ ആകുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഈ കാര്യത്തിൽ ഒരു അനുകൂലമായ നിലപാട് സ്വീകരിച്ചില്ലെങ്കിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇനിയും പുറകോട്ട് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണിക്കുന്ന പിടിവാശിയാണ്, യഥാർത്ഥത്തിൽ അതിന്റെ പ്രായശ്ചിത്തമാണ് ഈ ബഡ്ജറ്റ് എന്നുപറയാതിരിക്കാൻ കഴിയില്ല. ഈ ബഡ്ജറ്റ് 2006-ൽ ആയിരുന്നു അവതരിപ്പിച്ചിരുന്നതെങ്കിൽ ഇന്ന് കേരളത്തിലെ റോഡുകളിൽക്കൂടി സുഗമമായി ആളുകൾക്ക് യാത്ര ചെയ്യാൻ കഴിയുമായിരുന്നു. പക്ഷേ ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് റോഡുകൾ, പ്രത്യേകിച്ച് കെ.എസ്.റ്റി.പി. ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. നമ്മുടെ ദേശീയപാതയുൾപ്പെടെയുള്ള പാതകളുമായി ബന്ധപ്പെട്ട് ഒട്ടേറെ വിവാദങ്ങൾ സൃഷ്ടിക്കുകയും കിട്ടിയ പണം ചെലവഴിക്കാൻ കഴിയാതെവരികയും കേരളത്തിലെ റോഡുകൾ മുഴുവൻ കുണ്ടും കുഴിയും ആയി മാറിയ സാഹചര്യമുണ്ടാകുകയും ചെയ്തപ്പോൾ ആ ഒരു തിരിച്ചറിവിൽ നിന്നായിരിക്കാം ഈ ബഡ്ജറ്റിൽ അടിസ്ഥാന മേഖലയ്ക്ക് വേണ്ടി കൂടുതൽ പണം കണ്ടെത്താൻ കഴിഞ്ഞത്. ഇതേ യാഥാർത്ഥ്യം വരാൻ പോകുന്ന കാലഘട്ടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളിൽ അന്ന് ഉണ്ടായ സാദ്ധ്യത വീണ്ടും ഉണ്ടാകും എന്നുള്ള തിരിച്ചറിവ് സർക്കാരിന് തീർച്ചയായും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏതായാലും 'വൈകിവന്ന വസന്തം' പോലെ റോഡുകളുടെ കാര്യത്തിൽ ഇപ്പോഴുണ്ടായ ചിന്തയ്ക്ക് വളരെയേറെ സന്തോഷമുണ്ട്. പക്ഷേ എന്ത് ഫലം? ഇവിടെ സൂചിപ്പിച്ചതുപോലെ പുതിയ സാമ്പത്തിക വർഷത്തിൽ അത് എത്രമാത്രം പ്രാവർത്തികമാകുമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പം ഒരു ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ ദിശാബോധം തീർച്ചയായും ഉണ്ടാകേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ടാണല്ലോ പറയുന്നത്. ദേശീയപാതയെക്കുറിച്ചും പറയുകയുണ്ടായി. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ശ്രീ. വി.എം. സുധീരൻ നിലവിലുള്ള പ്രഖ്യാപന നിലപാടിന് വിരുദ്ധമായി ഇന്നലെ പ്രസംഗിച്ച കാര്യം പത്രത്തിൽ കാണുകയുണ്ടായി. ശ്രീ. അബ്ദുള്ളക്കുട്ടി അതിനെതിരായ നിലപാടും അവിടെ പ്രസംഗിക്കുകയുണ്ടായി. ഇതിൽ അങ്ങ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത്?

പ്രൊഫ. എൻ. ജയരാജ്: സർ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് അബ്ദുള്ളക്കുട്ടി പറഞ്ഞതാണ് കുറേക്കൂടി യാഥാർത്ഥ്യബോധമുള്ളതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം നമ്മുടെ വികസനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ പലപ്പോഴും യാഥാർത്ഥ്യബോധത്തോടുകൂടിയ കാഴ്ചപ്പാടുകളില്ല. പിന്നീട് നമ്മൾ തെറ്റുതിരുത്തിവരുമ്പോഴത്തേയ്ക്കും കാലമേറെ കടന്നുപോകുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടാണ് ഞാൻ കുടിവെള്ളപദ്ധതിയുടെ കാര്യത്തിൽ അത്തരമൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നത്. ഞാൻ ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഒന്നു രണ്ട് കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കാം. ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ ധനസൂചകങ്ങൾ എടുക്കുമ്പോൾ തീർച്ചയായും റവന്യൂ കമ്മിയും ധനകമ്മിയും പതിവുപോലെ വർദ്ധിക്കുന്നു. മൂലധനച്ചെലവ് പ്രതീക്ഷിച്ച നിലവാരത്തിൽ എത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഞാൻ അതിന്റെ കണക്കുകളിലേയ്ക്ക് സമയക്കുറവുകൊണ്ട് കടക്കുന്നില്ല. പക്ഷേ ഒരു കാര്യം മാത്രം പറയാൻ ആഗ്രഹിക്കുന്നു. ആഭ്യന്തര ഉൽപ്പാദനത്തിൽ കേരളം വളർച്ചയിലേക്കാണ് നീങ്ങുന്നത്. തീർച്ചയായും അത് കഴിഞ്ഞ കാലഘട്ടത്തിലെ ധനകാര്യമാനേജുമെന്റുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമെന്ന നിലയിൽ എടുത്തുകാണിക്കുന്നുണ്ട്. എങ്കിൽപ്പോലും 9.7 ശതമാനം വളർച്ചയിൽ അടിസ്ഥാന മേഖലയായ പ്രാഥമിക മേഖലയ്ക്ക്-(കാർഷികമേഖലകളും അനുബന്ധമേഖലകളും) കേവലം 1.27 ശതമാനം വളർച്ച മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നുള്ളതാണ് അതിന്റെ ഏറ്റവും വലിയ യാഥാർത്ഥ്യം. സത്യത്തിൽ കാർഷികമേഖല തകരുകയല്ലേയെന്നുള്ള ഒരു യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. നെൽകൃഷിയുമായി ബന്ധപ്പെട്ട കൃഷിയിടങ്ങളും കുറയുകയും കൃഷിയും പ്രകൃതിസംരക്ഷണവും മത്സ്യബന്ധനമേഖലകളിൽപ്പെടുന്ന പ്രാഥമിക മേഖല തകർച്ച നേരിടുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ ഈ ബഡ്ജറ്റിൽ യഥാർത്ഥത്തിൽ കാർഷികമേഖലയെ കുറേക്കൂടി ശക്തിപ്പെടുത്തേണ്ടതായിരുന്നു. പക്ഷേ വളരെയേറെ ദുഃഖത്തോടുകൂടി പറയട്ടെ തെരഞ്ഞെടുപ്പ് അടുത്ത് വരുന്ന കാലഘട്ടങ്ങളിൽ ഒട്ടേറെ സാമൂഹിക ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കുന്നതിനപ്പുറം കാർഷികമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറായില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. മാത്രമല്ല നമുക്കറിയാം ഏത് സാമ്പത്തികശാസ്ത്രത്തിന്റെ പിൻബലത്തോടുകൂടി പറയുമ്പോഴും നമ്മുടെ സാമൂഹിക ക്ഷേമപദ്ധതികൾക്ക് ഒട്ടേറെ പണം ആളുകളുടെ കയ്യിലെത്തിക്കുമ്പോഴും ക്രയശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ ഉൽപ്പാദനം വർദ്ധിപ്പിച്ചില്ലെങ്കിൽ പമ്പ് ചെയ്യുന്ന പണം കൊണ്ട് പലപ്പോഴും പ്രയോജനം ഇല്ലാത്തൊരു അവസ്ഥായിലേക്ക് വരും.

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല നമ്മുടെ വിലക്കയറ്റം ഉൾപ്പെടെയുള്ള ഇൻഫ്ലേഷൻ സാധ്യതകളൊക്കെ കണക്കാക്കുമ്പോൾ സാമ്പത്തികനയം എന്നുപറയുന്നത് ആളുകൾ കൂടുതൽ ജനക്ഷേമകരമായ പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് ആളുകളുടെ ക്രയശേഷി വർദ്ധിപ്പിക്കേണ്ട ഒരു നടപടിയിലേക്ക് നീങ്ങുന്നതിനു പകരം തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ട് കൂടുതൽ കൂടുതൽ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ഫണ്ട് അല്ലെങ്കിൽ അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ മാത്രമാണ് തയ്യാറായിട്ടുള്ളത്.

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 66.28 ശതമാനവും സേവന മേഖലയിൽനിന്നാണ് അതോടൊപ്പം സെക്കണ്ടറി സെക്ടറിൽ 21.71 ശതമാനവുമാണ്. പ്രാഥമിക മേഖലയുടെ പങ്ക് കേവലം 12 ശതമാനം മാത്രമായി മാറുകയാണ്. നമ്മുടെ പാടശേഖരങ്ങൾ കുറഞ്ഞുവരുന്ന കാലഘട്ടത്തിൽ ബഡ്ജറ്റിന്റെ ദിശാബോധം സ്പഷ്ടമാണ്. പ്രാഥമിക മേഖലയെ പുഷ്ടിപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. എന്നാൽ ദുഃഖത്തോടെ പറയട്ടെ ഈ ബഡ്ജറ്റിൽ കാർഷിക മേഖലയെ പാടെ അവഗണിച്ചിരിക്കുകയാണ്. ഒരു കാര്യംകൂടി പറയട്ടെ. ഈ ബഡ്ജറ്റിൽ സാഹിത്യരംഗവുമായി ബന്ധപ്പെട്ട ഒട്ടേറെ ആളുകളുടെ പേരുകൾ പരാമർശിക്കുകയും അവയ്ക്ക് ഫണ്ട് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മലയാളത്തിന്റെ പ്രിയകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ശതാബ്ദി വർഷമാണ് ഇത്. 2011 ഒക്ടോബറിലാണ് അദ്ദേഹത്തിന്റെ ജന്മശതാബ്ദി. അദ്ദേഹത്തെക്കുറിച്ച് ഒരു പരാമർശംപോലും ഇല്ലാതെ ഈ ബഡ്ജറ്റ് കടന്നുപോയി എന്നുള്ളത് ദുഃഖകരമാണ്. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചകളിൽ സി.ഡി.എസ്-ന് ഡോ. കെ.എൻ. രാജിന്റെ പേരിടണം എന്ന് ആവശ്യപ്പെട്ടിരുന്നു. അത് നടന്നില്ല. ഡോ. കെ.എൻ. രാജിന് മഹാത്മാഗാന്ധി സർവ്വ കലാശാല യിലേക്കെങ്കിലും ഒരു ചെയർ നൽകാൻ തയ്യാറായതിൽ സന്തോഷമുണ്ട്. മലയാളം ഡിപ്പാർട്ട്മെന്റ് ഇല്ലാത്ത കേരളത്തിലെ ഏക സർവ്വകലാശാലയാണ് മഹാത്മാഗാന്ധി സർവ്വകലാശാല. നമ്മുടെ മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി വേണമെന്ന് ശക്തമായി ആവശ്യപ്പെടുമ്പോൾ ഇത്രയും കാലമായിട്ടും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മലയാളം ഡിപ്പാർട്ട്മെന്റ് ഇല്ലെന്നുപറയുന്നത് ഏറെ സങ്കടകരമാണ്. കർഷകരെ അവഗണിച്ചു എന്നതിനോടൊപ്പം കർഷകർക്ക് ഏറ്റവും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യവുമായി സെൻസസ് കട ന്നുവന്നിരിക്കുകയാണ്. റബർ, തെയില, കമുക് കർഷകരൊന്നും കൃഷിക്കാരല്ല എന്നുള്ളതാണ് പുതിയ സെൻസസിൽ പറഞ്ഞിരിക്കുന്നത്. സഭയുടെ ഒരു പൊതുവികാരമെന്ന നിലയിൽ ഞാൻ പറഞ്ഞതാണ്. കാർഷിക മേഖലയിൽ ജോലി എടുക്കുന്ന കൃഷിക്കാരെക്കൂടി ഇത് ബാധിക്കും. കർഷകർക്കും കർഷക തൊഴിലാളികളുൾപ്പെടെയുള്ളവർക്കും നാളെ ഗവൺമെന്റിൽ നിന്ന് കിട്ടാനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായി നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഇത് സഭയുടെ പൊതു വികാരം എന്ന നിലയിൽ കാണണം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ബഷീറിനെയും തകഴിയെയുമൊക്കെ അദ്ദേഹത്തിന്റെ ബഡ്ജറ്റിന്റെ സങ്കൽപ്പങ്ങൾക്ക് ചാരുത ചാർത്താൻ വേണ്ടി കൂട്ടുപിടിച്ചുവെങ്കിൽപ്പോലും ആ കവിതകളുടെ ആർജ്ജവം സ്വന്തം ബഡ്ജറ്റുകളിലും മുൻപോട്ടുള്ള പ്രവർത്തനങ്ങളിലും കൊണ്ടുവരാൻ കഴിഞ്ഞില്ലെന്നുള്ളതാണ്

[1 PM]

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യം. ദിനാന്തത്തിൽ ഒരു നക്ഷത്രമായി ജ്വലിക്കുന്ന സ്വപ്നങ്ങളെക്കാളേറെ ഓരോ ബഡ്ജറ്റിലെയും സമീപനങ്ങളെ സഹായിക്കാൻ വേണ്ടി ഓരോ സാഹിത്യകാരൻമാരെ മാറി മാറി പരീക്ഷിച്ച കേരളത്തിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. അതുകൊണ്ടുതന്നെ ഫലം കാണാൻ കഴിയാത്ത ഒട്ടേറെ സങ്കൽപ്പങ്ങളുമായാണ് ഇന്നും ജീവിക്കുന്നത്. ഒ.എൻ. വി.യുടെ ഒരു കവിത കൂടി ആവർത്തിച്ചുകൊണ്ട് .....

ഒരു തത്വശാസ്ത്രത്തിൻ തൈ നട്ടു ഞാൻ

എന്നും പിഴുതു നോക്കുന്നു വേരെണ്ണുവാൻ

ഒരിക്കൽ കൂടി ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ബാബു പോൾ</u> : സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ജനങ്ങളോടുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രതിജ്ഞാ ബദ്ധതയും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തെക്കുറിച്ചുള്ള വീക്ഷണവും ആവർത്തിച്ച് തെളിയിക്കുന്നതാണ് ഈ ബഡ്ജറ്റ്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനും ജനക്ഷേമം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 2006-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ജനക്ഷേമകരമായ പദ്ധതികളും വികസന പ്രവർത്തനങ്ങളും ലക്ഷ്യമാക്കിപ്രവർത്തിക്കുകയും അത് സാക്ഷാത്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തവണയും അത് ആവർത്തിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. അല്ലാതെ പ്രതിപക്ഷം പറയുന്നപോലെ ഒരു തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റല്ല ഇത്. തെരഞ്ഞെടുപ്പ് വരും പോകും ആരെങ്കിലും ജയിക്കുകയോ തോൽക്കുകയോ ചെയ്യട്ടെ ഞങ്ങൾക്ക് പ്രശ്നമേയല്ല. ജനങ്ങൾ നൽകിയ അധികാരം എങ്ങനെ നാടിന്റെ പുരോഗതിക്കും ജനക്ഷേമത്തിനും വേണ്ടി വിനിയോഗിക്കാൻ കഴിയുന്നു എന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. യു.ഡി.എഫ്.-ന്റേതിൽ നിന്ന് വ്യത്യസ്തമായ സമീപനമാണ് കഴിഞ്ഞ അഞ്ച് വർഷക്കാലമായി എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റും രാജ്യത്തെ മറ്റ് പല സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളും സ്വീകരിച്ചിട്ടുള്ള സമീപനത്തിൽനിന്നും വ്യത്യസ്തമായ ബദൽ നയം ഇവിടെ നടപ്പാക്കുന്നതിനുള്ള നടപടികളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ധനകാര്യമന്ത്രിയെ ഒരു ഫന്റാസ്റ്റിക് മാനേജ്മെന്റ് ഓഫ് ഫിനാൻസ് എന്നുവേണമെങ്കിൽ വിശേഷിപ്പിക്കാം. ആ വിധത്തിലുള്ള ബഡ്ജറ്റുകളാണ് കഴിഞ്ഞ ആറ് തവണയും അദ്ദേഹം അവതരിപ്പിച്ചിട്ടിട്ടുള്ളത്. ഇന്ന് രാജ്യം നേരിടുന്ന മുഖ്യമായ വെല്ലുവിളി അവശ്യ സാധനങ്ങളുടെ വിലക്കയറ്റമാണ്. രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന വിലക്കയറ്റം പിടിച്ചുനിർത്താൻ ഫലപ്രദമായ എന്ത് നടപടിയാണ് കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന കേന്ദ്രഗവൺമെന്റിന്റെ മുൻപിലുള്ളത്. യോഗം കൂടി വില കൂടുന്നേ... വില കൂടുന്നേ...എന്ന് വിലപിച്ചുകൊണ്ട് ചായ കുടിച്ച് പിരിയുന്നതല്ലാതെ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള മറ്റൊന്ന് പരിപാടിയാണുള്ളത്. പ്രധാനമന്ത്രി മറ്റ് സംസ്ഥാനങ്ങളോട് പറയുന്നത് കേരളത്തിൽ പോയി പഠിക്കുക എന്നാണ്. മന്ത്രിമാരുടെ സമ്മേളനങ്ങളിൽ വിലക്കയറ്റത്തെക്കുറിച്ചു ചർച്ച ചെയ്യുമ്പോൾ പറയുന്നത് കേരളത്തിൽ പോയി പഠിക്കാനാണ്. കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ ഫലപ്രദമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇനിയും കൂടുതൽ ഫലപ്രദമായ നടപടികൾ തുടരുമെന്നാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. അതിന് 160 കോടി രൂപയുടെ പ്രത്യേക പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്. പാക്കേജിന്റെ ഭാഗമായി രണ്ട് രൂപയ്ക്ക് അരി 40 ലക്ഷം കുടുംബങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് യു.ഡി.എഫ്-ഉം കോൺഗ്രസ്സും പ്രചരിപ്പിച്ചിരുന്നത് തങ്ങൾ അധികാരത്തിൽ വന്നാൽ മൂന്നുരൂപയ്ക്ക് അരി നമ്മുടെ സംസ്ഥാനത്തും ഇൻഡ്യ ഒട്ടാകെയും കൊടുക്കുമെന്നാണ്. യു.പി.എ. അധികാരത്തിൽ വന്നു. ജനങ്ങൾ ആ മുദ്രാവാക്യത്തിൽ കുടുങ്ങിപോയി. പക്ഷേ ഒന്നര കൊല്ലത്തിനിടയിൽ ഇന്നേവരെ ഇൻഡ്യയിൽ എവിടെയെങ്കിലും മൂന്നുരൂപയുടെ അരി കൊടുക്കുന്നതിനുള്ള നടപടി കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന് സ്വീകരിക്കാൻ കഴിഞ്ഞോ? ഞങ്ങൾ രണ്ട് രൂപയ്ക്ക് അരി കൂടുതൽ ജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നാൽപ്പത് ലക്ഷം കുടുംബങ്ങളിലേയ്ക്കാണ് ഇത് വ്യാപിപ്പിക്കുന്നത്. അതുപോലെ ,30 ശതമാനം മുതൽ 60 ശതമാനം വരെ വിലയ്ക്ക് മാവേലി സ്റ്റോറുകൾ വഴി പയറും മറ്റ് പലവ്യഞ്ജന സാധനങ്ങൾ ഉൾപ്പെടെ 13 ഇനങ്ങളുടെ ലഭ്യത അൻപത് ശതമാനമെങ്കിലും വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. അതിന് പ്രത്യേക തുക വകയിരുത്തിയിരിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാർഷിക സബ്സിഡി 50 കോടി രൂപയിൽ നിന്ന് 75 കോടി രൂപയായി വർദ്ധിപ്പിച്ചത് ഇക്കാര്യം നിർവ്വഹിക്കാൻ വേണ്ടിയാണ്. മാത്രമല്ല അവശ്യ സാധനങ്ങൾ റേഷൻ കടകൾ വഴിയും ന്യായവിലയ്ക്ക് നൽകാൻ പോകുന്നു. തിരഞ്ഞെടുക്കപ്പെട്ട മൂവായിരം റേഷൻ കടകൾവഴി കാർഡൊന്നിന് മുന്നൂറ് രൂപ വില വരുന്ന വെളിച്ചെണ്ണ, പയർ, പരിപ്പ്, മുളക്, പഞ്ചസാര എന്നീ അഞ്ച് ഇനങ്ങൾ അടങ്ങിയ കിറ്റ് 150 രൂപയ്ക്ക് കൊടുക്കാൻ തീരുമാനിച്ചു. ഇന്ന് വൈകുന്നേരം അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നെടുമങ്ങാട് വച്ച് നടക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ സപ്ലൈകോ മാത്രമല്ല ഈ രംഗത്ത് ശക്തമായ ഇടപെടൽ നടത്തുന്ന കൺസ്യൂമർ ഫെഡിനും തുക വർദ്ധിപ്പിക്കാൻ നിർദ്ദേശമുണ്ട്. 50 കോടി രൂപയാണ് കൺസ്യൂമർ ഫെഡിന് വിലക്കയറ്റം നിയന്ത്രിക്കാൻ മാർക്കറ്റിൽ ഇടപെടുന്നതിനുവേണ്ടി വകയിരുത്തിയിട്ടുള്ളത്. പച്ചക്കറികൾക്ക് വില പിടിച്ചുനിർത്തുന്ന ഹോർട്ടികോർപ്പ് എന്ന സ്ഥാപനത്തിനും 20 കോടി രൂപയുടെ സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. മണ്ണെണ്ണയ്ക്കും സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. ലിറ്ററിന് 20 രൂപ സബ്സിഡി നൽകുന്നതിന് 15 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കേന്ദ്രസർക്കാർ നിഷ്ക്രിയമായി വിറങ്ങലിച്ചുനിൽക്കുമ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് സക്രിയമായി ഇടപെടുന്നു എന്നതിന്റെ തെളിവല്ലേ ഈ നടപടികൾ എല്ലാം കാണിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് കർഷക തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ അടക്കമുള്ള ക്ഷേമ പെൻഷനുകൾ 100 രൂപ മുതൽ 120 രൂപ വരെയായിരുന്നു. അതുതന്നെ എത്രയോ മാസങ്ങളായി കുടിശ്ശിക ആയിരുന്നു. കുടിശ്ശിക കൊടുത്തുതീർത്തു എന്നുമാത്രമല്ല, എല്ലാ ക്ഷേമ പെൻഷനുകളും 300 രൂപയാക്കി ഇപ്പോൾ അത് 400 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ക്ഷേമ പെൻഷനുകൾക്കുവേണ്ടി യു.ഡി.എഫ്. കാലത്ത് ചെലവഴിച്ച തുക എത്രയാണ്? 134 കോടി രൂപ. ഞങ്ങൾ പ്രഖ്യാപിക്കുക മാത്രമല്ല, 389 കോടി രൂപ ഇതിനോടകം തന്നെ നൽകുകയും ചെയ്തു.

നിങ്ങളുടെ കാലയളവിൽ പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതിയെന്തായിരുന്നു? വ്യവസായസ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടി ആ മേഖലയിൽ തൊഴിലെടുത്തിരുന്നവർ തൊഴിലില്ലാതെ പട്ടിണിയിലായിരുന്നുവെങ്കിൽ ഈ കഴിഞ്ഞ 5 വർഷക്കാലം ആ പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിലും അതിനാവശ്യമായ വിഹിതം വകയിരുത്തിയിരിക്കുന്നു. 308 കോടി രൂപയാണ് ഇതിനുവേണ്ടി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചതും ഈ ഗവൺമെന്റല്ലേ? ഈ ഗവൺമെന്റ് ഭരണം ഏറ്റെടുക്കുമ്പോൾ നെല്ലിന്റെ താങ്ങുവില 7 രൂപയായിരുന്നു. അത് ഓരോ വർഷങ്ങളിലും വർദ്ധിപ്പിച്ച് വർദ്ധിപ്പിച്ച് ഇപ്പോൾ 13 രൂപയിൽ എത്തിനിൽക്കുകയാണ്. നെൽ കർഷകരെല്ലാം തന്നെ വലിയ ആവേശത്തോടുകൂടിയാണ് അതിനെ കണ്ടത്. പാടത്തുനിന്ന് കയറിപ്പോയ നെൽ കർഷകൻ തിരിച്ച് പാടത്തേയ്ക്ക് വരുന്ന കാഴ്ചയാണ് ഈ കഴിഞ്ഞ വർഷങ്ങളിലൊക്കെ കണ്ടുകൊണ്ടിരിക്കുന്നത്. ആ നെൽകർഷകന് ആവേശം നൽകുന്ന തരത്തിലാണ് തറവില 14 രൂപയായി വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശം ഈ ബഡ്ജറ്റിൽ വച്ചിട്ടുള്ളത്. കാർഷിക മേഖലയെ സംബന്ധിച്ച് ഒന്നും പറയുന്നില്ല എന്ന് പ്രൊഫ. എൻ. ജയരാജ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി നെൽകർഷകർക്ക് ആദ്യമായി പെൻഷൻ ഏർപ്പെടുത്തിയത് കേരളത്തിലല്ലേ? അത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്തതല്ലേ? അത് കുറച്ചുകൂടി വിപുലീകരിക്കുന്നതിനും എല്ലാ വിഭാഗത്തിൽപ്പെട്ട കർഷകർക്കും പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു മേഖലയായി ജൈവകൃഷി മാറിക്കൊണ്ടിരിക്കുകയാണ്. അതിന് 5 കോടി രൂപ മാത്രമാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിലപാടുകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അംഗനവാടി അദ്ധ്യാപകരുടെയും വർക്കർമാരുടെയും ആനുകൂല്യം വർദ്ധിപ്പിച്ചതും ആശാ വർക്കർമാർക്ക് ഓണറേറിയം പ്രഖ്യാപിച്ചതും പാവപ്പെട്ടവരോടും സാധാരണക്കാരോടുമുള്ള ഈ ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധതയാണ് ഈ ബഡ്ജറ്റിലൂടെ തെളിയിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വിവിധ മേഖലകളിൽ ക്ഷേമനിധികൾ ഏർപ്പെടുത്തിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് ഭരണം നടത്തിയിട്ടുള്ള അവസരത്തിൽ മാത്രമാണ്. ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ ഏതെല്ലാം മേഖലകളിലാണ് ഇന്ന് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുള്ളത്? ഇപ്പോൾ ബഡ്ജറ്റിൽ പുതിയ മേഖലകൾ കൂടി

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തിക്കൊണ്ട് അവർക്കും ക്ഷേമനിധി ഏർപ്പെടുത്തുകയാണ്. വീട്ടുവേലക്കാർ, പാചകത്തൊഴിലാളികൾ, സഹകാരി ആശുപത്രിയിലെ നഴ്സുമാർ, ജീവനക്കാർ, അൺഎയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും അധ്യാപകർ തുടങ്ങി ക്ഷേമനിധി നടപ്പിലാക്കാൻ ഇനി അവശേഷിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും ക്ഷേമനിധി നടപ്പിലാക്കുന്നതിന് ആവശ്യമായ വിഹിതവും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റോഡ് പുനരുദ്ധാരണത്തെ സംബന്ധിച്ച് വളരെ ആക്ഷേപകരമായി പ്രതിപക്ഷത്തുനിന്ന് സംസാരിക്കുന്നത് കേട്ടു. 40,000 കോടി രൂപ കണ്ടെത്തിക്കൊണ്ട് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതിയാണ് ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ 5 ബഡ്ജറ്റിലും ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഒന്നൊന്നായി പ്രാവർത്തികമാക്കുകയാണ്. മാന്ദ്യവിരുദ്ധ പാക്കേജിൽ അനുവദിച്ച പദ്ധതികളൊന്നും നടപ്പിലായില്ല എന്നാണ് പ്രൊഫ. എൻ. ജയരാജ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത്. ഇത് പ്രഖ്യാപിച്ചാൽ അത് നടപ്പിലാക്കിക്കേണ്ട ബാധ്യത അതാത് നിയോജക മണ്ഡലത്തിലെ എം.എൽ.എ.മാർക്കുണ്ട്. കോടതി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം, ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം തുടങ്ങി എന്റെ മണ്ഡലത്തിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളുടെയും നിർമ്മാണം വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ സിവിൽ സ്റ്റേഷന്റെ പണിയും പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും പൂർത്തിയായി കഴിഞ്ഞു. ബൈപ്പാസിന് സ്ഥലമെടുപ്പിനുള്ള 4(1) നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു. പ്രൊഫ. എൻ. ജയരാജ് അടക്കമുള്ളവർ ഫയലിന്റെ പുറകെ നടന്ന് ചെയ്യിപ്പിക്കുവാൻ തയ്യാറായാൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ലഭിച്ച പദ്ധതികളെല്ലാം നടപ്പിലാക്കാൻ കഴിയും. റോഡ് വികസനം എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. പി.എം.ജി.എസ്.വൈ-.യിൽ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഫണ്ട് വാങ്ങുന്നതിന് ഗവൺമെന്റ് താൽപ്പര്യം കാണിക്കുന്നില്ലെന്ന് ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിച്ചപ്പോൾ പറയുകയുണ്ടായി. കേരളത്തിന് അനുയോജ്യമായ തരത്തിൽ, പി.എം.ജി.എസ്.വൈ. പദ്ധതിയുടെ നിബന്ധനകളിൽ മാറ്റം വരുത്തിയാൽ മാത്രമേ കേരളത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കൂ. റോഡിന് 8 മീറ്റർ വീതി വേണമെന്ന് പറഞ്ഞാൽ കേരളത്തെ സംബന്ധിച്ച് എവിടെയാണ് ഗ്രാമീണ മേഖലയിൽ 8 മീറ്റർ വീതിക്ക് റോഡുണ്ടാകുക. അങ്ങനെയുള്ള ധാരാളം കാര്യങ്ങളുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ ഒട്ടേറെ നടപടികൾ ഈ കഴിഞ്ഞ 5 വർഷക്കാലം സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പൊതുമേഖലയെ ലാഭകരമായി മുന്നോട്ട് കൊണ്ടുവരാൻ സാധിച്ചിട്ടുള്ളത്. പ്രതിപക്ഷം വികസനമില്ലായെന്ന് മുറവിളി കൂട്ടുമ്പോഴും ഐ.ടി. മേഖലയിൽ വൻ കുതിപ്പിനുള്ള ഉറച്ച അടിത്തറ ഈ ഗവൺമെന്റ് ഇതിനോടകം തന്നെ പണിത് കഴിഞ്ഞു. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പുതിയ ഐ.ടി. പാർക്കുകൾ ഇന്ന് നിർമ്മാണ ഘട്ടത്തിലാണ്. അതെല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന വിഭാഗമാണ് സ്ത്രീകൾ. സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേകമായ പദ്ധതികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. 770 കോടി രൂപ എന്നുപറഞ്ഞാൽ, മൊത്തം പദ്ധതി അടങ്കലിന്റെ 9.4 ശതമാനമാണ് വനിതകൾക്ക് മാത്രമായി ഇന്ന് മാറ്റി വച്ചിട്ടുള്ളത്. ഒരു വനിതാവികസന

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൂടി ഉണ്ടാകുമെന്ന പ്രഖ്യാപനം വന്നിരിക്കുന്നു. അങ്ങനെ വിവിധ മേഖലകളിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ലാതെ ജനക്ഷേമ പദ്ധതികളും അതുപോലെ വികസന കാഴ്ചപ്പാടുമായി പോകുന്ന ഈ ഗവൺമെന്റിന്റെ ബഡ്ജറ്റാണ് ഡോ. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റ് നടപ്പാക്കാൻ പോകുന്ന ബഡ്ജറ്റല്ല എന്നാണ് പ്രതിപക്ഷത്തു നിന്ന് പറയുന്നത്. ഈ ബഡ്ജറ്റ് നടപ്പിലാക്കുകതന്നെ ചെയ്യും. പുതിയ എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റ് തന്നെ ഈ ബഡ്ജറ്റ് നടപ്പിലാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് യു.ഡി.എഫ്-ന് ആരാണ് വോട്ട് ചെയ്യുക? ഓരോ ദിവസം ചെല്ലുന്തോറും പത്രങ്ങളിലൂടെ എന്തെല്ലാം വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇടമലയാർ കേസുമായി ബന്ധപ്പെട്ട് ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഈ ആഴ്ചയിൽതന്നെ സെൻട്രൽ ജയിലേയ്ക്ക് പോകാൻ തീരുമാനിക്കുകയാണ്. അതിന് തൊട്ടുപിന്നാലെതന്നെ ടി.എച്ച് മുസ്തഫയും പോകും. അദ്ദേഹത്തെ സംബന്ധിച്ചുള്ള കോടതി പരാമർശങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. അത് വന്നയുടൻ ടി.എച്ച്. മുസ്തഫ എന്താണ് പറഞ്ഞത്? അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കും പാമോയിൽ ഇടപാടിൽ പങ്കുണ്ടെന്നുള്ള തരത്തിൽ വരുമ്പോൾ അദ്ദേഹവും കുറ്റവാളിയുടെ മുനയിലേക്ക് നീങ്ങുന്നു എന്നുള്ളതല്ലേ നമുക്ക് കാണാൻ കഴിയുന്നത്. ശ്രീ. എം.കെ. മുനീർ വിജിലൻസ് മുമ്പാകെ ഇന്ന് വിറങ്ങലിച്ച് നിൽക്കുകയാണ്. കുരിയാർ കുറ്റി കാത്തലിക് ജലസേചന പദ്ധതിയുമായി ബന്ധപ്പെടുത്തി വന്നിട്ടുള്ള അഴിമതിയിൽ ശ്രീ. ടി.എം. ജേക്കബിനെ സംബന്ധിച്ച പരാമർശം സുപ്രീം കോടതിയിൽ വന്നുകഴിഞ്ഞിരിക്കുന്നു. ഐസ്ക്രീം കേസിലെ പുതിയ വെളിപ്പെടുത്തലിലൂടെ ശ്രീ. കുഞ്ഞാലിക്കുട്ടിയടക്കമുള്ള ആളുകൾ ഇന്ന് ജയിലിലേക്ക് പോകാനിരിക്കുകയാണ്. യു.ഡി.എഫ്. രൂപീകരിക്കാൻ പോകുന്ന ക്യാബിനറ്റ് അല്ലെങ്കിൽ മന്ത്രിസഭ എന്ന് പറയുന്നത് വിയ്യൂർ സെൻട്രൽ ജയിലിലോ പൂജപ്പുര സെൻട്രൽ ജയിലിലോ ആയിരിക്കും. അവിടത്തെ കുറ്റവാളികളെ ഭരിക്കുന്ന ഒരു മന്ത്രിസഭയായിരിക്കും ഉണ്ടാകുക. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ നല്ലതുപോലെ കാണുന്നുണ്ട്. അതുകൊണ്ട് ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ നല്ല ഭൂരിപക്ഷത്തോടുകൂടി വിജയിപ്പിക്കുകയും ഈ ബഡ്ജറ്റിൽ അവതരിപ്പിച്ച മുഴുവൻ കാര്യങ്ങളും നടപ്പാക്കുവാനുള്ള പരിശ്രമം നടത്തുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല എന്ന് സൂചിപ്പിക്കുകയാണ്. ഒരു ചെറിയ കാര്യംകൂടി ഞാൻ പറയട്ടെ. കേരള വാട്ടർ അതോറിറ്റിയിൽ ഈ സാമ്പത്തിക വർഷത്തിൽ എസ്.എൽ.എസ്.സി. പാസ്സാക്കിയ കുറെ ശുദ്ധജല വിതരണ പദ്ധതികൾക്ക് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം ലഭിക്കാതെ ഇപ്പോഴും ഉറങ്ങുന്നുണ്ട്. അതുസംബന്ധിച്ചുള്ള ഒരു തീരുമാനം ഈ മാസം തന്നെ ഉണ്ടാകണം. ഇത് എസ്.എൽ.എസ്.സി. പാസ്സാക്കിയതാണ്. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം ലഭിക്കുന്നതാണ്. അത് ഗൗരവകരമായി പരിശോധിച്ച് എസ്.എൽ.എസ്.സി. അംഗീകരിച്ച ശുദ്ധജല വിതരണ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അവതരണത്തിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ പാത്തുമ്മയുടെ ആട് എന്ന കഥയിലൂടെ അങ്ങയുടെ സാമ്പത്തിക ശാസ്ത്രത്തിന്റെ പൊരുൾ വ്യക്തമാക്കുകയുണ്ടായി. അന്ന് അങ്ങ് പറഞ്ഞു, ഓരോ രൂപയുടെയും വരും വരായ്കകൾ ആഴത്തിൽ ആലോചിച്ചേ ചെലവ് ചെയ്യൂ എന്ന്. തീർച്ചയായും ഒരു ധനമന്ത്രിക്ക് യോജിച്ച വാക്കുകളാണത്. പക്ഷേ ഇപ്പോഴത്തെ അങ്ങയുടെ ബഡ്ജറ്റ് പ്രസംഗം കേട്ടപ്പോൾ പഴയ തമിഴ് പാട്ടിൽ പറഞ്ഞതുപോലെ "പോണാൽ പോട്ടും പോകട്ടും പോട" എന്ന രീതിയിൽ. ഇനി തിരിച്ചുവരികയില്ല എന്നുള്ള രീതിയിൽ രണ്ട് കയ്യും വിട്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ വെറും വാഗ്ദാനങ്ങളുടെ ഒരു പ്രളയം മാത്രമാണുള്ളത്, വെറും ഉട്ടോപ്പിയൻ ഐഡിയ മാത്രമാണുള്ളത്. ഇത് നടപ്പിലാക്കാൻ അങ്ങേക്ക് ഉദ്ദേശമുണ്ടായിരുന്നുവെങ്കിൽ അങ്ങയുടെ കന്നി ബഡ്ജറ്റിലായിരുന്നു ഇങ്ങനെയൊരു പ്രഖ്യാപനം നടത്തേണ്ടിയിരുന്നത്. മലയാളത്തിലെ പ്രിയപ്പെട്ട കവി, ഒ.എൻ.വി. കവിതയുടെ തേൻ പുരട്ടി മലയാളികളെ കബളിപ്പിക്കാനാണ് ഈ ബഡ്ജറ്റിലൂടെ അങ്ങ് ശ്രമിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഇനി ഒരിക്കലും ഭരണത്തിൽ തിരിച്ചു വരില്ലായെന്ന് ഉറപ്പായതുകൊണ്ടാണ് അങ്ങ് ഇതുപോലുള്ള പൊള്ളയായ ബഡ്ജറ്റ് പ്രസംഗം നടത്തുന്നത് എന്ന് ഞാൻ കരുതുകയാണ്. ഒ.എൻ.വി. തന്റെ 'മുടിയനായ പുത്രൻ' എന്ന കവിതയിൽ ഇങ്ങനെ പറയുന്നു.

"കടവും പലിശയും കുടിയിരിപ്പോരോരോ
കഷ്ണങ്ങൾ കാർന്നുതിന്നു
മുടിയനാം പുത്രാ നീ നാട് വിട്ട് ഓടിയില്ല
മുനിയെപ്പോൽ വീട്ടിലിരുന്നു"

ഒഎൻവിയുടെ ഈ വരികളാണ് ഈ ബഡ്ജറ്റിന് കൂടുതൽ യോജിച്ചതെന്ന് എനിക്ക് തോന്നുകയാണ്. സംസ്ഥാനത്തെ വമ്പിച്ച കടക്കെണിയിലേയ്ക്കാണ് അങ്ങ് കൊണ്ടുപോകുന്നത്. സഭയിൽ എന്റെ 223-ാം നമ്പർ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഈ സർക്കാരിന്റെ കാലത്ത് കട ബാധ്യത 25,819 കോടി രൂപ വർദ്ധിച്ച് മൊത്തം 71,748.5 കോടി രൂപയായി മാറിയിട്ടുണ്ടെന്നാണ്. അതായത്, ആളോഹരി കടം 32288.43 കോടി രൂപ. ആളോഹരി കടം വർദ്ധിച്ചിട്ടുണ്ടെന്ന് നിയമസഭയിൽ എനിക്ക് എഴുതി തന്ന മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഈ അവസ്ഥയിലാണ് വന്നിരിക്കുന്ന ഓരോ കുഞ്ഞിനും 10,000 രൂപ നിക്ഷേപിക്കുമെന്നൊരു പദ്ധതി അങ്ങ് പ്രഖ്യാപിച്ചിരിക്കുന്നത്. അതുപോലെതന്നെ റോഡ് ഫണ്ടിനുവേണ്ടി ഒരു ദശകം കൊണ്ട് 40000 കോടി രൂപ ഇനിയും പിറന്നിട്ടില്ലാത്ത അൽബറാക് എന്ന പലിശരഹിത ധനകാര്യ സ്ഥാപനത്തിൽ നിന്നും കടമെടുക്കാമെന്നാണ് അങ്ങ് സ്വപ്നം കാണുന്നത്. ആദ്യം റോഡ് ഫണ്ട് ബോർഡിനും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും കമ്പോള വിശ്വാസം ഉണ്ടാക്കികൊടുക്കുവാൻ മോട്ടോർ വാഹന നികുതിയുടെ ആദ്യത്തെ മൂന്ന് മുതൽ ആറ് മാസത്തെ വരുമാനം എസ്ക്രൂ അക്കൗണ്ടായി ഈ രണ്ട്

സ്ഥാപനങ്ങൾക്കും നൽകുമെന്നും നിയമനിർമ്മാണം വഴി ഉറപ്പാക്കണം എന്നൊക്കെയാണ് അങ്ങ് പറയുന്നത്. അങ്ങനെയുണ്ടെങ്കിൽ ആദ്യമേ ഒരു ഓർഡിനൻസ് കൊണ്ടുവന്നുകൂടേ? നിയമം വഴി ഉറപ്പാക്കിയതിനുശേഷമല്ലേ ഇങ്ങനെ പ്രഖ്യാപനം ഉണ്ടാകേണ്ടത്. ഇനി എവിടെയാണ് നിയമം കൊണ്ടു വരുവാനുള്ള സമയമുള്ളത്. പരമാവധി പതിനഞ്ചോ ദിവസം കൊണ്ട് ഇത് ഇനി നടപ്പിലാക്കുവാനോ, നിയമം കൊണ്ടുവരാനോ സാധിക്കുമോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വെറും ഉട്ടോപ്യൻ ഐഡിയാസ് മാത്രമാണ് അങ്ങയുടെ ബഡ്ജറ്റിലുള്ളതെന്ന്. അതുപോലെ തന്നെ ബംഗാളിൽ ഇടതുപക്ഷം 30 വർഷം ഭരിച്ചപ്പോൾ അവിടത്തെ ജി.എസ്.ഡി.പി.യും, എൻ.എസ്.ഡി.പി.യും താഴ്ന്നു. അവിടത്തെ ചെറുപ്പക്കാർ അടക്കം നിരവധി പേർ കേരളത്തിലെ നിർമ്മാണ മേഖലയിലേക്ക് ഒഴുകികൊണ്ടിരിക്കുകയാണ്. താരതമ്യേന ഉയർന്ന ജി.എസ്. ഡി.പിയും എൻ.എസ്.ഡി.പി.യും ഉണ്ടായിരുന്ന കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? അങ്ങയുടെ ബഡ്ജറ്റ് കണക്കുകൾതന്നെ സൂചിപ്പിക്കുന്നത് നിർമ്മാണ മേഖലയിൽ എൽ.ഡി.എഫ് സർക്കാർ നടത്തുന്ന നിക്ഷേപം കുറഞ്ഞുകുറഞ്ഞുവരുന്നു എന്നുള്ളതാണ്. ബഡ്ജറ്റ് ഇൻ ബ്രീഫ് ടേബിൾ-4-ൽ അങ്ങ് പറയുന്നത് നിലവിൽ റവന്യൂ വരുമാനം അഞ്ച് വർഷംകൊണ്ട് ഇരട്ടിയായിട്ടുണ്ട്, അടിസ്ഥാന സൗകര്യത്തിന് ചെലവായിരിക്കുന്ന തുക താഴോട്ട് വന്നുകൊണ്ടിരിക്കുകയാണ്, ഐറ്റം നമ്പർ-1-ൽ മെറ്റീരിയൽ സപ്ലൈ 2005-06-ൽ 167.9 കോടി രൂപയായിരുന്നുവെങ്കിൽ 2011-12 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 85.50 ആണെന്നാണ് അങ്ങ് കാണുന്നത്. അതുപോലെ തന്നെ മെക്കാനിക്കൽ എക്യൂപ്മെന്റിന് 43.63 കോടി രൂപയായിരുന്നു 2005-06-ൽ ഉണ്ടായിരുന്നതെങ്കിൽ 2011-12-ൽ 26.26 കോടി രൂപയാണ് വകയിരുത്തിയത്. മേജർ വർക്ക്സിന് 194.17 കോടി രൂപയാണ് 2005-06-ൽ ആയിരുന്നതെങ്കിൽ 2011-12-ൽ 128.03 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. അതേസമയം ഉൽപ്പാദനകരമല്ലാത്ത മേഖലയിലെല്ലാം തന്നെ എക്സ്പെൻഡിച്ചർ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് രണ്ടും മൂന്നും ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുകയാണ്. ഒരു സമ്പദ്ഘടനയുടെ അടിത്തറ രൂപപ്പെടുത്തുന്നത് മൂലധന ചെലവിന്റെ തോത് അടിസ്ഥാനമാക്കിയാണല്ലോ? 2005-06-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷത്തിൽ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ജി.എസ്.ഡി.പി-യുമായി ബന്ധപ്പെടുമ്പോൾ 7.53 ശതമാനമായിരുന്നുവെങ്കിൽ 2011-12-ൽ അങ്ങ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത് 1.54 ശതമാനം മാത്രമാണ്. സംസ്ഥാന സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുവാനുള്ള ഉദ്ദേശം ഈ സർക്കാരിനില്ല എന്നുള്ളത് വ്യക്തമാണ്. ഏറ്റവും വലിയൊരു നേട്ടമായി കണക്കാക്കുന്നത്, ട്രഷറി പൂട്ടിയില്ല എന്നുള്ളതാണ്. ട്രഷറി പൂട്ടിയില്ലായെന്ന് പറഞ്ഞാൽ ഒരു പണവും ചെലവഴിക്കാതെ പെട്ടിയിൽ പൂട്ടിവച്ചിരുന്നാൽ അത് ചെലവാക്കേണ്ട കാര്യമില്ലല്ലോ. ഓട്ടമുക്കാൽ ഓട്ടമുക്കാലായി തന്നെ പെട്ടിയിലിട്ടു വച്ചാൽ അതല്ലെങ്കിൽ ഒണ ഒരണയായി തന്നെ സൂക്ഷിച്ചാൽ പണം ചെലവാകുന്ന പ്രശ്നമേയില്ല. എന്റെ കയ്യിൽ പണമുണ്ടെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്. ഓവർഡ്രാഫ്റ്റ് ആയില്ല എന്നുള്ളത് വലിയൊരു നേട്ടമായി അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയുണ്ടായി. വകയിരുത്തുന്ന പണം ചെലവാക്കാതെ ഇരുന്നാൽ ട്രഷറി ഒരുതരത്തിലും

LIBRARY ARCHIVES Kerala Legislative Assembly

സമ്മർദ്ദം നേരിടേണ്ടി വരില്ല. 2010-11-ൽ ലോൺസ് ലെൻഡിംഗ് ആന്റ് റീപേയ്മെന്റിന് എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. 1385.19 കോടി രൂപ വകയിരുത്തിയെങ്കിൽ ചെലവാക്കിയത് വെറും 4483.8 കോടി രൂപയാണ്. അതായത് 8702.1 കോടി രൂപ ചെലവായില്ല എന്നർത്ഥം. പഞ്ചായത്ത് സ്ഥാപനങ്ങൾ നൽകിയ തുകയിൽ നിന്നും ചെലവാക്കാതിരുന്നതിന്റെ പേരിൽ പിടിച്ചത് 113.1 കോടി രൂപയാണ്. ഇങ്ങനെ ഒരു ഭാഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കുന്നതിന്റെ കർശന നിയന്ത്രണങ്ങൾ നൽകുകയും മറുഭാഗത്ത് ചെലവഴിക്കാത്തതിന്റെ പേരിൽ അവരുടെ വിഹിതം വെട്ടിച്ചുരുക്കുകയും ചെയ്യുകയാണ്. പിന്നെ എങ്ങനെയാണ് ട്രഷറി പൂട്ടേണ്ടിവരിക. ഒരിക്കലും അതിന്റെ ആവശ്യം വരില്ല. അതുപോലെ തന്നെ ഗ്രീൻ ഫണ്ടിൽ 100 കോടി രൂപ ചെലവിടുമെന്ന് പറഞ്ഞിട്ട് അതിന് ചെലവ് വല്ലതുമുണ്ടായോ? ഡാമുകളിൽ നിന്നും മണൽ വാരിയെടുക്കാമെന്ന് പറഞ്ഞ് നോക്കുകൂലിക്കാരുടെ ശല്യം കാരണം ആ പരിപാടി വിജയിപ്പിക്കാൻ കഴിഞ്ഞില്ലായെന്ന് അങ്ങ് തന്നെ പറഞ്ഞതായി പത്രത്തിൽ കാണുകയുണ്ടായി. ജലപാത വികസനത്തിന് നീക്കിവച്ച 100 കോടി രൂപയിൽ എത്ര രൂപയാണ് ചെലവായത്. ബോട്ട് പോകാൻ തക്കവിധം ഒരു ജലപാത ഈ സാമ്പത്തിക വർഷം വികസിപ്പിച്ചിട്ടില്ല. അങ്ങയുടെ 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എനർജി സേവിംഗ്സിന് എസ്കോ മോഡൽ സംവിധാനം നിയമസഭാ സെക്രട്ടേറിയറ്റ്, മസ്കറ്റ് ഹോട്ടൽ, മെഡിക്കൽ കോളേജ്, ഹൈക്കോടതി തുടങ്ങിയവയ്ക്ക് സർക്കാർ കെട്ടിടങ്ങൾ നൽകുമെന്ന് പറഞ്ഞിരുന്നു. ഈ കെട്ടിടങ്ങൾക്കെല്ലാം കൂടി 106.09 ലക്ഷം രൂപ മുടക്കിയാൽ വാർഷിക ഊർജ്ജ ലാഭം 160.31 ലക്ഷമാണെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്? നാം ഇരിക്കുന്ന നിയമസഭാ കോംപ്ലക്സിൽപോലും അങ്ങനെയൊരു പദ്ധതിയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പിന്നെയാണോ കാസർഗോഡ് കളക്ടറേറ്റിൽ നടപ്പിലാക്കാൻ കഴിയുന്നത്. നടപ്പിലാക്കാൻ കഴിയാത്ത പദ്ധതിയുടെ പ്രഖ്യാപനം മാത്രമാണ് ഈ ബഡ്ജറ്റ് പ്രസംഗത്തിലുള്ളത്. വിഴിഞ്ഞം പ്രോജക്ടിന് കല്ലിടൽ ചടങ്ങ് മാത്രമാണ് ഇപ്പോൾ നടന്നിട്ടുള്ളത്. അതിനുമാത്രം 225 കോടി രൂപ ഏതായാലും ചെലവായിട്ടില്ല. 225 കോടി രൂപ മണ്ണ് വർഷത്തേക്ക് നീക്കിവച്ചതാണ്. അതിൽ ഒരു പൈസപോലും ചെലവായി കാണുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ ട്രഷറി ഓവർഡ്രാഫ്റ്റിൽ ആയതിന്റെ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് വാങ്ങാതിരുന്നതിന്റേയും കാരണങ്ങൾ ഇതൊക്കെയല്ലേ?

ഇനി വികസനത്തിന്റെ കാര്യം മാത്രം പരിശോധിച്ചുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. ഇറിഗേഷനുവേണ്ടി 2005-06-ൽ യു.ഡി.എഫ്. സർക്കാർ 2.26 ശതമാനം ചെലവഴിച്ചപ്പോൾ 2011-12-ൽ 2.3 ശതമാനം മാത്രമാണ് ചെലവഴിച്ചത്. 2005-06-ൽ പബ്ലിക് വർക്ക്സിന് 8.94 ശതമാനം ചെലവഴിച്ചപ്പോൾ ഇപ്പോൾ 5.32 ശതമാനം മാത്രമാണുള്ളത്. ഫോറസ്റ്റിൽ 1.40 ചെലവഴിച്ച സ്ഥാനത്ത് ഇപ്പോൾ 1.33 ശതമാനം മാത്രമാണുള്ളത്. ഹൗസിംഗ് ആന്റ് അർബൻ ഡവലപ്പ്മെന്റിന് യു.ഡി.എഫ്. സർക്കാർ 3.97 ശതമാനം ചെലവഴിച്ചപ്പോൾ മുൻ യു.ഡി.എഫ്. സർക്കാർ അടിത്തറയിട്ട സാമ്പത്തിക വികസനത്തിന്റെ നേട്ടം പിടിച്ചെടുത്ത് കൈവശം വച്ച് വാഗ്ദാനങ്ങൾ വാരിവിതറി ട്രഷറി പൂട്ടിയില്ല എന്ന് പറയുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്ത് അർത്ഥമാണുള്ളത്. അതുപോലെ തന്നെ മഞ്ചേരി ജില്ലാ ആശുപത്രി പാവപ്പെട്ട ആളുകൾക്കുവേണ്ടിയുള്ള ഒരു ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി എന്നുള്ളത് നല്ലകാര്യം തന്നെ. ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ പ്രഖ്യാപനം നടത്തിയപ്പോൾ വലിയ സന്തോഷമുണ്ടായി കാരണം എന്റെ നാട്ടിലാണ് അത്. പക്ഷേ, ജനറൽ ആശുപത്രിയായി ഉയർത്തിയതിനുശേഷം ഒരൊറ്റ ഡോക്ടറെയോ പാരാമെഡിക്കൽ സ്റ്റാഫിനെയോ ഒരു നഴ്സിംഗ് സ്റ്റാഫിനെപ്പോലും നിയമിച്ചിട്ടില്ല. ദേശാഭിമാനി പത്രത്തിൽ ഈ വാർത്ത കണ്ടപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. കാരണം തിരുവനന്തപുരത്തെ ജനറൽ ആശുപത്രി മെഡിക്കൽ കോളേജിന്റെ നിലവാരത്തിലേക്ക് വരുന്നു എന്ന് ദേശാഭിമാനി നല്ല കളറിൽ എഴുതിയിട്ടുണ്ട്. നല്ല കാര്യം. പക്ഷേ, മഞ്ചേരി ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയാക്കിയതിനുശേഷം ഒരൊറ്റ ഡോക്ടറെപ്പോലും പുതുതായി നിയമിക്കുകയോ സ്റ്റാഫ് പാറ്റേൺ പുനഃപരിശോധിക്കുകയോ ചെയ്തിട്ടില്ല. ഇനിയെന്നാണ് അതിന് സമയമുള്ളത്. ഇപ്പോൾ ഒരു വർഷക്കാലമായി ജനറൽ ആശുപത്രിയെന്നുള്ള പേര് മാറ്റിവച്ചുവെന്നുള്ളതല്ലാതെ ഒരു ഡോക്ടറെപ്പോലും മാറ്റി അവിടേയ്ക്ക് കൊണ്ടുവരാനോ, പുതുതായി അതിന്റെ പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ ഫിക്സ് ചെയ്യാനോ കഴിയാതെ എങ്ങനെയാണ് പൊതുജനാരോഗ്യവും പൊതുമേഖലയും ശക്തിപ്പെടുന്നത്.

അദ്ധ്യാപകരുടെ കാര്യം മാത്രം എടുത്ത് പരിശോധിക്കുകയാണെങ്കിൽ മലപ്പുറം ജില്ലയിൽ മാത്രം 100 കണക്കിന് അദ്ധ്യാപകരുടെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. ചില ഭാഗങ്ങളിൽ അൺ ഇക്കണോമിക് സ്കൂളുകളുണ്ട്. അത് ശരിയാണ്. പക്ഷേ അൺഇക്കണോമിക് സ്കൂളുകൾ ഒരു ഭാഗത്തുണ്ടെന്ന് വിചാരിച്ച് ഇക്കണോമിക്കായി പുതുതായി കുട്ടികൾ വരുന്ന വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ പോസ്റ്റ് അനുവദിക്കണ്ടേ? എന്റെ നിയോജക മണ്ഡലമായ മലപ്പുറത്ത് എം.എം.ഇ.റ്റി. സ്കൂളിൽ മാത്രം 33 അദ്ധ്യാപകരുടെ പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ഈ 33 അദ്ധ്യാപകർക്കും പഠിപ്പിക്കാനുള്ള കുട്ടികളുണ്ട്. നല്ല പക്കാ ബിൽഡിംഗും മനോഹരമായ കെട്ടിടവും കളിക്കളവുമുൾപ്പെടെ എല്ലാ സൗകര്യങ്ങളുമുണ്ട്. പട്ടികജാതിക്കാരും പട്ടികവിഭാഗക്കാരും അടക്കമുള്ള പാവപ്പെട്ടവർ പഠിക്കുന്ന വിദ്യാലയങ്ങളിൽ 33 അദ്ധ്യാപകരെ നിയമിക്കുവാൻ അനുമതി നൽകാതെ സാമ്പത്തിക ഞെരുക്കമുള്ള ഈ ഗവൺമെന്റ് ഇങ്ങനെയുള്ള വലിയ കാര്യങ്ങൾ പ്രഖ്യാപിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്. അതുപോലെ തന്നെയാണ് ഇവിടത്തെ ബദൽ സ്കൂളുകളും. ഞാൻ പലതവണ ഈ സഭയിൽ ഉന്നയിച്ചതാണ്. ഇവിടത്തെ മലമടക്കുകളിലുള്ള പട്ടിണിപ്പാവങ്ങൾ പഠിക്കുന്ന വിദ്യാലയങ്ങളാണ് ബദൽ സ്കൂളുകൾ. അവിടെയുള്ള ബദൽ സ്കൂളുകളിലെ അദ്ധ്യാപകർ പ്രാക്ടീസിലാണ്. അവരുടെ സേവന-വേതന വ്യവസ്ഥയെ സംബന്ധിച്ച് യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. മാത്രമല്ല, എപ്പോൾ വേണമെങ്കിലും അടച്ചുപൂട്ടുമെന്ന ഭീഷണിയാണുള്ളത്. നൂറും ഇരുന്നൂറും കുട്ടികൾ പഠിക്കുന്ന പക്കാ ബിൽഡിംഗുകൾ പോലും ഇല്ലാതെ ഒരൊറ്റ ക്ലാസിൽ ഇരുന്നുകൊണ്ട് പത്തും ഇരുന്നൂറും കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുണ്ട്. അതെന്ന് പരിശോധിച്ച് അങ്ങനെയുള്ള സ്കൂളുകൾ എൽപി സ്കൂളുകളാക്കുവാനുള്ള ഒരു പരിപാടി അങ്ങേയ്ക്കുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജി മോൾ)

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം, അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. എം. ഉമ്മർ: അതുപോലെ ഈ ഗവൺമെന്റിന് പാവങ്ങളോടോ, പൊതുമേഖലയോടൊ യാതൊരു പ്രതിബദ്ധതയുമില്ല. വരാനുള്ള ഒരു തെരഞ്ഞെടുപ്പിനെ കണ്ടുകൊണ്ട് കൈയടിവാങ്ങുവാനുള്ള ഒരു പാഴ്വേല മാത്രമാണ് അങ്ങ് നടത്തുന്നതെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്.

ശ്രീമതി ജെ അരുന്ധതി: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2011-12-ലെ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒന്നിനൊന്ന് വളരെ മെച്ചപ്പെട്ട ബഡ്ജറ്റായി മാധ്യമങ്ങളും നിരവധി സംഘടനകളും വ്യക്തികളും ഇതിനോടകം അനുമോദിച്ച ഒരു ബഡ്ജറ്റാണ് ഇത്. പ്രമുഖ വനിതാ സംഘടനകൾ തന്നെ ഈ ബഡ്ജറ്റിനെക്കുറിച്ച് നല്ല അഭിപ്രായമാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. വനിതാ ക്ഷേമ പദ്ധതികൾക്കായി കഴിഞ്ഞ തവണത്തേക്കാൾ 730 കോടി രൂപ അനുവദിച്ചതും പുതിയ വനിതാ വികസന വകുപ്പിനുവേണ്ടിയുള്ള തീരുമാനമെടുത്തതും വളരെയധികം സ്വാഗതാർഹമാണ്. ഇവിടെ ശ്രീ. ഉമ്മർ എം.എൽ.എ. പറഞ്ഞത് ഒരു ഉട്ടോപ്യൻ ഐഡിയയാണ് ഈ ബഡ്ജറ്റിലൂടെ അദ്ദേഹം അവതരിപ്പിച്ചത് എന്നാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കാൻ കഴിയാത്ത വെറും പ്രഖ്യാപനങ്ങൾ മാത്രമായിട്ടുണ്ടായിരുന്ന നിരവധി കാര്യങ്ങൾ, നടപ്പിലാക്കാൻ കഴിയുന്നത് പ്രഖ്യാപിക്കുകയും അതുവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണ്. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം. ആ നയം പ്രഖ്യാപിക്കാൻ തീരുമാനിച്ചാൽ അത് നടപ്പിലാക്കുവാൻ ഈ ഗവൺമെന്റിന് കഴിയുമെന്നുള്ളതാണ് കഴിഞ്ഞ നാല് ബഡ്ജറ്റിലും നമ്മൾ കണ്ടിട്ടുള്ളത്. നേരത്തെയിച്ച് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഭക്ഷ്യസുരക്ഷാ പദ്ധതിയെ സംബന്ധിച്ച് എന്താ ഉമ്മർക്ക് ഒന്നും പറയാനില്ലേ? ആ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ജനങ്ങൾക്കുള്ള സുരക്ഷ എന്താണ്? അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പെട്രോൾ, ഡീസൽ, പാചക വാതക ഉൽപ്പന്നങ്ങളുടെ അമിതമായിട്ടുള്ള വില വർദ്ധനവിന്റെ ഭാഗമായി നമ്മുടെ കേരളത്തിലെ ഓരോ കുടുംബവും പ്രത്യേകിച്ച് സ്ത്രീകൾ ഇന്ന് വളരെയധികം ബുദ്ധിമുട്ടിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനാടിസ്ഥാനത്തിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി 3000 റേഷൻ കടകൾ വഴി 300 രൂപയ്ക്കുള്ള ഭക്ഷ്യവസ്തുക്കൾ 150 രൂപയ്ക്ക് സബ്സിഡി റേറ്റിൽ കൊടുക്കുന്ന ഒരു പദ്ധതിയുടെ ഉത്ഘാടനം ഇന്ന് വൈകുന്നേരം നടത്തുകയാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ വേണ്ടി ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പ്രതിപക്ഷങ്ങൾ പറഞ്ഞില്ലെങ്കിലും ജനങ്ങൾക്ക് വളരെ നന്നായി അറിയാവുന്നതാണ്. കേരളത്തിലെ ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിച്ചിരിക്കുന്നതായിട്ടാണ് കഴിഞ്ഞ 5 വർഷക്കാലമായി കേരളത്തിൽ കാണാൻ കഴിയുന്നത്. എവിടെയും ദാരിദ്ര്യമില്ല. ആ ദാരിദ്ര്യമില്ലായ്മയും വാങ്ങൽശേഷിയും നമ്മുടെ നാട്ടിലെ ചെറുകച്ചവടക്കാരെ ആ രംഗത്ത് വളരെയധികം ഉറച്ചു

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുവാനായി പ്രതിപ്പിക്കുന്നു എന്നുള്ളതാണ് ഞങ്ങളുടെ ഗ്രാമങ്ങളിലെല്ലാമുള്ള അവസ്ഥ. ഓവർഡ്രാഫ്റ്റ് എടുക്കാതെ ഈ ഗവൺമെന്റ് എല്ലാവിധ സൗകര്യങ്ങളും സൗജന്യങ്ങളും ചെയ്ത് മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് എന്റെ മണ്ഡലത്തിലടക്കം നിരവധി റേഷൻകടകളും റേഷൻ വ്യാപാരികളും അതുപോലെതന്നെ പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാരും ആത്മഹത്യ ചെയ്ത സംഭവങ്ങളുണ്ടായിരുന്നു. ഇന്ന് അത് തീരെ ഇല്ലാതായിരിക്കുന്നു. ഓരോ വിഷയത്തിലും ഇങ്ങനെ ഇടപെട്ട് സംസാരിക്കുന്നില്ല. എങ്കിലും ഈ ബഡ്ജറ്റിനെ എല്ലാ ജനങ്ങളും ഒറ്റ മനസ്സോടുകൂടി സ്വാഗതം ചെയ്യുന്നുവെന്ന് നാട്ടിൽ ഇറങ്ങി നടക്കുന്ന ഏതൊരു പൊതുപ്രവർത്തകനും മനസ്സിലാകുന്നതാണ്. ജനിക്കുന്ന ഓരോ കുഞ്ഞും ഇന്ന് രക്ഷകർത്താക്കൾക്ക് ഒരു അനുഗ്രഹമായി മാറിയിരിക്കുകയാണ്. കുഞ്ഞുങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ബി.പി.എൽ., എ.പി എൽ. വ്യത്യാസമില്ലാതെ എല്ലാവരും സ്വാഗതം ചെയ്യുകയാണ്. ഇവിടെ ശ്രീ. ആര്യാടൻ പറഞ്ഞ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള വർക്കുകൾ വളരെ ഭംഗിയായി എന്റെ മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. 11 പ്രവൃത്തികളിൽ 8 എണ്ണം പൂർത്തിയാക്കി ജനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ള ഒരു മണ്ഡലമാണ്. 3 എണ്ണം പുരോഗതിയിലാണ്. കഴിഞ്ഞതിന് മുൻപുള്ള ബഡ്ജറ്റിൽ 15% above കൊടുത്തുകൊണ്ട് അത്തരത്തിലുള്ള കോൺട്രാക്ടർമാരെ സഹായിക്കുവാൻ വകുപ്പുമന്ത്രിയും അതുപോലെ തന്നെ ധനകാര്യ വകുപ്പുമന്ത്രിയും മുൻകൈ എടുത്തതിന്റെ ഭാഗമായിട്ടാണ് തെക്കൻ കേരളത്തിൽ ആ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിഞ്ഞത് എന്നുള്ള ചരിതാർത്ഥ്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായിട്ടുള്ള ഒരു തീരുമാനത്തിന്റെ ഭാഗമായി വലിയ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. മലബാർ പാക്കേജ് എന്നുപറയുന്നത് മലബാറിലെ മൂന്നുനാല് ജില്ലകളിൽ വിദ്യാഭ്യാസ രംഗത്തും അവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം തന്നെ വളരെയധികം അനുഗ്രഹമായിട്ടാണ് വന്നിട്ടുള്ളത്. അതേസമയം തിരുവനന്തപുരം ജില്ലയിൽ പ്ലസ് 2 വിദ്യാലയങ്ങൾക്ക് ഇനിയും ക്ലാസ്സുകൾ തുടങ്ങാൻ കഴിയാത്ത, ക്ലാസ്സുകളില്ലാത്ത വിദ്യാലയങ്ങൾ നിരവധിയുണ്ട്. 12-15 കിലോമീറ്റർ യാത്ര ചെയ്താൽ മാത്രമേ എന്റെ മണ്ഡലത്തിലെ ചില സ്ക്കൂളുകളിൽനിന്ന് മറ്റ് സ്ക്കൂളുകളിൽ പോയി പ്ലസ് വൺ പഠിക്കുവാനായി സാധിക്കുകയുള്ളൂ. അതുകൊണ്ട് നന്ദിയോട് പഞ്ചായത്തിൽ എസ്.കെ.വി. ഹൈസ്കൂളിൽ ഇതുവരെയും പ്ലസ് വൺ കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 15-16 കി. മീ. യാത്ര ചെയ്താണ് പെൺകുട്ടികൾ അടക്കം വിദ്യാഭ്യാസത്തിന് അന്യ പഞ്ചായത്തുകളിലേക്ക് പോകുന്നത്. അതുപോലെ തന്നെ ഒരു ഐ.റ്റി.ഐ.-യോ, ഐ.റ്റി.സി.-യോ എന്റെ മണ്ഡലത്തിൽ ഇല്ല എന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിൽ ഇതിനാവശ്യമായിട്ടുള്ള എല്ലാ സൗകര്യവുമുണ്ട്. കെട്ടിടം ഉൾപ്പെടെ മാറ്റിവച്ചിരിക്കുകയാണ്. ഇപ്പോൾ അഞ്ച് 10 എണ്ണം അനുവദിച്ചത് വളരെയധികം സന്തോഷത്തോടുകൂടി അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പംതന്നെ മുന്നോനാലോ എണ്ണം ഇനി വരാൻ സാദ്ധ്യതയുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഒരെണ്ണം ആ മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിൽ ഇപ്പോൾ ഒരുക്കിയിരിക്കുന്ന കെട്ടിടത്തിലേക്ക് അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് പ്രത്യേകം പറയേണ്ട കാര്യമില്ല. കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും അതുപോലെ വ്യവസായങ്ങളുടേയും വളർച്ചയെക്കുറിച്ച് ഇൻഡ്യാ ഗവൺമെന്റ് തന്നെ വളരെയധികം അനുമോദിച്ചിട്ടുള്ളതാണ്. ഇനിയും 4 വ്യവസായശാല കൂടി സ്ഥാപിക്കാൻ പോകുന്നുവെന്നാണ് അങ്ങ് പ്രഖ്യാപിച്ചിരിക്കുന്നത്. എനിക്ക് പറയാനുള്ളത് കേരളത്തിൽ പ്രത്യേകിച്ചും ഈ ആഭരണഭ്രമമുള്ള കുടുംബങ്ങളും മറ്റും ഉള്ളതുകൊണ്ട് മിത്തമിട്ടുള്ള വിലയ്ക്ക് സ്വർണ്ണാഭരണം കൊടുക്കാൻ ഗവൺമെന്റ് ഒരു വ്യവസായശാല സ്ഥാപിക്കണമെന്നുള്ളതാണ്.പി.ഡബ്ല്യു.ഡി. യുടെ നവീകരിച്ച പദ്ധതികൾ സ്വാഗതാർഹമാണ് ഒരു എക്സിക്യൂട്ടീവ് എൻജിനീയർ 5 ലക്ഷം രൂപ വരെ എഎസ് കൊടുത്തുകൊണ്ടിരുന്ന സ്ഥാനത്ത് 50 ലക്ഷം രൂപ വരെ ഭരണാനുമതി കൊടുക്കാമെന്ന പ്രഖ്യാപനം വന്നതിലൂടെ എളുപ്പത്തിൽ ഞങ്ങളുടെ മണ്ഡലത്തിൽ ഇത്തരം പരിപാടികൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

149-ാം ഖണ്ഡികയിൽ ദശാബ്ദങ്ങളായി മുടങ്ങിക്കിടന്ന എൽ.ഐ.സി. പദ്ധതികളുടെ പൂർത്തീകരണം നടത്തുമെന്ന് അങ്ങ് പറയുന്നുണ്ട്. എന്റെ മണ്ഡലത്തിൽ 1995-ൽ ആരംഭിച്ചതാണ് കല്ലറ-പാങ്ങോട് കുടിവെള്ള പദ്ധതി. ഈ സഭയിൽ വളരെയധികം സമ്മർദ്ദങ്ങൾ ചെലുത്തിയതിന്റെ ഭാഗമായി അതിന്റെ പണി ഏകദേശം പൂർത്തിയായി. ഇനി ഡിസ്ട്രിബ്യൂഷൻ പൈപ്പിട്ട് ജനങ്ങൾക്ക് വെള്ളം കൊടുത്താൽ മതി. അവസാനത്തെ ഒരു ടെണ്ടർ നടപടി ദോഷമായി വന്നിരിക്കുന്നു. അങ്ങ് മനസ്സുവച്ച് അതിനാവശ്യമായ പരിഹാരമുണ്ടാക്കി ഈ 35 കോടി രൂപ ചെലവഴിച്ച കുടിവെള്ള പദ്ധതിയിലൂടെ ജനങ്ങൾക്ക് വെള്ളം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതൊരു പ്രധാന പ്പെട്ട കാര്യമായി കാണണമെന്നാണ് ഞാൻ അങ്ങയോട് വളരെ വിനീതമായി പറയുന്നത്. മറ്റൊന്ന്, 113-ാം ഖണ്ഡികയിൽ സാംസ്കാരിക രംഗത്ത് ഇന്നുള്ള സ്ഥാപനങ്ങൾക്ക് വളരെയധികം സഹായങ്ങൾ അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ട്. എനിക്ക് ഒരു കാര്യം പറയാനുള്ളത്, എന്റെ മണ്ഡലത്തിലെ. വളരെയധികം അനുമോദനങ്ങളും അതുപോലെതന്നെ അംഗീകാരവും പിടിച്ചു പറ്റിയിട്ടുള്ളതാണ് കുട്ടികളുടെ ദക്ഷിണേന്ത്യൻ നാടകവേദിയായ വെഞ്ഞാറമൂട് രംഗപ്രഭാത്. ശ്രീ. ശങ്കരപ്പിള്ള സാർ വളർത്തിയെടുത്ത ഒരു സ്ഥാപനമാണ് അത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരുമെല്ലാം അവിടെ വന്നിട്ടുണ്ട്. സാസംക്കാരികരംഗത്ത് സഹായങ്ങൾക്കായി പ്രഖ്യാപിച്ച പട്ടികയിൽ രംഗ പ്രഭാതിനെക്കൂടി ഉൾപ്പെടുത്തണം. മറ്റൊന്ന്, മണിപാത്ര തൊഴിലാളികളെ സംബ ന്ധിച്ചിടത്തോളം ഒരു പുതിയ സ്ഥാനം. അല്ലെങ്കിൽ ഒരു പട്ടിക ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിൽ വളരെയധികം സന്തോഷമുണ്ട്. ആ വിഭാഗം ആളുകളുടെ അനുമോദനം അങ്ങയെ അറിയിക്കുകയാണ്. മാന്യവിരുദ്ധ പാക്കേജിന്റെ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയ ഒരു മണ്ഡലമാണ് എന്റെ മണ്ഡലം. ഞാൻ അത് വളരെ സന്തോഷത്തോടുകൂടി ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നു. രണ്ട് കോടി രൂപ അനുവദിച്ചപ്പോൾ വളരെയധികം സന്തോഷത്തോടുകൂടിയാണ് ഈ പദ്ധതികൾ ഏറ്റെടുത്തത്. എല്ലാം പൂർത്തിയായി അതിന്റെ ഉത്ഘാടനവുമെല്ലാം ഏകദേശം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുന്നതിൽ അങ്ങ് മുൻകൈ എടുത്തതിലും അതുപോലെതന്നെ മരാമത്ത് പ്രവർത്തനങ്ങളെല്ലാം ഏറ്റെടുക്കാൻ കഴിഞ്ഞതിലും വളരെയധികം സന്തോഷമുണ്ട്. എൻഡോസൾഫാന്റെ വിതരണം വീണ്ടും കേരളത്തിൽ നടപ്പിലാക്കണമെന്ന് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. കെ. വി. തോമസ് ആവശ്യപ്പെട്ടതിൽ വളരെയധികം ദുഃഖം തോന്നുന്നു. ഇന്നും അദ്ദേഹം എങ്ങനെ അങ്ങനെ പറഞ്ഞു എന്നുള്ളത് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. എൻഡോസൾഫാൻ വിതരണം പാടില്ലെന്ന് ധൈര്യപൂർവ്വം ഒറ്റവാക്കുകൊണ്ട് പറയുവാൻ കഴിഞ്ഞ ഒരു കൃഷി വകുപ്പുമന്ത്രിയാണ് ശ്രീ. മുല്ലക്കര രത്നാകരൻ. വളരെ നിശ്ചയദാർഢ്യത്തോടുകൂടി ഇത് നടപ്പിലാക്കാൻ പാടില്ലെന്ന് അദ്ദേഹം പറഞ്ഞത് വളരെയധികം സ്വാഗതാർഹമാണ്. അതുപോലെതന്നെ സ്ത്രീ സംരക്ഷണത്തിലും ക്ഷേമ പദ്ധതികൾ ഉറപ്പുവരുത്തുന്നതിലും മറ്റ് ഏതൊരു സംസ്ഥാനത്തെക്കാളും കേരളം മുൻപന്തിയിലാണ്.. എന്നാൽ ഇന്ന് സ്ത്രീ സംരക്ഷണ നിയമങ്ങൾ ഏറെ നടപ്പിലാക്കി മുന്നോട്ടുപോകുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ തന്നെ അംഗീകാരം കിട്ടിയിട്ടുള്ള കേരളത്തിൽ ഇന്നും ചീഞ്ഞുനാറുന്ന കുറ്റകൃത്യങ്ങൾ അറിഞ്ഞുകൊണ്ട് ചെയ്തിട്ട് മേനി നടിക്കുന്ന നിരവധി ഭരണാധികാരികളും അതുപോലെതന്നെ പൊതുപ്രവർത്തകരും ജനപ്രതിനിധികളും ഉണ്ടെന്നുള്ളത് നമ്മൾ കാണാതിരുന്നുകൂടാ. കുറ്റകൃത്യങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കള്ളപ്പണം ഉപയോഗിച്ചുകൊണ്ട് സാക്ഷികളേയും കോടതികളേയും കയ്യിലെടുക്കുന്ന ഇവർക്ക് രക്ഷയില്ലെന്ന് ഉറപ്പുവരുത്താൻ ഈ ഗവൺമെന്റിന് കഴിയണം. മോചനയാത്രയുടെ സമാപനം കുറിച്ചുകൊണ്ട് ഒരു കോടി ഒപ്പ് ശേഖരിച്ച് ഗവർണ്ണറെ കണ്ട് കുറ്റപത്രം നൽകിയിരിക്കുകയാണല്ലോ? അതിന്റെ മുൻനിരയിൽ നിന്ന നേതാക്കന്മാരെല്ലാം ഒന്നൊന്നായി ജയിലിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന. ഇനിയും ധാരാളം പേർ പോകുമെന്നുള്ള അവസ്ഥയാണുള്ളത്. ഇപ്പോൾ ഒരു കോടിയിൽ ഒപ്പിട്ടവർ, സാധാരണ ജനങ്ങൾ ആകെ വലയുന്ന രീതിയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള കുറ്റവാളികളെ നേരും നെറിയും മനസ്സിലാക്കിക്കൊണ്ട് തിരിച്ചറിയുവാനും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ഈ ഗവൺമെന്റ് വീണ്ടും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. ഇത്തരത്തിലുള്ള കറുത്ത പണക്കാരുടേയും അതുപോലെ തന്നെ കള്ളപ്പണക്കാരുടേയും കൈകളിൽ നിന്ന് കേരളത്തെ രക്ഷിക്കുവാനും കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നടപടികളിൽ നിന്ന് രക്ഷനേടുന്നതിനുംവേണ്ടി കേരളത്തിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഭാവനാസമ്പന്നനായ ഒരു ധനകാര്യ വിദഗ്ദ്ധനാണ് ഡോ.തോമസ് ഐസക് എന്ന് ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ടിരിക്കുകയാണ്. 2001-2006

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ആദ്യം നിയമസഭയിൽ എത്തിയത് ഒരു വൈറ്റ് പേപ്പറുമായിട്ടായിരുന്നു. ആ വൈറ്റ് പേപ്പറിൽ അന്ന് അവർ പറഞ്ഞത് ഖജനാവിൽ പണമില്ല എന്ന പരിവേദനമായിരുന്നു. പണം ഉണ്ടായതിനുശേഷം വികസനം, അത് വരെ മുണ്ട് മുറുക്കി ഉടുക്കണം; ഇത് 2001-2006-ലെ ആദ്യ യു.ഡി.എഫ്. ഗവൺമെന്റിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയാണ് പറഞ്ഞത്. അതായിരുന്നു അന്നത്തെ പ്രവചനം. എന്നാൽ 2006-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഒരു വൈറ്റ് പേപ്പറും അവതരിപ്പിച്ചില്ല. ഘട്ടം ഘട്ടമായി വിഭവസമാഹരണം നടത്തുകയും വികസന പ്രവർത്തനങ്ങൾക്ക് പണം അനുവദിക്കുകയും ചെയ്തു. ക്ഷേമ പെൻഷനുകൾ ഇരുപതുമുതൽ മുപ്പതുമാസം വരെ ചെറിയ തുക പോലും കുടിശ്ശികയായിരുന്നത് അതാത് മാസം പെൻഷൻ നൽകും എന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയത് അവർ നടപ്പാക്കിയില്ല. ഈ സഭയിൽത്തന്നെ പല പ്രാവശ്യം പെൻഷൻ കുടിശ്ശിക ഇട്ടിരിക്കുകയാണെന്ന ഒച്ചപ്പാട് ഉണ്ടായപ്പോൾ അന്ന് ധനകാര്യ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ ഇനി പെൻഷനെല്ലാം അതാത് മാസം തന്നെ വിതരണം നടത്തുമെന്ന് പ്രഖ്യാപിച്ചു. പക്ഷേ അത് ഉണ്ടായില്ല. പിന്നീട് സംഭവിച്ചത് എന്താണെന്നുവച്ചാൽ ആ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുമ്പോൾ 14 മാസം മുതൽ 30 മാസം വരെ പെൻഷനുകളെല്ലാം കുടിശ്ശികയായിരുന്നു. അഞ്ചര ലക്ഷം വരുന്ന കർഷക തൊഴിലാളികൾ, 63,000 വരുന്ന കശുവണ്ടി തൊഴിലാളികൾ, അര ലക്ഷത്തിലധികം വരുന്ന കയർ തൊഴിലാളികൾ പരമ്പരാഗത വ്യവസായ മേഖലയിലെ അഗതികൾ, വിധവകൾ, അംഗവൈകല്യക്കാർ തുടങ്ങിയ എല്ലാ വിഭാഗം ആളുകളുടേയും പെൻഷൻ തുക കുടിശ്ശികയായിരുന്നു. അത് മുഴുവൻ കൊടുത്തു തീർത്തത് ഈ ഗവൺമെന്റാണ്. എങ്ങനെയാണ് കൊടുത്തുതീർത്തത്? അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്; വളരെ ഭാവനയോടുകൂടിയുള്ള ഒരു ക്രമീകരണമായിരുന്നു. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് 300 രൂപ 400 രൂപ ആക്കിയതല്ല. ആദ്യത്തെ ബഡ്ജറ്റിൽ 10 രൂപ മാത്രമാണ് വർദ്ധിപ്പിച്ചത് വിവേസമാഹരണത്തിന്റെ ആരംഭഘട്ടത്തിൽ ക്ഷേമ പെൻഷനുകളെല്ലാം തന്നെ 10 രൂപ വർദ്ധിപ്പിച്ചു. രണ്ടാമത്തെ ബഡ്ജറ്റിൽ 50 രൂപ വർദ്ധിപ്പിച്ച് രണ്ടാമത്തെ ബഡ്ജറ്റിൽ എല്ലാവർക്കും 200 രൂപയാക്കി തുല്യമാക്കി. ഏറ്റവും കൂടുതൽ പെൻഷൻ ലഭിച്ചിരുന്ന കശുവണ്ടി തൊഴിലാളികൾക്ക് അന്ന് 10 രൂപ വർദ്ധിപ്പിച്ചപ്പോൾ 125 രൂപയായിരുന്നത് 135 രൂപയായി. മറ്റുള്ളവർക്ക് 110 രൂപയായി. അന്ന് ഖജനാവിലുള്ള കാശ് ഇല്ല എന്ന് പറയുകയല്ല 10 രൂപ അവർക്ക് വർദ്ധിപ്പിച്ചു. രണ്ടാമത്തെ ബഡ്ജറ്റിൽ എല്ലാവർക്കും 200 രൂപയായി. മൂന്നാമത്തെ ബഡ്ജറ്റിൽ 50 രൂപ വർദ്ധിപ്പിച്ച് 250 രൂപയാക്കി. നാലാമത്തെ ബഡ്ജറ്റിൽ 300 രൂപയാക്കിയതോടൊപ്പം കഴിഞ്ഞ പൊന്നിൽ ചിങ്ങ മാസത്തിലെ പൊന്നോണത്തിന് മുൻപ് മൂന്ന്-നാല് മാസത്തെ കുടിശ്ശികയോടൊപ്പം ഒരു മാസത്തെ അഡ്വാൻസും കൊടുത്തു; ഇത് ചരിത്രത്തിൽ ആദ്യമായിട്ടാണ്. ഈ ഗവൺമെന്റ് ചെയ്തത്. ഒരു ഗവൺമെന്റും ചെയ്തില്ല. ഉള്ളത് കൊടുക്കാതിരുന്നതാണ് യു.ഡി.എഫ്.ന്റെ കാലഘട്ടമെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലഘട്ടം ഞാൻ ഈ പറഞ്ഞ ക്രമത്തിലാണ്. അങ്ങനെ 300 രൂപയായിരുന്നപെൻഷനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഏപ്രിൽ മാസം മുതൽ 400 രൂപയാക്കും എന്ന് പ്രഖ്യാപിച്ചത്. അത് 400 രൂപയാക്കുക മാത്രമല്ല ധനകാര്യ വകുപ്പുമന്ത്രി ഭാവനയോടുകൂടി തന്നെ പറഞ്ഞിട്ടുണ്ട് എന്റെ ആഗ്രഹം 500 രൂപയാക്കണമെന്നാണ്. പക്ഷേ ഇന്നത്തെ പരിമിതി വച്ച് 400 രൂപയാക്കുകയെന്നു പറഞ്ഞാൽ ഭാവിയെ കണ്ടുകൊണ്ടു തന്നെയാണ്. അതായിരുന്നു കേരള പദ്ധതികളെ സംബന്ധിച്ചുള്ളത്.

പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി എന്താണ്? ഞാൻ ഒരു ട്രേഡ് യൂണിയൻ മേഖലയിൽ നിന്നാണ് വരുന്നത്. ട്രേഡ് യൂണിയൻ രംഗത്ത് പത്ത്-നാല്പത് കൊല്ലക്കാലമായി പ്രവർത്തിക്കുന്ന ആളായതുകൊണ്ടാണ് ആദ്യം തന്നെ തൊഴിലാളി വിഭാഗങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്നത്. പരമ്പരാഗത വ്യവസായ മേഖലയായ കയർ, കശുവണ്ടി, മത്സ്യം, കൈത്തറി, ഖാദി എന്നീ മേഖലകളിൽ ഏകദേശം 40 ലക്ഷത്തോളം തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. അവരെയൊന്നും കണ്ടില്ല എന്ന് നടിച്ച ഒരു കാലഘട്ടമായിരുന്നു യു.ഡി.എഫ്.-ന്റേത്. അത് അവർക്കാർക്കും നിഷേധിക്കാൻ കഴിയുന്നതല്ല. കശുവണ്ടി വ്യവസായ രംഗത്ത് അൻപതും-അറുപതും, ഏറിയാൽ വർഷത്തിൽ 50 ദിവസം; 60 ദിവസം മാത്രമായിരുന്നു തൊഴിൽ ലഭിച്ചിരുന്നത്. ആദ്യത്തെ രണ്ട് കൊല്ലം പിന്നെ പറയണ്ട; പന്ത്രണ്ട്-പതിമൂന്ന് ദിവസം മാത്രമാണ് തൊഴിൽ ലഭിച്ചിരുന്നത്. പന്ത്രണ്ട്-പതിമൂന്ന് ദിവസം മാറ്റി കൂടുതൽ ജോലി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കശുവണ്ടി വികസന കോർപ്പറേഷനുമുന്നിൽ സമരം നടത്തിയ കാലഘട്ടത്തിൽ എന്നെ ഉൾപ്പെടെ അവിടെ സമരം ചെയ്തതിന്റെ ഫലമായിട്ട് അന്ന് പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. ഇന്നത്തെ സ്ഥിതി എന്താണ്? കശുവണ്ടി മേഖലയിൽ ഒരൊറ്റ ഫാക്ടറിപോലും പൂട്ടിക്കിടക്കുന്നില്ല എന്നുമാത്രമല്ല അവിടെ കശുവണ്ടി തൊഴിലാളികൾക്ക് 200 ദിവസത്തിൽ അധികം തൊഴിൽ ലഭിച്ചു. അവർക്ക് രണ്ടു പ്രാവശ്യം മിനിമം വേജസ് പുതുക്കി നിശ്ചയിച്ചത് ഈ ഗവൺമെന്റാണ്. അതുപോലെ തന്നെയാണ് കയർ വ്യവസായ മേഖലയിലും. കശുവണ്ടി വ്യവസായ മേഖലയിൽ ആകെ 92 കോടി രൂപയാണ് പലയിനങ്ങളിലായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ് 92 കോടി രൂപ. അതോടൊപ്പം കശുവണ്ടി വ്യവസായ രംഗത്ത് കശുവണ്ടിയുടെ ഉല്പാദനത്തിനുവേണ്ടി ഈ ഗവൺമെന്റ് തുടക്കം കുറിച്ചുകൊണ്ട് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു. ആ ഏജൻസിക്ക് 25 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം കയർ വ്യവസായ മേഖലയ്ക്ക് 82 കോടി രൂപ അനുവദിച്ചു. കൈത്തറി മേഖലയ്ക്ക് 57 കോടി രൂപയും കശുവണ്ടി വ്യവസായത്തിന് 92 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇത് ഏത് കാലഘട്ടത്തിലാണ്? ഇപ്പോൾ യു.ഡി.എഫ്.-ന് ഒരു സംശയമുള്ളത് ഇങ്ങനെയൊക്കെ കോടികളുടെ കണക്ക് പറയുന്നത് പ്രാവർത്തികമാക്കുമോ എന്നാണ്. ഇത് തന്നെയായിരുന്നു കഴിഞ്ഞ ബഡ്ജറ്റ് വന്നപ്പോൾ റോഡുകളുടെ വികസനം പാലങ്ങളുടെ വികസനം ഓരോ നിയോജക

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തിലും 15 കോടി രൂപയുടെ വികസന പ്രവർത്തനമെങ്കിലും ഞാൻ പ്രഖ്യാപിക്കുന്നു എന്ന് പറഞ്ഞപ്പോൾ എവിടുന്നാണ് ഈ 15 കോടി രൂപ ലഭിക്കുന്നതെന്ന് പ്രതിപക്ഷ സുഹൃത്തുക്കൾ ചോദിച്ചു. എവിടെ നിന്ന് നടക്കാൻ പോകുന്നു എന്ന് ഇവിടെ പ്രസംഗിച്ച മാന്യന്മാരുണ്ട്. പക്ഷേ അവരുടെയൊക്കെ മണ്ഡലങ്ങളിൽ ഇപ്പോൾ ബോർഡ് വച്ചിട്ടുണ്ട്. ആ ഫ്ളക്സ് ബോർഡ് വച്ചതിലെല്ലാം അവരുടെ പടവുമുണ്ട്. ഞങ്ങളുടെ ഇന്ന റോഡ് ഒരു കോടിരൂപയ്ക്ക് പണിതു, രണ്ട് കോടിരൂപയ്ക്ക് പണിതു. 2010-ലെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഫണ്ട് ഉപയോഗിച്ച് റോഡ് പണിതു, പാലം പണിതു. ഇതിന്റെയെല്ലാം ഫ്ളക്സ് വച്ചിട്ടുണ്ട്. പക്ഷേ ഇവിടെ വന്ന് പറയുകയാണ് എവിടെയാണ് വികസനം? അന്നും വികസനത്തെ സംബന്ധിച്ചിടത്തോളം സംശയം പ്രകടിപ്പിച്ച ആളുകളാണ് യഥാർത്ഥത്തിൽ അപ്പുറത്തിരിക്കുന്ന ആളുകൾ അതുപോലെതന്നെ കാർഷിക മേഖലയെ സംബന്ധിച്ച് പറഞ്ഞു; ഞാൻ ഇന്നത്തെ മുഖ്യമന്ത്രിയോടൊപ്പം ഈ നിയമസഭയിൽ നിരാഹാരം കിടന്നയാളാണ്. അന്ന് നെല്ലിന്റെ വില ഏഴര രൂപയായിരുന്നു. പാലക്കാടൻ പാടശേഖരങ്ങളിൽ നെല്ല് കൊയ്ത് മെതിച്ച് അവിടെയിട്ട് കൊടിയും കുത്തി സമരം ചെയ്യുന്ന സമയം. അന്ന് നെല്ലിന്റെ വില അര രൂപ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അന്നത്തെ പ്രതിപക്ഷ നേതാവും ഇന്നത്തെ മുഖ്യമന്ത്രിയോടൊപ്പം 7 കക്ഷി നേതാക്കളും ഈ സഭാ കവാടത്തിൽ നിരാഹാര സമരം കിടന്നത്. അവസാനം അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ മഹാരാഷ്ട്രയിലെ ഗവർണ്ണറായിരിക്കുന്ന ശ്രീ. ശങ്കരനാരായണന്റെ മദ്ധ്യസ്ഥതയിലാണ് സമരം തീർന്നത്. അര രൂപ കൂടി വർദ്ധിപ്പിച്ചേക്കാമെന്ന് പറഞ്ഞപ്പോൾ നിരാഹാരം അവസാനിപ്പിച്ചു. ആ ഗവൺമെന്റിന്റെ കാലം കഴിഞ്ഞിട്ടും ആ അൻപതു പൈസ കൊടുക്കാത്തവരാണ് ഇവർ. പിന്നെ ആരാണ് കൊടുത്തത്? ഈ ഗവൺമെന്റ് വന്നതിന് ശേഷം. അന്ന് മുൻ ഗവൺമെന്റ് വർദ്ധിപ്പിക്കാമെന്ന് വാഗ്ദാനം നൽകിയ ആ അര രൂപ കൊടുത്തതോടൊപ്പം പടിപടിയായിട്ട് ഉയർത്തുകയും ചെയ്തു. ഒറ്റയടിക്കല്ല ഉയർത്തിയത്. ആദ്യം 8 രൂപയാക്കി, 9 രൂപയാക്കി, 10 രൂപയാക്കി, 11 രൂപയാക്കി, 12 രൂപയാക്കി; ഈ ബഡ്ജറ്റിൽ 14 രൂപയാക്കി പ്രഖ്യാപിച്ചു. അപ്പോഴും കേന്ദ്ര ഗവൺമെന്റിന്റേത് 10 രൂപയാണ്. എന്നിട്ട് നമ്മുടെ പ്രതിപക്ഷ സുഹൃത്തുക്കൾ വേറെ ഒരു ന്യായം കൂടി പറയുകയാണ് അരിയുടെ വിലയെത്രയാണ്? അരിയുടെ വില എത്രയാണെന്ന് നിങ്ങൾ ഡൽഹിയിൽ പോയി ചോദിക്കണം. ഇവിടത്തെ വില ചോദിച്ചിട്ട് അവിടെ പോയി ചോദിക്കണം. അപ്പോൾ അവിടെയാണോ ഇവിടെയാണോ കൂടുതൽ എന്ന് അറിയാം. ആരാണ് അരിയുടെ വില വർദ്ധിപ്പിക്കാൻ ഇടയാകുന്ന സാഹചര്യം ഉണ്ടാക്കിയത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണോ? അല്ലായല്ലോ കേന്ദ്രത്തിലെ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുന്ന ശ്രീ. പ്രണാബ് കുമാർ മുഖർജി പറയുന്നു എന്റെ കൈവശം അലാവുദ്ദീനും അത്ഭുതവിളക്കും ഇല്ലെന്ന്. ആരാണ് പറയുന്നത്? പ്രണാബ് കുമാർ മുഖർജിയാണ്. നിങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രിയാണ് പറയുന്നത്.അദ്ദേഹം പറഞ്ഞതല്ലേ വില കുറയ്ക്കുന്നതിനെ സംബന്ധിച്ച് കമ്മിറ്റി കൂടുക, ചായകുടിക്കുക ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ പിതിയുക. അപ്പോഴൊക്കെ പറയുകയാണ് വില നിയന്ത്രിക്കാൻ വേണ്ടിയാണ്. കേന്ദ്രധനമന്ത്രി പറയുന്നു വില നിയന്ത്രിക്കുന്നതിന് എന്റെ കൈവശം അലാവുദ്ദീനും അത്ഭുതവിളക്കുമില്ല എന്ന്. ആഗോള തലത്തിലുള്ളതാണ് ഈ വില വർദ്ധനവെന്ന് പറയുന്നതിനോടൊപ്പം നെല്ലിന്റെ വില 16 രൂപ ആക്കുമെന്നാണ് നമ്മുടെ പ്രധാനമന്ത്രി പറയുന്നത്. ഇവിടെ അരിയുടെ വില എത്രയാണ്? ഞങ്ങൾ വേറെ പല സംസ്ഥാനങ്ങളിലും പല കാര്യങ്ങൾക്കും പോയി. അവിടെ അന്വേഷിക്കുമ്പോൾ, തണ്ണിമാകേന്ദ്രമായ ഡൽഹിയിൽ അരിയുടെ വില ഇവിടുത്തേക്കാൾ രണ്ടു രൂപ കൂടുതലാണ്

ചെയർപേഴ്സൺ: അങ്ങേക്ക് അനുവദിച്ച സമയം തീർന്നു.

ശ്രീ. എ. എ. അസീസ്: എന്നിട്ട് 40 ലക്ഷം ആളുകളെയാണ് ഇപ്പോൾ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ റേഷൻ കടകളിൽ നിന്ന് റേഷൻ വാങ്ങുന്നവരുടെ എണ്ണം നമ്മുടെ കേരളത്തിൽ 70 ലക്ഷമാണ്. 50 ലക്ഷം ആളുകളുടെ കയ്യിൽ ഇരിക്കുന്നത് നീല കാർഡാണ്. 20 ലക്ഷം ആളുകളുടെ കയ്യിലിരിക്കുന്നത് ചുവന്ന കാർഡാണ്. ചുവന്ന കാർഡിന് ബി.പി.എൽ. എന്നുപേരിട്ടു. മറ്റേ കാർഡിന് എ.പി.എൽ. എന്നും പേരിട്ടു. ആരാണ് പേരിട്ടത്? ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണോ? ബി.പി.എൽ., എ.പി.എൽ. തരംതിരിക്കുന്ന കാലഘട്ടത്തിൽത്തന്നെ 20 ലക്ഷം ആളുകൾക്ക് ഇവിടെ സൗജന്യ നിരക്കിൽ അരിയും ഭക്ഷ്യസാധനങ്ങളും വിതരണം നടത്തുമ്പോൾ 10 ലക്ഷമേയുള്ളുവെന്ന് കേന്ദ്രം പറഞ്ഞു. കേന്ദ്രത്തിന്റെ കണക്കനുസരിച്ച് 10 ലക്ഷമേയുള്ളൂ. കേന്ദ്രത്തിന്റെ കണക്കനുസരിച്ചുള്ള 10 ലക്ഷം ആളുകൾക്കാണ് ഈ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് മൂന്നുരൂപയ്ക്ക് അരി കൊടുക്കുമെന്ന് പറഞ്ഞത്. മൂന്നുരൂപയ്ക്ക് അരി കൊടുത്തില്ല. മൂന്നുരൂപയ്ക്ക് മൂന്നുദിവസം അരി കൊടുത്തു. അതിന്റെ കാശ് കൊടുത്തത് ആരാണ്? ഈ ഗവൺമെന്റ്. ഇവിടെ ഇപ്പോൾ 20 ലക്ഷം ബി.പി.എൽ. വിഭാഗക്കാരെ യഥാർത്ഥത്തിൽ 40 ലക്ഷമാക്കി ഉയർത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനുള്ള നടപടിയാണ് നടന്നുവരുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്നുവെന്നാണ് ആരോപണം. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി റേഷൻ കടകൾവഴി മനുഷ്യന് ദൈനംദിനം ആവശ്യമായിട്ടുള്ള 13 ഇനം നിത്യോപയോഗ ഭക്ഷ്യ ധാന്യങ്ങൾ ന്യായ വിലയ്ക്ക് വിതരണം നടത്തുമെന്നതാണ് ഈ ബഡ്ജറ്റിലെ പ്രഖ്യാപനം.

ചെയർപേഴ്സൺ: ശ്രീ. എ. എ. അസീസ് അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. എ. അസീസ്: യാതൊരു സംശയവും വേണ്ട. ഞാൻ അവസാനിപ്പിക്കാം. ഇപ്പോൾ ഇവർ പറയുന്നത് കേട്ടാൽതോന്നും ഇവരാണ് ഇനി വരാൻ പോകുന്നതെന്ന്. ഇനി ഇപ്പോൾ ഉടൻ നടപ്പാകുമോ? ശ്രീ. എം. ഉമ്മറിന്റെ പ്രസംഗത്തിൽ ഞാൻ കേട്ടത് ഇനിയൊരിക്കലും എൽ.ഡി.എഫ്. വരില്ലെന്ന നിലയിലുള്ള പ്രഖ്യാപനമായിരുന്നു. എന്നുപറഞ്ഞാൽ പണ്ടൊരിക്കൽ ശ്രീ. എ. കെ. ആന്റണി പറഞ്ഞതാണ്. ഈ കമ്യൂണിസ്റ്റുകാർ 100 വർഷത്തേക്ക്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വരില്ലെന്ന്. ഇപ്പോൾ ശ്രീ. എം. ഉമ്മർ കണ്ട ന്യായമെന്ന് പറഞ്ഞാൽ ഇനിയൊരിക്കലും അധികാരത്തിൽ വരികയില്ലെന്നാണ്. പക്ഷേ എന്ത് ചെയ്യാനാണ്? ആ മനക്കോട്ടകളെല്ലാം ഒന്നിനുപുറകേ ഒന്നായി തകർന്നുകൊണ്ടിരിക്കുകയാണ്. രണ്ടുകോട്ടകളും പൊളിഞ്ഞില്ലേ? രണ്ട് വൻമതിലുകളല്ലേ ഇടിഞ്ഞുവീണത്.

ചെയർപേഴ്സൺ: ശ്രീ. എ. എ. അസീസ് അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എ. എ. അസീസ്: കട്ടവൻ കുറ്റക്കാരനല്ല. കണ്ടുപിടിച്ചവൻ കുറ്റക്കാരനാണെന്ന ന്യായവാദമാണ് ഇപ്പോൾ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നുള്ളത്.

ചെയർപേഴ്സൺ: ശ്രീ. എം. ഹംസ അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. എ. എ. അസീസ്: കോടതി ശിക്ഷിക്കുന്നവരെ മാലയിട്ട് സ്വീകരിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. എം. ഹംസ അങ്ങേക്ക് പ്രസംഗം ആരംഭിക്കാം.

ശ്രീ. എ. എ. അസീസ്: കുറ്റക്കാരനല്ലായെന്ന് പറഞ്ഞാൽ കുറ്റക്കാരനല്ലാതായി മാറുമോ? കോടതി നമുക്ക് അനുകൂലമായി വിധി പറഞ്ഞില്ലെങ്കിൽ കോടതിക്ക് എതിരായി വർത്തമാനം പറഞ്ഞാൽ അതിനുള്ള ന്യായം എന്താണ്? അതാണ് ഇവിടെ നടക്കുന്നത്.

ചെയർപേഴ്സൺ: ശ്രീ. എ. എ. അസീസ് പ്രസംഗം അവസാനിപ്പിക്കണം. ശ്രീ. എം. ഹംസ.....

ശ്രീ. എ. എ. അസീസ്: ഇത്തരത്തിൽ നടത്തുന്ന ഈ പ്രചരണം കൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. നിങ്ങൾ ഒരുകാരണവശാലും ഈ സംസ്ഥാനത്ത് വീണ്ടും അധികാരത്തിൽ വരാൻ പോകുന്നില്ല. ആ വെള്ളം വാങ്ങിവച്ചേക്കൂ. ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് അധികാരത്തിൽ വരാൻ പോകുന്നത്. ഇപ്പോൾ ലീഗുകാരെല്ലാം മനക്കോട്ട കെട്ടിയിരുന്നതാണ്. ആരാണ് നിങ്ങളുടെ നേതാവെന്ന് ചോദിച്ചാൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണെന്ന് പറയാനുള്ള ധൈര്യം ലീഗുകാർക്കുണ്ടോ; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തെരഞ്ഞെടുപ്പിൽ മൽസരിക്കുമെന്ന് അസന്നിഗ്ധമായി പറയാൻ കഴിയുമോ? എന്നാൽ നിങ്ങളുടെ കോട്ടയും സ്വപ്നവും പൊളിയും. ആ നിലയിൽ എത്തിയിരിക്കുകയാണ്. അതുകൊണ്ട് ആ മനഃകോട്ടയുമായി മുന്നോട്ടുപോകണ്ട. പഞ്ചായത്ത് ഇലക്ഷൻ കണ്ട്, ലോക്സഭാ തെരഞ്ഞെടുപ്പ് കണ്ട് നിങ്ങളുടെ മനംമാറി വലിയൊരു സാധ്യതയുമായി ഞങ്ങളാണ് ഇനി വരാൻ പോകുന്നതെന്ന പ്രഖ്യാപനത്തോടെ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: സർ, 2011-12 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് നടത്തിയ പ്രസംഗത്തെയും ആ ബഡ്ജറ്റിന്റെ പൂർണ്ണമായ ഉള്ളടക്കത്തെയും ഞാൻ സ്വാഗതം ചെയ്യുകയാണ്, അനുകൂലിക്കുകയാണ്. നിയമസഭയ്ക്കകത്ത് ജനങ്ങളുടെ വികാരങ്ങൾ പ്രതിഫലിപ്പിക്കേണ്ട ഒരു ജനപ്രതിനിധിയെന്ന നിലയ്ക്ക് ഈ ബഡ്ജറ്റിനെ അനുകൂലിക്കാതിരിക്കാനാവില്ല. എന്നാൽ പ്രതിപക്ഷമെന്ന നിലയിൽ അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ അനുകൂലിക്കാൻ കഴിയാതെ പോകുന്നത് തികച്ചും സാങ്കേതികം മാത്രമാണ്. മാത്രമല്ല ഇതിനെ എതിർത്തുകൊണ്ട് പ്രസംഗിച്ച ശ്രീ. ആര്യാടൻ മുഹമ്മദിനുപോലും എതിർപ്പുകൾ മനസ്സിൽനിന്നല്ല വരുന്നത്. തികച്ചും വാചകങ്ങളിലൂടെ എതിർപ്പ് പ്രകടിപ്പിക്കാൻവേണ്ടി അദ്ദേഹത്തിന് വല്ലാത്ത പ്രയാസമാണ് അനുഭവപ്പെട്ടത്. എല്ലാ വിഭാഗം ജനങ്ങളുടേയും പിന്തുണയുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ച ഡോ. തോമസ് ഐസക്കിനെ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന നല്ല പ്രതികരണത്തോടെതന്നെ കേരളത്തിലെ ജനങ്ങൾക്കെല്ലാം വേണ്ടി ഞാനും ഈ നിയമസഭയിൽ അദ്ദേഹത്തെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇന്ത്യാ രാജ്യം ലോകത്തിന്റെ മുമ്പിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടുതന്നെ പോകുന്നുവെന്നത് സത്യമാണ്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കാൻ തീരുമാനിച്ച പല പദ്ധതികളും നടപ്പാക്കാൻ അനുവദിക്കാതിരിക്കുകയും ഇടതുപക്ഷ പിന്തുണയോടുകൂടി തടഞ്ഞുവയ്ക്കുകയും ചെയ്തതുകൊണ്ട് ഇന്ത്യയ്ക്ക് ലോകത്തിന്റെ മുമ്പിൽ അഭിമാനത്തോടുകൂടി നിൽക്കാൻ കഴിഞ്ഞു. ലോകം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലാണ്. അത്തരമൊരു സന്ദർഭത്തിൽ ഇന്ത്യയും വലിയ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുമ്പോൾ കേരളത്തിന്റെ സമ്പദ്ഘടന മികവുറ്റതാക്കാൻ നടത്തിയ ഒരു ജനപക്ഷ സാമ്പത്തിക നയത്തിന്റെ വളരെ വിദഗ്ദ്ധമായ പ്രയോഗത്തിന്റെ വിജയമാണ് ഇന്ന് കേരളത്തിലെ മുന്നുകോടി ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മുന്നുകോടി ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നേട്ടം ചെറുതല്ല. നോക്കൂ. ഇവിടെ ഇന്ത്യയിലെ ജനങ്ങളാകെ സാമ്പത്തികമായി വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയും ക്രയശേഷി കുറയുകയും ചെയ്യുമ്പോൾ, ജീവിക്കാൻ വളരെയധികം ബുദ്ധിമുട്ടുമ്പോൾ, കൃഷിക്കാരൻ ആത്മഹത്യ ചെയ്യുമ്പോൾ ധനകാര്യ വകുപ്പുമന്ത്രിയും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരും കേരളത്തിലെ ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാനാവശ്യമായിട്ടുള്ള രൂപത്തിലുള്ള ഇടപെടൽ നടത്തി. ജനങ്ങൾക്കിടയിലേക്ക് പണം പമ്പ് ചെയ്യുകയെന്നതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സാമ്പത്തിക നയം. 2001-06 വർഷം യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ അന്ന് സർക്കാർ ആകെ ചെലവഴിച്ചത് 53 ശതമാനമാണെങ്കിൽ ഇപ്പോൾ സർക്കാർ ചെലവ് 100 ശതമാനമായി ഉയർത്തി. സർക്കാരിന്റെ പണം വലിയ തോതിൽ വർദ്ധിപ്പിക്കാൻ ചെലവ് വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങൾക്കിടയിലേക്ക് പണം പമ്പുചെയ്ത് ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള പരിശ്രമമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയത്. അതാണ് കേരളത്തിന്റെ സമ്പദ്ഘടനയിലുണ്ടായ മാറ്റത്തിന് ഒരു കാരണം. ഇവിടെയൊന്നും നടക്കുന്നില്ലെന്ന് പറയുന്ന ആളുകളോട് പറയാനുള്ളത് 2005-06 വരെ യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ കേരളത്തിലാകെ ചെലവഴിച്ചത് 19,528 കോടി രൂപയാണ്. എന്നാൽ 2006-2011-ൽ അത് 39,790 കോടി രൂപയായി. അതാണ് കേരളത്തിന്റെ വികസനത്തിന്റെ ചരിത്രം. ഈ വികസന ചരിത്രത്തിൽ ഇത്രയുമധികം പണം ചെലവഴിച്ച ഒരു ഗവൺമെന്റ് വേറെയില്ല. മൂലധനച്ചെലവിലും വലിയ തോതിൽ വർദ്ധനവുണ്ടായി.

LIBRARY-ARCHIVES Kerala Legislative Assembly

5.65 ശതമാനം മൂലധനച്ചെലവാണ് യു.ഡി.എഫ്. ഭരിക്കുന്ന കാലത്തുണ്ടായത്. ഇപ്പോൾ മൂലധനച്ചെലവ് 12.51 ശതമാനമായി ഉയർന്നു. കമ്മിയും താഴ്ത്താൻ കഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ റവന്യൂ വരുമാനത്തിന്റെ 28.5 ശതമാനമായിരുന്നു കമ്മിയെങ്കിൽ ഇപ്പോൾ അത് 15.5 ശതമാനമായി താഴ്ന്നു. ഇങ്ങനെ ട്രഷറി പൂട്ടാതെ വളരെ നന്നായി സാമ്പത്തിക മാനേജ്മെന്റ് നടക്കുമ്പോഴും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പ്രണാബ്കുമാർ മുഖർജി കഴിഞ്ഞ ദിവസം ചില കണക്കുകൾ വ്യക്തമാക്കിപറഞ്ഞത് ദൗർഭാഗ്യകരമെന്നാണ്. ഇന്നലത്തെ മലയാള മനോരമ പത്രത്തിൽ ഇന്ത്യയുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചുള്ള ഒരു കണക്ക് വന്നു. മലയാള മനോരമ പത്രത്തിൽ ധനകാര്യ വകുപ്പു മന്ത്രിപോലും പറയുന്നത് ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി ദൗർഭാഗ്യകര മാണെന്നാണ്.

നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട് മുൻ വർഷം വ്യവസായിക മേഖലയിൽ 18% ആണ് വളർച്ചയുണ്ടായത്. 2.00PM] എന്നാൽ 2010 ഡിസംബർ വരെയുള്ള ഇന്ത്യയുടെ വ്യാവസായിക വളർച്ച 1.6% ആയി താഴ്ന്നു. അത് മലയാള മനോരമ പത്രത്തിൽ തന്നെ വന്ന വാർത്തയാണ്. മുൻ വർഷം വ്യാവസായിക ഉൽപ്പാദനം 19.6% ആയിരുന്നത് ഈ വർഷം 1% ആയി ചുരുങ്ങി. മൂലധന ഉൽപ്പാദനമേഖല ഇന്ത്യയിൽ മുൻ വർഷം 42.9% ഉണ്ടായിരുന്നത് ഇത്തവണ 13.7% ആയി താഴ്ന്നു. ഇന്ത്യയിൽ വൈദ്യുതി ഉൽപ്പാദനത്തിൽ മാത്രമാണ് നാമമാത്രമായ നേട്ടം ഉണ്ടായത്. വൈദ്യുതി മേഖലയിൽ 5.4%-ൽ നിന്ന് വളർച്ചാനിരക്ക് 6%-ലേക്ക് ഉയർന്നു. ഇതാണ് ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി. ആ സമയത്താണ് ഇവിടെ നിക്ഷേപങ്ങൾ വരുന്നില്ല, ഇവിടെ മൂലധന നിക്ഷേപം നടത്തുന്നില്ല, ഇവിടെ ഒന്നും നടത്തുന്നില്ലായെന്ന് ബഹുമാന്യരായ ചില പ്രതിപക്ഷ സുഹൃത്തുക്കൾ പറഞ്ഞത്. ആ സമയത്ത് ഇന്ത്യാ രാജ്യത്തേക്ക് കഴിഞ്ഞ വർഷം വന്ന വിദേശ നിക്ഷേപം 2500 കോടി ഡോളർ ആയിരുന്നു. ഇപ്പോൾ ഇതേ സമയത്ത് വിദേശ നിക്ഷേപം 1900 കോടി ഡോളർ ആണ്. ഇന്ത്യയിലേക്ക് വരുന്ന വിദേശ നിക്ഷേപംപോലും കുറയുന്ന ഏറ്റവും ബുദ്ധിമുട്ടേറിയ ഒരു സാമ്പത്തിക കാലാവസ്ഥയിൽ മികവുറ്റ ഒരു സാമ്പത്തിക മാനേജ്മെന്റിലൂടെ കേരളത്തിന്റെ സമ്പദ്ഘടനയെ മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്നതാണ് ജനപക്ഷ സാമ്പത്തിക നയം നടപ്പാക്കിയതിന്റെ വിജയം എന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രവർത്തകർക്ക് മാത്രമല്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സ്നേഹിക്കുന്നവർക്കും എല്ലാ ജനങ്ങൾക്കും അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. ഇതാണ് കേരളത്തിന്റെ സ്ഥിതി. കേരളത്തിന്റെ വികസന ചരിത്രത്തിലെ പിന്നിട്ട അമ്പത്തിയേഴ് മാസക്കാലം വളരെ ആവേശകരമായ ഒരു കാലഘട്ടമാണ്. കേരളത്തിന്റെ വികസനരംഗത്തുണ്ടായിട്ടുള്ളത് വളർച്ചയാണ്. 1535 കിലോമീറ്റർ ആയിരുന്ന 9 ദേശീയ പാതകൾ ഇപ്പോൾ 1663 കിലോമീറ്റർ ആയി ഉയർത്തി. ജില്ലാ റോഡ് 883 കിലോമീറ്റർ ആയി ഉയർത്തി. സംസ്ഥാനപാത 151 കിലോമീറ്റർ ആയി പുതുതായി ഉയർത്തി. 29 പുതിയ പാലങ്ങൾ നിർമ്മിച്ചു. 303 കൾവർട്ടുകൾ നിർമ്മിച്ചു. ഈ 57 മാസക്കാലം വികസന രംഗത്ത് ആവേശകരമായ കുതിപ്പായിരുന്നു. അങ്ങനെ പുതിയ സാങ്കേതികവിദ്യ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്തിക്കൊണ്ട്, കേരളത്തിലെ കോൺട്രാക്ടർമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും രാഷ്ട്രീയക്കാരായ ഒരുപറ്റം ആളുകളുടെയും കൂട്ടുകെട്ടിനെ വെല്ലുവിളിച്ചുകൊണ്ട് അഴിമതിരഹിതമായിട്ടുള്ള ഭരണം നടത്തിയതിന്റെ മികവാണ് വികസനരംഗത്ത് ഇങ്ങനെയൊരു നേട്ടം ഉണ്ടാക്കിയത്. സാങ്കൽപ്പിക ലോകത്താണ് ധനകാര്യ വകുപ്പുമന്ത്രിയെന്ന് ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന ചില സുഹൃത്തുക്കൾ പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി സാങ്കൽപ്പിക ലോകത്തല്ല മനുഷ്യസമൂഹത്തിന് സാദ്ധ്യമല്ലായെന്ന് കരുതിയത് പലതും സാദ്ധ്യമാക്കാൻ കേരളത്തിന് കഴിഞ്ഞു. മനുഷ്യസമൂഹത്തിന് സാദ്ധ്യമല്ലായെന്ന് പറഞ്ഞ പല കാര്യങ്ങളും ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചപ്പോൾ നടപ്പാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. ഒരു ജില്ലയിലെ മുഴുവൻ പാവപ്പെട്ടവർക്കും, കാട്ടിലും നാട്ടിലും താമസിക്കുന്ന എല്ലാവർക്കും വൈദ്യുതി എത്തിക്കാൻ കഴിയുമെന്ന് ആരെങ്കിലും സ്വപ്നം കണ്ടോ. സ്വപ്നം കാണുന്നവരെ മണ്ടന്മാർ എന്ന് പലരും വിളിച്ചില്ലേ. എന്നാൽ ഈ കേരളം അത് യാഥാർത്ഥ്യമാക്കി. ആദ്യമായി പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തി. രണ്ടാമത് തൃശൂർ ജില്ലയെത്തി. മൂന്നാമത് കോഴിക്കോട് ജില്ലയുമെത്തി. ഇന്ത്യാ രാജ്യത്ത് കേരളം മാത്രം സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ മൂന്ന് ജില്ലകൾ സൃഷ്ടിക്കുമ്പോൾ അസാദ്ധ്യമായത് സാദ്ധ്യമാക്കാൻ വേണ്ടി കഴിഞ്ഞത് കേരളത്തിലാണെന്ന് കേരളം പ്രഖ്യാപിച്ചില്ലേ. ഈ ബഡ്ജറ്റിൽ ഇന്ന് പറയുന്ന പല കാര്യങ്ങളും അസാദ്ധ്യമെന്ന് പ്രതിപക്ഷം പറഞ്ഞേക്കാം. അസാദ്ധ്യമെന്ന് യു.ഡി.എഫ്. പറഞ്ഞേക്കാം. അവർക്ക് ജനങ്ങളുടെ വികാരം അറിയില്ല. ജനങ്ങളുടെ വേദന അറിയില്ല. ജനങ്ങളുടെ വിഷമം അറിയില്ല. ജനങ്ങളുടെ വേദനയും വിഷമവും അറിയുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അസാദ്ധ്യമെന്ന് പറയുന്ന പലതും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ സാദ്ധ്യമാക്കലിന്റെ ചരിത്രമാണ് ഇടതുപക്ഷത്തിന്റെ ചരിത്രം. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം പണ്ട് കമ്മ്യൂണിസ്റ്റുകാർ ഉയർത്തിയപ്പോൾ, അത് ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ മുദ്രാവാക്യം ആയപ്പോൾ അത് അസാദ്ധ്യമെന്ന് പറഞ്ഞു. അത് ഈ കേരളത്തിൽ നടപ്പാക്കി. എല്ലാവർക്കും വിദ്യാഭ്യാസം എന്നത് ഇവിടെ ഉയർത്തിപ്പിടിച്ചപ്പോൾ അവർക്ക് ഭ്രാന്താണെന്ന് പറഞ്ഞു. അത് സാദ്ധ്യമാക്കി. ഇതാ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ച ആറാമത്തെ ബഡ്ജറ്റിൽ സാദ്ധ്യമല്ലായെന്ന് പറയുന്നത് സാദ്ധ്യമാക്കാൻ വേണ്ടിയുള്ള നീക്കങ്ങളാണ് നടക്കുന്നത്. ഇവിടെ നോക്കൂ, റെയിൽവേ രംഗത്ത് വികസനത്തിനു വേണ്ടി കേരളത്തിലെ സർക്കാർ ഒരുപാട് കാര്യങ്ങൾ ചെയ്തു. ആവശ്യമായിട്ടുള്ള ഭൂമി മുഴുവൻ എടുത്തുകൊടുക്കാനുള്ള തീരുമാനമെടുത്തു. ഞാൻ പാലക്കാട് ജില്ലയിൽ നിന്നും വരുന്ന ഒരു ജനപ്രതിനിധിയാണ്. പാലക്കാട് ജില്ലക്കാരെയും കേരളക്കാരെയും എത്ര തവണയാണ് യു.ഡി.എഫ്.-കാർ, കോൺഗ്രസ്സുകാർ പറ്റിച്ചത്. കോച്ച് ഫാക്ടറി തരാമെന്ന് പറഞ്ഞ് പറ്റിച്ചില്ലേ? ഇപ്പോൾ ഭൂമിയെടുത്തു കൊടുത്താൽ കോച്ച് ഫാക്ടറി തരുമെന്ന് പറഞ്ഞു. ഇന്ത്യൻ പ്ലാനിംഗ് ബോർഡ് പോലും അംഗീകരിച്ചു. കോച്ച് ഫാക്ടറി ഇപ്പോഴുമില്ല. കേരളത്തിന്റെ ഖജനാവിലെ പണം ഉപയോഗിച്ചു കൊണ്ട് 600 ഏക്കറോളം വരുന്ന ഭൂമി റെയിൽവേയ്ക്ക് കൊടുത്തിട്ടും കോച്ച് ഫാക്ടറി ഇല്ല. എങ്കിലും കേരളത്തിന്റെ വികസനത്തിനുവേണ്ടി വല്ലാർപാടം ടെർമിനൽ, അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ കണ്ണൂരിലെ വിമാനത്താവളം, പാലക്കാട്ട് കോച്ച് ഫാക്ടറി എന്നിവയ്ക്കെല്ലാം ആവശ്യമായിട്ടുള്ള ഭൂമി എടുത്തുകൊടുത്തുകൊണ്ട് കേരളത്തിന്റെ വികസനത്തിന്റെ പുതിയ ചക്രവാളങ്ങൾ തീർക്കാൻ ഇടപെടുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയെയും ഒരു ഗവൺമെന്റിനെയും ഈ കേരളത്തിൽ കാണുകയാണ്. വ്യാവസായിക മേഖലയെ സംബന്ധിച്ച് പറയുമ്പോൾ പൊതുമേഖലയ്ക്ക് എഫിഷ്യൻസി ഇല്ല, അത് താപ്പാനകളുടേതാണെന്ന് പറയുമ്പോൾ, അല്ല, അത് താപ്പാനകളുടേത് അല്ല, അത് എഫിഷ്യൻസി ഉള്ളതാണെന്ന് ഇന്ത്യാ രാജ്യത്തോട് വിളിച്ചുപറയാൻ ഒരു സംസ്ഥാനമുണ്ട്. ആ സംസ്ഥാനത്തിന്റെ പേരാണ് കേരളം. പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തന്നെ ആരംഭിക്കാത്ത കാലത്തും പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാനും പുതുതായി അഞ്ചെണ്ണം ആരംഭിക്കാനും തീരുമാനിച്ചത് ഈ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. അങ്ങനെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം പോലെ നമുക്ക് എന്തുകൊണ്ട് സ്വകാര്യ മേഖലയിലും ലാഭം ഉണ്ടാക്കിക്കൊണ്ട് വ്യവസായികമേഖലയെ മൊത്തത്തിൽ ലാഭത്തിലാക്കാമെന്ന ചിന്ത കേരളത്തിലുണ്ടാക്കിയെടുക്കാനുള്ള മാർഗ്ഗങ്ങൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.ടി. രംഗത്ത് നാം പിറകോട്ടുപോകുന്നുവെന്ന് ഇവിടെ പറഞ്ഞവരോട് ചോദിക്കട്ടെ, അമ്പത്തിയേഴ് മാസക്കാലം കൊണ്ട് ഇവിടെ നമുക്ക് ഉണ്ടായിട്ടുള്ള നേട്ടം എന്താണ്? യു.ഡി.എഫ്. ഭരിക്കുന്ന സന്ദർഭത്തിൽ 330 ഏക്കർ സ്ഥലം മാത്രമാണ് ഐ.ടി. മേഖലയ്ക്ക് ഉണ്ടായിരുന്നത്. ഇപ്പോൾ 57 മാസം പിന്നിട്ടപ്പോൾ 2261 ഏക്കർ ഭൂമി ഐ.ടി. മേഖലയ്ക്ക് നീക്കിവക്കാനുള്ള ഭൂമി കണ്ടെത്താൻ കേരള ഗവൺമെന്റിന് കഴിഞ്ഞു. ഇൻഫോപാർക്കിന് 32 ലക്ഷം സ്ക്വയർ ഫീറ്റാണ് എൽ.ഡി.എഫ് ഗവൺമെന്റ് വരുമ്പോൾ ഉണ്ടായിരുന്നത്. 51 ലക്ഷം സ്ക്വയർ ഫീറ്റിലേക്ക് ഇൻഫോ പാർക്ക് ഉയർന്നു. ലക്ഷക്കണക്കിന് ആളുകൾക്ക് ഐ.ടി. മേഖലയിലേക്ക് കടന്നുവരാനും ജോലി കൊടുക്കാനുമൊക്കെ കഴിയുന്ന അവസ്ഥയിലേക്ക് കേരളത്തെ എത്തിക്കാൻ കഴിഞ്ഞു. അഞ്ച് ലക്ഷം പേർക്ക് വീടും പന്ത്രണ്ട് ലക്ഷം പേർക്ക് കുടിവെള്ളവും എല്ലാവർക്കും വെളിച്ചവും വിലക്കയറ്റം നിയന്ത്രിക്കാനുള്ള പദ്ധതികളും തയ്യാറാക്കിക്കൊണ്ട് ഇതാ കേരള ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് ചരിത്രത്തിലെ ഉജ്ജ്വലമായ ഒരു ബഡ്ജറ്റാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന ഓരോ നിമിഷങ്ങളും, ഓരോ പ്രഖ്യാപനങ്ങൾ കേൾക്കുമ്പോൾ നെഞ്ചത്ത് അടികൊണ്ടതുപോലെയായിരുന്നു പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള പ്രതിപക്ഷ അംഗങ്ങൾ നിന്നത്. ഇതാ ഈ കേരളം മാറുകയാണ്, മാറ്റത്തിന്റെ കാഹളധ്വനിയാണ് കേൾക്കുന്നത്. അഞ്ച് കൊല്ലം എൽ.ഡി.എഫ്., അഞ്ച് കൊല്ലം യു.ഡി.എഫ്. ഇതാണ് കേരളത്തിന്റെ ചരിത്രമെന്നും സ്വാഭാവികമായ ചരിത്രമായി അത് മാറുമെന്നും യു.ഡി.എഫ്.-കാർ ധരിക്കുന്നുവെങ്കിൽ ഇതാ മാറാൻവേണ്ടി പോകുകയാണ്. നാറാണത്തുഭ്രാന്തനെ പോലെയല്ല കേരളമെന്ന് പ്രഖ്യാപിക്കാൻ വേണ്ടി പോകുകയാണ്. കേരളത്തിൽ വികസനത്തിന്റെ അടിത്തറയുണ്ടാക്കാൻ ഇടതുപക്ഷം എക്കാലത്തും പരിശ്രമിച്ചു. പിന്നീട് യു.ഡി.എഫ് വന്നു. ആ അടിത്തറ

LIBRARY ARCHIVES Kerala Legislative Assembly

തകർത്തു. ഇനി ഞങ്ങൾ വികസനത്തിന്റെ അടിത്തറ തകർക്കാൻ അനുവദിക്കില്ലെന്ന് കേരളം പ്രഖ്യാപിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ മറ്റൊരു അഞ്ച് കൊല്ലം കൂടി ഭരിച്ചാൽ മാത്രമാണ് കേരളം നാറാണത്ത് ഭ്രാന്തന്റെ കേരളം അല്ലാതായി മാറുക. അതുകൊണ്ട് കേരളത്തിന്റെ വികസനത്തിന്റെ അടിത്തറ കുറിക്കാൻ ഇതാ ഞങ്ങൾ മുന്നോട്ട് എന്ന് പ്രഖ്യാപിക്കാൻ കഴിയുന്ന ഒരു നല്ല നാളിലേയ്ക്ക് ഇതാ ചരിത്രം പുതുക്കിയെഴുതാൻ പോകുന്ന ഒരു അവസ്ഥാവിശേഷം സൃഷ്ടിക്കാൻ പോകുന്ന ഒരു കാലഘട്ടത്തിന്റെ കാഹളധ്വനിയുമായിട്ടാണ് ബഹുമാനപ്പെട്ട ഡോ.തോമസ് ഐസക് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു. ഈ ബഡ്ജറ്റ് പാസാക്കിക്കൊണ്ട് കേരളത്തിൽ ഒരു പുത്തൻ യുഗത്തിന്റെ ചക്രവാളം കുറിക്കാൻ കഴിയുന്ന ഒരു ദിശയിലേക്ക് കേരളം മുന്നോട്ട് പോകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ടി. ജലീൽ : സർ, 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് ഡോ. തോമസ് ഐസക് ഈ സഭയിൽ അവതരിപ്പിച്ച ബജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ചെകുത്താനും കടലിനുമിടയ്ക്ക് നിന്നുകൊണ്ടാണ് ഡോ. തോമസ് ഐസക് 2011-12 വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. ഒരുഭാഗത്ത് ആഗോളമാന്ദ്യം ഉയർത്തുന്ന ഭീഷണി, മറുഭാഗത്താകട്ടെ തീവ്ര വലതുപക്ഷ പിന്തിരിപ്പൻ സാമ്പത്തികനയം സൃഷ്ടിച്ച ആശങ്ക. ഇവയ്ക്കുനടുവിൽ നിന്നുകൊണ്ടാണ് ഡോ. തോമസ് ഐസക് ബജറ്റ് അവതരിപ്പിച്ച് വിജയം കണ്ടിരിക്കുന്നത്. യു.ഡി.എഫ്-ന്റെ ഭാഗത്തുള്ള ആളുകൾ പറഞ്ഞത് ഈ ബജറ്റിലുള്ളത് നടപ്പിലാക്കുവാനുള്ള വാഗ്ദാനങ്ങളല്ല എന്നാണ്. യു.ഡി.എഫ്. അധികാരത്തിൽ വരും എന്ന ശുഭാപ്തി വിശ്വാസം അവർ പങ്കുവയ്ക്കുന്നത് കേട്ടു. യു.ഡി.എഫ്. മന്ത്രിസഭയുണ്ടാക്കുക കേരളത്തിലല്ല കേരളത്തിലെ ഏതെങ്കിലും ഒരു പ്രധാനപ്പെട്ട ജയിലിലാകും തീർച്ചയായും അവിടെ ഒരു മന്ത്രിസഭ അവർക്ക് രൂപീകരിക്കേണ്ടിവരും. കേരളത്തിൽ ഇടതുപക്ഷ മുന്നണി മന്ത്രിസഭയുണ്ടാക്കുകയും 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഓരോന്നോരോന്നായി നടപ്പിലാക്കി ചരിത്രം സൃഷ്ടിക്കുകയും ചെയ്യും. കേരളം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഒരിക്കലും സ്വപ്നം കാണാൻപോലും കഴിയാത്ത വിധത്തിലേക്കാണ് മാറിയത്. കഴിഞ്ഞ അഞ്ചു വർഷം അതിന്റെ മുമ്പുള്ള വർഷത്തേക്കാൾ ഒമ്പത് ശതമാനം വേഗത്തിലാണ് വളർച്ച രേഖപ്പെടുത്തിയത്. 2006 മുതൽ 2011 വരെയുള്ള അഞ്ചു വർഷക്കാലയളവിൽ വികസന പ്രവർത്തനങ്ങളുൾപ്പെടെ സർക്കാരിന്റെ ചെലവ് 100 ശതമാനത്തിലധികം വർദ്ധിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. കേരളത്തിന്റെ പൊതുകടം വർദ്ധിച്ചുവെന്ന ആക്ഷേപം ഇവിടെ ഉയർത്തപ്പെടുകയുണ്ടായി. യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ 46000 കോടി രൂപയുണ്ടായിരുന്ന പൊതുകടം ഈ സർക്കാർ അധികാരത്തിൽ നിന്ന് പോകുന്നതിന്റെ തൊട്ടുമുമ്പ് 78000 കോടി രൂപയായി വർദ്ധിച്ചു എന്നാണ് ഇവിടെ ചിലർ വിമർശനബുദ്ധ്യാ പരാമർശിച്ചത്. കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ തോതിനെ

LIBRARY ARCHIVES Kerala Legislative Assembly

ആസ്പദമാക്കിയാണ് പൊതുകടം കേരളത്തിന്റെ പൊതുവികസനത്തെ പ്രതികൂലമായി ബാധിക്കുമോ ഇല്ലയോ എന്ന് വിലയിരുത്തേണ്ടത്. കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിലുണ്ടായ വർദ്ധനവ് മറച്ചുവച്ചുകൊണ്ടാണ് കേരളത്തിൽ സംഭവിച്ചിരിക്കുന്ന വലിയ വികസന മാറ്റത്തെയും കേരളത്തിനുണ്ടായിരിക്കുന്ന പൊതുകടത്തെ വിശകലനം ചെയ്യാൻ പ്രതിപക്ഷത്തിരിക്കുന്ന മഹാഭൂരിഭാഗം അംഗങ്ങളും ശ്രമിച്ചത്. യു.ഡി.എഫ്. ഭരിക്കുമ്പോൾ കേരളത്തിന്റെ പൊതുകടം മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 33.6 ശതമാനമായിരുന്നുവെങ്കിൽ ഇന്ന് അത് 29.52 ശതമാനമായി താഴ്ന്നിരിക്കുകയാണ്. സമഗ്ര റോഡു പുനരുദ്ധാരണ പദ്ധതിക്ക് ധനസമാഹരണം ലക്ഷ്യം വച്ചുകൊണ്ട് അൽബറാക് എന്ന പലിശരഹിത സാമ്പത്തിക സ്ഥാപനം രൂപീകരിച്ചുകൊണ്ട് ഈ സർക്കാർ നടത്തിയിട്ടുള്ള കാൽവെയ്പ് കേരളം എക്കാലത്തും സ്മരിക്കുകതന്നെ ചെയ്യും. ഭീമമായിട്ടുള്ള തുകയാണ് വിദേശ കമ്പനികളും വിദേശ ധനകാര്യ സ്ഥാപനങ്ങളും പലിശയിനത്തിൽ കേരളത്തിൽ നിന്നും ഓരോ വർഷവും ചോർത്തിക്കൊണ്ടു പോകുന്നത്. അതിന് അറുതി വരുത്താതെ കേരളത്തിന് ശരിയായ ദിശയിൽ പുരോഗതിയിലേക്ക് മുന്നോട്ടുപോകാനാകില്ല എന്ന് മനസ്സിലാക്കിയ ഈ സർക്കാർ ഡോ. തോമസ് ഐസക്കിന്റെയും ശ്രീ. എളമരം കരീമിന്റെയും നേതൃത്വത്തിൽ പലിശരഹിതമായ ഒരു സാമ്പത്തിക സ്ഥാപനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. അതിനുവേണ്ടിയൊരു കമ്പനി രൂപീകരിച്ചു. അൽബറാക് എന്നു പറയുന്ന ഈ കമ്പനി മിഡിൽ ഈസ്റ്റിൽ നിന്നടക്കം ഭീമമായിട്ടുള്ള തുക പലിശരഹിതമായി സമാഹരിക്കുകയും അത് കേരളത്തിന്റെ വികസനോന്മുഖമായിട്ടുള്ള പ്രവർത്തികൾക്ക് വിനിയോഗിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് രൂപപ്പെട്ടുവരാൻ പോകുകയാണ്. അതിന് നേതൃത്വപരമായ പങ്ക് വഹിച്ച ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനെയും വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീമിനെയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുവാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായി വികസനത്തെ കൊണ്ടുപോകാൻ ഈ സർക്കാർ ശ്രമിച്ചു. സ്മാർട്ട് സിറ്റി ഉയർത്തിയിട്ടുള്ള കോലാഹലങ്ങളും വിവാദങ്ങളും നമുക്കറിയാം. ഡോ. തോമസ് ഐസക് തന്റെ ബജറ്റ് പ്രസംഗത്തിൽ വിദേശ-സ്വകാര്യ നിക്ഷേപങ്ങളെ സംബന്ധിച്ച് പരാമർശിച്ച ഒരു വാക്ക് ആർക്കും മറക്കാൻ കഴിയില്ല. നിക്ഷേപകരുടെ താല്പര്യങ്ങൾക്കനുസരിച്ച് തുള്ളിയില്ലെങ്കിൽ നിക്ഷേപകർവരില്ല എന്നുള്ള പരമ്പരാഗതമായ കേരളത്തിലെ വലതുപക്ഷ ആശയഗതിക്കാരുടെ ചിന്തകളെ കീഴ്മേൽ മറിച്ചുകൊണ്ടാണ് കേരളത്തിന്റെ താല്പര്യങ്ങൾ മുഴുവൻ സംരക്ഷിച്ചുകൊണ്ട് വികസനത്തെയും നിക്ഷേപകരെയും കേരളത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന് ഈ സർക്കാർ തെളിയിച്ചത്. എറണാകുളം ജില്ലയിലേക്ക് നിരവധി ഐ.ടി. കമ്പനികൾ പ്രവഹിച്ചുകൊണ്ടിരിക്കെ. ഇൻഫോ പാർക്ക് കേരളത്തിന്റേതായി നിലനിർത്തികൊണ്ടുതന്നെ ഒരിഞ്ചു ഭൂമിപോലും വിൽക്കുവാനുള്ള അധികാരം സ്മാർട്ട് സിറ്റി അധികൃതർക്ക് നൽകാതെ സ്മാർട്ട് സിറ്റിയെന്നു പറയുന്ന കേരളത്തിന്റെ സ്വപ്നം ഈ സർക്കാർ യാഥാർത്ഥ്യമാക്കി എന്നത് എടുത്തുപറയത്തക്കതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്കിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അദ്ദേഹം ക്ഷേമനിധി പ്രഖ്യാപിച്ചു എന്നുള്ളതുകൊണ്ടും അതോടൊപ്പംതന്നെ അസംഘടിതരായി കഴിയുന്ന വീട്ടുജോലിക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തതിന്റെ പേരിലാണ്. ഈ വലിയ കാൽവയ്പ്പ് തീർച്ചയായും പ്രശംസനീയമാണ്. നമ്മുടെ നാട്ടിലെ അസംഘടിതരായ ലക്ഷക്കണക്കിനാളുകൾക്ക് ഇത് പ്രയോജനം ചെയ്യും. ന്യൂനപക്ഷ പിന്നോക്ക ജനവിഭാഗങ്ങളെ പൊതുധാരയിലേക്ക് കൈപിടിച്ചു കൊണ്ടുവരുന്നതിന് ഈ സർക്കാരും ഡോ. തോമസ് ഐസക്കും കാണിച്ചിട്ടുള്ള അതീവ തൽപ്പരതയെ പരാമർശിക്കാതെ പോകുന്നത് ശരിയായിരിക്കുകയില്ല. മുസ്ലീം ലീഗിലെ അംഗം ശ്രീ. എം. ഉമ്മർ ഇവിടെ തന്റെ പ്രസംഗത്തിൽ അതിനെക്കുറിച്ച് യാതൊന്നും പറഞ്ഞില്ല. സാധാരണ ഗതിയിൽ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അവർ പറയുന്നത്. ഈ ഗവൺമെന്റിന്റെ ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള താല്പര്യമില്ലായ്മയെക്കുറിച്ചാണ് അവർ വാചാലമാകുന്നത്. പക്ഷേ ഇപ്രാവശ്യം അവരുടെ പ്രതിനിധികൾ സംസാരിച്ചപ്പോൾ അവയെക്കുറിച്ചൊന്നും പറഞ്ഞില്ല. അതിന്റെ അർത്ഥം ഈ ഗവൺമെന്റ് ന്യൂനപക്ഷ വിഷയങ്ങളിൽ അതീവ ജാഗ്രതയും താല്പര്യവുമാണ് കാണിച്ചതെന്നാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പ്രസ്തുത ശിപാർശകൾ എങ്ങനെ നടപ്പിലാക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാൻ ബഹുമാനപ്പെട്ട പാലോളി ചെയർമാൻ ആയി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സമയബന്ധിതമായി ,ആ കമ്മിറ്റി റിപ്പോർട്ട് നൽകി. ആ റിപ്പോർട്ടിലെ എല്ലാ ശിപാർശകളും നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചു. ഒന്നാമത്തെ ശിപാർശയായിരുന്നു, മലബാറിൽ ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത സ്ഥലങ്ങളിൽ എയ്ഡഡ് മേഖലയിൽ പ്ലസ്ടു അനുവദിക്കണമെന്നുള്ളത്. ആ ശിപാർശയെത്തുടർന്ന് മലബാറിൽ 78 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ ഈ ഗവൺമെന്റ് അനുവദിച്ചു. അതിനെത്തുടർന്ന് സർക്കാർ 25000-ത്തോളം പുതിയ പ്ലസ്ടു സീറ്റുകൾ മലബാറിലെ ഗവൺമെന്റ് സ്കൂളുകളിൽ വർദ്ധിപ്പിച്ചു. മലബാറിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ അടങ്ങുന്ന സംരംഭങ്ങൾ തുടങ്ങുക എന്നുള്ളതായിരുന്നു പാലോളി കമ്മിറ്റിയുടെ രണ്ടാമത്തെ ശിപാർശ. പത്തൊമ്പത് പുതിയ ഗവൺമെന്റ് ഐ.ടി.ഐ.കൾ ന്യൂനപക്ഷ സാന്ദ്രീകൃത മേഖലയിൽ തുടങ്ങി പാലോളി കമ്മിറ്റിയുടെ രണ്ടാമത്തെ ശിപാർശയും ഈ സർക്കാർ യാഥാർത്ഥ്യമാക്കുകയുണ്ടായി. പാലോളി കമ്മിറ്റിയുടെ മൂന്നാമത്തെ ശിപാർശയായിരുന്നു അലിഗഢ് കാമ്പസ് എത്രയും വേഗം യാഥാർത്ഥ്യമാക്കണമെന്നുള്ളത്. ഈ സർക്കാർ 335 ഏക്കർ സ്ഥലം 226 സ്ഥലമുടമകളിൽ നിന്ന് 36 കോടി രൂപ പൊന്നും വില നൽകിയെടുത്ത് അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർക്ക് സമയബന്ധിതമായി കൈമാറുകയുണ്ടായി. ഈ വർഷംതന്നെ ക്ലാസുകൾ തുടങ്ങാൻ ആവശ്യമായിട്ടുള്ള കെട്ടിടം ഗവൺമെന്റ് വലിയ വാടക കൊടുത്ത് അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിക്ക് ലഭ്യമാക്കി. പാലോളി കമ്മിറ്റിയുടെ നാലാമത്തെ ശിപാർശയായിരുന്നു ഉന്നതവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന പാവപ്പെട്ട മുസ്ലീം പെൺകുട്ടികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്നുള്ളത്. 10000 മുസ്ലീം പെൺകുട്ടികൾക്ക് 10000 രൂപ വച്ച് ഈ സർക്കാർ സ്പെഷ്യൽ സ്കോളർഷിപ്പ് ഇതിനകം ഏർപ്പെടുത്തിക്കഴിഞ്ഞു. പാലോളി കമ്മിറ്റിയുടെ അഞ്ചാമത്തെ ശുപാർശയായിരുന്നു അറുപതിനായിരത്തോളം മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നുള്ളത്. ഈ ഗവൺമെന്റ് മദ്രസാ അദ്ധ്യാപകർക്ക് ക്ഷേമനിധി രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. പാലോളി കമ്മിറ്റിയുടെ ആറാമത്തെ ശുപാർശയായിരുന്നു പ്രവാസികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നുള്ളത്. ഈ ഗവൺമെന്റ് പ്രവാസികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി. പാലോളി കമ്മിറ്റിയുടെ ഏഴാമത്തെ ശിപാർശയായിരുന്നു ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിക്കണമെന്നുള്ളത്. 67 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഈ സർക്കാർ മൈനോറിറ്റി ഡിപ്പാർട്ട്മെന്റ് രൂപീകരിച്ചു. അതിന് പ്രത്യേകമായി ഓഫീസ് സംവിധാനം ഏതാനും ദിവസങ്ങൾക്കകം കേരളത്തിൽ ആരംഭിക്കുവാൻ പോകുകയാണ്. പാലോളി കമ്മിറ്റിയുടെ എട്ടാമത്തെ ശിപാർശയായിരുന്നു സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയുള്ള മൈനോറിറ്റി കമ്മീഷൻ രൂപീകരിക്കണമെന്നുള്ളത്. സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയുള്ള മൈനോറിറ്റി കമ്മീഷനും സംസ്ഥാനത്ത് രൂപീകരിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപുതന്നെ അത് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനവും പുറത്തുവരികതന്നെ ചെയ്യും. പാലോളി കമ്മിറ്റിയുടെ ഒമ്പതാമത്തെ ശുപാർശയായിരുന്നു ഓർഫനേജിലെ അന്തേവാസികൾക്ക് നാമമാത്രമായിരുന്ന 125 രൂപ ഗ്രാന്റും അതോടൊപ്പംതന്നെ ഇതിന്റെ ആനുകൂല്യം ലഭിക്കുന്ന ഓർഫനേജുകളുടെ എണ്ണവും വർദ്ധിപ്പിക്കണമെന്നതും. ഈ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ 125 രൂപ നാമമാത്ര ഗ്രാന്റ് എന്നുള്ളത് 300 രൂപയാക്കിയാണ് ഈ സർക്കാർ വർദ്ധിപ്പിച്ചത്. 250 പുതിയ അനാഥാലയങ്ങൾക്ക് കൂടി ഈ ആനുകൂല്യം ലഭ്യമാക്കുവാനും ഈ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. ഡോ. തോമസ് ഐസക് എല്ലാ മേഖലയിലും, ന്യൂനപക്ഷ പിന്നോക്ക ജനവിഭാഗങ്ങളോടും മറ്റുള്ള ജനവിഭാഗങ്ങളോടും തുല്യനീതി കാണിക്കുകയും പൊതുധാരയിലേക്ക് ന്യൂനപക്ഷ പിന്നോക്ക ജനവിഭാഗത്തെ കൊണ്ടുവരാൻ വേണ്ടി പ്രത്യേകമായി ശ്രദ്ധിക്കുകയും ചെയ്തു. ആരേയും അവഗണിക്കാതെയാണ് ഈ ഗവൺമെന്റ് ഇത് ചെയ്തത്. താല്പര്യങ്ങൾക്ക് വഴങ്ങാതെയാണ് സർക്കാർ ഇത്തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്ന് നാം പ്രത്യേകം ഓർക്കണം. മലബാറിൽ 178 ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചപ്പോൾ ആരുമതിനെതിരെ കയർത്തില്ല. ഒരു ജാതി- മത വിഭാഗവും അതിനെതിരായി മുന്നോട്ടുവന്നതായി നാം കേട്ടില്ല. ഇങ്ങനെ എല്ലാ വിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് അവരുടെ പിന്തുണയോടുകൂടി ന്യൂനപക്ഷ പിന്നോക്ക ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നുള്ള വളരെ ശ്രമകരമായ ജോലി വളരെ ഭംഗിയായി ഈ ഗവൺമെന്റ് നിർവ്വഹിച്ചു. അതിന് നേതൃത്വം നൽകിയ മുഖ്യമന്ത്രിയേയും, അതിനു വേണ്ടിയുള്ള എല്ലാ സാമ്പത്തിക ഒത്താശകളും ചെയ്ത ഡോ. തോമസ് ഐസക്കിനെയും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് 2011-12 വർഷത്തേക്കുള്ള ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഈ ബജറ്റിനെ ഞാൻ സർവ്വാത്മനാ സന്തോഷപൂർവ്വം പിന്തുണയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാഴ്ചപ്പാടിന്റെ തുടർച്ചയാണ്. കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളും ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയങ്ങളുടെ തുടർച്ചയായിട്ടുള്ള ബഡ്ജറ്റാണ്. ഞങ്ങളുടെ നയത്തിന്റെ കാതൽ എന്നു പറഞ്ഞാൽ സാമൂഹ്യ നീതിയിൽ ഊന്നിയ വികസന നയമാണ്. ഞങ്ങളെക്കുറിച്ച് വിമർശനം ഉന്നയിക്കുന്നവരാണ് അപ്പുറത്തിരിക്കുന്നവർ. നിങ്ങൾ സത്യസന്ധമായി ഈ വസ്തുതകൾ പരിശോധിക്കും എന്ന് ഞാൻ കരുതുകയാണ്. കഴിഞ്ഞ 5 വർഷക്കാലം സാമൂഹ്യ നീതിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് പുറകോട്ട് പോയിട്ടുണ്ടോ? അവഗണിക്കുന്ന എല്ലാ വിഭാഗം ആളുകളുടേയും പാവപ്പെട്ടവരുടേയും താൽപ്പര്യം സംരക്ഷിക്കാനും തകർന്നു കിടന്നിരുന്ന പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെ സംരക്ഷിക്കാനും കഴിയുന്ന നിലപാടുകൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ക്രമാനുഗതമായി പാവപ്പെട്ടയാളുകളുടെ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായിട്ടുള്ള വർദ്ധനവ് ഈ ബഡ്ജറ്റിലും വരികയാണ്. ഈ ബഡ്ജറ്റിനെ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടുള്ള ബഡ്ജറ്റാണ് എന്ന് നിങ്ങൾ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. എന്റെ കയ്യിൽ 2006-2007-ൽ ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിന്റെ കോപ്പിയുണ്ട്. അതിൽ നിങ്ങളുടെ സർക്കാരിന്റെ തുടർച്ചയായിട്ടുള്ള സമീപനങ്ങളുണ്ട്. പക്ഷേ ഞങ്ങൾ തെരഞ്ഞെടുപ്പു കാലത്തേക്ക് മാത്രമാണ് ഈ സമീപനം സ്വീകരിച്ചത് എന്ന് നിങ്ങൾക്ക് കാണാൻ കഴിയുമോ? ക്ഷേമ പദ്ധതികളുടേയും ക്ഷേമ പെൻഷനുകളുടേയും കാര്യം മാത്രം എടുത്ത് പരിശോധിക്കാം. തീർച്ചയായും ക്രമാനുഗതമായ വളർച്ച ആ വിഭാഗത്തിന്റെ ജീവിതത്തിലേയ്ക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വികസനത്തിന്റെ കാര്യത്തിൽ വളർച്ചയുണ്ടായിട്ടുണ്ട്. അഞ്ചര ശതമാനം മാത്രം വളർച്ച ഉണ്ടായിരുന്ന ഉൽപ്പാദന മേഖലയിലെ വളർച്ച 15 ശതമാനത്തിലേക്കെത്തിക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. എന്റെ സഹപ്രവർത്തകർ അതിനെക്കുറിച്ച് സംസാരിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശത്തിലേക്ക് പോകുന്നില്ല. സർക്കാരിന്റെ ചെലവ് ഈ കാലഘട്ടത്തിനിടയ്ക്ക് കൂടിയിട്ടുണ്ട്. നിങ്ങൾ അധികാരത്തിൽവന്ന കാലത്ത് പതിനഞ്ചായിരം തസ്തികകൾ നിർത്തലാക്കി. ശ്രീ. എ. കെ. ആന്റണിയുടെ കാലത്തും അതുതന്നെയാണ് അവസ്ഥ. പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന കാലത്തും അഭ്യുപഗമവും പ്രഖ്യാപിതവുമായ നിയമന നിരോധനം വഴി സംസ്ഥാന സർക്കാരിന്റെ നിയമനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും മരവിപ്പായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വി.ആർ.എസ്. എടുത്ത് പുറത്തുപോയ കാലഘട്ടം അതാണ്. ആ സമീപനം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? 33000 പുതിയ തസ്തികകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം സൃഷ്ടിച്ചു. വിദ്യാഭ്യാസ മേഖലയിൽ മാത്രം 12505 പേരുടെ നിയമനം നടന്നിട്ടുണ്ട്. ആരോഗ്യരംഗത്ത് 2401-ഉം പോലീസ് സേനയിൽ 7151-ഉം പഞ്ചായത്തുകളിൽ 4800-ഉം പൊതുമേഖലയിൽ 3125-ഉം പുതിയ തസ്തികകൾ ഉണ്ടായി. മറ്റുള്ള മേഖലയിൽ 3851 ഉൾപ്പെടെ 33,865 തസ്തികകൾ ഉണ്ടാക്കി ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചു. പൊതുമേഖലയിൽ അഭിമാനകരമായ നേട്ടം

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായി. ഞങ്ങളുടെ സമീപനത്തിന്റെ തുടർച്ചയുടെ ഭാഗമായി പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചു. ആ പൊതുമേഖലാസ്ഥാപനങ്ങൾ പ്രഖ്യാപിക്കുക മാത്രമല്ല, ഇപ്പോൾ തുറന്നു പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എട്ട് പൊതുമേഖലാസ്ഥാപനങ്ങൾ കേരളത്തിൽ തുറന്നത് പ്രതിപക്ഷത്തുള്ള എം.എൽ.എ.മാരുടെകൂടി സാന്നിദ്ധ്യത്തിലല്ലേ? നിങ്ങൾ ഉൾപ്പെടെ ആ പരിപാടിയിൽ പങ്കെടുത്തതാണ്. എന്നിട്ടും വികസനപ്രവർത്തനങ്ങൾ നടന്നില്ല എന്നുള്ള ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. ട്രഷറി പൂട്ടിയിട്ടില്ല എന്ന് പറയുമ്പോൾ അതിന് നിങ്ങൾ പറയുന്നത് പണം ചെലവഴിക്കാത്തതുകൊണ്ട് ചെയ്തില്ല എന്നാണ്. ഏത് മേഖലയിലാണ് പണം ചെലവഴിക്കാതിരുന്നിട്ടുള്ളത്? സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഡി.എ.യുടെ കാര്യത്തിൽ കുടിശ്ശികയുണ്ടെങ്കിലോ? 30 വർഷക്കാലം ഈ നിയമസഭയിൽ ഇരുന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മണ്ഡലത്തിൽ ഉൾപ്പെടെ കഴിഞ്ഞ 5 വർഷക്കാലം വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പുതിയ വളർച്ചാ മേഖലകൾ വരുകയാണ്. ഐ. ടി. മേഖയിലെ വളർച്ചയുമായി ബന്ധപ്പെട്ട് റോഡിനെ കുറിച്ചുള്ള സ്വപ്നം പറയുമ്പോൾ അതിനെ എന്തിനാണ് കളിയാക്കുന്നത്? ഈ നാടിന് ആവശ്യമുള്ള ഏറ്റവും പ്രധാനപ്പെട്ട ഐ.ടി., ടൂറിസം മേഖകളുടെ വികസനത്തിനും പുതിയ വ്യവസായങ്ങൾക്കും ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കിക്കൊടുക്കുന്നതിനും 5 വർഷക്കാലമായി തുടർന്നുവരുന്ന കാഴ്ചപ്പാടാണ് ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. അല്ലാതെ ഇത് തെരഞ്ഞെടുപ്പ് ബഡ്ജറ്റ് മാത്രമല്ല. 200 കോടി രൂപയുടെ കേന്ദ്ര ഫണ്ട് ചെലവഴിച്ചു. ഓരോമുത്തമുടേയും മണ്ഡലങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ചുള്ള റോഡുനിർമ്മാണം നടത്താൻ കഴിയാത്തത് ഈ ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടാണോ? കേന്ദ്ര ഗവൺമെന്റിന് റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് 8 മീറ്റർ വീതി വേണമെന്നുള്ള മാനദണ്ഡമുണ്ട്. ജനസാന്ദ്രതയേറിയ കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് 8 മീറ്റർ വീതി എവിടെയാണ് ലഭിക്കുക? അനാവശ്യമായ മാനദണ്ഡങ്ങൾ ഒഴിവാക്കി കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ പരിസ്ഥിതിക്കനുസരിച്ച് പ്രയോജനപ്പെടുത്താൻ കഴിയുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണ്ടേ? അതിനുപകരം പരിണിതപ്രജ്ഞരായ പ്രതിപക്ഷത്തുള്ള ആളുകൾ ഇത്തരം കുറ്റപ്പെടുത്തലുകളാണ് നടത്തുന്നത്. ഞാൻ മറ്റു വിശദാംശങ്ങളിലേക്ക് പോകുന്നില്ല. രാജ്യത്തിന്റെ എല്ലാ മേഖലയിലും വികസന പ്രവർത്തന രംഗത്തും വലിയ മാറ്റങ്ങൾ ഉണ്ടാവുകയാണ്. പെൻഷന്റെ കാര്യത്തിലും സമൂഹത്തിലെ ഏതൊക്കെ വിഭാഗം ജനങ്ങളുണ്ടോ അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട് എന്നുള്ള കാര്യം വിസ്മരിച്ചുകൊണ്ട് രാഷ്ട്രീയ പ്രേരിതമായി തെരഞ്ഞെടുപ്പ് വരുന്നു എന്നുള്ളതുകൊണ്ടാണ് നിങ്ങൾ ആക്ഷേപം ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വികസന പ്രവർത്തനത്തിന്റെ നേട്ടം കേരളം കണ്ടതാണ്. ഈ നാട് കണ്ടതാണ്. പ്രതിപക്ഷത്തുള്ളയാളുകൾ അനുഭവിച്ചതാണ്. അവരുടെ മണ്ഡലങ്ങളിൽ പ്രയോജനപ്പെടുത്തിയതാണ്. ആ നേട്ടങ്ങൾ അതേയർത്ഥത്തിൽ തന്നെ കാണാൻ നിങ്ങൾ തയ്യാറാകണം. ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കേരളത്തിൽ വീണ്ടും അധികാരത്തിൽ വരുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്. നിങ്ങൾ പറയുന്നത് രണ്ട് ചക്ക വീണു മണ്ടു തവണ ഞങ്ങൾക്ക് മുയൽ കിട്ടിയെന്നാണ്. പക്ഷേ കേരളത്തിലെ രാഷ്ട്രീയ സാഹചര്യം മാറിവരുകയല്ല. ശ്രീ. വക്കം പുരുഷോത്തമന്റെ ഒരു പരാമർശം 2007-ലെ ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. എതിരാളികളുടെ കയ്യിൽ എന്തെങ്കിലും ആയുധമുണ്ടോ എന്ന് നോക്കിയിരിക്കുകയാണ്. ഞാൻ അത് വായിക്കുന്നില്ല. എന്തൊക്കെ ആയുധം വരുമെന്ന് പ്രതീക്ഷിച്ച് ഞങ്ങൾ നോക്കിയിരിക്കുകയാണ് എന്നാണ് പറഞ്ഞത്. ഇപ്പോൾ എവിടെനിന്നാണ് അസ്ത്രങ്ങൾ വരുന്നത്? യു.ഡി.എഫ്.-നെ പോലെ ഇത്ര ജീർണ്ണത ബാധിച്ച ഒരു മുന്നണി കേരളത്തിൽ വേറെ എവിടെയെങ്കിലുമുണ്ടോ? രാഷ്ട്രീയരംഗത്തെ മലീമസമാക്കിയ പുതിയ സംഭവ വികാസങ്ങൾ വരുകയല്ലേ? ഞങ്ങൾ ആരെങ്കിലുമാണോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രശ്നം ഉന്നയിച്ചത്? നിങ്ങളുടെ കാലത്തുതന്നെ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട ഒരു പ്രശ്നം അദ്ദേഹത്തിന്റെ സന്തതസഹചാരിയായിരുന്ന ഒരാൾ തന്നെ നിങ്ങളുടെ കൂടെയുള്ള കക്ഷിയുടെ നേതാവ് നേതൃത്വം കൊടുക്കുന്ന ചാനലിലൂടെ വെളിപ്പെടുത്തി. ഞങ്ങളെ ആക്ഷേപിക്കുന്നതെന്തിനാണ്? അതിൽ പറഞ്ഞ ഗൗരവപ്പെട്ട കാര്യങ്ങളെക്കുറിച്ച് കോൺഗ്രസ് എന്താണ് അഭിപ്രായം പറയാത്തത്? അഭിനന്ദിക്കുക മാത്രമല്ലല്ലോ വേണ്ടത്? രാഷ്ട്രീയത്തെ ഇത്ര മലീമസമാക്കിയ ഒരു നിലപാട് സ്വീകരിച്ച ജുഡീഷ്യറിയെ സ്വാധീനിച്ച, വൃത്തികെട്ട നിലപാട് സ്വീകരിച്ച കോൺഗ്രസ് ഒരു അഭിപ്രായം പറയാതെ നിസ്സഹായമായതിനു കാരണമെന്താണ്? പുതിയ വെളിപ്പെടുത്തലുകൾ വരുന്നു. നിങ്ങളുടെ പാർട്ടിയുടെ തന്നെ നേതാവ് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടിയെ പ്രതിസ്ഥാനത്തുനിന്ന് ഒഴിവാക്കാൻവേണ്ടി ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിനെക്കുറിച്ച് ശ്രീ. ടി. എച്ച്. മുസ്തഫ പറഞ്ഞ കാര്യം ഞാൻ പത്രങ്ങളിൽ വായിച്ചതുകൊണ്ടാണ് പറയുന്നത്. അദ്ദേഹം പറയുന്നത് ഞാൻ ഫയൽ കാണുന്നത് അവസാനമാണ് എന്നാണ്. അന്തരിച്ച മുഖ്യമന്ത്രി കെ. കരുണാകരനും കൂട്ടാളികളും കമ്പനിയുമായി ബന്ധപ്പെട്ടുണ്ടാക്കിയ ചർച്ചകളൊക്കെ നടന്നതിനുശേഷമാണ് ഫയൽ വരുന്നത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീമാൻ ഉമ്മൻചാണ്ടി ആ ഫയൽ കണ്ടിരുന്നു, ശിപാർശ ചെയ്തിരുന്നു, അദ്ദേഹത്തെ ഉൾപ്പെടുത്തിയില്ല എന്നുള്ള ആക്ഷേപം ഭംഗ്യന്തരേണ അദ്ദേഹം കോടതിയിൽ സൂചിപ്പിക്കുകയാണ്. ഇടതുപക്ഷക്കാർ പ്രതിപക്ഷ നേതാവിനെതിരായി ആരോപണമുന്നയിച്ചവരാണോ? നിങ്ങളുടെ മുന്നണിക്കകത്ത് ആരൊക്കെയാണ് മറ്റുള്ളവർ? ഞാൻ ആ പഴയ കഥകളിലേക്ക് പോവുകയല്ല. ശ്രീ. രാമചന്ദ്രൻ മാസ്റ്ററും ശ്രീ. കെ. പി. വിശ്വനാഥനും നല്ലതിന്റെ പേരിലാണോ ഈ സഭയ്ക്കകത്ത് രാജി വയ്ക്കേണ്ടി വന്നത്? യു.ഡി.എഫ്.-ന്റെ നേതാവ് ശ്രീ. എം. കെ. മുനീർ കഴിഞ്ഞദിവസം വിജിലൻസ് കേസിൽ ജാമ്യമെടുത്തു. എന്തിന്റെ പേരിലാണ്? രാജ്യത്തിന് ത്യാഗം ചെയ്തതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിലാണോ? ഇടമലയാർ കേസിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ഒരു വർഷക്കാലത്തേക്ക് കഠിന തടവിന് ശിക്ഷിച്ചതിൽ അദ്ദേഹത്തെ വീരനായകനായി പ്രഖ്യാപിച്ച് നിങ്ങൾ പൊക്കിക്കൊണ്ട് നടക്കുകയാണ്. അഴിമതി നടത്തിയ ആളുകളാണ് നമ്മുടെ രാജ്യത്ത് ആദർശവൽക്കരിക്കപ്പെടേണ്ടത് എന്നുള്ള ഒരു രാഷ്ട്രീയ ചിന്താഗതി പ്രചരിപ്പിക്കാൻ കോൺഗ്രസ്സ് എന്തിനാണ് കൂട്ടുനിൽക്കുന്നത്? ഇത്തരം കൂട്ടുനിൽക്കലല്ലേ നിങ്ങൾ കാണിച്ചത്? നിങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് നേതാവാണ് ശ്രീ. കെ. സുധാകരൻ. അദ്ദേഹം ആ വേദിയിൽ വച്ച് പറഞ്ഞതെന്താണ്? അതുമായി ബന്ധപ്പെട്ട് നിങ്ങളുടെ കമന്റ് വരാത്തതെന്താണ്?

കെ. കരുണാകരന്റെ കാലത്ത് അനുവദിച്ച 21 ബാറുകളുടെ ലൈസൻസ് റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരായി സുപ്രീം കോടതി ജഡ്ജിമാർക്ക് രണ്ടു തവണകളായി മുപ്പത്തിയാറു ലക്ഷം രൂപ കൊടുക്കുന്നതിന് ഞാൻ സാക്ഷിയാണ്. ശ്രീ. സുധാകരനെ സാക്ഷിയാകാൻ വിളിച്ചുകൊണ്ടുപോയതാണോ? ഇന്ന് അദ്ദേഹത്തിന്റെ പ്രസ്താവനയുണ്ട്. അദ്ദേഹം പറയുന്നത്, ഞാൻ ആവേശത്തിന്റെ പുറത്ത് പറഞ്ഞുപോയതല്ല, നല്ല ബോധത്തോടുകൂടി പറഞ്ഞതാണ്, നല്ല ബോദ്ധ്യത്തോടുകൂടി പറഞ്ഞതാണ്. 36 ലക്ഷം രൂപ കൈക്കൂലി കൊടുത്ത് ജഡ്ജിമാരെ സ്വാധീനിക്കാൻ അബ്കാരികൾ ശ്രീ. സുധാകരനെ എന്തിനാണ് സാക്ഷിയായി വിളിച്ചത്. ഏത് ജഡ്ജിയാണ് അത് വാങ്ങിച്ചത്. ഏത് ജഡ്ജിക്കാണ് കൈക്കൂലി കൊടുത്തത്. ഇതൊക്ക ഗൗരവമുള്ള പ്രശ്നമാണ്. കോൺഗ്രസിന്റെ ഏതെങ്കിലും ഒരു സാധാരണ ബൂത്ത് സെക്രട്ടറിയല്ല ഉന്നയിച്ചത്. ജനങ്ങൾ തെരഞ്ഞെടുത്ത പാർലമെന്റ് മെമ്പർ ആയിട്ടുള്ള ശ്രീ. സുധാകരൻ ഒരു അഴിമതിക്കേസിലെ പ്രതിയെ ന്യായീകരിക്കാൻ വേണ്ടി ബാലകൃഷ്ണ പിള്ളയ്ക്കെതിരായി ഇങ്ങനെയാണ് വിധിയുണ്ടായിട്ടുള്ളതെന്ന് വരുത്തിത്തീർക്കാൻ വേണ്ടി ആക്ഷേപം ഉന്നയിച്ചത് ബോദ്ധ്യത്തോടുകൂടിയാണ്. എന്താണ് കോൺഗ്രസ് പാർട്ടി അഭിപ്രായം പറയാത്തത്? ഇടക്കാലത്ത് ശ്രീ. ടി. എം. ജേക്കബും ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയും നിങ്ങളിൽനിന്ന് തെറ്റി. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി സൈൻബോർഡ് അഴിമതിയെക്കുറിച്ച് ഏറ്റവും കൂടുതൽ ആക്ഷേപം ഉന്നയിച്ചത് ആരാണ്? അവരാണ് നിങ്ങളുടെ മുന്നണിയിലുള്ളത്. ആ നിങ്ങളെ കേരളത്തിലെ ജനങ്ങൾ ഭരണം ഏൽപ്പിച്ചുതരുമോ? ഇത്തരം കള്ളത്തരങ്ങൾ കാണിച്ച ആളുകൾക്ക് ഭരണം ഏൽപ്പിച്ചുതരുമോ? ശ്രീ. കെ.എം.മാണിയുടെ വിശ്വസ്തനായ സജീവൻ ഒരു വർഷക്കാലത്തേക്ക് ജയിലിലല്ലേ. അവരൊക്കെ വരണമെന്ന് ഈ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുമോ? കേരളത്തിലെ ഭരണസംവിധാനത്തെ പാർട്ടി സെക്രട്ടറിയുടെ കാര്യത്തിൽ നിങ്ങൾ കേസ് എടുത്തിട്ടുണ്ടല്ലോ. അന്വേഷിക്കട്ടെ. കാർത്തികേയനെ കൂടി കുടുക്കണമെന്ന് അങ്ങേയ്ക്ക് ആഗ്രഹമുണ്ടെങ്കിൽ അതു കൂടി അന്വേഷിക്കാൻ പറയൂ. ഞങ്ങൾ ഒരു അന്വേഷണത്തിനും എതിരല്ല. രാഷ്ട്രീയ പ്രേരിതമായി നിങ്ങളുന്നയിച്ച ആ കേസിൽ നിയമപരമായിട്ടുള്ള എല്ലാ ഇടപാടുകളും ഞങ്ങൾ ചെയ്യുന്നുണ്ട്. അതിന്റെ തുടക്കക്കാരനായ കാർത്തികേയനെ കുറിച്ചുകൂടി അങ്ങ് പറയണം. അപ്പുറത്ത് ഏലമലക്കാടുകൾ പതിച്ചുനൽകിയും മതികെട്ടാനിൽ പ്രശ്നമുണ്ടാക്കിയും ഈ രാജ്യത്ത് അഞ്ചു വർഷക്കാലം കൊള്ള നടത്തിയ ഇവർക്ക് കേരളത്തിന്റെ ഭരണം ഏൽപ്പിച്ചുകൊടുക്കാൻ ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിക്കുമോ? മലർപൊടിക്കാരന്റെ സ്വപ്നം പോലെ മനക്കോട്ട കെട്ടി നാളെ ഞങ്ങളുടെ ഗവൺമെന്റുണ്ടാകുമെന്ന് ഊതിപ്പെരുപ്പിച്ച് നിങ്ങളിങ്ങനെ നടക്കുകയാണ്. കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷം മലീമസമാക്കിയ ജീർണ്ണത ബാധിച്ച, കേരളത്തിന്റെ അഴിമതി സ്ഥാപനവൽക്കരിക്കപ്പെടുകയും സ്ഥാപനവൽക്കരിക്കപ്പെട്ട അഴിമതിയെ ന്യായീകരിക്കുകയും അത്തരം നേതാക്കൻമാരെ പേറിനടന്ന് അവരെ കോർത്തിട്ടുള്ള ഒരു മുന്നണി കേരളത്തിന്റെ രാഷ്ട്രീയാധികാരത്തിൽ വരണമോ എന്നുള്ളത് കേരളത്തിന്റെ രാഷ്ട്രീയ ധാർമികതയുടെ പ്രശ്നമായി ഞങ്ങൾ കാണുന്നു. കേരളം പ്രബുദ്ധമാണ്. അഴിമതിക്കാരെ, രാഷ്ട്രീയ ജീർണ്ണത ബാധിച്ചവരെ തള്ളിക്കളഞ്ഞ പാരമ്പര്യമുള്ള ഈ മണ്ണിൽ പുതിയ രാഷ്ട്രീയ സാഹചര്യത്തിൽ നിങ്ങൾക്ക് ഈ കേരളത്തിന്റെ മുന്നിൽ കണക്കുപറയേണ്ടിവരും. ഞങ്ങളുടെ നിലപാടുകൾ സുതാര്യമാണ്, വ്യക്തമാണ്. കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ, പാവപ്പെട്ടവരുടെ, കൃഷിക്കാരുടെ, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് ഈ അഞ്ചുവർഷക്കാലം ഞങ്ങൾ മുന്നോട്ടുപോയിട്ടുണ്ട്. അതിന്റെ പ്രതിഫലനത്തിന്റെ തുടർച്ചയാണ് ഈ ബഡ്ജറ്റ്. ഞങ്ങളുടെ ഈ ബഡ്ജറ്റ് ഈ തെരഞ്ഞെടുപ്പിലെ പ്രചരണായുധമാണ്. ഇതിനു മുമ്പുള്ള ബഡ്ജറ്റുകളും ഞങ്ങളുടെ പ്രചരണായുധമാണ്. ഞങ്ങൾ ഈ രാജ്യത്തെ ജനങ്ങളെ തുറന്ന പുസ്തകം പോലെ സമീപിക്കുന്ന ഈ തെരഞ്ഞെടുപ്പിൽ നിങ്ങളെക്കുറിച്ച് ഈ രാജ്യത്തിനുമുമ്പിൽ വന്നിട്ടുള്ള പ്രതിച്ഛായ അപകടകരമായ ഒരു അവസ്ഥയിലേക്ക് കേരളത്തെ നീക്കാൻ കേരളത്തിലെ ജനങ്ങൾ തീരുമാനിക്കില്ല എന്ന ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഈ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ അംഗീകാരമുണ്ടാകുമെന്ന അഭിപ്രായത്തോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. ഷാജു</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റ് തുടങ്ങിയതുതന്നെ ബഹുമാന്യനായ നമ്മുടെ കേരളത്തിന്റെ പ്രിയപ്പെട്ട കവി ഒ.എൻ.വി.യുടെ കവിതാ ശകലങ്ങൾ ഉരുവിട്ടുകൊണ്ടാണ്. പക്ഷെ എനിക്ക് ഇതു കാണുമ്പോൾ ഓർമ വരുന്നത് ശ്രീ. മുരുകൻ കാട്ടാക്കട എന്നുപറയുന്ന പ്രശസ്തനായ ഒരു കവിയുണ്ട്. അദ്ദേഹത്തിന്റെ "കണ്ണട" എന്നുപറയുന്ന ഒരു കവിതയുണ്ട്.

"മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു കണ്ണടകൾ വേണം"

ആ കവി എന്നോട് ക്ഷമിക്കട്ടെ, എനിക്ക് അതിനൊരു പാരഡിയുണ്ട്.

"വാഗ്ദാനങ്ങൾ കേട്ടുമടുത്തു ഹെഡ്സെറ്റുകൾ വേണം

ഇനിയും ഹെഡ്സെറ്റുകൾ വേണം..."

കാരണം കഴിഞ്ഞ അഞ്ചു വർഷക്കാലമായി ഈ വാഗ്ദാനങ്ങൾ നമ്മൾ കേട്ടുകൊണ്ടേയിരിക്കുകയാണ്. ഇതിന് ഒരു മാറ്റവുമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

"വാഗ്ദാനങ്ങൾ കേട്ടുമടുത്തു. ഹെഡ്സെറ്റുകൾ വേണം.

ഇനിയും ഹെഡ്സെറ്റുകൾ വേണം."

ഭരണത്തിന്റെ അവസാന നാളുകൾ സ്വപ്നം കാണുവാനും അത് ആസ്വദിക്കാനും നമ്മുടെ ധനകാര്യമന്ത്രിക്ക് കഴിയുന്നുവെന്നുള്ളത് ഏതായാലും അഭിനന്ദിക്കേണ്ട കാര്യമാണ്. അങ്ങ് ധനമന്ത്രിയുടെ ചുമതലയേൽക്കുന്നതിനു മുമ്പ് നടത്തിയ ഒരു പ്രസംഗമുണ്ട്. യു.ഡി.എഫ്-ന്റെ 2006-2007-ലെ ബഡ്ജറ്റിന് ഭേദഗതി വരുത്തിക്കൊണ്ട് നടത്തിയ പ്രസംഗമാണത്. ധനകാര്യ വകുപ്പുമന്ത്രി അത് ചിലപ്പോൾ ഓർക്കാൻ ഇഷ്ടപ്പെടുന്നുണ്ടാകില്ല. എന്താണ് അന്ന് പറഞ്ഞത്? കമ്മി രഹിത ബഡ്ജറ്റ് കൊണ്ടുവരും. അതിന് കഴിഞ്ഞോ? അതിന് കഴിഞ്ഞില്ല എന്നുമാത്രമല്ല, സംസ്ഥാനത്തിന്റെ പൊതുകടം എഴുപതിനായിരം കോടി കഴിഞ്ഞിരിക്കുന്നു. 1957 മുതൽ 2006-വരെ ഏതാണ്ട് അമ്പതു വർഷം കൊണ്ട് കേരളത്തിന് ആകെയുണ്ടായിരുന്ന കടം 40,000 കോടി രൂപയാണ്. അഞ്ചുവർഷം കൊണ്ട് നമ്മുടെ ധനമന്ത്രിയുടെ ഭരണത്തിനുശേഷം അത് മുപ്പതിനായിരം കോടി രൂപ കൂടി ചേർത്ത് എഴുപതിനായിരം കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ സർവ്വകാല റെക്കോർഡാണ്. സാമ്പത്തികരംഗത്ത് സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ച കാലമാണ് അത് മറന്നുപോകരുത്. പ്രത്യേകിച്ച് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലം ലഭിച്ച അധിക വരുമാനം കൂടി കണക്കാക്കിയാൽ ഇത്രയും വരുമാനം ഇതിനുമുമ്പ് സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. എന്നിട്ടും കേരളത്തിന്റെ പൊതുകടം കൂടിയത് എന്തുകൊണ്ടാണെന്ന് പറയാനുള്ള ബാദ്ധ്യത ധനകാര്യമന്ത്രിയ്ക്കുണ്ട്. ജനിക്കുന്ന ഓരോ കുഞ്ഞിനും പതിനാറായിരം രൂപയാണ് കടം. കടക്കെണിയിലാണ് കുഞ്ഞുങ്ങൾ ജനിക്കുന്നത്. ജനിക്കുന്ന ഓരോ കുഞ്ഞും പതിനാറായിരം രൂപയുടെ കടക്കെണിയിൽ വീണതിന്റെ കുറ്റബോധം കൊണ്ടാണ് നിങ്ങൾ പതിനായിരം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കാൻ തയ്യാറായത്. ശ്രീ. എ.സി. മൊയ്തീനൊക്ക വലിയ വാചകമടിയായിരുന്നല്ലോ. 2001-ൽ നിങ്ങൾ ഭരണത്തിൽനിന്ന് ഇറങ്ങിപ്പോയപ്പോൾ ഇൻഡ്യൻ കോഫീ ഹൗസിൽ മന്ത്രിമാർ ചായ കുടിച്ചതിന്റേയും ഭക്ഷണം വാങ്ങിച്ചതിന്റേയും ബിൽ കൊടുക്കാതെ ഇറങ്ങിപ്പോയ നാണംകെട്ട ആളുകളാണ് അപ്പുറത്തിരിക്കുന്നത്. അത് മറന്നുപോയി. റീത്ത് വാങ്ങിച്ചതിന്റെ കാശ് കൊടുക്കാതെ അന്ന് ഇറങ്ങിപ്പോയ ആളുകളാണ്. എന്നിട്ട് ഇപ്പോൾ മാറിനിന്ന് വാചകമടിക്കുകയാണ്. ഞങ്ങളുടെ കാലത്ത് ട്രഷറി പൂട്ടിയെങ്കിൽ അതിന്റെ ഉത്തരവാദികൾ അതിനുമുമ്പ് അഞ്ചുവർഷക്കാലം ഈ കേരളം ഭരിച്ചവരാണ്. അത് ആർക്കാണ് അറിയാൻ പാടില്ലാത്തത്? അങ്ങനെ ഈ നാട് നശിപ്പിച്ചിട്ട് ഇറങ്ങിപ്പോയ ആളുകൾ ഒരു ഉളുപ്പുമില്ലാതെ ഇപ്പോൾ പറയുന്നത് ഇതൊക്കെ ഞങ്ങളുടെ നേട്ടമെന്നാണ്. ഞങ്ങൾ 2001 മുതൽ 2006 വരെ മുണ്ട് മുറുക്കിയുടുത്ത് ഈ കേരളത്തെ സമൃദ്ധിയിലേക്ക് കൊണ്ടുവന്നതാണ്. ഞങ്ങളുടെ അവസാനത്തെ 2006-ലെ ബഡ്ജറ്റിൽ ശ്രീ. വക്കം പുരുഷോത്തമൻ 450 കോടി രൂപ മിച്ചം വച്ചിട്ടാണ് ഇറങ്ങിപ്പോയത്. അത് നിങ്ങൾ മനസ്സിലാക്കണം. വെറുതെ വന്നു നിന്നിട്ട് ഈ നാട്ടിലെ ജനങ്ങളൊക്കെ ഇപ്പോൾ ഏതാണ്ട് നൂലിൽ കെട്ടിയിട്ട

LIBRARY ARCHIVES Kerala Legislative Assembly

മുകളിൽ നിന്ന് ഇറങ്ങിവന്നവരാണ്. ഞങ്ങൾ ഈ രാജ്യം മുഴുവൻ ഏതാണ്ട് ശരിയാക്കിയിരിക്കുകയാണ് എന്നുപറഞ്ഞാൽ ജനമൊന്നും ഇത് വിശ്വസിക്കാൻ പോകുന്നില്ല. മുടിയനായ പുത്രനെപ്പോലെ ഈ നാടിനെ അഞ്ചു വർഷക്കാലം നശിപ്പിച്ചു എന്നതല്ലേ യാഥാർത്ഥ്യം. 2006-ലെ ഭേദഗതി ചെയ്ത ബഡ്ജറ്റിൽ തുടങ്ങി 2011-ലെ ഈ സ്വപ്ന ബഡ്ജറ്റുവരെയുള്ള ബഡ്ജറ്റുകൾക്കെല്ലാം ഒരേ ദുരവസ്ഥതന്നെയാണ് ഉണ്ടാകാൻ പോകുന്നത്. അകാലചരമം തന്നെയാണ് ഉണ്ടാകാൻ പോകുന്നത്. ഇല്ലാത്ത ബാങ്കിൽനിന്ന് ഇല്ലാത്ത പണം ഉപയോഗിച്ച് നാൽപ്പതിനായിരം കോടി രൂപയുടെ റോഡ് നിർമ്മിക്കുമെന്നത് നടക്കാത്ത സ്വപ്നമാണ്. ഇവിടെ ഒരാൾ പറഞ്ഞു, 5000 കോടി രൂപ നീക്കി വച്ചു എന്ന്. ഞാൻ നോക്കിയപ്പോൾ 40,000 കോടി രൂപയുടെ പദ്ധതിയ്ക്ക് ആയിരം കോടി രൂപ നീക്കിവച്ചിരിക്കുന്നതാണ് കണ്ടത്. ആ പദ്ധതിയ്ക്കു വേണ്ടി അടുത്ത വർഷം ഒരു അയ്യായിരം കോടി രൂപയുടെ പ്രവർത്തനം ഏറ്റെടുക്കുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. സ്വന്തം ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് ഒന്ന് മനസ്സിരുത്തി വായിക്കാൻപോലും കഴിയാതിരിക്കുന്ന ആളുകൾ ഉപദേശിയുടെ പ്രസംഗം പോലെ ഇവിടെ വന്ന് പ്രസംഗിക്കുകയാണ്. ഉപദേശി ഒന്നു പറയുന്നു. കേൾക്കുന്നവർ അതു തന്നെ പറയുന്നു. രാവിലെ ഒരാൾ തുടങ്ങിവയ്ക്കും, ഇതു തീരുന്നതുവരെ പിന്നെ വരുന്നവരെല്ലാം അതുതന്നെയങ്ങ് ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഈ ഉപദേശി പ്രസംഗമൊന്നും ഈ നാട്ടിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. കഴിഞ്ഞ ബഡ്ജറ്റ് എന്നുപറയുന്നത് മാന്ദ്യവിരുദ്ധ പാക്കേജാണ്. അതിനേക്കാൾ ദയനീയ പരാജയമായിരിക്കും ഈ റോഡ് പദ്ധതിയ്ക്കുണ്ടാകാൻ പോകുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയമില്ല.

എത്ര കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജാണ് പ്രഖ്യാപിച്ചത്? 10,000 കോടി രൂപയുടേതാണ്. അവസാനം എത്രയാണ് ചെലവഴിച്ചതെന്ന് ചോദിച്ചപ്പോൾ പറഞ്ഞത് നാലിലൊന്ന്, അതായത് 2,500 കോടി രൂപ. 2,500 കോടി രൂപ ഒരു സാമ്പത്തിക വർഷം ഒരു സംസ്ഥാനത്ത് ചെലവഴിക്കുന്നത് വലിയ കാര്യമാണോ? അറിയാൻ വയ്യാത്തതുകൊണ്ട് ചോദിക്കുകയാണ്. എന്റെ മണ്ഡലത്തിൽ അനുവദിച്ചത് 15 കോടി രൂപ എന്നാണ് പറഞ്ഞത്. ഞാൻ നോക്കിയപ്പോൾ ആകപ്പാടെ നാലരക്കോടിയേയുള്ളൂ. വേറെ ഒരു പദ്ധതിയില്ല. കുടിവെള്ള പദ്ധതി എൽ.ഐ.സി. അടക്കമുള്ള എയ്ഡഡ് പദ്ധതികളൊക്കെ മുടങ്ങി കിടന്നിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി സ്പാൻ എന്ന് പറയുന്ന (സ്പെഷ്യൽ അസിസ്റ്റൻസ് നബാർഡ് സ്കീം) പുതിയ ഒരു പദ്ധതി കൊണ്ടുവന്നു. 31 കുടിവെള്ള പദ്ധതികൾ പ്രഖ്യാപിച്ചു. ഞാൻ ചോദിക്കട്ടെ, നിങ്ങൾ അധികാരത്തിൽനിന്ന് ഇറങ്ങി പോകുന്നതിനു മുമ്പ് ആ കുഴലിനകത്തുകൂടെ ഒരു തുള്ളി വെള്ളം വരുമായിരുന്നോ? ധനകാര്യ വകുപ്പുമന്ത്രിയുടെ ആളുകൾ അതിനുമുകളിൽ അടയിരിക്കുകയാണ്. ആ പദ്ധതി നടക്കത്തില്ല. റോഡിനെ കൈകാര്യം ചെയ്യുന്നതുപോലെയാണോ കുടിവെള്ള പദ്ധതിയെ കൈകാര്യം ചെയ്യേണ്ടത്? തെങ്ങിനും കവുങ്ങിനും ഒരേ തളപ്പ് ഇടാൻ പറ്റുമോ ? ആ മുഹൂർത്തത്തിൽ നിങ്ങൾ കുറെ കാര്യങ്ങൾ പ്രഖ്യാപിക്കുന്നു. ഈ നാട്ടിൽ അതൊന്നും നടക്കുന്നില്ല. എന്നിട്ട് മാറിനിന്നിട്ട് കുറച്ച് കാര്യങ്ങൾ പറയുകയാണ്. 2008-ലെ പ്രഖ്യാപനത്തിൽ കുറെ ട്രഷറികൾ പ്രഖ്യാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നൂറനാട് ഒരു ട്രഷറി പ്രഖ്യാപിച്ചു. ഇതുവരെ ട്രഷറി നിലവിൽ വന്നില്ല, രണ്ട് വർഷം കഴിഞ്ഞു. ഈ കഴിഞ്ഞ ബഡ്ജറ്റിൽ കുറച്ച് കെ.എസ്.എഫ്.ഇ.-യുടെ സ്ഥാപനങ്ങൾ വരുമെന്ന് പറഞ്ഞു. എന്റെ മണ്ഡലത്തിൽ ഇതുവരെ വന്നിട്ടില്ല. ഇപ്പോൾ പറയുന്നു 42 എണ്ണം പുതിയത് കൊണ്ടുവരുമെന്ന്. ഇതൊക്കെ ആര് വിശ്വസിക്കുമെന്നാണ് പറയുന്നത്. നിങ്ങൾക്ക് ഇങ്ങനെ കുറെ കാര്യങ്ങൾ പറയാൻപറ്റും. ഇങ്ങനെ പറഞ്ഞു പറഞ്ഞു പോവുക എന്നുള്ളതല്ലാതെ ആളുകളെ സഹായിക്കാൻവേണ്ടിയുള്ള ഒരു പദ്ധതിയും ഇല്ല. അധിക മഴമൂലം തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഇപ്പോൾ ഒരു പാക്കേജ് പ്രഖ്യാപിച്ചു. അത് വൺ ടൈം റിപ്പെയർ എന്നാണ് പറയുന്നത്. ഞാൻ നോക്കിയപ്പോൾ ഈ ഗവൺമെന്റ് അങ്ങേയറ്റത്തെ കടുത്ത വിവേചനമാണ് അക്കാര്യത്തിൽ കാണിച്ചിരിക്കുന്നത്. ഭരണകക്ഷി എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ മാത്രമാണ് റോഡുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലയിൽ 70 റോഡുകൾ പ്രഖ്യാപിച്ചു. ശ്രീ. സദാശിവൻ എം.എൽ.എ.യുടെ മണ്ഡലമായ കായംകുളത്തുണ്ട്. പിന്നെ അമ്പലപ്പുഴയിലുണ്ട് ബഹുമാന്യനായ നമ്മുടെ സുധാകരന്റെ മണ്ഡലത്തിൽ. പിന്നെയുള്ളത് മാരാരിക്കുളത്തും അരൂരുമാണ്. ആലപ്പുഴയിലെ റോഡുകളുടെ പണി തീർന്നു. 70 റോഡുകൾ പ്രഖ്യാപിച്ചതിൽ 4 മണ്ഡലങ്ങളിൽ മാത്രമായി നിൽക്കുകയാണ്. ഞാൻ ഒരു കാര്യം ഉത്തരവാദിത്തത്തോടെ പറയുകയാണ്, അടിയന്തരമായി ഇത് പരിഹരിച്ചില്ലെങ്കിൽ കോടതിയിൽ പോയാലും ഇതിനെ ഞങ്ങൾ നടത്താൻ സമ്മതിക്കുകയില്ല. അങ്ങനെ പോകാൻ പറ്റുമോ? എല്ലാവരും എം.എൽ.എ.മാരല്ല. അത് നടക്കില്ല. അങ്ങനെ ഒന്നും കൊണ്ടുപോകാൻ പറ്റില്ല. സ്വന്തം തറവാട്ട് സ്വത്തുപോലെ പൊതു പണം ധൂർത്തടിക്കാൻ ആർക്കും അവകാശമില്ല. അത് നടക്കാൻ പോകുന്ന കാര്യമല്ല. എംഎൽഎമാർ എല്ലാവരും എംഎൽഎമാർ തന്നെയാണ്. പിന്നെ ക്ഷേമ പെൻഷൻ തുക വർദ്ധപ്പിച്ചതിനെപ്പറ്റിയാണ് ഇവിടെ ഒരുപാട് കാര്യങ്ങൾ പറയുന്നത്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട കെ.കെ.ഷാജു അദ്ദേഹത്തിന്റെ ആവശ്യങ്ങളും അവകാശങ്ങളും ഉന്നയിക്കുന്നതിനുപകരം ഈ നിയമസഭയിൽ എവിടെയെങ്കിലും എന്തെങ്കിലും അവകാശം കിട്ടിയ പ്രസ്ഥാനങ്ങളേയും കോൺസ്റ്റിറ്റ്യൂൻസിയേയും ആക്ഷേപിക്കുന്നത് ശരിയല്ല. അത് ഒന്നും ഓർഡറിലല്ല. ബഡ്ജറ്റ് കോടതി വഴി തടയുമെന്നൊക്കെ പറഞ്ഞാൽ നടക്കുന്ന കാര്യമാണോ? അങ്ങേക്ക് അങ്ങയുടെ മണ്ഡലത്തിലെ അപാകതകൾ ചൂണ്ടിക്കാണിക്കാനുള്ള അനുവാദമുണ്ട്. മറ്റ് എന്തെങ്കിലും വികസനം നടക്കുന്നത് ആ മണ്ഡലങ്ങളിലെ ജനങ്ങൾക്ക് ഹിതകരമാണെന്ന് മനസ്സിലാക്കി അതിന് എതിരായ വാദങ്ങൾ ഉന്നയിക്കാതെ അങ്ങയ്ക്ക് ശ്രദ്ധിച്ചുകൂടെ?

ശ്രീ. കെ. കെ. ഷാജു : ഞാൻ ബഡ്ജറ്റിന്റെ കാര്യമല്ല പറഞ്ഞത്. വൺ ടൈം റിപ്പയർ എന്ന് പറഞ്ഞിട്ട് മഴക്കാലത്ത് തകർന്ന കുറച്ചു റോഡുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഒരു സ്കീം തയ്യാറാക്കി. ആ സ്കീം പ്രകാരം ആലപ്പുഴ ജില്ലയിൽ 70 റോഡുകളുടെ ഉത്തരവ് ഇറങ്ങി. ആ 70 റോഡുകളുടെ ഉത്തരവ് ധനകാര്യ മന്ത്രി മനസ്സിലാക്കിയിട്ടില്ലെങ്കിൽ ഞാൻ വീണ്ടും പറയുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ആ 70 റോഡുകളുടെ ഉത്തരവിനകത്ത് കായംകുളം, അമ്പലപ്പുഴ, മാരാരിക്കുളം, അരൂർ തുടങ്ങി നാല് മണ്ഡലങ്ങളിലല്ലാതെ വേറെ ഒരു മണ്ഡലത്തിൽ റോഡില്ല. നിങ്ങളുടെ മുന്നണിയിൽ തന്നെയുള്ള കുട്ടനാടിലെ റോഡ് ഇല്ല. അതുപോലെ തന്നെ മറ്റ് എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലെ റോഡ് ഇല്ല. അതാണ് ഞാൻ പറഞ്ഞത്. അല്ലാതെ ബഡ്ജറ്റിനകത്ത് വരുന്ന കാര്യമല്ല ഞാൻ പറഞ്ഞത്. അങ്ങ് തെറ്റിദ്ധരിച്ചു പറയുന്നതാണ്..... ഞാൻ എത്ര പ്രാവശ്യം എഴുതി കൊടുത്തു. അവസാനം ഇപ്പോൾ പറയുന്നത് ധനവകുപ്പ് പരിശോധിച്ചപ്പോൾ അത് ഒന്നും പി.ഡബ്ല്യു.ഡിയുമായി ബന്ധപ്പെട്ട റോഡ് അല്ല എന്ന് മനസ്സിലാക്കിക്കൊണ്ട് മാറ്റി വച്ചിരിക്കുന്നുവെന്നാണ്. അമ്പലപ്പുഴയിലെ ഓരോ മുക്കുംമൂലയും എനിക്കറിയില്ലേ. കായംകുളത്തെ റോഡുകളൊക്കെ എനിക്കറിയില്ലേ. അപ്പോൾ ഇതെല്ലാം അങ്ങേയറ്റം വിവേചനപരമായിട്ടാണ് തയ്യാറാക്കുന്നത്. ഇങ്ങനെയൊക്കെ ചെയ്താൽ വോട്ട് കിട്ടുമെന്ന് ആരും കരുതണ്ട. കഴിഞ്ഞ ആറ് മാസത്തെ കർഷക തൊഴിലാളി പെൻഷൻ അഡ്വാൻസായി കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പിന് പോയതാണ് നിങ്ങൾ. നിങ്ങൾ മനസ്സിലാക്കിക്കോ, ഇപ്പോൾ കർഷക തൊഴിലാളി പെൻഷൻ 100 രൂപ കൂട്ടി 200 രൂപ കൂട്ടി എന്ന് പറഞ്ഞല്ലോ, ആറ് മാസത്തെ കർഷക തൊഴിലാളി പെൻഷൻ അഡ്വാൻസായി കൊടുക്കുമെന്ന് പറഞ്ഞ് കർഷക തൊഴിലാളികളെ പറ്റിച്ച് വോട്ട് കിട്ടുമോയെന്ന് നോക്കിയതാണ്. കർഷക തൊഴിലാളികൾക്ക് മുൻകൂർ കാശ് കൊടുക്കാം നിങ്ങൾ വോട്ട് ചെയ്താൽ മതിയെന്നു പറഞ്ഞ് അവരെ പറ്റിക്കാൻ നോക്കിയ ആളുകളാണ്. അവർ നിങ്ങൾക്ക് ശക്തമായ തിരിച്ചടി നൽകി. അങ്ങനെ കൈക്കൂലി കൊടുത്താലൊന്നും വോട്ട് ചെയ്യുന്നവരല്ല ഈ നാട്ടിലെ തൊഴിലാളികളെന്നും നിങ്ങൾ മനസ്സിലാക്കി കൊള്ളണം. ഇപ്പോൾ പറയുകയാണ് എല്ലാ ക്ഷേമ പെൻഷനുകളും വർദ്ധിപ്പിക്കുകയാണ്. അതുകൊണ്ട് രണ്ട് മാസം കഴിഞ്ഞ് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് വോട്ട് ചെയ്യുമെന്നാണോ? ആറ് മാസത്തെ പെൻഷൻ വർദ്ധിപ്പിച്ചപ്പോൾ, നിങ്ങളുടെ മുഖത്തിനുനേരെ കാറിതുപ്പിയ കർഷക തൊഴിലാളി സമൂഹം ഈ വാഗ്ദാനങ്ങളുടെ മുന്നിലും ഇത് തന്നെ ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ പറയുന്നത് നിങ്ങൾ തിരിച്ചു വരുമെന്നാണ്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, വസ്തുതയ്ക്ക് എതിരായി ശ്രീ. കെ. കെ. ഷാജു ഉന്നയിച്ച ഒരു പ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. അതുകൊണ്ട് അത് ഒരു പോയിന്റ് ഓഫ് ഓർഡർ എന്ന് വേണമെങ്കിൽ പറയാം. കർഷക തൊഴിലാളികളുടെ ഏറ്റവും വലിയ കേന്ദ്രം കുട്ടനാടാണ്. അങ്ങ് ആ നാട്ടുകാരനാണ്. അങ്ങയുടെ അച്ഛൻ അതിന്റെ പ്രവർത്തകനായിരുന്നുവെന്ന് എനിക്കറിയാം. ഈ തെരഞ്ഞെടുപ്പിൽ മുൻ തെരഞ്ഞെടുപ്പിനെക്കാൾ കൂട്ടനാട്ടിൽ കൂടുതൽ പഞ്ചായത്തുകളിൽ എൽ.ഡി.എഫ്. ജയിച്ചത് അങ്ങേയ്ക്ക് മറക്കാൻ കഴിയുമോ? കോൺഗ്രസ് സ്ഥിരം ജയിച്ചു കൊണ്ടിരുന്ന പഞ്ചായത്തുകൾ അടക്കം ഈ പ്രാവശ്യം ജയിച്ചിരിക്കുകയാണ്. കാർഷിക നയം കാരണമാണത് സംഭവിച്ചത്. അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : ചില പഞ്ചായത്തുകളിൽ എൽ.ഡി.എഫ്. തിരിച്ചു വന്നിട്ടുണ്ട്. മേജറായിട്ടുള്ള പഞ്ചായത്തുകളിൽ കോൺഗ്രസ്സും തിരിച്ചു വന്നിട്ടുണ്ട്. ഉദാഹരണത്തിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തി കേന്ദ്രമായ വള്ളിക്കുന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് കോൺഗ്രസ്സാണ്. പഞ്ചായത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ പാലമേൽ പഞ്ചായത്തിൽ മാർക്സിസ്റ്റ് പാർട്ടിക്ക് മാത്രമാണ് ഭൂരിപക്ഷമുണ്ടായിരുന്നത്. ഈ തവണ പിണറായി വിജയൻ പറഞ്ഞ കുലംകുത്തിയെന്ന വിമതയുടെ പിന്തുണയോടുകൂടിയാണ് പാലമേൽ പഞ്ചായത്ത് മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ പഞ്ചായത്ത് ഇലക്ഷനാണല്ലോ പ്രശ്നം. സത്യം പറഞ്ഞാൽ പഞ്ചായത്ത് ഇലക്ഷനിൽ 51 പഞ്ചായത്തിൽ ഒരു അംഗംപോലും മാർക്സിസ്റ്റ് പാർട്ടിക്കില്ല, ഇടതുപക്ഷത്തിനില്ല എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. കെ. കെ. ഷാജു : പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് 51 പഞ്ചായത്തുകളിൽ ഒരാളുപോലും സി.പി.ഐ.(എം)-ന് ഇല്ലാതായത്. നിങ്ങൾ തിരിച്ചു വരുമെന്നാണ് പറഞ്ഞത്. എങ്ങനെ തിരിച്ചു വരുമെന്നാണ്, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ച കുറെ മണ്ഡലങ്ങളിൽ പരേതാത്മാക്കളുടെ വോട്ടുകൊണ്ട് ജയിച്ചതാണ്. പരേതാത്മാക്കളുടെ വോട്ടുകിട്ടി ഈ തവണ ജയിക്കാമെന്ന് നിങ്ങൾ ധരിച്ചാൽ നടക്കാൻ പോകുന്നില്ല. ഭരണം മാറുമെന്നുള്ള ധാരണയിൽ കുറെ പോലീസ് ഉദ്യോഗസ്ഥരും മറ്റുള്ള ആളുകളും ചേർന്നു പരേതാത്മാക്കളുടെ സഹോയത്തോടുകൂടി വോട്ട് ചെയ്ത് നിങ്ങൾ ജയിച്ചത് ഞങ്ങൾക്ക് മനസ്സിലാകും. പക്ഷേ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ആ ആനുകൂല്യം നിങ്ങൾക്ക് കിട്ടാൻ പോകുന്നില്ല. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച കേരള ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റ് സാർവ്വത്രികമായ പിന്തുണ ലഭിക്കുന്ന ബഡ്ജറ്റാണ്. സ്ഥായിയായി ഞങ്ങൾ എതിർത്തുകൊണ്ടിരിക്കുന്ന പത്രങ്ങൾ ഉൾപ്പെടെ മാതൃഭൂമി പത്രത്തിന്റെ ഹെഡ്ലിംഗ് വാരിക്കോരി എന്നാണ്. മനോരമയുടെ ഹെഡ്ലിംഗ് 'വാഗ്ദാനങ്ങളുടെ വെടിക്കെട്ട്' എന്നാണ്. കേരളകൗമുദിയുടെ ഹെഡ്ലിംഗ് 'ജനപ്രിയ വാഗ്ദാന പെരുമഴ' എന്നാണ്. യഥാർത്ഥത്തിൽ പ്രതിപക്ഷത്തെ സംബന്ധിച്ച് ഈ ബഡ്ജറ്റിനെ എതിർക്കാൻ കാര്യങ്ങൾ ഒന്നും കിട്ടാത്തതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ശപിക്കുക എന്നു പറയുന്ന ഒരു നിലപാടാണ് എടുത്തിട്ടുള്ളത്. ശ്രീമതി ഗൗരിയമ്മ പറഞ്ഞത് ശ്രദ്ധയിൽ ഉണ്ടാകും. വിശ്വസിക്കാൻ കൊള്ളാത്ത പാർട്ടിയാണ് കോൺഗ്രസ്സ് എന്ന് പറഞ്ഞത് വേറെ ആരുമല്ല, ശ്രീമതി ഗൗരിയമ്മയാണ്. അത് അപ്പുറത്തെ ആൾക്കാർക്ക് ധാരണയുണ്ടാകും. പിന്നെ **** പക്ഷേ പറഞ്ഞിരിക്കുന്നത് ഗൗരിയമ്മയാണെന്ന് ഓർക്കുന്നത് നല്ലതാണ്.

*. സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

ഇവിടെ കേരളത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക മേഖലയിലെ ദിശാമാറ്റം ഈ ബഡ്ജറ്റിലൂടെ തന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഞാൻ ഇവിടെ ഭരണകക്ഷി ബഞ്ചുകളെ നോക്കിയിരിക്കുകയായിരുന്നു.

ശ്രീ. കെ. കെ. ഷാജു : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ഈ നിയമസഭയിൽ ജനാധിപത്യ സംരക്ഷണ സമിതിയുടെ അംഗമായി തെരഞ്ഞെടുക്കപ്പെട്ട് വന്നിരിക്കുന്ന ഞാൻ കോൺഗ്രസ്സിൽ അംഗമാണ്, കോൺഗ്രസ്സുകാരനാണ് എന്ന് അദ്ദേഹം പറയുന്നത് ഓർഡറിലാണോ?

ചെയർപേഴ്സൺ : അങ്ങനെ പറഞ്ഞത് ഓർഡറിലല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഞാൻ ഉദ്ദേശിച്ചത് ഒറ്റ കാര്യമാണ്. അദ്ദേഹം ശ്രീമതി ഗൗരിയമ്മയുടെ പാർട്ടിയല്ലായെന്ന്. അത് അദ്ദേഹത്തോട് സ്വകാര്യമായി ചോദിച്ചാൽ സമ്മതിക്കും. ഇവിടെ ധനകമ്മിയും അതുപോലെ റവന്യൂ കമ്മിയും കഴിഞ്ഞ 5 കൊല്ലക്കാലം എപ്പോഴും വർദ്ധിക്കുന്ന നിലയാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് കുറച്ച് കാണിക്കുന്ന ഒരു മാജിക്കാണ് ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ കാണിച്ചിട്ടുള്ളത്. റവന്യൂ കമ്മി ആഭ്യന്തര വരുമാനത്തിന്റെ 1.48 -ൽ നിന്ന് 1.41 ആയിട്ട് കുറഞ്ഞിരിക്കുന്നു. കണക്കുകൾ വച്ച് പരിശോധിക്കുമ്പോൾ അത് കാണാം. സർക്കാർ ചെലവിലെ വർദ്ധനവ് സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട് നിങ്ങളുടെ കാലത്തെ വർദ്ധനവ് 53 ശതമാനമാണെങ്കിൽ ഇപ്പോൾ അത് 105 ശതമാനമായിരിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. ആന്റണിയുടെയും ഗവൺമെന്റുകളുടെ ഭരണകാലത്ത് എല്ലാ കൊല്ലവും ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നതാണ് എങ്കിൽ കഴിഞ്ഞ മൂന്ന് കൊല്ലകാലമായി ഒരു ഓവർഡ്രാഫ്റ്റും ഇല്ലാത്ത ഒരു ഗവൺമെന്റാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. കടഭാരത്തിന്റെ കാര്യം സംബന്ധിച്ച് ഇവിടെ പറഞ്ഞു ഉമ്മൻചാണ്ടിയുടെ കാലത്ത് സംസ്ഥാന വരുമാനത്തിന്റെ 33.6 ശതമാനം പൊതുകടം ഉണ്ടായിരുന്ന സ്ഥാനത്ത് ഇത്രമാത്രം ചെലവഴിച്ചിട്ടും 29.52 ശതമാനം മാത്രമായി അത് കുറയ്ക്കാൻ കഴിഞ്ഞു. പതിനൊന്നാം പദ്ധതിയുടെ ആദ്യത്തെ നാല് വർഷങ്ങളിൽ കേരളത്തിലെ ജി. എസ്. ഡി. പി. വളർച്ചാ നിരക്ക് രാജ്യത്താകെയുള്ള ജിഎസ്ഡിപി വളർച്ചാ നിരക്കിനെക്കാൾ മുകളിലാണ്. അക്കാര്യം കോൺഗ്രസ് ബെഞ്ചുകൾ പരിശോധിക്കണം. ഇവിടെ രാവിലെ ബഹുമാനപ്പെട്ട അംഗം ആര്യാടൻ മുഹമ്മദ് ഇക്കണോമിക് റിവ്യൂ ഉദ്ധരിക്കുന്നത് കേട്ടു. ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് എന്താണ്? 2005-06-ൽ റവന്യൂ കമ്മി ജി. എസ്. ഡി.പി.യുടെ 2.29 ആണെങ്കിൽ ഈ കഴിഞ്ഞ കൊല്ലം അത് 1.37 ആണെന്നാണ്. വേറെയൊന്നുമല്ല പറയുന്നത്, ഇക്കണോമിക് റിവ്യൂ ആണ്. സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ഇതുപോലെ വളർച്ച നേടിയിട്ടുള്ള കാലം കേരളത്തിന്റെ ചരിത്രത്തിൽ എപ്പോൾ ഉണ്ടായിട്ടുണ്ട്? 2005-06-ൽ 9729.64 കോടി രൂപ, അതായത് 9.1% എന്നാൽ 2010-2011-ൽ 20,684.23 കോടി രൂപയാണ്. അതായത് 18.49% ആണ് വളർച്ചാ നിരക്ക് എന്നുപറഞ്ഞാൽ നേരെ

LIBRARY ARCHIVES Kerala Legislative Assembly

ഇരട്ടിയിലേറെയാണ്. ഏത് കണക്കാണ് ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് ഉദ്ധരിച്ചത് എന്ന് എനിക്ക് അറിയുകയില്ല. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ അവസാന വർഷം സംസ്ഥാനത്തിന്റെ വരുമാന വളർച്ച 9.97 ശതമാനം ആയിരുന്നുവെങ്കിൽ 2010-11-ൽ 19.11 ശതമാനമാണ്. യു.ഡി.എഫ്.-കാർക്ക് സ്വപ്നം കാണാൻ കഴിയുന്ന ഒരു വളർച്ചയാണോ ഈ കഴിഞ്ഞ അഞ്ചു കൊല്ലക്കാലം കേരളത്തിൽ ഉണ്ടായിട്ടുള്ളത്? കേന്ദ്രം വലിയ പങ്കുവഹിച്ചു എന്നാണ് ഇപ്പോൾ യു.ഡി.എഫ് ബെഞ്ചുകൾ പറയുന്നത്. 2005-06-ൽ കേന്ദ്രം നല്കിയിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡിലെ വളർച്ചാ നിരക്ക് എത്രയായിരുന്നു? നിങ്ങളുടെ ഭരണത്തിന്റെ അഞ്ചുകൊല്ലക്കാലം 57 ശതമാനമാണ്. എന്നാൽ 2010-11 ആകുമ്പോൾ ഇത് 41.33 ആയി കുറഞ്ഞിരിക്കുകയാണ്. വർദ്ധിച്ച നിരക്കല്ലേ? ഇപ്പോൾ നിങ്ങൾ കേന്ദ്ര സർക്കാരിന്റെ സഹായം പരിശോധിക്കുകയാണെങ്കിൽ കുറയുകയാണ് ചെയ്തിരിക്കുന്നത്. കേന്ദ്രം നൽകുന്ന ഫണ്ടിന്റെ കാര്യത്തിൽ എത്ര വലിയ അവഗണനയാണ് കേരളത്തോട് കാണിച്ചുകൊണ്ടിരിക്കുന്നത്? ആന്ധ്രയ്ക്ക് കൊടുക്കുന്നത് 7.15% തമിഴ്നാട്ടിന് 4.6% കർണ്ണാടകയ്ക്ക് 3.8% കേരളത്തിന് 2.39. ഏഴ് കേന്ദ്ര മന്ത്രിമാരല്ലേ അവിടെയിരിക്കുന്നത്? കേരളത്തിന് വല്ല കാര്യവുമുണ്ടോ? ദക്ഷിണേന്ത്യയിൽ ഒരൊറ്റ സംസ്ഥാനത്തിന് കൊടുക്കുന്നതിന്റെ പകുതി പോലും ഈ കേരളത്തിന് നൽകാതിരിക്കുന്ന ഒരു നിലപാടാണ് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. കേരളത്തിൽ ഒരു വികസനവും ഉണ്ടായിട്ടില്ല എന്നാണല്ലോ യു.ഡി.എഫ് ബഞ്ചുകൾ പറയുന്നത്. 2005-06-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ആകെ റവന്യൂ ചെലവിന്റെ 7.3% ആണ് വളർച്ചാ നിരക്ക്. 2010-11-ൽ ആകെ റവന്യൂ ചെലവിന്റെ 11.81 ശതമാനമായി വളർച്ചാനിരക്ക് വർദ്ധിച്ചിരിക്കുന്നു. ഏതാണ്ട് അഞ്ച് ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. മൂലധന ചെലവ് ഇതുപോലെ വർദ്ധിച്ച ഒരു കാലം കേരളത്തിന്റെ ചരിത്രത്തിൽ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ അവസാന കാലം. 2005-06-ൽ ആകെ ചെലവിന്റെ 4.19% ആണ് മൂലധന ചെലവ് എങ്കിൽ റിവ്യൂ പറയുന്നത്, 2010-11-ൽ അത് 12.51 ശതമാനമാണെന്നാണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചെയ്തിരിക്കുന്ന ഒരുപാട് കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പരാമർശിക്കുന്നില്ല. കാരണം ആ കാര്യങ്ങളെ സംബന്ധിച്ചെല്ലാം വളരെ വിശദമായി തന്നെ എന്റെ സഹപ്രവർത്തകർ പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. കെ. ഷാജു സംസാരിക്കുന്ന സമയത്ത് ആറു മാസക്കാലം അഡ്വാൻസ് പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞ ഗവൺമെന്റല്ലേ എന്ന് ചോദിക്കുകയുണ്ടായി. ഇങ്ങനെ ചോദിക്കുവാൻ ശ്രീ. ഷാജുവിന് നാണമുണ്ടോ? ഇരുപത്തിയാറു മാസക്കാലത്തെ പെൻഷന്റെ കുടിശ്ശിക പൂർണ്ണമായി കുടിശ്ശിക ഇട്ടിട്ടു പോയ നിങ്ങൾക്ക് ഈ കാര്യം സംബന്ധിച്ച് ഒരു വാക്ക് ചോദിക്കുവാനുള്ള അവകാശമുണ്ടോ? നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണത്തിന്റെ അവസാന കാലത്ത് നൂറു രൂപ കൊടുത്ത സ്ഥാനത്ത് അത് നാലിരട്ടി ആയിട്ടാണ് ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുന്നത്. നിങ്ങൾക്ക് സ്വപ്നം കാണാൻ കഴിയുമോ? മാത്രമല്ല, കേരളത്തിന്റെ ഈ ബഡ്ജറ്റിൽത്തന്നെ ആശാ വർക്കർമാർക്ക് മൂന്നൂറ് രൂപ, അംഗൻവാടി പെൻഷൻകാർക്ക് സംസ്ഥാന ഗവൺമെന്റ് വിഹിതം ആയിരം

LIBRARY ARCHIVES Kerala Legislative Assembly

രൂപ. സർക്കസ് കലാകാരന്മാർക്ക് 750 രൂപ. വികലാംഗ പെൻഷൻ നാന്നൂറ് രൂപ, എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ഇരുപത് കോടി രൂപയുടെ പാക്കേജ് എന്നിവ പ്രഖ്യാപിച്ചിട്ടുണ്ട്. യു.ഡി.എഫ്.- ഗവൺമെന്റിന്റെ കാലത്ത് സ്വപ്നം കാണാൻ കഴിയാത്ത കാര്യങ്ങളാണ് എൽ.ഡി.എഫ്.-ന്റെ ബഡ്ജറ്റിന്റെ ഭാഗമായി ഇപ്പോൾ പറഞ്ഞിരിക്കുന്നത്? എന്തായാലും അടുത്ത തെരഞ്ഞെടുപ്പിൽ ഞങ്ങൾ വീണ്ടും അധികാരത്തിൽ വരുമെന്നാണ് പ്രതിപക്ഷം പറഞ്ഞത്. അതിനു വേണ്ടിയാണ് നിങ്ങൾ മോചന യാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചത്. ഞാൻ ഒരു കാര്യം പറയാം. ബഹുമാനപ്പെട്ട കേരളത്തിലെ പ്രതിപക്ഷ നേതാവിന് കണ്ടകശനി ബാധിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ കേരളത്തെ മോചിപ്പിക്കുവാൻ വേണ്ടി കച്ചകെട്ടി ഇറങ്ങി, കാസർഗോട് നിന്ന് ആരംഭിക്കുമ്പോൾ അദ്ദേഹം വിചാരിച്ചത് തിരുവനന്തപുരത്ത് എത്തുമ്പോൾ മുഖ്യമന്ത്രി കസേരയിലേക്കാണ് നേരിട്ട് പോയി വീഴുക എന്നാണ്. പക്ഷേ അതുകൊണ്ടാണ് നമ്മുടെ ചെന്നിത്തലക്കാരൻ രമേശ് പറഞ്ഞത്, ഈ യാത്ര തിരുവനന്തപുരത്ത് എത്തുമ്പോൾ തിരുവനന്തപുരത്ത് എന്തായാലും ഒരു ഭൂകമ്പം ഉണ്ടാകും. പക്ഷേ കാത്തിരിക്കേണ്ടി വന്നില്ല, ഭൂകമ്പം കോഴിക്കോട്ട് എത്തിയപ്പോൾത്തന്നെ ഉണ്ടായില്ലേ? കുഞ്ഞാലിക്കുട്ടിയുമായി ബന്ധപ്പെട്ട് ഒരു ഭൂകമ്പം കോഴിക്കോട്ട് എത്തിയപ്പോൾത്തന്നെ ഉണ്ടായി. അരുതാത്ത കാര്യങ്ങളെല്ലാം ചെയ്തവനാണെങ്കിലും തന്റെ അരുമ സുഹൃത്ത് ആദരണീയനായിട്ടുള്ള കുഞ്ഞാലിക്കുട്ടി, കള്ളം പറയുക മാത്രമല്ല, കള്ളം പറയിച്ചു. അതിനു പകരം റജീനയ്ക്ക് കോടികൾ നൽകി, ഇതെല്ലാം പറയുന്നത് സ്വന്തം കുടുംബക്കാരനാണ്. ജഡ്ജിമാർക്ക് കൈക്കൂലി കൊടുത്തു. ഉദ്യോഗസ്ഥരെ തെറ്റായി സ്വാധീനിച്ചു. ഇതുപോലെ കൊള്ളരുതാത്ത ആളുകൾ നാട്ടിൽ വേറെയില്ല എന്ന് കൂടെയുള്ള ആളുകൾതന്നെ വിളിച്ചു പറയുന്നതല്ലെ നമുക്ക് കാണാൻ കഴിയുന്നത്?

<u>ശ്രീ. പി. ടി. എ. റഹീം:</u> ഔദ്യോഗിക വെളിപ്പെടുത്തലിനെക്കുറിച്ചാണോ പറയുന്നത്? റൗഫ് പുതുതായി വെളിപ്പെടുത്തലുകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u> റൗഫ് ഇപ്പോൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് ശിഹാബ് തങ്ങളെ കുഞ്ഞാലിക്കുട്ടി ബ്ലാക്ക് മെയിൽ ചെയ്യുകയായിരുന്നു എന്നാണ്. അതിന്റെ തെളിവുകൾ എന്റെ കയ്യിലുണ്ട്, പത്രക്കാർ വരികയാണെങ്കിൽ ആ തെളിവുകൾ ഇപ്പോൾത്തന്നെ കൊടുക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. നിങ്ങളെപ്പോലെ നാണംകെട്ട ഒരു പാർട്ടി ഈ കേരളത്തിൽ വേറെ ഏതുണ്ട് എന്നാണ് ഇപ്പോൾ ലീഗുകാർ വിചാരിക്കുന്നത്. എന്നിട്ട് ഇപ്പോഴാണ് നമ്മുടെ കോൺഗ്രസ് ബെഞ്ചുകൾ പറയുന്നത്, **** ഒരുപാട് അപരാധം ചെയ്ത ഒരാളെന്ന് ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി അന്ന് ആശ്വാസത്തോടെ പറഞ്ഞത് നമ്മളെല്ലാം കേട്ടു. ഇപ്പോഴെങ്കിലും ഇതെല്ലാം സമ്മതിക്കുവാൻ തോന്നുന്നത് നന്നായി. പറഞ്ഞത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അപ്പോൾ അദ്ദേഹം ഓർത്തു കാണുകയില്ല, അദ്ദേഹം അപ്പോഴത്തെ മുഖ്യമന്ത്രിയാണെന്ന്. പിന്നെ അദ്ദേഹം ഓർത്തപ്പോൾ പറഞ്ഞു, ഞാൻ അങ്ങനെയല്ല ഉദ്ദേശിച്ചത്

* സഭാരേഖകളുടെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്ന്. ശരിക്കും ശനിയെല്ലാം നീങ്ങി എന്നു വിചാരിച്ചപ്പോഴാണ് രണ്ടാം ഘട്ടം മോചന യാത്ര വീണ്ടും ഇവിടെനിന്ന് മടങ്ങി അങ്ങോട്ട് പോയി നടത്താൻ വേണ്ടി തീരുമാനിച്ചത്. വീണ്ടും ഭൂകമ്പമുണ്ടായി. തന്റെ മന്ത്രിസഭയിലെ അടുത്ത മന്ത്രി ആദരണീയനായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള. അദ്ദേഹമാണ് അടുത്ത ഭൂകമ്പത്തിന്റെ ഉത്തരവാദി. അദ്ദേഹത്തിനെതിരായ വിധിയുടെ കോപ്പി എന്റെ കയ്യിലുണ്ട്. അതിനകത്ത് സുപ്രീംകോടതി പറയുകയാണ്, ഒടുവിലത്തെ വാചകം, Considering the materials and in the light of the above discussion we agree with the conclusion arrived at by the Special Court and hold that the High Court has committed an error in acquitting the accused person. Accordingly R.Balakrishna Pillai, P.K. Sajeev and Ramabhadran are awarded rigorous imprisonment for one year with fine of Rs. 10,000 each. എന്തൊരു നേട്ടമാണ് യു.ഡി.എഫ്-ന്. ഇവിടെ പ്രത്യേകം കോടതി നൽകിയിരിക്കുന്ന, അഞ്ചു കൊല്ലം ശിക്ഷ കൊടുക്കേണ്ടതാണെങ്കിലും നിരവധി കൊല്ലക്കാലമായി ഈ നേതാവ് കോടതി വരാന്തയിൽത്തന്നെ ഇറങ്ങിനടക്കുന്നു എന്നുള്ളതുകൊണ്ടാണ് ഇത് ഒരു വർഷമായി ചുരുക്കുന്നതെന്ന് ഈ വിധിന്യായത്തിനകത്ത് പറയുന്നുണ്ട്. സുപ്രീംകോടതി ആരാധ്യമായ കോടതിയാണ്. മാർക്സിസ്റ്റുകാർ കോടതിയോടൊന്നും ബഹുമാനമില്ലാത്തവരാണ്, ഞങ്ങളാണ് കോടതിയെ പൂർണ്ണമായി മാനിക്കുന്നത് എന്നാണല്ലോ കോൺഗ്രസ് ബെഞ്ചുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ആ കോടതിയെ സംബന്ധിച്ചാണ് ഇവിടെ നേരത്തേ പറഞ്ഞതുപോലെ ശ്രീ. കെ. സുധാകരൻ എം.പി., ആദരണീയനായ പാർലമെന്റ് അംഗം, പറഞ്ഞത് എന്താണ്? ബാർ ലൈസൻസ് റദ്ദാക്കിയ ഹൈക്കോടതി വിധി ഇല്ലാതാക്കുവാൻ സുപ്രീംകോടതി ജഡ്ജിക്ക് തന്റെ സാന്നിദ്ധ്യത്തിലാണ് മുപ്പത്തിയാറു ലക്ഷം രൂപ കൈക്കൂലി കൊടുത്തതെന്നാണ്. ഞാൻ ഗൗരവത്തിൽ ആക്ഷേപിക്കുന്നു, കൈക്കൂലി കൊടുക്കുവാൻ പോയത് വേറെയാരുമല്ല, ഈ ആളുകളെ കൂട്ടിയിട്ട് ശ്രീ. സുധാകരനാണ്. അന്വേഷിക്കുവാൻ ധൈര്യമുണ്ടോ? ഇവിടെ പറഞ്ഞതുപോലെ സാക്ഷിയാകുവാൻ വേണ്ടി ശ്രീ. സുധാകരനെ കൂട്ടി പോയില്ലല്ലോ? ശ്രീ. സുധാകരൻ കൂടിയാണ് കൈക്കൂലി കൊടുത്തത് എന്നല്ലേ വ്യക്തമാക്കിയിരിക്കുന്നത്. മാത്രമല്ല, അദ്ദേഹം പറഞ്ഞു, **** ആരുടെ തിണ്ണയാണ് നിരങ്ങുന്നുണ്ടാവുക? ഞങ്ങളുടെയൊന്നും തിണ്ണ നിരങ്ങേണ്ട കാര്യമില്ലല്ലോ? ഞങ്ങളെ ആരും ജഡ്ജിമാരൊന്നും ആക്കുന്നില്ലല്ലോ. അപ്പോൾ നിങ്ങളുടെ **** ഈ ഇന്ത്യാ രാജ്യത്തിലെ പല സുപ്രീംകോടതി ജഡ്ജിമാരും വന്നിരിക്കുന്നത് എന്നുപറയുന്നത് വേറെ ആരുമല്ല, കേന്ദ്രത്തിൽ ഇന്ന് ഭരണത്തിലിരിക്കുന്ന പാർട്ടിയുടെ ആരാധ്യനായിട്ടുള്ള എം.പി.യാണ്. എന്താണ് കോൺഗ്രസ്സിന് പറയാനുള്ളത് എന്നുള്ളത് അവർ പറയേണ്ട കാര്യമാണ്. കോൺഗ്രസ് മഹത്തായ പ്രസ്ഥാനമാണ്. എനിക്ക് യാതൊരു തർക്കവുമില്ല. ദേശീയ പ്രസ്ഥാനത്തിന്റെ പതാക ഏന്തിയിട്ടുള്ള, ഇന്ത്യയെ ലോകത്തിലെ മഹത്തായ ജനാധിപത്യ രാഷ്ട്രമാക്കിയിട്ടുള്ള ഒരു മഹാ പ്രസ്ഥാനമല്ലേ കോൺഗ്രസ്?

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സ് മലയാളിയെ സ്വീകരിച്ചിട്ടുണ്ട്. പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവിനെ, ഇന്ദിരാഗാന്ധിയെ, ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്തുകൊണ്ടുള്ള വലിയ സ്വീകരണം സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ആരെയാണ് നിങ്ങൾ സ്വീകരിക്കുന്നത്? നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ? **** ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ ആനയും അമ്പാരിയുമായി നിങ്ങൾ സ്വീകരിക്കുന്നു. കോൺഗ്രസ്സ് ഉൾപ്പെടെ. ആ സ്വീകരണം കണ്ട് അന്തിച്ചു പോയിട്ടാണ് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത്, എനിക്ക് അസൂയ തോന്നുന്നു. ഇനി ഇപ്പോൾ സ്വീകരണം കിട്ടാൻ കോൺഗ്രസ്സുകാർ ചെയ്യേണ്ടത് ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ പണി തന്നെയാണെങ്കിൽ അസ്സലായി കേരളത്തിനകത്ത്. ഇവിടെ എന്തെല്ലാം വൃത്തികേടുകളാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് കോൺഗ്രസ്സിന് ആലോചിക്കുവാൻ കഴിയണമെന്നാണ് ഞാൻ പറയുന്നത്. ഇപ്പോൾ ഇത്ര കോടികൾ കട്ട ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് ആയിരങ്ങളുടെ സ്വീകരണം. ഇനിയിപ്പോൾ സ്വീകരണം കിട്ടാൻ **** കൈക്കൂലി വാങ്ങുക, കോഴ വാങ്ങുക, അഴിമതി നടത്തുക, ഇതെല്ലാമാണ് യോഗ്യത എന്നുവരുന്ന നിലയിലേക്ക് കോൺഗ്രസ്സ് അധഃപതിക്കുന്നത് വളരെ ഗൗരവത്തോടുകൂടി കോൺഗ്രസ്സുകാർക്ക് ആലോചിക്കുവാൻ കഴിയണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. എന്തായാലും നിങ്ങൾ മടിക്കേണ്ട കാര്യമില്ല. ഇനിയും ഈ സ്വീകരണത്തിനു വേണ്ടി ധാരാളം ആളുകൾ ക്യൂവിൽ നിൽക്കുന്നുണ്ട്. ചില മന്ത്രിമാരെ സംബന്ധിച്ച് ഇവിടെ ഇപ്പോൾ പറഞ്ഞല്ലോ? പൊതുമരാമത്ത് തട്ടിപ്പു കേസ്സിൽ ശ്രീ. എം. കെ. മുനീർ അവിടെ നിൽക്കുന്നു. ജീരകവും കടുകും പോലും വാങ്ങിയിട്ട് കോടികൾ തട്ടിക്കുവാൻ കഴിയുമെന്ന് തെളിയിച്ചിട്ടുള്ള ശ്രീ. അടൂർ പ്രകാശ് അവിടെയുണ്ട്. അതുപോലെ പാമോയിൽ കേസ്സുമായി ബന്ധപ്പെട്ട് ഇപ്പോൾ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് ആരാണ്? ഞങ്ങളാരും അല്ലല്ലോ? ഇവിടെ അധികാരത്തിലേയ്ക്ക് തിരിച്ചുവരാൻ കേരളത്തെ മോചിപ്പിക്കും എന്നു പറഞ്ഞ ആൾ മോചനയാത്ര കഴിഞ്ഞ് വരുമ്പോൾ പാമോയിൽ കേസ്സിനകത്ത് പ്രതിയാകുമെന്ന് വരുകയാണല്ലോ? പാമോയിൽ ഇടപാട് നടക്കുന്ന സമയത്ത് ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ അറിവോടും സമ്മതത്തോടുംകൂടിയാണ് ഇറക്കുമതി സംബന്ധിച്ച് തീരുമാനമെടുത്തത് എന്ന് മറ്റാരുമല്ല പറയുന്നത്, അന്നത്തെ ഭക്ഷ്യവകുപ്പു മന്ത്രിയായിരുന്ന ശ്രീ. ടി. എച്ച്. മുസ്തഫയാണ്. അദ്ദേഹം പറഞ്ഞത് മന്ത്രിസഭയിലേക്ക് കൊടുത്തിരിക്കുന്ന നോട്ട് ഞാനല്ല എഴുതിയത് ശ്രീ. ഉമ്മൻ ചാണ്ടി ആണെന്നാണ്. ഞാൻ അതിന്റെ അവസാന സമയമേ കാണുന്നുള്ളൂ എന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടി പറയേണ്ടേ? ശ്രീ. ഉമ്മൻ ചാണ്ടിയോട് പത്രക്കാർ ചോദിച്ചു, നിങ്ങൾക്ക് ഈ കാര്യം സംബന്ധിച്ച് എന്താണ് അഭിപ്രായമുള്ളത്? അദ്ദേഹം പറഞ്ഞിരിക്കുന്നത് എന്താണ്? അദ്ദേഹം പറഞ്ഞിരിക്കുന്നത്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ..... കേരള നിയമസഭയുടെ ഒരു കമ്മിറ്റി പാമോയിലിനെ കുറിച്ച് അന്വേഷിച്ചിരുന്നു. ഞാൻ ആ കമ്മിറ്റിയിലെ അംഗമായിരുന്നു. ഞങ്ങൾ ഇതിനകത്തെ ഫയലുകളെല്ലാം പരിശോധിച്ചിട്ടുള്ളതാണ്. ഇപ്പോൾ യഥാർത്ഥത്തിൽ ശ്രീ. പ്രകാശൻ മാസ്റ്റർ

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതും ആ ഫയലിൽ പറയുന്നതുമൊന്നും അതുമായി ഒരു ബന്ധവുമില്ലാത്തതാണ്. നേരെ എതിരായിട്ടുള്ള കാര്യങ്ങളാണ് അദ്ദേഹം വാദിച്ചുകൊണ്ടിരിക്കുന്നത്. ഇത് നിയമസഭയ്ക്കകത്തെ നിയമസഭാ കമ്മിറ്റി അന്വേഷിച്ച കാര്യമാണ്. ആ കമ്മിറ്റിയിലെ അംഗം എന്നുള്ള നിലയിലാണ് ഞാൻ പറയുന്നത്. ഇല്ലാത്ത കെട്ടുകഥകൾ ഉണ്ടാക്കി കേരളത്തിലെ പ്രതിപക്ഷ നേതാവിനെ ജനങ്ങളുടെ മുന്നിൽ tarnish ചെയ്യാൻ പറ്റുമോ എന്ന് പരിശോധിക്കുന്നതിനു വേണ്ടി ഈ നിയമസഭയുടെ സമയം ചെലവഴിക്കുന്നത് ശരിയല്ല. അവിടെ ഉണ്ടായിരിക്കുന്ന സംഭവം എന്താണെന്നുള്ളതിനെക്കുറിച്ച് പ്രതിപക്ഷ നേതാവ് പിന്നീട് സംസാരിക്കും എന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല. അപ്പോൾ ഇവിടെ വളരെ തെറ്റായ ഒരു ധാരണ ജനമദ്ധ്യത്തിൽ കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ആസൂത്രിതമായ ശ്രമം നടത്തുന്നതിൽ ഒരു ആയുധമായി നമ്മുടെ ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഇവിടെ നിൽക്കുകയാണ്. അതുകൊണ്ട് ദയവായി ഇത് നമ്മുടെ സഭാ രേഖയിൽ കാണരുത്. മാത്രമല്ല, സഭാ രേഖയിൽ ഇല്ലാതെ പോയാലും ശരി പുറത്ത് പബ്ലിഷ് ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വിഷ്വൽ മീഡിയയ്ക്ക് അതിനു വേണ്ടിയുള്ള സാധ്യത ഉണ്ടാക്കിക്കൊടുക്കുകയാണ്. അതിനു വേണ്ടിയാണ് ഇത് പറയുന്നത്. അതുകൊണ്ട് അത് പബ്ലിഷ് ചെയ്യരുതെന്ന് അങ്ങ് റൂൾ ചെയ്യണമെന്ന് അപേക്ഷിക്കുന്നു. റൂൾ 307.

3.00 PM] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ സഹപ്രവർത്തകൻ ശ്രീ. ടി. എച്ച്. മുസ്തഫ പറഞ്ഞ ഈ കാര്യത്തെ സംബന്ധിച്ച് ഒരു വാക്കുപോലും ശ്രീ. ഉമ്മൻ ചാണ്ടി ഇതുവരെ നിഷേധിച്ചിട്ടില്ല. മാത്രമല്ല, ഈ കേസ്സിൽ, ഇവിടെ ശ്രീ. ടി. എച്ച്. മുസ്തഫ പറഞ്ഞിരിക്കുന്നത് ഫയലിൽ അദ്ദേഹം ഒപ്പിട്ടു എന്നാണ്. അത് ശ്രീ. ഉമ്മൻ ചാണ്ടി സമ്മതിച്ചിട്ടുണ്ട്. ഇത് 23-8-1997-ലെ പത്രമാണ്. (പത്രം ഉയർത്തിക്കാണിച്ചു) ഈ കേസ്സ് സംബന്ധിച്ച ഫയലിൽ ഒപ്പിട്ടു-ശ്രീ. ഉമ്മൻ ചാണ്ടി. അദ്ദേഹത്തിന്റെ പത്രസമ്മേളനമാണ്. വേണമെങ്കിൽ ഫയൽ ഞാൻ ഇവിടെ മേശപ്പുറത്ത് വയ്ക്കാം. ഫയലിൽ ഒപ്പിട്ടിരിക്കുന്നുവെന്ന കാര്യം ശ്രീ. ഉമ്മൻ ചാണ്ടി സമ്മതിച്ചതാണ്. ഈ ഫയൽ അദ്ദേഹം കണ്ടിരിക്കുന്നുവെന്നും അദ്ദേഹമാണ് ക്യാബിനറ്റ് നോട്ട് തയ്യാറാക്കിയതെന്നും ഇവിടെയിപ്പോൾ അതിനുശേഷം ഉദ്യോഗസ്ഥൻമാർ പറഞ്ഞല്ലോ.

ചെയർപേഴ്സൺ : ശ്രീ. എം. പ്രകാശൻ മാസ്റ്റർ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ പാമോയിൽ കേസ്സിലെ ധനപരമായ തീരുമാനത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും ധനമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കാണെന്ന് ആ കാലത്തെ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന സഖറിയ മാത്യു കോടതിയിൽ എഴുതിക്കൊടുത്തിരിക്കുകയാണ്. പൊതുവെ പറഞ്ഞതല്ല, കോടതിക്കകത്ത് എഴുതിക്കൊടുത്തിട്ടുണ്ട്. ഫയൽ മന്ത്രിസഭാ പരിഗണനയ്ക്ക് അയച്ചത് സഖറിയാ മാത്യു ആണ്. എനിക്ക് സംരക്ഷണം വേണം. എന്റെ സമയം അപഹരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങയ്ക്ക് എല്ലാ സംരക്ഷണവും ഞങ്ങൾ തരും. ഞങ്ങൾ സംരക്ഷണമൊന്നും അടിച്ചുകൊണ്ട് പോകുന്നില്ല. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, കോടതിയെപ്പോലും മിസ്കാട്ട് ചെയ്യുന്നതാണ്. ഇവിടെ ഇതിന്റെ പശ്ചാത്തലം അറിയാത്ത ഒരാൾ കേട്ടാൽ എന്താണ് വിചാരിക്കുക? കോടതിയെപ്പോലും മിസ്കാട്ട് ചെയ്യുകയാണ്. അങ്ങനെ കോടതിയെ മിസ്കാട്ട് ചെയ്യാതെ ഈ പറയുന്ന ഉമ്മൻ ചാണ്ടിയുടെ പേരില്ലെന്ന് ശ്രീ. ടി. എച്ച്. മുസ്തഫ പറയുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേരില്ലെന്നത് ഞങ്ങൾക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. എന്നിട്ടും കോടതിയെ മിസ്കാട്ട് ചെയ്യുന്നു. അങ്ങനെ മിസ്കാട്ട് ചെയ്യുന്ന ഈ രേഖ ദയവായി ഇപ്പോൾ മേശപ്പുറത്ത് വയ്ക്കാമോ? ഞങ്ങൾക്കൊന്ന് റഫർ ചെയ്യണം. ആ രേഖ മേശപ്പുറത്ത് വയ്ക്കണം. ആ രേഖ പിടിച്ചെടുക്കണം. സ്പീക്കർ അത് പിടിച്ചെടുക്കണം. എന്നിട്ട് അത് മേശപ്പുറത്ത് വയ്ക്കണം. ഞങ്ങൾക്ക് അത് കാണണം. ഞങ്ങൾ കാണാത്ത, അന്വേഷണ കമ്മിറ്റിയിലുണ്ടായിരുന്ന അംഗമായ ഞാൻപോലും കാണാത്ത ഒരു രേഖ എങ്ങനെയാണ് ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ കയ്യിലുണ്ടെന്ന് പറയുന്നത്? ഞങ്ങൾക്ക് ആ രേഖ കാണണം. ആ രേഖ മേശപ്പുറത്ത് വയ്ക്കണം. സ്പീക്കർ അത് ആവശ്യപ്പെടണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : മേശപ്പുറത്ത് വയ്ക്കുന്നതിന് തടസ്സമൊന്നുമില്ല. ഞാൻ പറഞ്ഞല്ലോ 23-8-1997-ലെ ഈ കാര്യം സംബന്ധിച്ച് ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ പത്ര സമ്മേളനത്തിന്റെ പത്ര വാർത്തയാണ്. 'ഫയലിൽ ഒപ്പിട്ടു'- ശ്രീ. ഉമ്മൻ ചാണ്ടി എന്നാണ് പത്രവാർത്ത. ഇത് മേശപ്പുറത്ത് വയ്ക്കുന്നതിന് ഒരു തടസ്സവുമില്ല.....(ബഹളം) ഇത് മേശപ്പുറത്ത് വച്ചു. വേറൊരു കുഴപ്പവുമില്ല. ഇവിടെ .....(ബഹളം)

ചെയർപേഴ്സൺ : സമയം കഴിഞ്ഞു.

ശ്രീ. കെ. ബാബു : ..... സമയം കഴിഞ്ഞതാണ്. .....സർ, ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഇവിടെ കാട്ട് ചെയ്തതായി പറഞ്ഞത് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. സഖറിയ മാത്യു കോടതിക്ക് എഴുതിക്കൊടുത്ത രേഖയെന്നു പറഞ്ഞാണ് കാട്ട് ചെയ്തത്. അങ്ങനെയാണെങ്കിൽ ആ രേഖ സഭയുടെ മേശപ്പുറത്ത് വയ്ക്കണം. ഒന്നുകിൽ ശ്രീ. എം. പ്രകാശൻ മാസ്റ്റർ അത് പിൻവലിക്കണം, അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ അത് സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണം. .....(ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഈ വിഷയത്തിൽ വക്കീൽ എഴുതി കൊടുത്ത സ്റ്റേറ്റുമെന്റിനെക്കുറിച്ച് ശ്രീ. ടി.എച്ച്. മുസ്തഫ, പറഞ്ഞത് വക്കീൽ എന്ത് എഴുതി എന്നതിനെക്കുറിച്ച് എനിക്ക് അറിയില്ല. അല്ലാതെ ഇത് നിഷേധിച്ചില്ല. ശ്രീ. ഉമ്മൻ ചാണ്ടി ഇക്കാര്യത്തിൽ പങ്കാളിയാണെന്നുള്ള കാര്യം നിഷേധിച്ചിട്ടില്ല. അതാണ് ശ്രീ. ടി.എച്ച്. മുസ്തഫയുടെ സ്റ്റേറ്റുമെന്റ്. ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഇപ്പോൾ ചൂണ്ടിക്കാണിച്ചത് അഡീഷണൽ ചീഫ് സെക്രട്ടറി കൊടുത്ത സ്റ്റേറ്റുമെന്റ് സംബന്ധിച്ച് പത്രത്തിൽ വന്ന

വാർത്തയാണ്. അതിൽ ശ്രീ. ഉമ്മൻ ചാണ്ടി പ്രതിയാകാതെ എന്നെ പ്രതിയാക്കിയത് ശരിയല്ലെന്നാണ്. ഇതിനകത്ത് പ്രത്യേക വിഷയങ്ങളൊന്നുമില്ല. അത് ഓർഡറിലാണ്. അത് രേഖയിൽനിന്ന് നീക്കം ചെയ്യേണ്ട പ്രശ്നമില്ല. .....(ബഹളം) .....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, പത്ര വാർത്തയുമായി ബന്ധപ്പെട്ട കാര്യം നേരത്തെ മേശപ്പുറത്ത് വച്ചു. മാത്രമല്ല, ഇവിടെ സഖറിയ മാത്യുവിന്റെ മൊഴി സംബന്ധിച്ച ഫോട്ടോ കോപ്പി പത്രത്തിൽ വന്നിട്ടുണ്ട്. .....(ബഹളം).....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ : അത് തന്നാൽ മതി.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഇതാ മേശപ്പുറത്തു വച്ചു. അത് മേശപ്പുറത്ത് വച്ചു. .....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : ..... ശ്രീ. ജോസഫ്.എം.പുതുശ്ശേരി ഒന്ന് ഇരിക്കൂ. .....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : അത് ഇവിടെ മേശപ്പുറത്തു വച്ചു.

മി. ഡെപ്യൂട്ടി .സ്പീക്കർ : ഒഫീഷ്യൽ രേഖ.....മേശപ്പുറത്ത് വയ്ക്കുക.....എന്താ പറഞ്ഞതെന്ന് പരിശോധിക്കാം. .....എന്താ പറഞ്ഞതെന്ന് പരിശോധിക്കാം.....പ്ലീസ് .....സഹകരിക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : എന്റെ സമയം വെറുതെ പോകുകയാണ് സർ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് താമസിച്ച് എത്തിയതുകൊണ്ടാണ്. അങ്ങേക്ക് ഇതിന്റെ പശ്ചാത്തലം മനസ്സിലായിട്ടുണ്ടാവില്ല. അങ്ങേക്കുകൂടി ബോധ്യപ്പെടുന്നതിനുവേണ്ടി ഞാൻ പറയുന്നു, ഒരു രേഖയെ സംബന്ധിച്ച്-ഇല്ലാത്ത ഒരു കള്ള രേഖ-ആ രേഖ അദ്ദേഹത്തിന്റെ കയ്യിലുണ്ടെന്നാണ് പറഞ്ഞത്. സഖറിയ മാത്യു കോടതിക്ക് കൊടുത്ത അഫിഡവിറ്റ് എന്നു പറഞ്ഞ് ഒരു രേഖയെക്കുറിച്ചാണ് പറഞ്ഞത്. അത് മേശപ്പുറത്തുവയ്ക്കാമെന്ന് അദ്ദേഹം പറയുന്നു. ഞങ്ങൾ പറയുന്നു അത് മേശപ്പുറത്ത് വയ്ക്കണം. ഇല്ലെങ്കിൽ സ്പീക്കർ ആ രേഖ ഇപ്പോൾത്തന്നെ മേടിക്കണം. മേടിച്ച് റഫർ ചെയ്യാൻ ഞങ്ങൾക്കുകൂടി അവസരം തരണം. അത് മേശപ്പുറത്ത് വയ്ക്കണം. അല്ലെങ്കിൽ ഞങ്ങൾക്ക് അതിന്റെ കോപ്പി തരണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ കയ്യിൽ രേഖയുണ്ടെങ്കിൽ രേഖ വയ്ക്കുക. അല്ലെങ്കിൽ പത്ര വാർത്തയാണെന്ന് പറയണം. .....(ബഹളം).....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാനിവിടെ പത്രവാർത്തയാണെന്ന് .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ :· ശ്രീ. എം. പ്രകാശൻ മാസ്റ്റർ, പ്രസംഗം കഴിഞ്ഞോ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഞാൻ പറഞ്ഞ കാര്യം താങ്കൾക്ക് പരിശോധിക്കാവുന്നതാണ്. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം വന്നിരിക്കുന്ന പത്ര വാർത്തയാണ് ഞാൻ കാട്ട് ചെയ്തിരിക്കുന്നത്. ആ പത്ര വാർത്തയിലുള്ള .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : കഴിഞ്ഞു, ...കഴിഞ്ഞു.....ഇല്ല. അത് ശരിയല്ല. .....ശരിയല്ലെന്ന് പറഞ്ഞു. അത് ശരിയല്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ശരിയല്ലെന്ന് പറഞ്ഞില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : നോ.....അങ്ങ് അവസാനിപ്പിച്ചു. ശ്രീ. രാജാജി മാത്യു തോമസ് .....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചില്ല. എന്റെ ഒരുപാട് സമയം മറ്റുള്ളവർ കൊണ്ടുപോകുകയായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. പ്രകാശൻ മാസ്റ്റർ, അങ്ങയുടെ പ്രസംഗം കഴിഞ്ഞില്ലേ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഇല്ല സർ, ഞാൻ അവസാനിപ്പിച്ചില്ല. ബഹളമല്ലേ? ഞാൻ അവസാനിപ്പിക്കാം.....വെറും ഒരു മിനിട്ട്. ..... (ബഹളം).....കേരളത്തെ മോചിപ്പിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു കൊണ്ടാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മോചന യാത്ര ആരംഭിച്ചത്. പക്ഷേ ഇത്ര വലിയ.....

മി. ഡെപ്യൂട്ടി സ്പീക്കർ: .....നോ.....നോ.....നോ.....ഇനി അങ്ങനെയില്ല.....സമയമില്ല. പ്ലീസ്.....(ബഹളം) .....

ശ്രീ. പി. ടി. എ. റഹീം : ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഇവിടെ സംസാരിച്ചുകൊണ്ടിരുന്ന ഒരു കാര്യം.....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : തടസ്സപ്പെടുത്തുകയാണ് സർ, എന്താണിത്? .....(ബഹളം) .....

ശ്രീ. പി. ടി. എ. റഹീം : സർ, ഈ പുതിയ വെളിപ്പെടുത്തലിന്റെ സാഹചര്യത്തിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അടുത്ത തെരഞ്ഞെടുപ്പിൽ മൽസരിക്കരുതെന്ന് കോൺഗ്രസ്സ് ഡിമാന്റ് വച്ചിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേരിൽ പുതിയ ആരോപണം വന്ന സ്ഥിതിക്ക് മുസ്ലിം ലീഗ് ശ്രീ. ഉമ്മൻ ചാണ്ടി മൽസരിക്കരുത് എന്നൊരു ഡിമാന്റ് വയ്ക്കുമോ എന്ന് അങ്ങ് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : അതിന്റെ പേരിൽ സീറ്റ് കുറയുമായിരിക്കും. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ സഹമന്ത്രിമാരെല്ലാം കുരുക്കിൽപ്പെട്ട് കിടക്കുകയും കണ്ടകശനി തന്റെ ശരീരത്തിലേയ്ക്ക് തന്നെ പ്രവേശിക്കുകയും ചെയ്യുന്നത് കാണുമ്പോൾ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഇവിടെ പകച്ചു നിൽക്കുകയാണ്. അപ്പോഴാണ് ഇടിവെട്ടിയവനെ പാമ്പു കടിച്ചതുപോലെ ഡോ. തോമസ് ഐസക്കിന്റെ ഇന്ദ്രജാല ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചത്.

..... "അന്തമില്ലാത്തൊരാഴിയിലേയ്ക്കതാ

ഹന്ത താഴുന്നു താഴുന്നു കഷ്ടം" .....

ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. രാജാജി മാത്യു തോമസ്.....

ശ്രീ. രാജാജി മാത്യു തോമസ്: സർ, 2011-12-ലെ വികസനോന്മുഖവും ജനക്ഷേമത്തിലൂന്നിയതുമായ ഈ ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ സവിശേഷത മനുഷ്യവിഭവ ശേഷിയുടെ വികസനത്തിന് പ്രത്യേക ഊന്നൽ നല്കിയിട്ടുള്ള ഒരു ബഡ്ജറ്റ് എന്നുള്ളതാണ്. അത് ജനിച്ചുവീഴുന്ന കുട്ടികൾ മുതൽ മനുഷ്യവിഭവ ശേഷിയുടെ എല്ലാ തലങ്ങളിലും വർത്തോതിൽ നിക്ഷേപം നടത്താനാണ് ഈ ബഡ്ജറ്റ് ഊന്നൽ നൽകിയിട്ടുള്ളത്. ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും പതിനായിരം രൂപ എൻഡോവ്മെന്റ് നിക്ഷേപം നടത്തുമെന്ന് പറയുന്നതിനോടൊപ്പംതന്നെ ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും വലിയ തുക ഉന്നതവിദ്യാസത്തിനുവേണ്ടി മാറ്റിവച്ചിട്ടുള്ളത് എന്ന് കാണാനാകും. 6 ഉന്നത പഠന ഗവേഷണ സ്ഥാപനങ്ങൾക്കുവേണ്ടി 2785 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് കേരളം പോലുള്ള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. വ്യവസായ രംഗത്തും കാർഷിക രംഗത്തും നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച് വളരാൻ കഴിയാത്ത ഒരു സംസ്ഥാനത്തിന്റെ നിലനിൽപ്പിന് മനുഷ്യവിഭവ ശേഷിക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. നമ്മുടെ പരിശീലനം സിദ്ധിച്ച മനുഷ്യവിഭവ ശേഷിയിൽ നിന്നും ഇവിടേയ്ക്ക് എത്തുന്ന പണമാണ് കേരളത്തിന്റെ സാമ്പത്തികമായ നിലനിൽപ്പിന് കാരണമായിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ കാഴ്ചപ്പാട് അങ്ങേയറ്റം അഭിനന്ദനാർഹമായിട്ടുള്ള ഒന്നാണ്. വ്യക്തിപരമായി പറയുകയാണെങ്കിൽ എന്റെ മണ്ഡലത്തിൽ സ്ഥാപിക്കുന്ന നിർദ്ദിഷ്ടമായ ലോകോത്തര സർവ്വകലാശാലയ്ക്കുവേണ്ടി 720 കോടി രൂപ വകയിരുത്തിയിരിക്കുന്നുയെന്നുള്ളത് വളരെയേറെ സന്തോഷകരമായ കാര്യമാണ്. ഈ സർവ്വകലാശാലയ്ക്കുവേണ്ടി എന്റെ നിയോജക മണ്ഡലത്തിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽനിന്നും ഏതാണ്ട് 400 ഏക്കറിൽപ്പരം സ്ഥലം കണ്ടെത്തുകയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഈ രണ്ട് വകുപ്പുകളിലേയും ഉദ്യോഗസ്ഥന്മാരും സന്ദർശിക്കുകയും അവിടെ ഈ സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾക്ക്

വേണ്ടിയുള്ള കാര്യങ്ങളുമായി മുന്നോട്ടുനീങ്ങുകയാണ്. വിവര വിജ്ഞാന വിദ്യകളുടെ വലിയൊരു വിസ്ഫോടനം നടക്കുന്ന സമയത്ത് നമ്മുടെ മനുഷ്യ വിഭവശേഷി വികസിപ്പിച്ചെടുക്കുകയെന്നുള്ളത് സുപ്രധാനമാണ്. അതായത് ഈ ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ മനുഷ്യവിഭവശേഷി വികസിപ്പിച്ചെടുക്കുകയെന്നുള്ളത് സംസ്ഥാനത്തിന്റെ നിലനിൽപ്പിനും മുന്നോട്ടുള്ള പ്രയാണത്തിനും വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണ്. അത് ഈ ബഡ്ജറ്റിൽ കണക്കിലെടുത്തിരിക്കുന്നുവെന്നുള്ളത് സന്തോഷകരമാണ്. ഏതാണ്ട് 40,000 കോടി രൂപയുടെ സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്കാണ് ഈ ബഡ്ജറ്റ് വളരെ ദീർഘവീക്ഷണത്തോടുകൂടി തുക വകയിരുത്തിയിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന്റെ വളരെ യാഥാസ്ഥിതികമായ നയത്തിൽനിന്നും പ്രത്യേകിച്ച് റോഡ് വികസന കാര്യത്തിൽ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുവരുന്ന അങ്ങേയറ്റം യാഥാസ്ഥിതികമായ നയത്തിൽനിന്നും നിലപാടിൽനിന്നും തികച്ചും വിഭിന്നമായ ഒരു കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിനുമേൽ ബി.ഒ.ടി. വ്യവസ്ഥ അടിച്ചേൽപ്പിക്കപ്പെടുകയാണ് എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാവുന്ന ഒരു കാര്യമാണ്. ജനങ്ങളെ പകൽക്കൊള്ള നടത്തുന്നതാണ് ഈ ബി.ഒ.ടി. വ്യവസ്ഥയെന്ന് ജനപക്ഷത്തുനിന്നു ചിന്തിക്കുന്ന ഓരോരുത്തരും കരുതുന്നുണ്ട്. ഇത് പ്രത്യേകിച്ചും കഴിഞ്ഞ 20 വർഷമായി നമ്മുടെ രാജ്യത്ത് ഉദാരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ വളർന്നുവന്നിട്ടുള്ള പകൽക്കൊള്ളയുടെ ഭാഗമാണ്. കേരളത്തിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട കോൺട്രാക്ട് ഏറ്റെടുത്തിട്ടുള്ള പ്രധാനപ്പെട്ട കോൺട്രാക്ടർമാരെ അന്വേഷിച്ചു കഴിഞ്ഞാൽ നമുക്ക് അവരെ കാണാൻ കഴിയുന്നത് ഇന്ത്യയുടെ ലോക്സഭയിലാണ്. കോൺഗ്രസ്സിന്റെ ലോക്സഭാ അംഗമായിട്ടുള്ള ഒരു ആളാണ് കേരളത്തിലെ പ്രധാനപ്പെട്ട ബി.ഒ.ടി. വ്യവസ്ഥയിലുള്ള ദേശീയപാതാവികസനം നടത്തുന്നത്. എന്നുപറഞ്ഞാൽ സർക്കാരിന്റെ അറിവോടുകൂടി നമ്മുടെ നാട്ടിലെ ജനങ്ങളെ കൊള്ളയടിക്കാനാണ് ഈ ബി.ഒ.ടി. വ്യവസ്ഥ സഹായകമാകുന്നത്. എന്നാൽ റോഡ് വികസന കാര്യത്തിൽ അതിൽനിന്നും വ്യത്യസ്തമായ ഒരു കാഴ്ച്ചപ്പാട് മുന്നോട്ടുവക്കുന്നതിന് ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടുണ്ട്. റോഡ് വികസനം പ്രത്യേകിച്ചും ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രശ്നങ്ങൾകൂടി നേരിടുന്നതിന് നമുക്ക് കഴിയണം. ദേശീയ പാതാവികസനത്തിന്റെ കാര്യത്തിൽ നമുക്ക് വേണ്ടത്ര മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ദേശീയപാത 47-എന്റെ നിയോജകമണ്ഡലത്തിൽക്കൂടി ഏതാണ്ട് 30 കിലോമീറ്ററിലധികം കടന്നുപോകുന്ന പാതയാണ്. ഇത് വളരെ പ്രധാന്യമർഹിക്കുന്നൊരു പാതയാണ്. വല്ലാർപാടം അന്താരാഷ്ട്ര ടെർമിനൽ പൂർത്തിയായി. പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതോടുകൂടി ഒരു ദിവസം 40 ടണ്ണിലേറെ ഭാരമുള്ള രണ്ടായിരത്തിലധികം ട്രക്കുകൾ കടന്നുപോകേണ്ട പാതയാണ്. ടെർമിനലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞു. അതിന്റെ പണി അതിവേഗം പുരോഗമിക്കുകയാണ്. സ്വാഭാവികമായും നാഷണൽ ഹൈവേയിൽ വൻതോതിൽ തിരക്ക് അനുഭവപ്പെടും. എന്നാൽ അതിനനുസൃതമായി റോഡ് നിർമ്മാണം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിരവധി

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ദേശീയപാതാവികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന മനുഷ്യരോട് നീതിപൂർവ്വവും ന്യായമായും പെരുമാറാൻ കേന്ദ്രസർക്കാർ വിസമ്മതിക്കുകയാണ്. അതുകൊണ്ടുതന്നെ കുടിയൊഴിപ്പിക്കപ്പെടുന്നവർ പ്രക്ഷുബ്ധരാണ്. ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ ക്രിയാത്മകമായ യാതൊരു നിർദ്ദേശവും മുന്നോട്ടുവയ്ക്കുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ ഈ കുടിയൊഴിപ്പിക്കൽ വഴി അവർ ജനിച്ചുവളർന്ന ഭൂമിയിൽനിന്ന് പറിച്ചെറിയപ്പെടുന്ന മനുഷ്യരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർതന്നെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയെ മതിയാകൂ. അങ്ങനെ നടപ്പാക്കിയെങ്കിൽ മാത്രമേ ദേശീയപാതയുടെ വികസനം നമുക്ക് നിർവ്വഹിക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ നാം മുന്നോട്ടുവയ്ക്കുന്ന എല്ലാ റോഡു വികസന പദ്ധതികളുടേയും നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ അത്തരത്തിൽ ഒരു കാഴ്ചപ്പാട് നമ്മുടെ സംസ്ഥാനത്ത് ഉരുത്തിരിഞ്ഞ് വരേണ്ടതായിട്ടുണ്ട്. നമ്മുടെ സർവ്വകലാശാലകളെ സഹായിക്കുന്നതു സംബന്ധിച്ച് വിവിധങ്ങളായിട്ടുള്ള പ്രഖ്യാപനങ്ങൾ ഈ ബഡ്ജറ്റിൽ വന്നിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് 45 കോടി രൂപ പദ്ധതിവിഹിതമായി അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം. കാർഷികസർവ്വകലാശാല വളരെ ഗൗരവതരമായ പ്രശ്നങ്ങളാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. കാർഷികസർവ്വകലാശാലയെ 3 സർവ്വകലാശാലകളാക്കി വിഭജിക്കുകയാണ്. വെറ്ററിനറി സർവ്വകലാശാലയും ഫിഷറീസ് സർവ്വകലാശാലയും നിലവിൽ വരികയാണ്. അങ്ങനെ വരുമ്പോൾ കാർഷികസർവ്വകലാശാല വളരെ ഗുരുതരമായ സാമ്പത്തിക ബാദ്ധ്യതയാണ് അഭിമുഖീകരിക്കുന്നത്. കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ ഏതാണ്ട് 150 കോടി രൂപയുടെ ബാദ്ധ്യതകളാണ് കാർഷികസർവ്വകലാശാലയുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ടിട്ടുള്ളത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ ഇരുന്ന സമയത്ത് അവിടത്തെ ജീവനക്കാർക്ക് അർഹമായ വിഹിതം യൂണിവേഴ്സിറ്റിക്ക് നൽകിയിരുന്നില്ലായെന്നുള്ളതുകൊണ്ട് നിത്യനിദാനച്ചെലവുകൾക്കുവേണ്ടി പെൻഷൻ പറ്റിപ്പിരിയുന്ന ആളുകളുടെ പെൻഷൻഫണ്ട് അടക്കം വിനിയോഗിക്കേണ്ടിവന്നിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സർവ്വകലാശാലയുടെ ആസ്തി വിഭജിക്കുമ്പോൾ അവയുടെ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിനുള്ള ക്രിയാത്മകമായ പദ്ധതികൾ നടപ്പാക്കാൻ കഴിയണം. കാർഷിക സർവ്വകലാശാലയെപ്പോലെ കേരളത്തിന്റെ കാർഷിക വികസനത്തിൽ നിർണ്ണായകമായ സംഭാവനകൾ നൽകിയിട്ടുള്ള ഒരു സ്ഥാപനത്തിന്റെ പ്രശ്നങ്ങളോട് ക്രിയാത്മകമായ സമീപനം ഈ ബഡ്ജറ്റിലൂടെ സ്വീകരിക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. നഗരവികസനവുമായി ബന്ധപ്പെട്ട് ഹരിത ബഡ്ജറ്റിലും വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും വന്നിട്ടുണ്ട്. നമ്മുടെ നഗരത്തിലെ ഗതാഗത കുരുക്കുകൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ബൈപ്പാസുകളുടെ നിർമ്മാണവും അതുപോലെ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനങ്ങളും തികച്ചും സ്വാഗതാർഹമാണ്. ഇന്ന് നമ്മുടെ നഗരങ്ങൾ അഭിമുഖീകരിക്കുന്ന മറ്റ് വളരെ ഗൗരവതരമായ പ്രശ്നങ്ങളുണ്ട്. അതിലേറ്റവും

LIBRARY ARCHIVES Kerala Legislative Assembly

സുപ്രധാനമായ പ്രശ്നം കേരളത്തിലെ എല്ലാ നഗരങ്ങളും നേരിടുന്ന വളരെ ഗുരുതരമായ മാനിലൃസംസ്ക്കരണ പ്രശ്നങ്ങൾ ആണ്. അതിന് പരിഹാരം കാണുന്നതിന് സംസ്ഥാനസർക്കാർ തന്നെ പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. നമ്മുടെ തലസ്ഥാന നഗരത്തിലും അതുപോലെ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നഗരങ്ങളായ കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം തുടങ്ങിയ നഗരങ്ങളും മറ്റ് എല്ലാ നഗരങ്ങളും ഇന്ന് മാലിന്യസംസ്ക്കരണത്തിന്റെ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. നാം ഒരു പരിസ്ഥിതി സൗഹൃദപരമായിട്ടുള്ള ബഡ്ജറ്റിനെക്കുറിച്ച് സംസാരിക്കുമ്പോൾ തീർച്ചയായും മാനിലൃസംസ്ക്കരണത്തിനുവേണ്ടി പുതിയ കാഴ്ച്ചപ്പാടും പദ്ധതികളും ആവിഷ്ക്കരിക്കാനും നടപ്പാക്കാനുമുള്ള നിർദ്ദേശങ്ങളും ഇതിൽ ഉയർന്നു വരേണ്ടതുണ്ട് ഈ ബഡ്ജറ്റിന്റെ നിരവധി സവിശേഷതകൾ ഇവിടെ പറഞ്ഞുകഴിഞ്ഞു.

ഈ ബഡ്ജറ്റിൽ വളരെ പ്രത്യേക്ഷാ നിർദ്ദേശമായ നിരവധി ക്ഷേമ പദ്ധതികളും അതുപോലെതന്നെ വികസന പദ്ധതികളും മുന്നോട്ടുവയ്ക്കുന്നുണ്ട്. നമുക്ക് നേരിട്ട് കാണാനും അനുഭവിക്കാനും കഴിയുന്ന തരത്തിൽ വൻതോതിലുള്ള വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ അഞ്ചുവർഷങ്ങളായി ഈ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അങ്ങ് ഈ ബഡ്ജറ്റിന്റെ വലിയ സാധ്യതകളെക്കുറിച്ചാണ് ഇവിടെ സംസാരിച്ചുകൊണ്ടിരുന്നത്. ശ്രീ. പ്രകാശൻ മാസ്റ്റർ പ്രസംഗം തുടങ്ങിയപ്പോൾ പറഞ്ഞു. ഈ ബഡ്ജറ്റ് മായാജാലമാണെന്ന്. അവസാനിപ്പിച്ചപ്പോൾ പറഞ്ഞു ഇന്ദ്രജാല ബഡ്ജറ്റാണെന്ന്. മായാജാലവും ഇന്ദ്രജാലവും ആളുകളെ പറ്റിക്കുന്നതും വിസ്മയിപ്പിക്കുന്നതുമാണ്. അല്ലാതെ അതിന് യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലെന്ന് അങ്ങേയ്ക്കും അറിയാമല്ലോ ശ്രീ. പ്രകാശൻ മാസ്റ്റർ തന്നെ പറഞ്ഞുവച്ചതും അതുതന്നെയാണ് പിന്നെ അതിനെക്കുറിച്ച് അങ്ങ് കൂടുതൽ വാദിക്കുന്നതിൽ വല്ല അർത്ഥവുമുണ്ടോ?

ശ്രീ. രാജാജി മാത്യു തോമസ്: ഏത് മായജാലത്തെക്കുറിച്ചാണ് ശ്രീ.പുതുശ്ശേരി പറയുന്നതെന്ന് എനിക്ക് അറിയില്ല. ഈ നാട്ടിലെ കർഷകത്തൊഴിലാളികളടക്കം അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ നാലിരട്ടിയായി വർദ്ധിപ്പിച്ചത് മായാജാലമാണോ? അത് കിട്ടുന്നില്ലേ? അത് മായാജാലമാണോ? അതുപോലെ ശ്രീ. പുതുശ്ശേരിയുടെ മണ്ഡലത്തിലടക്കം ഈ സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും 15 കോടിയോ അതിലധികമോ തുകയുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് മായാജാലമാണോ? ആറ് പുതിയ പഠന ഗവേഷണ കേന്ദ്രങ്ങൾ/ സർവ്വകലാശാലകൾ ഈ സംസ്ഥാനത്ത് സ്ഥാപിക്കുന്നത് മായാജാലമാണോ ഇന്ദ്രജാലമാണോ? ശ്രീ. പുതുശ്ശേരി ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ സംസാരിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വികസന പ്രവർത്തനം ഇതുമായി ബന്ധിപ്പിക്കുകയൊന്നും ചെയ്യരുത്. അതിന് കാരണം കൈയിൽ കാൽക്കാശില്ലാതെ ട്രഷറിയെല്ലാം പൂട്ടിയിട്ട് മുഴുവൻ ചെക്കും മടങ്ങി ദയനീയമായി ഇറങ്ങിപ്പോയ ഒരു ധനകാര്യ വകുപ്പുമന്ത്രിയുണ്ട് ശ്രീ. ടി. ശിവദാസമേനോൻ. ആ കാലത്തും

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ നിയോജക മണ്ഡലത്തിൽ നടക്കാനുള്ള വികസന പ്രവർത്തനമൊക്കെ നടന്നിട്ടുണ്ട്. അതെന്താ? അത് നമ്മുടെ ഫോളോ അപ് പോലെയിരിക്കും. അതുകൊണ്ട് അതും ഇതുമായി കൂട്ടിക്കെട്ടി ഇപ്പോൾ കേരളത്തിൽ നടക്കുന്നതെല്ലാം ഡോ. തോമസ് ഐസക് സ്മാരകമാണെന്ന് പറയുന്നതിനോടുള്ള വിയോജിപ്പാണ് പറയുന്നത്.

ശ്രീ. രാജാജി മാത്യു തോമസ്: ശ്രീ. ഷാജു ഫോളോ അപ് ചെയ്തില്ല എന്നാണോ ശ്രീ. തിരുവഞ്ചൂർ ഉദ്ദേശിക്കുന്നത്. അതാണെങ്കിൽ ശരിയായിരിക്കാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ശ്രീ. രാജാജി, ഇന്ന് രാവിലെ ഈ നിയമസഭയിൽ സുപ്രധാനമായ ഒരു പ്രമേയം പാസ്സാക്കി. ഒരുപക്ഷേ ഇൻഡ്യയിലെ നിയമസഭകളിൽ ഒരു നിയമസഭയിലും ചെയ്യാത്ത കാര്യമാണത്. ഒരു സംസ്ഥാനത്തെ ജനങ്ങളോട് നീതി പുലർത്തിയ പ്രമേയമാണ് പാസ്സായത്. ആ പ്രമേയം ഐകകണ്ഠ്യേന പാസ്സായി. ഇപ്പോൾ പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ചോദിച്ചിരിക്കുന്നു ഇതെങ്ങനെ ഐകകണ്ഠ്യേന പാസ്സായി? അവിടത്തെ കോൺഗ്രസ്സുകാർ, എന്റെ പാർട്ടിക്കാർ എവിടെപ്പോയി എന്നാണ് ചോദ്യം. അത് സംബന്ധിച്ച് എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നമ്മുടെ മുഖ്യമന്ത്രിയുടെ പടവും പേരും പത്രത്തിൽ വന്നില്ല. ദയവായി അങ്ങ് ഇത് കേൾക്കൂ... ഇത് ദേശാഭിമാനി പത്രമാണ്. ഒരു അദർമെൻസ് പോയിന്റുണ്ടല്ലോ?

ശ്രീ. രാജാജി മാത്യു തോമസ് : ഈ പറയുന്നതിൽ വലിയ അർത്ഥമില്ല. നമ്മുടെ പ്രധാനമന്ത്രി നമ്മുടെ സംസ്ഥാനത്തെ അപമാനിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. രാജാജി അതുമായി ബന്ധപ്പെട്ട് സംസാരിക്കുന്നില്ല.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. പറയാൻ പോകുന്നത് എന്താണെന്ന് പറഞ്ഞാലല്ലേ അറിയൂ. ഞാൻ പറഞ്ഞത് മുഖ്യമന്ത്രിയുടെ പടം ഇല്ലാത്തതുകൊണ്ടാണല്ലോ പ്രധാനമന്ത്രിയെ ആക്ഷേപിക്കാൻ ഇടയായത്. ഇത് ദേശാഭിമാനി പത്രം, തിരുവനന്തപുരം എഡിഷൻ 2006 മേയ് 18-ാം തീയതി ശ്രീ. അച്യുതാനന്ദൻ സത്യപ്രതിജ്ഞ ചെയ്ത ദിവസം ഇറക്കിയതാണ്. ഇതിനകത്ത് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പടമില്ല. അക്കാലത്ത് ഈ ദേശാഭിമാനി പത്രത്തിന്റെ പ്രിന്റർ ആന്റ് പബ്ലിഷർ അക്കാലത്ത് ശ്രീ. അച്യുതാനന്ദൻ തന്നെയായിരുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ പടം ഇതിനകത്തില്ല. അല്ലെങ്കിൽ ഇത് പരിശോധിച്ചോ എന്നിട്ട് നിങ്ങൾ എന്തിനാണ് ഇന്ത്യൻ പ്രധാനമന്ത്രിയെ പറയുന്നത്. നിങ്ങൾക്ക് പാലിക്കാൻ കഴിയാത്ത ഒരു കാര്യത്തിന് ഇന്ത്യൻ പ്രധാനമന്ത്രിയെ കുറ്റപ്പെടുത്തേണ്ട കാര്യമുണ്ടോ? പോളിറ്റ് ബ്യൂറോ അംഗത്തിന് ഞാൻ ഇത് തരാം. പരിശോധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. രാജാജിക്ക് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജാജി മാത്യു തോമസ്: ശ്രീ. തിരുവഞ്ചൂർ മുഖ്യമന്ത്രിയുടെ ഫോട്ടോ ഉള്ള പേജ് കൊണ്ടുവരാത്തതുകൊണ്ടാണ്. മുഖ്യമന്ത്രിയുടെ ഫോട്ടോ ഉള്ള പേജ് ഒഴിച്ച് ബാക്കി കൊണ്ടുവന്നിട്ട് കാര്യമുണ്ടോ? അന്നത്തെ പത്രം നോക്കണം മറ്റ് പേജുകളിൽ മുഴുവൻ ഫോട്ടോയുണ്ട്. .....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾ രണ്ടുപേരും തർക്കം അവസാനിപ്പിക്കൂ. ശ്രീ. രാജാജി, അങ്ങ് സംസാരിക്കൂ. അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. ..... ശ്രീ. തിരുവഞ്ചൂർ ...പ്ലീസ്....

ശ്രീ. രാജാജി മാത്യു തോമസ് : പ്രധാനമന്ത്രി നമ്മുടെ സംസ്ഥാനത്തെ നമ്മുടെ ഗവൺമെന്റിനെ അപമാനിച്ചുവെന്നത് ഞാൻ വലിയ ഒരു കാര്യമായി കാണുന്നില്ല. കേരളത്തെ ഞെട്ടിപ്പിച്ച പുല്ലുമേട് ദുരന്തമുണ്ടായ ദിവസം ഇവർ അടുത്ത പ്രധാനമന്ത്രിയായി പ്രഖ്യാപിച്ചിട്ടുള്ള ശ്രീ. രാഹുൽ ഗാന്ധി ഇവിടെ സുഖവാസത്തിന് വന്നിരുന്നു, അദ്ദേഹം കേരളത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന് പുല്ലുമേട് സന്ദർശിക്കാൻ കഴിഞ്ഞില്ല. ഇത്രയും ഭീകരമായ ദുരന്ത സ്ഥലം പോയി പരിശോധിക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ : സർ, ഈ ബഡ്ജറ്റിനെ തികഞ്ഞ അഭിമാനത്തോടുകൂടി അനുകൂലിക്കുന്നു. ഒരു പദ്ധതി ആവിഷ്കരിക്കുമ്പോൾ ആ നാട്ടിലെ ഏറ്റവും വലിയ ദരിദ്രന്റെ മുഖമായിരിക്കണം തങ്ങളുടെ മുൻപിൽ തെളിഞ്ഞുവരേണ്ടത് എന്ന് മഹാത്മജി സൂചിപ്പിച്ചിരുന്നു. ഡോ. തോമസ് ഐസക്കിന്റെ ആറ് ബഡ്ജറ്റുകൾ പരിശോധിച്ചാൽ ഒന്നിനോടൊന്ന് ബന്ധപ്പെട്ട് അത്തരമൊരു വീക്ഷണം ഉയർത്തിപ്പിടിച്ച് ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ക്രമാനുഗതമായ പുരോഗതി ഉറപ്പാക്കാൻ സഹായിക്കുന്ന ശരിയും ശാസ്ത്രീയവുമായ ഒരു സമീപനത്തോടുകൂടിയ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത് എന്നതിൽ ആർക്കും തർക്കമില്ല. ഇവിടെ ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. ജയരാജ് ആ കവിതയെ ഒന്നു മാറ്റിപ്പാടി. 1972-ലെ കവിതയെ സ്മരിച്ചുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. 1972-ന് ശേഷം ഒ.എൻ.വി. എത്രയോ കവിത എഴുതിക്കഴിഞ്ഞു. അദ്ദേഹം അത് പിന്നീട് വായിച്ചിട്ടില്ലെന്ന് എനിക്ക് തോന്നുന്നു. മൃഗയ എന്ന കവിതാസമാഹാരത്തിൽ സരയൂവിലേക്ക് എന്ന കവിതയിൽ

"ഇനി വിട! മഹാസൂത്ര

ധാരതെ! വിട !സ്വന്ത

മീനം രചിക്കുന്ന

ശരവേഗമാണ് ഞാൻ"

എന്ന് എഴുതിയിട്ടുണ്ട്. ഒ.എൻ.വി. തന്നെ ഈ രംഗത്ത് 1972-ൽ കണ്ട കാഴ്ചപ്പാടിൽ നിന്ന് വ്യത്യസ്തമായ മുപത്തിലേക്ക് എത്തുകയും ഇന്ന് പുതിയ ദിശാബോധത്തിൽ നിന്നുകൊണ്ട് അദ്ദേഹം ഏതെങ്കിലും തരത്തിലുള്ള സന്ദേഹമില്ലാതെ മുന്നോട്ടുവന്നാണ് അഭിമാനപൂർവ്വം ഈ കവിതയുടെ

ഉള്ളടക്കം ഇവിടെ രചിച്ചിട്ടുള്ളത്. അതുപോല ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഓരോ ബഡ്ജറ്റിന്റെയും ഉള്ളടക്കങ്ങളും അതിന്റെ മുന്നോട്ടുള്ള പ്രയാണങ്ങളും എടുത്താൽ ആ കൂട്ടത്തിൽ ഒന്നുകൂടി സപ്ലിമെന്റ് ചെയ്യുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ 'അശ്വമേധ'ത്തിൽ വയലാർ പാടിയിട്ടുണ്ട്.

"ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ ?
ദിഗ് വിജയത്തിനും സർഗ്ഗ ശക്തിയാം
മീ കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!
വിശ്വ സംസ്കാര വീഥിയിൽ പുത്തനാം
അശ്വമേധം നടത്തുകയാണ് ഞാൻ !
നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായും
മെൻ കുതിരയെ ! ചെമ്പൻ കുതിരയെ?
എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ"

അപ്പോൾ ഈ രംഗത്ത് വസ്തുതാപരമായി കാര്യങ്ങൾ കാണാതെയാണ് ബഹുമാന്യനായ എന്റെ സുഹൃത്ത് പ്രൊഫ. ജയരാജ് ഒ.എൻ.വി.യുടെ 1972-ലെ ഒരു കവിതയെ ആസ്പദമാക്കി ഈ ബഡ്ജറ്റിനെ ഉപമിച്ചത് എന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് ശരിയായി കാണണം. കാർഷിക മേഖലയെ പാടെ നിഷേധിച്ചു എന്നായിരുന്നു അദ്ദേഹത്തിന്റെ വിമർശനം.

"സ്നേഹിതാ കർഷകാ മിഥ്യാ പരിഷ്കാര
മോഹിതർക്കങ്ങൊരു മോശക്കാരൻ
എന്നാൽ ഭവാനുടെ നിശബ്ദ യജ്ഞത്തിൽ
നിന്നാണീ യന്ത്രത്തിൻ ഘോഷമെല്ലാം
വീരാ നിൻ തുനീർ ഇറ്റിറ്റു വീഴായ്
വൈരക്കല്ലുണ്ടാ വിളങ്ങിടുന്നു" എന്ന് വള്ളത്തോളിന്റെ കർഷകനെ കുറിച്ചുള്ള മനോഹര കാവ്യമുണ്ട്. അപ്പോൾ ബഡ്ജറ്റിന്റെ 47, 48, 49 പേജുകൾ ബഹുമാന്യനായ ജയരാജ് വായിക്കണം എന്ന് വിനയപൂർവ്വം ആദ്യമായി അഭ്യർത്ഥിക്കുകയാണ്. ഈ ബഡ്ജറ്റ് അടിസ്ഥാനപരമായി നല്ല വീക്ഷണത്തിലും ഭാവനയിലും ധാരണയിലും അവതരിപ്പിച്ച ബഡ്ജറ്റാണ്. കഴിഞ്ഞ ബഡ്ജറ്റുകളെ ഒന്നിനോടൊന്ന് ബന്ധപ്പെടുത്തിയാണ് അവതരിപ്പിച്ചിട്ടുള്ളത്. അത് എടുത്ത് പരിശോധിക്കുമ്പോഴാണ് ഉത്പാദന മേഖലയിൽ കൃഷിയും വ്യവസായവും പുരോഗതിയിലേക്ക് വരാൻ സഹായിക്കുന്നതരത്തിലുള്ള ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങളാണെന്ന് കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് നാളികേര കൃഷിക്ക് 30 കോടി രൂപയും നെൽകൃഷിക്ക് 29 കോടി. രൂപയും വകയിരുത്തിയിരിക്കുന്നതിനുപുറമെ മറ്റ് അനുബന്ധ കൃഷികൾക്ക് പ്രത്യേകം പ്രത്യേകം വിഹിതങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. വൃവസായ മേഖലയുടെ രംഗവും മൂലധന ചെലവുമായി ബന്ധപ്പെടുത്തി എടുത്താൽ മുന്ന് പതിറ്റാണ്ടുകൾക്കുശേഷം ഈ ഐക്യ കേരളത്തിൽ മൂലധന ചെലവ് ഇത്രയേറെ വർദ്ധിച്ച ഒരു കാലഘട്ടം വേറെയില്ല. റിട്ടേൺ ഉണ്ടാകുന്ന ആ രംഗത്തെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്സ്. ഉത്പാദന മേഖലയെ നല്ല രൂപത്തിൽ പുരോഗതിയിലേക്ക് നയിക്കുന്നു അതുപോലെ സേവനത്തിന്റെ തുറകളിൽ ഇത്രയേറെ മെച്ചപ്പെട്ട കാലഘട്ടമുണ്ടായിട്ടില്ല.

ഇപ്പോൾ ഇവിടെ പലരും സൂചിപ്പിക്കാത്തൊരു കാര്യം കൂടി ഞാൻ എടുത്ത് പറയട്ടെ. വൈദ്യുതിയുമായി ബന്ധപ്പെട്ട് മീറ്റർ ചാർജിൽ പ്രതിമാസ വാടക കൊടുത്തത് നിർത്തലാക്കുമ്പോൾ എതാണ്ട് 120 കോടി രൂപയുടെ നഷ്ടം ഇലക്ട്രിസിറ്റി ബോർഡിന് വരുമെങ്കിലും അതും നടപ്പിലാക്കാൻ ബഡ്ജറ്റ് നിർദ്ദേശിക്കുകയാണ്. വൈദ്യുതി അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് ആ രംഗത്ത് ഇനി പരാതിരഹിത കെ.എസ്.ഇ.ബി.-യായി വൈദ്യുതി മേഖലയെ മാറ്റിതീർക്കുന്ന പ്രവർത്തനം നടക്കുമ്പോൾ അന്ധകാരാവൃതമായ ഒരു അവസ്ഥയിൽ നിന്ന് പ്രകാശപൂർണ്ണമായ അവസ്ഥയിലേയ്ക്ക് നമ്മുടെ നാല് ജില്ലകളെയും 60-ഓളം മണ്ഡലങ്ങളെയും എത്തിച്ച് മുന്നോട്ട് വരുന്ന കൂട്ടത്തിലാണ് ഇപ്പോൾ ഈ നിർദ്ദശംകൂടി ബഡ്ജറ്റിൽ വന്നിരിക്കുന്നത്. ഏറെ അഭിമാനകരമായ പുരോഗതിയാണിത്. അത്തരത്തിൽ എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് അത് പരിഹരിക്കാൻ പരിശ്രമിക്കുന്ന നീക്കങ്ങളെല്ലാം നമ്മെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്. അതുപോലെതന്നെ പിറന്ന് വീഴുന്ന കുട്ടികളെ ഒരുപക്ഷേ അനാഥമന്ദിരത്തിൽ ഏൽപ്പിക്കാൻ പെറ്റമ്മ വിഷമിക്കുന്ന ഒരു കാലഘട്ടം നമ്മൾ കണ്ടിട്ടുണ്ട്. ഇനി അത്തരത്തിലുള്ള ഒരു വിഷമം വേണ്ട എന്ന രൂപത്തിലും വയോജനങ്ങൾക്ക് അഭയം നൽകാൻ അനാഥമന്ദിരങ്ങളെ അഭയം പ്രാപിക്കുന്ന അവസ്ഥ വേണ്ടെന്നും വരുത്തുന്ന രൂപത്തിലേയ്ക്ക് രണ്ട് കുട്ടികളെയും സഹായിക്കുന്ന നിർദ്ദേശങ്ങൾ പരിവർത്തിത ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്ന രൂപത്തിലുള്ള പ്രഖ്യാപനവുമെല്ലാം പ്രതീക്ഷാനിർഭരമായ പുത്തൻ സാഹചര്യങ്ങൾ നിർദ്ദശിക്കുന്ന ബഡ്ജറ്റിന്റെ ഉള്ളടക്കങ്ങളാണ്. ബഡ്ജറ്റിൽ പ്രധാനമായി ഇപ്പോൾ നമ്മുടെ കാർഷിക-വ്യാവസായിക-തൊഴിൽ-വിദ്യാഭ്യാസ-ആരോഗ്യ പരിപാലന മേഖലയെ ആകെ പുരോഗതിയിലേക്ക് നയിക്കാൻ സഹായിക്കുന്ന ക്രിയാത്മകമായ നിരവധി നിർദ്ദേശങ്ങൾ വരുന്നതുപോലെതന്നെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് സ്ത്രീകൾക്കടക്കം തുല്യനീതി ഉറപ്പാക്കാൻ വേണ്ടിയുള്ള വീക്ഷണത്തോടുകൂടി മുന്നോട്ട് വന്നതും ഭാവനാസമ്പന്നമായ ഒരു നീക്കത്തിന്റെ ഭാഗമാണ്. അത്തരത്തിലുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

"ഇടിവെട്ടീടും വണ്ണം വിൽ മുറിഞ്ഞൊച്ചകേട്ട് നടുങ്ങി രാജാക്കന്മാർ ഉരഗങ്ങളെ പോലെ" എന്ന് പറഞ്ഞതുപോലെയായിരുന്നു യഥാർത്ഥത്തിൽ സഭയിലുണ്ടായിരുന്ന പ്രതിപക്ഷത്തിന്റെ അവസ്ഥ. ഇപ്പോൾ ബഡ്ജറ്റിന്റെ ചർച്ച നടക്കുമ്പോഴും അത് കേൾക്കേണ്ട എന്ന രൂപത്തിൽ പലരും ഇറങ്ങിപ്പോയി. ഇത്തരത്തിൽ പ്രതിപക്ഷം ഒളിച്ചോടിയിരിക്കുകയാണ്. ഭരണപക്ഷത്ത് കേൾക്കേണ്ടവരൊക്കെ ഇവിടെയുണ്ട് അപ്പോൾ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട മന്ത്രിയുണ്ട്, മറ്റ് മന്ത്രിമാരുണ്ട്, ഒന്നിനും ഒരു കുറവുമില്ല. യഥാർത്ഥത്തിൽ ജനാധിപത്യ സംവിധാനത്തിൽ ബഡ്ജറ്റിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചും സൃഷ്ടിപരമായ വിമർശനങ്ങൾ ഉയർത്തിയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ വയ്ക്കാനുള്ള ഏറ്റവും വലിയ ബാധ്യത പ്രതിപക്ഷത്തിനാണ്. ആ ബാധ്യത ഏറ്റെടുക്കുന്ന രംഗത്ത് നിങ്ങളിൽ പലരും ഇല്ലെന്ന് മാത്രമല്ല. ഇപ്പോൾ കേൾക്കാൻ പാടില്ലാത്ത അവസ്ഥയിലേയ്ക്ക് പല വാർത്തകൾ വന്നുകൊണ്ടിരിക്കുകയുമാണ്. അതാണ് ശ്രീ. എം. പ്രകാശൻ മാസ്റ്ററും ശ്രീ. എ. സി. മൊയ്തീനും സൂചിപ്പിച്ചത്. റൗഫിന്റെ പത്രസമ്മേളനം ഇങ്ങനെ വന്നുകൊണ്ടിരിക്കുമ്പോൾ "യഥാർത്ഥത്തിൽ പുറത്ത് വന്നതിനെക്കാൾ വലുത് ഇനി അളയിൽ കിടക്കുകയാണ്." എന്ന രൂപത്തിലാണ് കാര്യങ്ങളുടെ കിടപ്പ്. ഓരോന്നോരോന്ന് വന്നുകൊണ്ടിരിക്കുകയാണ്, ബോംബ് പൊട്ടിക്കൊണ്ടിരിക്കുന്നു. കാസർഗോഡ് നിന്നും വിമോചന യാത്ര പുറപ്പെട്ടപ്പോൾ ബോംബ് പൊട്ടുമെന്ന് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചു. ആ ബോംബുകൾ ഓരോന്നോരോന്നായി പൊട്ടിക്കൊണ്ടിരിക്കുമ്പോൾ എലിയായിട്ടും പുലിയായിട്ടും നമ്പ്യാട്ട് കുടുംബം മുടിഞ്ഞു എന്ന് പറഞ്ഞതുപോലെ ബാലകൃഷ്ണപിള്ളയായിട്ടും കുഞ്ഞാലിക്കുട്ടിയായിട്ടും അതുപോലെ റൗഫ് ആയിട്ടും മുസ്തഫയായിട്ടും ഓരോ കഥകൾ പുറത്തോട്ട് വരുമ്പോൾ യു.ഡി.എഫ്. ആകെത്തകർന്ന് തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. ഇനി ജേക്കബിന്റെ കഥകൾ പുറത്ത് വരാൻ കിടക്കുന്നു. ഇതൊക്കെ വെളിപ്പെടുത്തുന്നത് ആരാണ്? ഏതെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കാരാണോ, ദേശാഭിമാനിക്കാരാണോ. അല്ലെങ്കിൽ യു.ഡി.എഫ്-നെ എതിർക്കുന്ന ഏതെങ്കിലും കൂട്ടരാണോ? അല്ലല്ലോ. യു.ഡി.എഫ്.-ന്റെ ഉന്നതരായ നേതാക്കൾ അവരുടെ ആഭ്യന്തര ചേരിപ്പോരിന്റെ ഫലമായി ഓരോന്നോരോന്നായി പുറത്ത് വിട്ടുകൊണ്ടിരിക്കുന്നു. ഒരുപാട് കാലം അസത്യങ്ങൾ പറഞ്ഞ് നിൽക്കാൻ കഴിയില്ല. ഒരുപാട് കാലം സത്യത്തെ മറച്ച് പിടിക്കാനും കഴിയില്ല. ഇതൊക്കെ ഒരു ഘട്ടത്തിൽ പുറത്തുവരും എന്നതിനുള്ള നല്ല തെളിവാണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അപകടത്തിലാകുകയാണ്. കാരണം അദ്ദേഹം ഈ രംഗത്ത് ആദ്യം ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയെ ന്യായീകരിച്ചു. രണ്ടാമത് പറഞ്ഞു നിയമപരമായ സഹായമേ ചെയ്തുള്ളൂ. നിയമപരമായ ഒരു കാര്യം നടപ്പാക്കാൻ സഹായം വേണമോ? അപ്പോൾ അതിന്റെ അർത്ഥം ഈ രംഗത്ത് നിയമം നടപ്പിലാക്കാൻ കൊള്ളാത്തവരാണെന്നല്ലേ? അപ്പോൾ നിയമപരമായ ഒരു കാര്യത്തിന് സഹായത്തിന്റെ പ്രശ്നമില്ല. നിയമംവിട്ട് വരുമ്പോഴാണ് സഹായത്തിന്റെ പ്രശ്നം വരുന്നത്. അതുപോലെ ഞാൻ അതിൽനിന്ന് ഒഴിവാകാൻ വേണ്ടി നേരായ മാർഗ്ഗം സ്വീകരിച്ചുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ അതിന്റെ വ്യംഗ്യാർത്ഥം തെറ്റായ മാർഗ്ഗം സ്വീകരിച്ചവർ ഇക്കൂട്ടത്തിൽ ഉണ്ടെന്നാണ്. അപ്പോൾ അത്തരത്തിലേക്കാണ് കാര്യങ്ങൾ ഓരോന്നോരോന്നായി വെളിയിൽ വരുന്നത്. എന്നാൽ കേരളത്തിന്റെ അവസ്ഥയെക്കുറിച്ച് ഒരു പരാതി പറയാൻ കേന്ദ്രത്തിലേയ്ക്ക് പോയല്ലോ? അവിടത്തെ സ്ഥിതിയെന്താണ്? "അവനവന്റെ തടി താങ്ങാൻ മേലാത്തവൻ മറ്റവന്റെ അങ്ങാടി എങ്ങനെ താങ്ങും" എന്ന രൂപത്തിലാണ് അവിടെ നിൽക്കുന്നവരുടെപോലും സ്ഥിതി. കേന്ദ്രത്തിന് ഏതെങ്കിലും തരത്തിൽ സഹായിക്കാൻ പറ്റുമോ? കേന്ദ്രത്തിൽ സഹായിക്കാൻ പറ്റിയ ഒരാളായിരുന്നു ശ്രീ. ശശിതരൂർ. അദ്ദേഹത്തെക്കുറിച്ച് ഇന്നൊരു വാർത്ത വന്നിട്ടുണ്ടല്ലോ. കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട് അദ്ദേഹം പറയുന്നത് ഞാൻ കമ്മീഷൻ മാത്രമേ വാങ്ങിയിട്ടുള്ളൂ എന്നാണ്. നേരത്തെ സുനന്ദാപുഷ്ക്കറുമായി ബന്ധപ്പെട്ട് ഒരു വാർത്ത വന്നിരുന്നല്ലോ. വിയർപ്പിന്റെ വിലയുമായി ബന്ധപ്പെട്ട് 88 കോടിരൂപ ശ്രീ. ശശിതരൂരിനെക്കുറിച്ച് എഐസിസി സമ്മേളനത്തിൽ ശ്രീമതി സോണിയാഗാന്ധി പറഞ്ഞതെന്താണ്? ആ ശശിതരൂർ കേരളത്തിന്റെ തലസ്ഥാന നഗരിയിൽ മത്സരിക്കുന്ന ഘട്ടത്തിൽ കോൺഗ്രസ്സുകാർ ഉയർത്തിക്കൊണ്ടുവന്നത് വലിയ രൂപത്തിലുള്ള, വാചാലതയുള്ള അവതരണമായിരുന്നു. ഇപ്പോൾ ശ്രീ. ശശിതരൂർ എവിടെ നിൽക്കുന്നു? അദ്ദേഹത്തിന്റെ മൂന്നാമത്തെ വിവാഹത്തിന് പോകുന്ന സമയത്ത് ഒരു സുഹൃത്തിനോട് ചോദിച്ചു, നിങ്ങൾ വരുന്നില്ലേ? അപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ അടുത്തതിനെയുള്ളൂ. അപ്പോൾ ആ തരത്തിൽ അദ്ദേഹം തലസ്ഥാനനഗരിക്ക് അപമാനകരമായ സാഹചര്യം ഓരോ ഘട്ടത്തിലായി ക്ഷണിച്ചുവരുത്തി. അത് പഞ്ചനക്ഷത്ര ഹോട്ടലിലെ താമസമായിരുന്നാലും ശരി, അതുപോലെതന്നെ ഐപിഎൽ വിവാദമായിരുന്നാലും ശരി, ഇപ്പോൾ കോമൺവെൽത്ത് ഗെയിംസുമായി ബന്ധപ്പെട്ട് പുത്തൻ കഥകൾ വസ്തുതാപരമായി കാര്യങ്ങൾ മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ആദർശ് ഫ്ളാറ്റുമായി ബന്ധപ്പെട്ട് മറ്റൊരു നേതാവ് തലയും കുത്തി താഴെകിടക്കുന്നു. 2 ജി സ്പെക്ട്രവുമായി ബന്ധപ്പെട്ട മുഴുവൻ കഥകളുമായി ശ്രീ. രാജ എന്നുപറയുന്ന മറ്റൊരു നേതാവ് വെളിയിൽ നിൽക്കുന്നു. സുരേഷ് കൽമാഡിയുടെ പ്രശ്നം ഒന്നൊന്നായി പുറത്ത് വന്നുകൊണ്ടിരിക്കുന്നു. ഇതിലെല്ലാം ഇടപെട്ടത് ആരാണ്. നമ്മുടെ രാജ്യത്തിന്റെ പരമോന്നത നീതിന്യായപീഠമായ സുപ്രീം കോടതി. സുപ്രീം കോടതിതന്നെ ഈ രംഗത്ത് ഇന്ത്യൻ പ്രധാനമന്ത്രിയെക്കുറിച്ച് ഒരു കമന്റ് പാസ്സാക്കാൻ മുന്നോട്ട് വന്നാൽ അതിനെ ചോദ്യം ചെയ്യാൻ ശ്രീ. സുധാകരൻ ആരാണ് അവകാശം കൊടുത്തത്? രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിന് പ്രധാനമന്ത്രിയെ സംബന്ധിച്ച് കമന്റ് പറയാനുള്ള അധികാരമില്ലേ? രാജ്യത്തിലെ ജനാധിപത്യ സംവിധാനത്തിൽ നിയമാനുസൃതമുള്ള അധികാര അവകാശങ്ങളല്ലേ കോടതി പ്രയോഗിച്ചത്? അപ്പോൾ വീണ്ടും നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? അലഹബാദ് ഹൈക്കോടതിയുടെ വിധി വന്നപ്പോൾ അന്ന് രാജ്യത്തിന്റെ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന രൂപത്തിലേയ്ക്ക് ജനാധിപത്യ സംവിധാനത്തെ തകർത്ത്, പൗരാവകാശങ്ങളെ ധ്വംസിച്ച് നമ്മുടെ രാജ്യത്തിന്റെ പത്രമാരണ നിയമങ്ങൾ ഉൾപ്പെടുത്തി രാജ്യത്തെ അന്ധകാരാവൃതമായ ഒരു അവസ്ഥയിലേയ്ക്ക് വീണ്ടും ആനയിച്ച ഒരു സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി സംജാതമാക്കാൻ കഴിയുമോ എന്ന് നിങ്ങൾ പരിശ്രമിക്കുകയാണ്. അങ്ങനെ രാജ് നാരായണന്റെ കേസിൽ വന്നപ്പോൾ ഉണ്ടായ അവസ്ഥയല്ലേ? അന്നും കോടതിയിൽ കയറി ചോദ്യം ചെയ്തത് നിങ്ങളല്ലേ? അതേസമയം ഇവിടെ സഖാവ് എം.വി. ജയരാജൻ കോടതി വിധി ശുംഭത്തരമാണെന്ന് പറഞ്ഞുപോയപ്പോൾ ആ വാക്കിനെ പിടിച്ച് അടിയന്തരപ്രമേയവുമായി നിയമസഭയിൽ വന്ന ശ്രീ. സുധാകരൻ ഈ പ്രയോഗം നടത്തിയപ്പോൾ യു.ഡി.എഫ്കാരുടെ ധാർമ്മികബോധം എവിടെപ്പോയി എന്ന് ഞങ്ങൾ ചോദിക്കുന്നു? ജഡ്ജിമാരെല്ലാം കോൺഗ്രസ് നേതാക്കന്മാരുടെ തിണ്ണനിരങ്ങിയിരിക്കുന്നു എന്നു പറഞ്ഞു. രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തെക്കുറിച്ചാണ് തെരഞ്ഞെടുക്കപ്പെട്ട ഒരു എം. പി. പറയുന്നതെന്ന് ഓർക്കണം. ആ എം.പി. പറയുന്നു കാശ് കൊടുത്തതിന് ഞാൻ സാക്ഷിയാണെന്ന്. അതിന്റെ അർത്ഥം ആ എം.പി.യും ഇതിൽ പങ്കാളിയാണെന്നല്ലേ? അല്ലെങ്കിൽ കാശ് കൊടുക്കാൻ പോകുന്നവന് സാക്ഷിയായി നിൽക്കുമോ? അപ്പോൾ അദ്ദേഹം ഏജന്റായി പ്രവർത്തിച്ചു എന്നുവേണ്ടേ മനസ്സിലാക്കേണ്ടത്? ആ രൂപത്തിലേയ്ക്ക് എത്തിയപ്പോൾ രാജ്യത്തിലെ ജനാധിപത്യ സംവിധാനത്തിൽ രാജ്യത്തിലെ ജനങ്ങൾക്കറിയാൻ അവകാശപ്പെട്ടതും ബന്ധപ്പെട്ടവർ ബോധ്യപ്പെടുത്താൻ ബാധ്യതപ്പെട്ടതുമായ ഗൗരവമേറിയ പ്രശ്നം ശ്രീ. സുധാകരന്റെ പ്രസംഗവുമായി ബന്ധപ്പെട്ട് നിൽക്കുകയാണ്. അതുകൊണ്ട് രാജ്യത്തിന്റെ പരമോന്നത നീതിപീഠം ഈ രംഗത്ത് സ്വമേധയാ കേസ് എടുത്ത് ഇതിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറായില്ലെങ്കിൽ ഇന്ത്യൻ ജുഡീഷ്യറിയിൽ ഇവിടത്തെ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുന്ന രൂപത്തിലേയ്ക്ക് എത്തും എന്നതാണ് ആ പ്രസംഗത്തിന്റെ ഉള്ളടക്കമെന്ന് എനിക്കും നിങ്ങൾക്കുമറിയാം. അതുകൊണ്ട് ഈ രംഗത്ത് തങ്ങൾക്ക് അനുകൂലമായ വിധി വന്നില്ലെങ്കിൽ ആ കോടതിയെല്ലാം കുഴപ്പം കാണിക്കുന്നവരും കൈക്കൂലിക്കാരുമാണ്. തങ്ങൾക്ക് അനുകൂലമായ വിധി വന്നാൽ ആ കോടതി കൊള്ളാമെന്ന രൂപത്തിലേക്കും എത്തിച്ചേരുന്ന യു.ഡി.എഫ്-.ന്റെ നാണംകെട്ട സമീപനമല്ലേ ആ രംഗത്ത് കാണുന്നത്? ജുഡീഷ്യറിയെ സ്വാധീനിക്കാൻ പോയതിന്റെ മറ്റൊരു രൂപമല്ലേ ഇവിടെ റൗഫ് വെളിപ്പെടുത്തിയത്. നാരായണക്കുറുപ്പിനെ കുറിച്ചും തങ്കപ്പനെക്കുറിച്ചുമുള്ള കാര്യങ്ങൾ വെളിപ്പെടുത്തുമ്പോൾ അതിൽ കേരള കോൺഗ്രസ്സുകാർക്കും പങ്കുണ്ട് എന്ന രൂപത്തിലേക്ക് അവിടെ പത്രസമ്മേളനത്തിൽ സൂചിപ്പിച്ചല്ലോ? കേരള കോൺഗ്രസ്സുകാർ, പത്രസമ്മേളനം നടത്തി പറഞ്ഞു, യു.ഡി.എഫ്.-ലെ ഒരു കക്ഷിയും ഭരണകക്ഷിയിലെ മുഖ്യമന്ത്രിയുടെ ഓഫീസും ഈ ഗൂഢാലോചനയ്ക്ക് പിന്നിലുണ്ടെന്ന്. അത് പത്രങ്ങളിൽ വന്ന വാർത്തയാണ്. കെ.സി. പീറ്റർ എന്ന് പറയുന്ന നിങ്ങളുടെ മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഭാഗത്ത് നിന്നുണ്ടായ കാര്യത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. ഇത് പത്രത്തിൽ വന്ന വാർത്തയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, പോയിന്റ് ഓഫ് ഓർഡർ. കേരള കോൺഗ്രസ്സിന് ഇതുമായി യാതൊരു ബന്ധവുമില്ല. ഇതിൽ കേരള കോൺഗ്രസ്സിന് ബന്ധമുണ്ടെന്ന് ആരും ഉന്നയിച്ചിട്ടുമില്ല. ശ്രീ. കെ. സി. പീറ്റർ കേരള കോൺഗ്രസിന്റെ പ്രാഥമിക അംഗംപോലും ആയിട്ടുള്ള ആളല്ല. ഇത് നേരത്തെയും ആവർത്തിച്ചതാണ്. വസ്തുതകൾക്ക് വിരുദ്ധമായി വീണ്ടും വീണ്ടും ഇത് ആവർത്തിക്കുന്നത് ഓർഡറിലാണോ? അതുകൊണ്ട് ഇത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യാണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. വി. എൻ വാസവൻ: സർ, അപ്പോൾ ശ്രീ. കെ. സി. പീറ്റർ ആരുടെ നോമനിയായിട്ടാണ് അഡ്വക്കേറ്റ് ജനറലായി വന്നതെന്ന് ബഹുമാന്യനായ പുതുശ്ശേരി വിശദീകരിക്കുമോ? ഏതായിരുന്നാലും ഇത് ദൃശ്യമാധ്യമങ്ങളിൽ ഞാനും നിങ്ങളും കണ്ടതാണ്. കെ. സി. പീറ്റർ പറഞ്ഞ മൊഴിയല്ല. അതുപോലെ വെളിപ്പെടുത്തിയ ഉള്ളടക്കങ്ങൾ വന്നു. ആ നിലയിൽ ഇതുസംബന്ധിച്ച് ഒരു അന്വേഷണം നടക്കണ്ടേ? ഇവിടെ ഒരുകാര്യം വളരെ വ്യക്തമാണ്, നമ്മുടെ ആദരണീയനായ മുൻ മുഖ്യമന്ത്രി എ. കെ. ആന്റണിയെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും ഇറക്കിവിടാൻ വേണ്ടി ഒരു കുറുമുന്നണി ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. ആ കുറുമുന്നണി ഉണ്ടാക്കുന്ന രൂപത്തിലുള്ള ഗൂഢാലോചനകളിലെല്ലാം പങ്കാളിയായിരുന്ന ഒരാളാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. അന്ന് ആ കുഞ്ഞാലിക്കുട്ടിയേയും കൂട്ടിയായിരുന്നു ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ട് യഥാർത്ഥത്തിൽ ശ്രീ. എ. കെ. ആന്റണിയെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് ഒഴിവാക്കാൻ വേണ്ടിയുള്ള പ്രവർത്തനം നടത്തിയത്. അതിന്റെ ഒരു പ്രത്യുപകാരം എന്നുള്ള രൂപത്തിൽ രണ്ടാമത്തെ പാർട്ടിയായി മുസ്ലീം ലീഗിനെ പ്രഖ്യാപിക്കുമ്പോൾ ശ്രീ. മാണിക്ക് വിഷമമുണ്ടായി. ശ്രീ. മാണിക്ക് വിഷമമുണ്ടായപ്പോൾ ഇത്തരമൊരു പത്രസമ്മേളനം വന്നതിന്റെ പിറ്റേദിവസം അദ്ദേഹം ഒരു പത്രസമ്മേളനം നടത്തി പറഞ്ഞു, ഞാൻ ഈ ഗൂഢാലോചനയിലൊന്നും പങ്കെടുത്തില്ല. എന്റെ പേര് വലിച്ചിഴക്കേണ്ടതില്ല. മാണി സാർ ആണെന്ന് ആരും പറഞ്ഞില്ലല്ലോ? കേരള കോൺഗ്രസ്സ് ആണെന്ന് പറഞ്ഞില്ലല്ലോ? യു.ഡി.എഫ്.-ലെ ഒരു ഘടകകക്ഷിയെന്ന് മാത്രമേ അവർ പറഞ്ഞുള്ളൂ. പറഞ്ഞപ്പോഴേ ചാടി ഇത് പറയണമെങ്കിൽ കട്ടവന്റെ തലയിൽ പപ്പിരിക്കുമെന്ന് പറയുന്നതുപോലെയല്ലേ? അപ്പോൾ യഥാർത്ഥത്തിൽ മുന്നണിക്കകത്ത് കുറുമുന്നണി ഉണ്ടാക്കി രണ്ടാം സ്ഥാനത്തിനുവേണ്ടിയുള്ള ഒരു മത്സരത്തിന്റെ രൂപവും അവിടെ വളർന്നുവരികയാണ്. ഇനി ഇപ്പോൾ മാണി സാർ ഉദ്ദേശിച്ചതുപോലെ ബാലകൃഷ്ണപിള്ള അകത്തായി കിട്ടി. ശ്രീ. ടി. എം ജേക്കബിന്റെ പേരിൽ കേസ്സ് വരുന്നു. ശ്രീ. ജോസഫ് എം. പുതുശ്ശേരി. അതുകൂടി കഴിഞ്ഞാൽ മാണി സാർ ഉദ്ദേശിക്കുന്ന സ്ഥലത്ത് എത്താമെന്നാണ് മാണി സാർ ദിവാസ്വപ്നം കാണുന്നത്. അത് എന്തായിരുന്നാലും ശരി, അപ്പുറത്ത് മറ്റു കൂട്ടരെല്ലാം ഉള്ളിടത്തോളം കാലം എത്താൻ കഴിയില്ല എന്ന രൂപത്തിലാണ് കാര്യങ്ങളുടെ പോക്കെന്ന് പുതുശ്ശേരി മനസ്സിലാക്കുന്നത് നന്നായിരിക്കും.

ഈ ബഡ്ജറ്റിലെ ഒന്ന് രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളതാണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ലൈബ്രറിയുടെ ഓഡിറ്റോറിയങ്ങൾക്ക് ലക്ഷ്വറി ടാക്സ് നിൽക്കുന്നു. ദേവാലയങ്ങളുടെ ഓഡിറ്റോറിയങ്ങൾക്കെല്ലാം യഥാർത്ഥത്തിൽ ഒഴിവാക്കി കൊടുക്കുന്നുണ്ട്. യഥാർത്ഥത്തിൽ പത്ത് പതിനാല് ലൈബ്രറികൾ പൊതുകാര്യങ്ങൾക്കു മാത്രമായി കൊടുക്കുന്നുണ്ട്. അതിന്റെ ലക്ഷ്വറി ടാക്സ് ഒഴിവാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ചെറുകിട കച്ചവടക്കാർ റെയിൽവേ സ്റ്റേഷനുകളിൽ കൊച്ചുകൊച്ചു സാധനങ്ങളുമായി വഴി വാണിഭത്തിനുവേണ്ടി വരുമ്പോൾ അതെല്ലാം ഇന്റലിജൻസ് വിഭാഗം പിടികൂടി വലിയ ഡ്യൂട്ടിയടിക്കുന്ന ഒരു സ്ഥിതിയുണ്ട്. കൊച്ചുകൊച്ചു കച്ചവടക്കാരും പാവപ്പെട്ടവരുമാണെങ്കിൽ ആ മംഗത്ത് ഒരു പരിഗണന ഉണ്ടാകണമെന്ന കാര്യം സൂചിപ്പിക്കുന്നു. അതുപോലെതന്നെ സാംസ്ക്കാരിക മംഗത്തെ കാര്യത്തിൽ കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകത്തിനുവേണ്ടി ഒരു തുകകൂടി ഉൾപ്പെടുത്തണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ഇതിൽ വളരെ അപ്രായോഗികമായ നിർദ്ദേശങ്ങളാണ് ഉള്ളത്. ഇവിടെ എല്ലാവരും പറഞ്ഞതുപോലെ തെരഞ്ഞെടുപ്പിന് മുമ്പായി കാണിക്കുന്ന ഒരു സർക്കസാണ് എന്നുള്ള ആക്ഷേപമല്ല ഞങ്ങൾ ഉന്നയിച്ചത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കാരണവശാലും തിരിച്ചുവരില്ലെന്ന് ഉറപ്പുള്ള ഒരാൾക്കുമാത്രമേ ഇത്തരം ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയൂ. തിരിച്ചുവരുമെന്ന് ഉറപ്പുണ്ടെങ്കിൽ തീർച്ചയായും കുറച്ചുകൂടി യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള കാര്യങ്ങൾ ഈ ബഡ്ജറ്റിൽ അവതരിപ്പിക്കുമായിരുന്നു. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമെന്താണ്? എങ്ങനെയാണ് നമ്മൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിനെ വിലയിരുത്തുന്നത്. ഇത് അദ്ദേഹത്തിന്റെ ആറാമത്തെ ബഡ്ജറ്റാണ്. ഏറ്റവും പ്രധാനമായി കഴിഞ്ഞ ബഡ്ജറ്റിനെ നമ്മൾ ഒന്ന് നോക്കണം. എന്തായിരുന്നു ആ ബഡ്ജറ്റിന്റെ സവിശേഷതയായി കൊട്ടിഘോഷിക്കപ്പെട്ടത്. അദ്ദേഹം വളരെ അഭിമാനത്തോടുകൂടി പറഞ്ഞത് ഇതൊരു ഹരിത ബഡ്ജറ്റാണ്, ഗ്രീൻ ബഡ്ജറ്റിംഗ് ആണെന്നാണ്. രണ്ടാമത് പറഞ്ഞു, ഇതൊരു ജെൻഡർ ബഡ്ജറ്റാണ്, സ്ത്രീപക്ഷ ബഡ്ജറ്റാണ്. പാവപ്പെട്ട പരിസ്ഥിതി വാദികളും അതുപോലെ സ്ത്രീപക്ഷ വാദികളുമെല്ലാം ആവേശഭരിതരായി. ഹരിത ഫണ്ടിനുവേണ്ടി 1000 കോടി രൂപ നീക്കിവച്ചിരിക്കുന്നു. സ്ത്രീപക്ഷ ബഡ്ജറ്റിന്റെ പേരിൽ നാട്ടിലെങ്ങും സ്ത്രീകൾക്ക് അനുകൂലമായ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമെന്ന് പറഞ്ഞു. അതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? ഒരു ബൗദ്ധിക ജാഡയ്ക്കുവേണ്ടി മാത്രം ഈ രണ്ടുകാര്യങ്ങൾ പറഞ്ഞുകൊണ്ട് ഇതാണ് ഒരുബഡ്ജറ്റിന്റെ സവിശേഷതയെന്ന് പറഞ്ഞത് പച്ചകളറുള്ള ഒരു പെയിന്റിംഗ് അതിന്റെ കവറായി കൊടുത്താൽ ശരിയാകുമോ? ആ ഹരിത ബഡ്ജറ്റ് എന്നുള്ള കാര്യം നടപ്പിലാക്കാൻ വേണ്ടി, ഒരു പ്രാവശ്യമെങ്കിലും ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയോ? ഇതാ ബഡ്ജറ്റിൽ ഒരു ഹരിത ബഡ്ജറ്റ് എന്നു പറഞ്ഞിരിക്കുന്നു. അതിനെ കുറിച്ച് എന്തെങ്കിലും ഒന്നു രണ്ട് പരിപാടി നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആലോചനായോഗമെങ്കിലും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കൂടിയോ? സ്കൂളുകളിൽ പാവപ്പെട്ട വിദ്യാർത്ഥികളുണ്ട്. വലിയ സ്ത്രീപക്ഷമൊന്നും വേണ്ട? അവിടെ പഠിക്കുന്ന പാവപ്പെട്ട പെൺകുട്ടികൾക്ക് ഒരു ടോയ്ലെറ്റ് പണിതുകൊടുക്കാൻ ഈ ജെൻഡർ ബഡ്ജറ്റിംഗിന് കഴിഞ്ഞോ? അതാണ് കഴിഞ്ഞ വർഷത്തെ ഏറ്റവും വലിയ മെയിൻ ഫീച്ചറായി എടുത്തു കാട്ടിയ കാപട്യം. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്, ഇദ്ദേഹത്തിന്റെ ബഡ്ജറ്റുകളെല്ലാം ഇത്തരം ബൗദ്ധിക ജാഡകൾ നിറഞ്ഞതും ആളുകളെ കബളിപ്പിക്കുന്നതുമായിരുന്നു. ഇവിടെ അവതരിപ്പിച്ച ആറാമത്തെ ബഡ്ജറ്റാണ് ഇത്. ഒന്നാമത്തെ ബഡ്ജറ്റിൽ പറയേണ്ട കാര്യമാണ് ആറാമത്തെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. നാൽപ്പതിനായിരം കോടി രൂപയുടെ റോഡ് നിർമ്മാണമെന്ന് പറഞ്ഞു. ആയിരം കോടി രൂപയുടെ ഹരിത ഫണ്ടെന്ന് പറഞ്ഞു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 50000 കോടി രൂപയുടെ അതിവേഗ റെയിൽ കോറിഡോർ എന്ന് പറഞ്ഞു. അതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചോ? അതിന്റെ സാധ്യതകളെക്കുറിച്ച് അന്വേഷണം നടത്തിയോ? ആയിരം രൂപ കൊടുത്ത് ഒരു വയബിലിറ്റി സ്റ്റഡി നടത്തിയോ? ഒന്നും ചെയ്യാതെ ബഡ്ജറ്റിൽ അൻപതിനായിരം കോടി രൂപയുടെ അതിവേഗ റെയിൽ കോറിഡോർ എന്ന് എഴുതിവച്ച ഒരു ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ആറാമത്തെ ബഡ്ജറ്റിൽ 40000 കോടി രൂപയുടെ റോഡ് പണി നടത്തുമെന്ന് പറഞ്ഞാൽ ഞങ്ങൾ എങ്ങനെ വിശ്വസിക്കും. എന്താണ് അതിന്റെ വിശ്വാസ്യത? അതല്ലേ പ്രധാനം. ഇവിടെ പതിനായിരം കോടി രൂപയുടെ റിസഷൻ പാക്കേജ് കൊണ്ടുവന്നു. മൂവായിരത്തിനും നാലായിരത്തിനും ഇടയിൽ കോടി രൂപയുടെ എ.എസ്. കൊടുത്തു. അതിൽ എത്ര കോടി രൂപയുടെ ബിൽ. കൊടുക്കേണ്ടിവരും. ആ കൊടുക്കേണ്ട ബില്ലുകളെല്ലാം ഇനി വരാനിരിക്കുന്ന ഗവൺമെന്റുകൾ കൊടുക്കണം. മൂവായിരം കോടി രൂപയുടെ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി പണം കൊടുക്കുമെന്ന് പറഞ്ഞു. പണം കൊടുത്തോ? ഒരു രൂപ കൊടുത്തോ? ആ സഹകരണ സ്ഥാപനങ്ങളുടെ തലയിൽ ഇതുമുഴുവൻ കെട്ടിവച്ചു. പണം കിട്ടുമോ എന്ന് ഉറപ്പില്ല. വരാനിരിക്കുന്ന പത്ത് വർഷക്കാലത്തേക്ക് എല്ലാ പഞ്ചായത്തുകളുടേയും ലോക്കൽ ബോഡികളുടേയും 15 ശതമാനം പണം നീക്കിവച്ചു. ഇനി 11-ാമത്തെ കൊല്ലമല്ലാതെ ഈ ലോക്കൽ ബോഡികൾക്ക് ആർക്കെങ്കിലും ഒരു വീടുപണിതുകൊടുക്കാൻ കഴിയുമോ? പകുതി വീടുകളുടെ പണി പോലും ആകുന്നില്ല, പണി മുന്നോട്ടു പോകുന്നില്ല. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ പേരിൽ പണി തീരാത്ത വീടുകൾ ആയിരിക്കും കേരളത്തിൽ മുഴുവൻ ഉണ്ടാകുവാൻ പോകുന്നത്. ഈ ബഡ്ജറ്റ് വെൽഫെയർ ബഡ്ജറ്റ് ആണെന്നും ക്ഷേമബഡ്ജറ്റ് ആണെന്നും പറഞ്ഞു. ഹൗസിംഗിനുവേണ്ടി എത്ര തുകയാണ് ഈ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഒരു പൈസപോലും നീക്കിവച്ചിട്ടില്ല. അതുപോലെതന്നെയാണ് ഈ ബഡ്ജറ്റിലെ എല്ലാകാര്യങ്ങളിലുമുള്ള വിശ്വാസ്യത. ബഹുമാനപ്പെട്ട എം. കെ. പ്രേമചന്ദ്രൻ ഇവിടെ ഇരിക്കുന്നുണ്ടല്ലോ? കേരളത്തിലെ മിക്കവാറും സ്ഥലങ്ങളിൽ പൈപ്പ് പൊട്ടി വെള്ളം പോയികൊണ്ടിരിക്കുകയാണ്. ആ പൈപ്പുകൾ നന്നാക്കാൻ ഒരു കരാറുകാരനും വരുന്നില്ല. എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

കാര്യം? ആ കരാറുകാർക്കെല്ലാം വലിയ കുടിശ്ശികയാണ് കൊടുക്കാനുള്ളത്. പണമില്ല, പണം കൊടുക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ 100 സ്ഥലത്തെങ്കിലും വ്യാപകമായി പൈപ്പ് പൊട്ടി കുടിവെള്ള ക്ഷാമകാലത്ത് കുടിവെള്ളം നഷ്ടപ്പെടുന്നുണ്ട്. അവർ പറയുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും വിളിച്ചു, ചീഫ് എഞ്ചിനീയറെയും വിളിച്ചു, ഒരു സ്ഥലത്തും പൈപ്പ് നന്നാക്കാൻ പണം വരുന്നില്ല എന്നാണ്. ഇതുവരെയില്ലാതിരുന്ന ഒരു സാമ്പത്തിക പ്രതിസന്ധി ദൃശ്യമാവുകയാണ്. ഇതുവരെ കാണാത്തതും ഇതുവരെ തടസ്സമില്ലാതിരുന്ന, അത്യാവശ്യ കാര്യങ്ങൾക്കുപോലും പണം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിരിക്കുന്നു. ഈ ബഡ്ജറ്റിലെ ഏറ്റവും വലിയ അവകാശവാദം നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവാണ്. നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം മൂല്യവർദ്ധിത നികുതി നടപ്പിലാക്കിയതാണ്. ഞങ്ങൾ അന്ന് ഈ സഭയിലുണ്ട്. മൂന്നു കൊല്ലത്തേയ്ക്ക് നഷ്ടമായിരിക്കുമെന്ന് ഞങ്ങൾ പറഞ്ഞു. ആ മൂന്ന് കൊല്ലത്തേക്കുള്ള കോമ്പൻസേഷൻ കേന്ദ്ര ഗവൺമെന്റ് തരും. അതിനുശേഷം സിസ്റ്റമായിക്കഴിഞ്ഞാൽ വാറ്റ് എന്ന് പറയുന്നത് കേരളത്തിന് അനുകൂലമായിരിക്കും. പതിനായിരം കോടി രൂപയുടെയെങ്കിലും നികുതി വർദ്ധനവ് ഈ സംസ്ഥാനത്ത് വാറ്റ് മൂലമുണ്ടാകുമെന്ന് ഈ സഭയിൽ പ്രസംഗിച്ച ഒരാളാണ് ഞാൻ. വാറ്റിന്റെ നിയമനിർമ്മാണ ചർച്ചയിൽ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് വാറ്റ് നിയമത്തെ സൂക്ഷ്മമായി വിമർശിച്ചു. ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞ വാക്കുകൾ, ഞാൻ പറഞ്ഞുതരാം സാമ്പത്തികമായി കേരളത്തിന് വളരെയേറെ ക്ലേശവും നഷ്ടവും ഉണ്ടാകുന്ന ഈ വാല്യൂ ആഡഡ് ടാക്സ് തിരസ്ക്കരിക്കണമെന്നാണ് പ്രതിപക്ഷത്തിന് അവസാനമായി ഗവൺമെന്റിനോട് പറയാനുള്ളത്. ഇത്തരം നിയമനിർമ്മാണവുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്ക്കരിക്കുന്നുവെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട അന്നത്തെ പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ ഈ ധനകാര്യവകുപ്പുമന്ത്രി അടക്കമുള്ള ആളുകൾ ഈ സഭയിൽ നിന്നും ഇറങ്ങിപ്പോയി. അന്ന് ഞങ്ങൾ പറഞ്ഞ ആ മൂല്യവർദ്ധിത നികുതി സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കിയതുകൊണ്ട് മൂന്ന് വർഷം കഴിഞ്ഞപ്പോൾ പതിനായിരം കോടിയല്ല, അതിനേക്കാൾ ഏറെ കോടി രൂപയുടെ ലാഭം ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. ആ വാറ്റ് നികുതി പിരിച്ചെടുക്കുന്നതിൽ ഒരു സിസ്റ്റം ഉണ്ടാക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പുമന്ത്രി ഒരുപാട് ശ്രദ്ധിച്ചിട്ടുണ്ട്. അത് ഞങ്ങൾ മറച്ചുവയ്ക്കുന്നില്ല. ഞങ്ങൾ അതിനെ അപ്രീഷിയേറ്റ് ചെയ്യുന്നു. പക്ഷേ, മൂല്യവർദ്ധിത നികുതി സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കിയതുകൊണ്ടാണ് കേരളത്തിൽ ഇന്ന് റിക്കറിംഗ് നികുതി വരുമാനമുണ്ടായിരിക്കുന്നത്. വിലക്കയറ്റം ഉണ്ടാകുമ്പോൾ നികുതി വരുമാനം കൂടും. ഒരു കാലത്തുമില്ലാത്ത രൂക്ഷമായ വിലക്കയറ്റത്തിന് ഈ സംസ്ഥാനം വേദിയായി. കേന്ദ്ര ഗവൺമെന്റ് പലപ്രാവശ്യം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചപ്പോൾ ഇവിടെയെല്ലാം സമരം നടത്തി. കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിലവർദ്ധിപ്പിച്ചപ്പോൾ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ബെനിഫിഷ്യറി ആരായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട ബെനിഫിഷ്യറി സംസ്ഥാന ഗവൺമെന്റായിരുന്നു. പലപ്രാവശ്യം പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കൂട്ടിയപ്പോൾ കേരളത്തിൽ ഏകദേശം ആയിരം കോടി രൂപയിൽപ്പരമാണ് നികുതി വർദ്ധനവാണുണ്ടായത് കേരളത്തിന്. ആ പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും മാത്രം ആയിരം കോടിയിൽപ്പരം രൂപയുടെ അധിക നികുതി വരുമാനമാണ് ലഭിച്ചത്. ഇവിടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഇതുപോലെ പ്രസംഗിച്ചിട്ട് കാര്യമില്ല. കഴിഞ്ഞ അഞ്ച് കൊല്ലമായി ഈ ഗവൺമെന്റിന് ഒരു പോളിസി ഇനിഷിയേറ്റീവ് ഉണ്ടോ? പ്രധാനപ്പെട്ട വികസന കാര്യങ്ങളിൽ ഒരു സമന്വയത്തിൽ എത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഈ സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപങ്ങൾ ഉണ്ടാകുന്നില്ല. കേന്ദ്ര നിക്ഷേപം അല്ലാതെ ഈ സംസ്ഥാനത്ത് അഞ്ച് കൊല്ലം എന്ത് സ്വകാര്യ നിക്ഷേപമുണ്ടായി. എല്ലാ സംസ്ഥാനങ്ങളും സ്വകാര്യ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അഞ്ച് കൊല്ലത്തെ നിങ്ങളുടെ ഭരണം കഴിഞ്ഞിട്ടും നിങ്ങൾക്ക് ഒരുമിച്ച് നിന്നുകൊണ്ട് ഒരു ഏകജാലക സംവിധാനം ഉണ്ടാക്കാൻ ഇതുവരെ കഴിഞ്ഞില്ല. നിങ്ങൾ തമ്മിലുള്ള തർക്കം കാരണം അഞ്ച് കൊല്ലമായിട്ടും നിക്ഷേപകർക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് സിസ്റ്റം ഉണ്ടാക്കുവാനുള്ള ഒരു സമന്വയത്തിൽ എത്താൻ നിങ്ങൾക്ക് കഴിഞ്ഞില്ല. നിങ്ങൾ രണ്ടര കൊല്ലം കഴിഞ്ഞതിനുശേഷം മൂന്നാമത്തെ കൊല്ലമായപ്പോഴാണ് പ്രത്യേക സാമ്പത്തിക മേഖലയെ സംബന്ധിച്ച് ഏകദേശമെങ്കിലും ഒരു ധാരണയിലായത്. സെസ്-കൾ കേരളത്തിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രത്തിൽ കത്ത് എഴുതിയത്. മൂന്നുവർഷം എവിടെപ്പോയി. ബി.ഒ.ടി. അടിസ്ഥാനത്തിൽ റോഡുകൾ പണിയണോ വേണ്ടയോ എന്ന് കേരളം ചർച്ച ചെയ്തപ്പോൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ പതിനായിരക്കണക്കിന് കിലോമീറ്റർ റോഡുകൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ അവർ എടുത്തുതീർത്തു. രണ്ടര, മൂന്ന് കൊല്ലമായപ്പോഴാണ് കേരളത്തിൽ ഇനി വേണമെങ്കിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ റോഡുകൾ ആകാമെന്ന് ഗവൺമെന്റ് തീരുമാനിക്കുന്നത്.

ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ഉടൻ തന്നെ എന്താണ് പറഞ്ഞത്? മെട്രോ റെയിൽ വേണ്ട. നിങ്ങളുടെ പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ കൊച്ചിയിലെ മെട്രോ റെയിൽ പദ്ധതി ഫീസിബിളല്ല, വയബിളല്ല എന്നുപറഞ്ഞു. രണ്ടുരണ്ടര കൊല്ലം കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ ചെന്ന് മെട്രോ റെയിലിൽ കയറിയപ്പോൾ അദ്ദേഹത്തിനൊരു പുതി. കൊച്ചിയ്ക്കുമാകാം മെട്രോ റെയിൽ. രണ്ടര കൊല്ലം എവിടെപ്പോയി? എന്തെങ്കിലും കാര്യത്തിൽ ഒരു ധാരണയിലെത്താൻ നിങ്ങളുടെ മന്ത്രിസഭായോഗത്തിനോ നിങ്ങളുടെ ഇടതുപക്ഷ നേതൃത്വത്തിനോ കഴിയാത്തതുകൊണ്ട് സി.പി.എം.-ൽ ഉണ്ടായ വിഭാഗീയത, ഇടതുപക്ഷ മുന്നണിയിലുണ്ടായ പ്രശ്നങ്ങൾ ഇതെല്ലാം കേരളത്തിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ വ്യക്തവും സമയബന്ധിതവും സുവ്യക്തവുമായ തീരുമാനങ്ങളെടുക്കുന്നതിൽ ഒരു ഗവൺമെന്റിനെ തടുത്തു നിർത്തിയെന്നുള്ള യാഥാർത്ഥ്യം നിങ്ങൾക്ക് പറയാതിരിക്കാൻ കഴിയില്ല. രണ്ടേകാൽ മണിക്കൂർ നീണ്ടുനിന്ന ഈ ബഡ്ജറ്റ് പ്രസംഗത്തിൽ എത്ര സ്ഥലത്താണ്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റിനെ രൂക്ഷമായി വിമർശിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര വിരുദ്ധ പ്രഭാഷണത്തിനുള്ള രാഷ്ട്രീയ അരങ്ങാക്കി ഈ ബഡ്ജറ്റ് പ്രസംഗത്തെ മാറ്റി എന്നുള്ള ആക്ഷേപം ഞാൻ ഇവിടെ ഉന്നയിക്കുന്നു. കേന്ദ്രത്തെ വിമർശിക്കാം, വിമർശിക്കാൻ പാടില്ലെന്നല്ല. പക്ഷേ കേരളത്തിൽ ഏറ്റവും കൂടുതൽ കേന്ദ്ര പദ്ധതികൾ അനുവദിക്കപ്പെട്ട, ഏറ്റവും കൂടുതൽ കേന്ദ്ര നിക്ഷേപമുണ്ടാക്കിയ, ഇവിടെനിന്ന് സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾക്ക് ഏറ്റവും കൂടുതൽ അംഗീകാരം ലഭിച്ച സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപം നിറഞ്ഞൊരു കാലഘട്ടത്തിൽ ഇത്രയും പേജുകൾ കേന്ദ്ര ഗവൺമെന്റിനെതിരായി രാഷ്ട്രീയ വിമർശനം നടത്താൻ മാറ്റിവയ്ക്കരുതായിരുന്നു. എന്താണ് വിമർശനം? സംസ്ഥാനങ്ങൾ തോന്നിയതുപോലെ ധനക്കമ്മിയുണ്ടാക്കി കടക്കെണിയിലേക്ക് പോകരുതെന്നും റവന്യു കമ്മി കുറച്ചുകൊണ്ടുവരരുതെന്നും കേന്ദ്ര ഗവൺമെന്റ് പറഞ്ഞു. ഇതാണ് വിമർശനം. ഞങ്ങളൊന്നും വലിയ സാമ്പത്തിക ശാസ്ത്രം പഠിച്ചിട്ടുള്ളവരല്ല. പക്ഷേ സാമാന്യയുക്തിയുള്ള എല്ലാവർക്കുമറിയാം, ഒരു നല്ല ഫിസ്ക്കൽ ഇന്റിക്കേറ്ററെന്നുപറഞ്ഞാൽ റവന്യു കമ്മി കുറയ്ക്കണം, ധനക്കമ്മി കൂടരുത്. ഒരു സംസ്ഥാനത്തേയും ഒരു സംസ്ഥാനത്തെ സാധാരണക്കാരേയും ഏറ്റവും വലിയ കടക്കെണിയിലേയ്ക്ക് തള്ളിയിട്ടതിനുശേഷം ഇത് യാഥാസ്ഥിതികമാണെന്ന് കുറ്റപ്പെടുത്തുന്നതിൽ എന്താണ് അർത്ഥം? ധനകാര്യ കമ്മീഷൻ ബഡ്ജറ്റ് മാനേജ്മെന്റ് ലെജിസ്ലേഷനുണ്ടാക്കാൻ എഫ്.ആർ.ബി.എം. ആക്റ്റുണ്ടാക്കാൻ സംസ്ഥാനങ്ങളെ വെറുതെയല്ലല്ലോ നിർബന്ധിച്ചത്. അതുവരെയുള്ള സംസ്ഥാനങ്ങളുടെ കടങ്ങൾ മുഴുവൻ റീ-സ്ട്രക്ച്ചർ ചെയ്ത് അതുവരെയുള്ള കടങ്ങൾക്ക് വേണ്ടിയിട്ടുള്ള പല കോമ്പൻസേഷനുകളും കൊടുത്തു. അതിനുശേഷമാണ് റവന്യു കമ്മി കുറച്ചു കൊണ്ടുവന്ന് ധനക്കമ്മി നിയന്ത്രിക്കാൻ ആവശ്യപ്പെട്ടത്. ധനക്കമ്മി വർദ്ധിച്ചു കഴിഞ്ഞാൽ അത് ഇൻഫ്ളേഷനറി പ്രഷറുണ്ടാക്കുമെന്നാണ് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്. ധനക്കമ്മി കൂടിക്കഴിഞ്ഞാൽ ഇൻഫ്ളേഷൻ കൂടും. അതാണ് സി.പി.എം. പോളിറ്റ് ബ്യൂറോയിൽ സാമ്പത്തിക കാര്യങ്ങൾ സംസാരിക്കുന്ന സീതാറാം യെച്ചൂരി പറയുന്നത്. ഇവിടെ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കടമെടുക്കാൻ സമ്മതിക്കുന്നില്ല, ധനക്കമ്മി കുഴപ്പമില്ല, ധനക്കമ്മി കൂടുന്നതു കൊണ്ട് പ്രശ്നമില്ല. ആർക്ക് പ്രശ്നമില്ല? 10,000 രൂപയിൽ നിന്ന് ഓരോ വ്യക്തിയുടേയും കടം 16,000 രൂപയായി വർദ്ധിച്ചിരിക്കുന്നു. കേരളത്തിലാണ് കുഴപ്പം. കേരളത്തിന്റെ ഓവി സമ്പദ് വ്യവസ്ഥയ്ക്കാണ് കുഴപ്പം. അതുപോലെ കേന്ദ്രത്തിൽ നിന്ന് പണം കിട്ടിയില്ല. ധനകാര്യ കമ്മീഷന്റെ അവാർഡ് മോശമായി. 12-ാം ധനകാര്യ കമ്മീഷൻ സ്പെസിഫിക് ഗ്രാന്റ് ഇനത്തിൽ 570 കോടി രൂപ തന്നു. 13-ാം ധനകാര്യ കമ്മീഷൻ സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ തന്നത് 1500 കോടി രൂപയാണ്. 12ാം ധനകാര്യ കമ്മീഷന്റെ ടോട്ടൽ അവാർഡ് 19,000 കോടി രൂപയായിരുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ ടോട്ടൽ അവാർഡ് 19,000 കോടി രൂപയിൽ നിന്നും 40,000 കോടി രൂപയായി വർദ്ധിച്ചു. എന്നിട്ടും സംസ്ഥാനം പറയുന്നത് ധനകാര്യ കമ്മീഷന്റെ അവാർഡ് വളരെ മോശമായി എന്നാണ്. ഈ ബഡ്ജറ്റിൽ മുഖ്യമന്ത്രിയെ അഭിവാദ്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നുണ്ട്. രണ്ടേകാൽ മണിക്കൂർ പ്രസംഗത്തിനിടയിൽ മുഖ്യമന്ത്രിയെ അഭിവാദ്യം ചെയ്യുന്ന, മുഖ്യമന്ത്രിയോട് നന്ദി പറയുന്ന ഒരു മന്ത്രി സഭാംഗം. കൂട്ടുത്തരവാദിത്വം ഇല്ലാതിരുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ആ സെന്റൻസ്. കേന്ദ്രത്തിലോ സംസ്ഥാനത്തിലോ ഏതെങ്കിലും തരത്തിൽ ഒരു ബഡ്ജറ്റിൽ ഒരു മുഖ്യമന്ത്രിയെ അഭിവാദ്യം ചെയ്തുകൊണ്ട് ഒരു സെന്റൻസ് എഴുതിവയ്ക്കുമെന്ന് ഞാൻ കരുതുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പാർലമെന്റിൽ അവതരിപ്പിക്കുന്ന എല്ലാ ബഡ്ജറ്റിലും ബഡ്ജറ്റ് പ്രസംഗം അവസാനിക്കുന്നതു തന്നെ പ്രധാനമന്ത്രിയെ അഭിവാദ്യം ചെയ്തുകൊണ്ടും നന്ദി രേഖപ്പെടുത്തിക്കൊണ്ടുമാണ്.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞു പാർലമെന്റിൽ അങ്ങനെയാണെന്ന്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ 5 ബഡ്ജറ്റിലും ഡോ. തോമസ് ഐസക് അങ്ങനെ ചെയ്യാതിരുന്നതെന്താണ്? അത് ഇപ്പോഴാണോ അറിഞ്ഞത്? അപ്പോൾ എന്തോ ഒരു ഭയത്തിന്റെ നിഴലിലാണ് എന്നുള്ളതല്ലേ തോന്നിപ്പിക്കുന്നത്?

ശ്രീ. വി. ഡി. സതീശൻ: കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ അത് നടപ്പിലാക്കിയതെങ്കിൽ വളരെ സന്തോഷം. പക്ഷേ തൊട്ടടുത്ത പാരഗ്രാഫിൽ അദ്ദേഹം അതിന് മറുപടിയും പറയുന്നുണ്ട്. അദ്ദേഹം ലോട്ടറി ഇടപാടിൽ അസത്യ പ്രചരണം നടത്തിയതിന് ഖേദപ്രകടനവും രോഷപ്രകടനവുമെല്ലാം നടത്തുന്നുണ്ട്. ഉറപ്പായിട്ടും എന്നോടല്ല എന്ന് എനിക്കറിയാം, പ്രതിപക്ഷത്തോടുമല്ല. കാരണം ഞങ്ങളാരും, പറയാത്ത ഒരു എമൗണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. 4 വർഷക്കാലം ലോട്ടറി വകുപ്പ് അദ്ദേഹമാണ് കൈകാര്യം ചെയ്തിരുന്നത്. ആ 4 വർഷക്കാലംകൊണ്ട് കേരളത്തിൽ നിന്ന് 80,000 കോടി രൂപ അന്യ സംസ്ഥാന ലോട്ടറികൾ കവർച്ച ചെയ്ത് കൊണ്ടുപോകാനുള്ള അവസരമുണ്ടാക്കി എന്നുള്ള ആരോപണം ഉന്നയിച്ചത് ഞങ്ങളല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മന്ത്രിക്ക് എന്ത് വേണമെങ്കിലും ബഡ്ജറ്റ് പ്രസംഗത്തിൽ പറയാം. പക്ഷേ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രിക്കുള്ള മറുപടി എന്ന നിലയിൽ കൊള്ളിച്ചത്, അതിനൊരു impropriety ഉണ്ട്. ഈ ബഡ്ജറ്റിൽ അത് ഉൾപ്പെടുത്താൻ പാടില്ലായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് നേരിട്ട് എഴുതിക്കൊടുത്താൽ മതിയായിരുന്നു. ഇവിടെ ഈ ബഡ്ജറ്റിലെ പ്രധാനഭാഗം ഞാൻ വിലയിരുത്തി. 2001-2006-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ അലോക്കേഷനും 2006 മുതൽ 2011 വരെയുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ അലോക്കേഷനും തമ്മിൽ താരതമ്യപ്പെടുത്തിയിരിക്കുകയാണ്. 2001 മുതൽ 2011 വരെയുള്ള 10 വർഷക്കാലം അത് എങ്ങനെ താരതമ്യപ്പെടുത്താൻ കഴിയും; അന്ന് നമ്മുടെ ടോട്ടൽ ബഡ്ജറ്റ് എന്താണ്; ടോട്ടൽ പ്ലാൻ എന്താണ്; ടോട്ടൽ ആയിട്ടുള്ള നികുതി വരുമാനമെന്താണ്? അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് വേറൊരു കാര്യം ചെയ്യാമല്ലോ? 1996 മുതൽ 2001 വരെയുള്ള നിങ്ങളുടെ ഭരണകാലവും 2001 മുതൽ 2006 വരെയുള്ള യു.ഡി.എഫ്.-ന്റെ ഭരണകാലവും

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ താരതമ്യപ്പെടുത്താൻ കഴിയുമോ; 10 വർഷക്കാലം കൊണ്ട് രൂപയുടെ മൂല്യത്തിൽ വന്ന വ്യത്യാസമെന്താണ്; നമ്മുടെ പദ്ധതിച്ചെലവിൽ വന്ന വ്യത്യാസമെന്താണ്; സമസ്ത മേഖലകളിലുമുണ്ടായ മാറ്റം എന്താണ്? ഞങ്ങളുടെ കാലത്ത് ദേശീയതലത്തിൽ 8% സാമ്പത്തിക വളർച്ച നിന്ന കാലത്ത് കേരളത്തിൽ സാമ്പത്തിക വളർച്ച 13% കാണിച്ചു. അന്ന് അതിനെ വിമർശിച്ചതെന്താണ്? ഇതിന് വ്യാപ്തിയില്ല, ഡെപ്ത് ഇല്ല, ഈ സാമ്പത്തിക വളർച്ച ശരിയല്ല എന്നാണ്. കാർഷിക മേഖലയിലോ വ്യാവസായിക മേഖലയിലോ വളർച്ചയില്ലാത്തതുകൊണ്ട് സേവനമേഖലയിലും സർവ്വീസ് സെക്ടറിലും മാത്രമുണ്ടായ വളർച്ചയെ സാമ്പത്തിക വളർച്ചയായി കാണാൻ കഴിയില്ലെന്ന് ബഡ്ജറ്റിനെ വിലയിരുത്തിയ ആളാണ് ഈ ധനകാര്യ വകുപ്പുമന്ത്രി. പഴയ പ്രസംഗം ഒന്ന് ഓടിച്ച് വായിച്ചുനോക്കിയാൽ മതി. ഞങ്ങൾ പറയുന്നില്ല. ഇപ്പോൾ കാർഷിക മേഖലയിലെ വളർച്ചയും വ്യാവസായിക മേഖലയിലെ വളർച്ചയും കൊണ്ടാണോ കേരളത്തിന് സാമ്പത്തിക വളർച്ചയുണ്ടായത്. സർവ്വീസ് സെക്ടറിലും ടൂറിസത്തിലും ഫോറിൻ റെമിറ്റൻസിലും മറ്റ് കാര്യങ്ങളിലുമുണ്ടായ വർദ്ധനവ് തന്നെയാണ് ഇപ്പോഴും കേരളത്തിന്റെ സാമ്പത്തിക വളർച്ച. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ സാമ്പത്തിക വളർച്ചയുണ്ടായാൽ അത് ശരിയായ സാമ്പത്തിക വളർച്ച! സമീപകാലത്ത് ആദ്യമായി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സാമ്പത്തിക വളർച്ചയുണ്ടായ സമയമെന്നു പറയുന്നത് യു.ഡി.എഫിന്റെ കാലത്താണ്, ശ്രീ.ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുന്ന സമയത്താണ്. അടിസ്ഥാന സൗകര്യങ്ങൾ അടക്കം ഒരുപാട് വ്യത്യാസങ്ങൾ വന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടത്തെ സാമ്പത്തിക സമീപനം എന്താണ്? എല്ലാ കാര്യത്തിലും. ഒരു prediction ഉണ്ടല്ലോ കേന്ദ്ര വിരുദ്ധം പറയുന്ന കാര്യത്തിലൊക്കെ പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് ആവേശം കൂടും. ആഗോള സാമ്പത്തിക മാന്ദ്യം ഉണ്ടായപ്പോൾ അദ്ദേഹം ഇവിടെ ഒരു സ്റ്റേറ്റ്മെന്റ് പറഞ്ഞു. ഒരു ധനകാര്യ വകുപ്പുമന്ത്രിയും പറയാൻ പാടില്ലാത്ത വാക്കുകളാണ് പറഞ്ഞത്. എല്ലാവരും മുടിഞ്ഞുപോകുമെന്നും ഇൻഡ്യ മുഴുവൻ തകർന്ന് തരിപ്പണമായിപ്പോകുമെന്നും ധനകാര്യ വകുപ്പു മന്ത്രി പറഞ്ഞു. ഞാൻ ഈ അടുത്ത ദിവസവും ആ സ്റ്റേറ്റ്മെന്റ് എടുത്ത് വായിച്ചുനോക്കി. അത് വായിച്ചാൽ നമ്മൾ വീട്ടിൽ പോയി ആത്മഹത്യ ചെയ്യും. കാരണം ഭാവിയെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുത്തി ഇൻഡ്യ തകരാൻ പോകുകയാണെന്ന് വലിയ സന്തോഷത്തോടുകൂടിയാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്ത് അദ്ദേഹം പറഞ്ഞത്. നമ്മുടെ രാജ്യം അതിൽനിന്നും കരകയറി. അതിനുശേഷം കഴിഞ്ഞ ബഡ്ജറ്റിൽ എഴുതിവച്ചിരിക്കുന്ന ആസിയാൻ കരാറിനെക്കുറിച്ച് വായിച്ചാൽ ഇവിടെ കർഷകരുടെ ആത്മഹത്യകൾ പെരുകാൻ പോകുകയാണെന്ന് പറഞ്ഞു. ഇവിടെ നേരത്തെ പറഞ്ഞതുകൊണ്ട് ഞാനതൊന്നും ആവർത്തിക്കുന്നില്ല. ഇത്തരം സാമ്പത്തിക സമീപനമല്ല നമുക്ക് വേണ്ടത്. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ കെ.എസ്.എഫ്.ഇ. തുടങ്ങാൻ പോകുന്ന ഈവനിംഗ് ബ്രാഞ്ചുകളുടെ പേരുകൾ വരെ പറഞ്ഞിരിക്കുന്നു. റോഡുകളുടെ കാര്യത്തിൽ, ഒരു കാലത്തും ഇല്ലാത്ത തരത്തിൽ 10 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

മുതലുള്ളവയുടെ കാര്യം പറഞ്ഞിരിക്കുന്നു. ഇതുപോലെ ധനകാര്യ വകുപ്പുമന്ത്രിക്ക് എത്ര വേണമെങ്കിലും പ്രസംഗിക്കാം. യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാതെ വെറും പ്രഖ്യാപനങ്ങൾ നടത്തി, കഴിഞ്ഞ ബഡ്ജറ്റുകളിൽ നടത്തിയിരിക്കുന്ന 60-70% കാര്യങ്ങൾ പോലും യാതൊരു വിധത്തിലും പ്രായോഗികമാക്കാൻ ശ്രമിക്കാതെ വീണ്ടും പുതിയ പ്രഖ്യാപനങ്ങളുമായി വരികയാണ്. യഥാർത്ഥത്തിൽ ജനങ്ങളുടെ മാൻഡേറ്റ് അവസാനിക്കുകയാണ്. ഇനി ജനങ്ങളാണ് തീരുമാനിക്കേണ്ടത്. കഴിഞ്ഞ 5 വർഷക്കാലം കേരളത്തിന്റെ വളർച്ചമുരടിപ്പിനും വികസനമാന്ദ്യത്തിനും വഴിതെളിച്ച് തമ്മിൽത്തല്ലി വിഭാഗീയതയുടെ ഭാഗമായി നിന്ന ആളുകൾക്ക് എന്ത് മറുപടി കൊടുക്കണമെന്ന് കേരളം തീരുമാനിക്കും. യു.ഡി.എഫ്-ന് ജീർണ്ണത ബാധിച്ചിരിക്കുകയാണെന്ന് ശ്രീ. വി.എൻ. വാസവൻ പറഞ്ഞു. ശ്രീ. പിണറായി വിജയന്റെ വാക്കുകൾ എടുത്താണ് അദ്ദേഹം പറഞ്ഞത്. ശ്രീ. പിണറായി വിജയനാണ് യു.ഡി.എഫ്.-ന് ജീർണ്ണത ബാധിച്ചിരിക്കുന്നു എന്നുപറഞ്ഞത്. കേരളം കണ്ട ഏറ്റവും വലിയ അഴിമതി കേസിൽ പ്രതിയായി സി.ബി.ഐ. കോടതിയിൽ നിൽക്കുന്ന പിണറായി വിജയനാണ് യു.ഡി.എഫ്.-ന് ജീർണ്ണത ബാധിച്ചിരിക്കുന്നു എന്ന് പറഞ്ഞത്. കട്ടുതിന്നുന്നവർക്കെല്ലാം ഇതാണ് സ്ഥിതിയെന്ന് ബാലകൃഷ്ണപിള്ളയെ ശിക്ഷിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞത് ആരെക്കുറിച്ചാണെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കേണ്ട കാര്യമില്ല. കട്ടുതിന്നുന്നവർക്ക് ഇതാണ് സ്ഥിതിയെന്ന് ബാലകൃഷ്ണപിള്ളയെക്കുറിച്ചല്ല മുഖ്യമന്ത്രി പറഞ്ഞത്. ആരെക്കുറിച്ചാണ് പറഞ്ഞതെന്നറിയാം. സ്വന്തം കുഴപ്പങ്ങൾ മറച്ചുവച്ചുകൊണ്ട് ബാക്കിയുള്ളവരെ ആക്രമിക്കാൻ ശ്രമിക്കുക എന്നുപറയുന്നത് കേരളം മനസ്സിലാക്കുമെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും 16-ാം തീയതി രാവിലെ 8.30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.02-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly